mārggam
Digital Library of Christianity in India
www.marggam.com

RESOURCES FOR RESEARCHERS

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

# Karmala Kusumam ,Book : 121 Vol.01
## കർമ്മല കുസുമം, പുസ്തകം : 121 ലക്കം. 01




| | |
|---|---|
| Call Number | RR-910 |
| Title | Karmala Kusumam, Book : 121 Vol.01<br>കർമ്മല കുസുമം, പുസ്തകം : 121 ലക്കം 01 |
| Topic | • മാർത്തോമാ നസ്രാണി സഭയിൽ നിന്നും വിദേശ ഭരണത്തെ കെട്ടുകെട്ടിച്ച സന്യാസ സഭ<br>• റോക്കോസ്, മേലൂസ് , പദ്രുവാദോ ശീശ്മകൾ<br>• ഏഴു വ്യാകുലങ്ങൾ<br>• മാന്നാനം സൂനഹദോസ്<br>• കേരള കർമ്മലീത്താ സഭയും , സ്വജാതി മെത്രാൻ പ്രസ്ഥാനവും |
| Chief Editor | Josy Kollamalil, CMI. |
| Publisher/Year | 2024 |
| Printed at | St. Joseph's Press, Mannanam |
| Language | Malayalam |
| Copyright | Author/Publisher |
| Contributor | Chevalier I.C. Chacko, Mar Joseph Powathil, N.V Joseph, Dr. James Mathew Pambara CMI, Fr. Thomas Panthaplackal CMI, Dr. Thonippara Francis, CMI, Joseph Varghees Kurithara CMI, |
| Key Words | #Carmalakusumam #KarmalaKusumam #PalackalThomaMalpan #PorukaraThomaMalpan #SaintChavara #sevendolors #Mannanam #ChevalierICChacko #MarJosephPowathil #NVJoseph #DrJamesMathewPambaraCMI #FrThomasPanthaplackalCMI #DrThonipparaFrancisCMI #JosephVargheesKuritharaCMI |

Disclaimer: Copyright to the Author/Publisher. This Extract of the book is Read Only and cannot be downloaded, copied, printed or published without the prior permission of the Author / Publisher. For more details contact us: info@thecmsindia.org

# കർമ്മലകുസുമം 121


KARMALAKUSUMAM, MALAYALAM MONTHLY
Vol. No. 68, Issue No. 1, January 2024, Rs. 15/-
Annual Subscription Rs. 180/-




മാർത്തോമ്മാ
നസ്രാണിസഭയിൽനിന്നും
വിദേശഭരണത്തെ കെട്ടുകെട്ടിച്ച
സന്യാസസഭ

റോക്കോസ്, മേലൂസ്, പദ്രുവാദോ
ശീശ്മകൾ

ഏഴ് വ്യാകുലങ്ങൾ

മാന്നാനം സൂനഹദോസ്

കേരള കർമ്മലീത്താസഭയും
സ്വജാതി മെത്രാൻപ്രസ്ഥാനവും

ISSN 2319-1295


CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

# കർമ്മല കുസുമം

പ്രഥമം ● പ്രബുദ്ധം ● പ്രവാചകം

**മലയാളത്തിലെ പ്രഥമ ക്രിസ്തീയ കുടുംബ മാസിക**

സ്ഥാപിതം : 1903

**2024 ജനുവരി**

**പുസ്തകം: 121 ലക്കം 01**



*മാനേജിംഗ് ഡയറക്ടർ*
**ഫാ. ഡോ. കുര്യൻ ചാലങ്ങാടി സി. എം. ഐ.**

*കൗൺസിലർ, എഡ്യൂക്കേഷൻ & മീഡിയ*
**ഫാ. ജയിംസ് മുല്ലശ്ശേരി സി. എം. ഐ.**

*മാനേജിംഗ് എഡിറ്റർ*
**ഫാ. ഷാജി ഏണേക്കാട്ട് സി. എം. ഐ.**

*എഡിറ്റോറിയൽ ബോർഡ്*
**ഡോ. ജോസഫ് കുരീത്തറ സി. എം. ഐ.**
**ഫാ. ആന്റണി ഞള്ളമ്പുഴ സി. എം. ഐ.**

*ചീഫ് എഡിറ്റർ*
**ഡോ. ജോസി കൊല്ലമ്മാലിൽ സി. എം. ഐ.**




**വാർഷികവരിസംഖ്യ: ₹ 180 മുൻകൂർ**

BANK ACCOUNT DETAILS:
A/c. Holder Name: Manager, Karmalakusumam
S.B.I., Mahatma Gandhi University Campus Branch
A/c No. 67071950258 IFSC : SBIN-0070669

**മണിട്രാൻസ്ഫർ വഴി വരിസംഖ്യ അടയ്ക്കുന്നവർ പ്രസ്തുത വിവരം ഓഫീസിൽ അറിയിക്കേണ്ടതാണ്.**



വിലാസം:
**മാനേജർ, കർമ്മലകുസുമം**
**മാന്നാനം പി. ഒ., കോട്ടയം 686 561**
**ഫോൺ 0481 2597296**
e-mail: stjosephspress1846@gmail.com
stjosephpress1846@gmail.com


**എല്ലാവർക്കും നവവത്സര ആശംസകൾ**

## കർമ്മലകുസുമം 100 വർഷങ്ങൾക്കു മുമ്പ്

### എല്ലാ ക്രിസ്ത്യാനികളും പ്രതിദിനം അനുസരിച്ച് പ്രവർത്തിക്കേണ്ട ചില സുകൃതാഭ്യാസങ്ങൾ

നാം അധികം ജീവിക്കുന്നതിൽ അല്ല, നമ്മുടെ ജ്ഞാനസമ്പാദ്യം അധികരിക്കുന്നത്. കുറെക്കാലം മാത്രം ജീവിച്ചാലും അത് ഭക്തിക്കടുത്ത വിധത്തിൽ കഴിച്ചുകൂട്ടുന്നുവെങ്കിൽ, അതുകൊണ്ട് നമുക്കു വലിയ ഗുണം സിദ്ധിക്കും. ഈ മാസത്തിൽ ആരംഭിക്കുന്ന പുതുവത്സരത്തോടുകൂടെ നിന്റെ ജീവിതത്തെ നന്നാക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, ഒരെളുപ്പവഴി ഇതാ താഴെ ചേർക്കുന്നു.

1. കാലത്ത് ഉണർന്നാലുടൻ 'ബാവയുടെയും പുത്രന്റെയും റൂഹാദക്കുദശായുടെയും നാമത്തിൽ അമ്മേൻ ഈശോ' എന്നു ചൊല്ലിക്കൊണ്ട് കുരിശുവരച്ച് താഴെ വരുന്ന നമസ്കാരം കൂടെയും ചേർത്തു ജപിക്കുക. "ഈശോ, മറിയം, യൗസേപ്പെ! എന്റെ ഹൃദയത്തെയും, ആത്മാവിനെയും നിങ്ങൾക്കു ഞാൻ കയ്യേല്പിക്കുന്നു. എന്റെ ദൈവമേ! നീ ഇവിടെയും എല്ലായിടത്തും എഴുന്നള്ളിയിരിക്കുന്നുവെന്ന് ഞാൻ വിശ്വസിക്കുന്നു. നിന്നെ ഞാൻ ആരാധിക്കുന്നു. എന്റെ മുഴുഹൃദയത്തോടെ നിന്നെ ഞാൻ സ്നേഹിക്കുന്നു. നീ ഇനിക്കു തന്നിരിക്കുന്ന സകല ഉപകാരങ്ങൾക്കായും നിനക്കു ഞാൻ ഉപകാരസ്മരണ ചെയ്യുന്നു. ഇന്നത്തെ എന്റെ എല്ലാ വിചാരങ്ങളേയും, വചനങ്ങളേയും, പ്രവൃത്തികളേയും നിനക്കു ഞാൻ പ്രതിഷ്ഠിക്കുന്നു."

2. അനുദിന കൃത്യങ്ങളെ ആരംഭിക്കുന്നതിനു മുമ്പും, അവയെ നിറവേറ്റുമ്പോൾ തന്നെയും ഇടക്കിടക്കും "എന്റെ സർവ്വേശ്വരാ നിന്റെ നേരെയുള്ള സ്നേഹത്തെപ്രതി, ഈ പ്രവൃത്തിയെ ഞാൻ ചെയ്യുന്നു. എന്റെ ഈശോയെ! എല്ലാ കാര്യങ്ങളും നിന്റെ സ്തുതിക്കായിരിക്കട്ടെ" എന്ന ചൊല്ലുക.

3. ഭക്ഷണത്തിനു മുമ്പും പിമ്പുമുള്ള നമസ്കാരങ്ങളോടുകൂടെ, (ഭക്ഷണത്തിനു മുമ്പ്) "ഓ കർത്താവെ! ഈ ആഹാരങ്ങളെയും, നിർഭാഗ്യപാപിയായ എന്നെയും ആശീർവദിക്കണമെ" എന്നും, (പിമ്പു) "കർത്താവെ! നിന്റെ ഒരു നന്ദിഹീന സൃഷ്ടിയായ ഇനിക്കു നീ തന്നരുളിയ ഈ ആഹാരങ്ങളെക്കുറിച്ചു നിനക്കു ഞാൻ സ്തോത്രം ചെയ്യുന്നു" എന്നും കൂടെ ചൊല്ലുക.

4. നിനക്കു കോപമോ, ക്ഷമക്കേടോ തോന്നുന്നയുടൻതന്നെ "എന്റെ ഈശോയെ എനിക്കു ക്ഷമ തന്നരുളണമെ! പരിശുദ്ധ മറിയമെ! എന്റെ മാതാവെ! എന്റെ നാവിനെ നീ കാത്തുസൂക്ഷിച്ചുകൊള്ളണമെ" എന്നു അപേക്ഷിക്കുക.

5. ദുർവിചാരങ്ങളും അശുദ്ധ പരീക്ഷകളും വരുന്നുവെങ്കിൽ, തൽക്ഷണം ശിശുക്കൾക്കടുത്ത മനോവിശ്വാസത്തോടെ "ഈശോ, മറിയമെ! സഹായിക്കണമെ" എന്ന് അപേക്ഷിക്കുക.

6. നിന്റെ നിദ്രക്കു മുമ്പു, അന്നേദിവസം നിരൂപണ, വചനം, പ്രവൃത്തികളാൽ നീ ചെയ്തുപോയിരിക്കുന്ന കുറ്റങ്ങളെ ഓർത്തു മനസ്താപപ്പെട്ടു, ദൈവത്തോടു പൊറുതിയപേക്ഷിച്ചു, ശയനാരാധനജപങ്ങൾ ചൊല്ലി, നിന്റെ കാവൽദൂതനെ പ്രത്യേക സൂക്ഷത്തിന്നു നിന്നെ കയ്യാളിച്ചു, തീർത്ഥജലം തൊട്ടു കുരിശുവരച്ചു കിടന്നുടൻ കൈകൾ നെഞ്ചിന്മേൽ കുരിശാകൃതിയിൽ വച്ചുകൊണ്ടു "ഞാൻ ഒരിക്കൽ മരിക്കണം, എപ്പോൾ, എങ്ങനെ, എവിടെവച്ച് എന്ന് ഒന്നും ഇനിക്കറിയാൻ വയ്യാ, എന്നാൽ ഞാൻ ചാവദോഷത്തോടുകൂടെ മരിക്കുന്നുവെങ്കിൽ ഞാൻ നിത്യമായി നശിച്ചുപോകും എന്നെനിക്കറിയാം" എന്നീ നിത്യസത്യങ്ങളിന്മേൽ നല്ലപോലെ ഓർത്തു വിചാരിച്ചു "പരിശുദ്ധ മറിയമേ! തമ്പുരാന്റെ അമ്മെ! നിർഭാഗ്യപാപിയായ എനിക്കുവേണ്ടി ഇപ്പോഴും, എന്റെ മരണനേരത്തും, തമ്പുരാനോട് അപേക്ഷിച്ചുകൊള്ളണമെ,ആമ്മേൻ ഈശോ" എന്നുചൊല്ലി നിദ്രചെയ്ക!


www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA

CELEBRATING 121 YEARS ANNIVERSARY
പ്രസിദ്ധീകരണത്തിന്റെ
121-ാം വർഷം

കർമ്മല
കുസുമം
പ്രഥമം • പ്രബുദ്ധം • പ്രവാചകം

# മാർത്തോമ്മാ നസ്രാണിസഭയിൽനിന്നും വിദേശഭരണത്തെ കെട്ടുകെട്ടിച്ച ഒരു സന്യാസസമൂഹം

വിദേശമെത്രാന്മാരാൽ ദീർഘകാലം ഭരിക്കപ്പെട്ടും എന്നാൽ വിദേശിയരായ പല മെത്രാന്മാരാലും മിഷണറിമാരാലും അവഹേളിക്കപ്പെട്ടും അവഗണിക്കപ്പെട്ടും കഴിഞ്ഞിരുന്ന ഒരു ഭൂതകാലം സീറോ-മലബാർ സഭയ്ക്കുണ്ടായിരുന്നു. ഒപ്പം ഒരു സ്വാതന്ത്ര്യസമര ചരിത്രവും. ഏ.ഡി. 52 ൽ മാർത്തോമ്മാശ്ലീഹായാൽ സ്ഥാപിതമായ നസ്രാണിസമൂഹത്തിന് സ്വന്തം ജാതിയിലും നാട്ടിലുംപെട്ട ഒരു മെത്രാനെ ലഭിക്കുവാനും സ്വന്തം കാലിൽനിന്ന് ജീവിക്കുവാനും വളരുവാനുമുള്ള ആഗ്രഹവും അവകാശവും സാക്ഷാത്കരിക്കപ്പെടുവാൻ 1887 വരെ സമരം ചെയ്യുകയും കാത്തിരിക്കുകയും ചെയ്യേണ്ടിവന്നു എന്നോർക്കുമ്പോൾ ഈ സമൂഹം അനുഭവിച്ച സഹനങ്ങളും വ്യാകുലങ്ങളും കഷ്ടപ്പാടുകളും എത്രത്തോളമുണ്ടായിരുന്നുവെന്ന് ഊഹിക്കുവാൻപോലും സാധിക്കുന്നില്ല. നാട്ടുമെത്രാന്മാരാൽ ഭരിക്കപ്പെടുവാൻ മാത്രമല്ല തങ്ങൾക്ക് പൈതൃകമായി ലഭിച്ച ഭാരതസംസ്കാരവും പൗരസ്ത്യപാരമ്പര്യവും കാത്തുസൂക്ഷിക്കുവാനും എല്ലാത്തിലുമുപരി യേശുവിലുള്ള വിശ്വാസത്തെ നസ്രാണിത്തനിമയിൽ ജീവിക്കുവാനും അത്യധികം ആഗ്രഹിച്ച ഒരു സമൂഹമായിരുന്നു നസ്രാണിക്രിസ്ത്യാനികൾ. പമ്പയാറിനും ഭാരതപ്പുഴയ്ക്കുമിടയിൽ മാത്രം പ്രവർത്തനസ്വാതന്ത്ര്യമുണ്ടായിരുന്ന ഒരു സഭയായിരുന്നു സീറോ-മലബാർ സഭ. എന്നാൽ ഇന്ന് ലോകമൊട്ടുക്കും സീറോ-മലബാർ സഭ വളർന്ന് വ്യാപിച്ചിരിക്കുന്നു.

വിദേശഭരണത്തെ കെട്ടുകെട്ടിക്കാനുള്ള സമരങ്ങൾക്ക് നേതൃത്വം നൽകിയ ഒരു സന്യാസസമൂഹത്തിലെ പ്രധാനപ്പെട്ട സമരനേതാക്കളെക്കുറിച്ച് ഈ ജനുവരിമാസം അല്പമൊന്ന് ചിന്തിക്കുന്നത് നല്ലതുതന്നെ. വലിയൊരു ശീശ്മയായി കേരളത്തിലെത്തിയ വിദേശിയായിരുന്നു റോക്കോസ് മെത്രാൻ. എന്നാൽ മാർപാപ്പയുടെ അനുവാദമില്ലാതെ നസ്രാണിസഭയെ ഭരിക്കുവാനെന്നും പറഞ്ഞ് നാട്ടിലെത്തിയ മെത്രാനെ തിരികെയോടിക്കുവാൻ നേതൃത്വം നൽകിയ വി. ചാവറപ്പിതാവിന്റെ തിരുനാൾ ജനുവരിമാസം 3-ാം തീയതി ആഘോഷിക്കുന്നു. സീറോ-മലബാർ സഭയുടെ സുരക്ഷയ്ക്കും സുസ്ഥിതിക്കും വളർച്ചയ്ക്കുംവേണ്ടി പൊരുതിയ ഒരു സന്യാസസമൂഹത്തെ ഈ ലക്കത്തിൽ അനുസ്മരിക്കുന്നു. ഈ സന്യാസസമൂഹം സീറോ-മലബാർ സഭയുടെ പൈതൃകവും തനിമയും കാത്തുസംരക്ഷിച്ചും സഭയുടെ വളർച്ചയ്ക്കുവേണ്ടി ക്രിയാത്മകമായ പ്രവർത്തനങ്ങൾ ആദ്ധ്യാത്മിക, ഭൗതിക, ബൗദ്ധിക, സാമൂഹിക തലങ്ങളിൽ നടപ്പിലാക്കുകയും ചെയ്ത ചരിത്രം സഭാമക്കൾ മറക്കരുത്.

സീറോ-മലബാർ സഭയുടെ പിതാവെന്നോ, സഭയുടെ ദ്വിതീയ അപ്പസ്തോലനെന്നോ വിളിക്കപ്പെടേണ്ട ചാവറപ്പിതാവിന്റെ ഓർമ്മദിനം (ജനുവരി 3) സീറോ-മലബാർ സഭയുടെ സഭാദിനംകൂടിയാണ്. ഇന്ന് സീറോ-മലബാർ സഭയിൽ ആരാധനക്രമവിഷയത്തിൽ ഭിന്നിപ്പുകൾ നിലനിൽക്കുമ്പോൾ സഭ നോക്കേണ്ടിയിരുന്നത് ചാവറപ്പിതാവ് എഴുതിയുണ്ടാക്കിയ 'തൂക്കാസ'യിലേക്കായിരുന്നു. 1962 ലെ പരിഷ്കരിച്ച സീറോ-മലബാർ സഭയുടെ തക്സ നിലവിൽ വരുന്നതുവരെ ചാവറയച്ചന്റെ 'തൂക്കാസ' അനുസരിച്ചായിരുന്നു സിറോ-മലബാർസഭയിലാകമാനം വൈദികർ ബലിയർപ്പിച്ചിരുന്നത്. വിശുദ്ധ കുർബാനയുടെ അർപ്പണത്തിൽ ഏകീകരണം നടപ്പാക്കിയ 'തൂക്കാസ' ഈ സഭ എന്ന് അവഗണിച്ച് തുടങ്ങിയോ അന്നുമുതൽ ഭിന്നിപ്പുകളുടെ വിഷവിത്തുകൾ ഈ സഭയിൽ മുളച്ചുപൊന്തി. വിശുദ്ധ കുർബാനയുടെ ഏകീകരണത്തിനായുള്ള സീറോ-മലബാർ സിനഡിന്റെ ശ്രമങ്ങൾ ഇനിയും പൂവണിഞ്ഞിട്ടില്ല.



www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

രിപ്പിച്ചു. ഒരു സ്വജാതീയമെത്രാനെ കിട്ടുവാൻ ആഗ്രഹിച്ച സുറിയാനിക്കാരിൽ ഒരുവിഭാഗം റോക്കോസിനെ മെത്രാനായി അംഗീകരിക്കുകയും ചെയ്തു. അന്ന് സുറിയാനികത്തോലിക്കർക്ക് 154 പള്ളികളാണ് ഉണ്ടായിരുന്നത്. ഇവയിൽ 86 പള്ളികൾ പൂർണ്ണമായും 30 പള്ളികൾ ഭാഗികമായും അദ്ദേഹത്തിന് കീഴ്പെട്ടു. മൊത്തം 38 പള്ളികൾ മാത്രമാണ് റോക്കോസ് മെത്രാനോടൊപ്പം ചേരാതെ ചാവറയച്ചനോടൊപ്പം നിന്നിരുന്നത്.

സ്വന്തം ജാതിയിൽപ്പെട്ട മെത്രാനെ ലഭിച്ചാൽ ജനങ്ങൾ തൃപ്തരാകും എന്നു വിചാരിച്ച് ബഹു. ബർണർദീനോസ് മെത്രാപ്പോലീത്ത സഭയെ രക്ഷിക്കുവാനായി ചാവറയച്ചനെ മെത്രാനാക്കുവാൻ ശ്രമിച്ചെങ്കിലും ചാവറയച്ചൻ ആ നിർദ്ദേശം സ്വീകരിച്ചില്ല. പകരം റോക്കോസിനെതിരെ പട പൊരുതുവാൻ ചാവറയച്ചനെ സുറിയാനി സഭയുടെ വികാരി ജനറാളായി മെത്രാൻ നിയമിച്ചു. വികാരി ജനറാളായ ചാവറയച്ചൻ റോക്കോസിനെപ്പറ്റിയുള്ള വിവരങ്ങൾ മാർപാപ്പയ്ക്ക് എഴുതുകയും മാർപാപ്പയുടെ അനുവാദമില്ലാതെയാണ് തോമസ് റോക്കോസ് കേരളത്തിൽ എത്തിയിരിക്കുന്നതെന്നും മനസ്സിലാക്കി ചാവറയച്ചനും കൂട്ടരും റോക്കോസിനെതിരെ പ്രവർത്തനങ്ങൾ ആരംഭിച്ചു. സുറിയാനി കത്തോലിക്കരെ മുഴുവൻ റോക്കോസിന്റെ കുതന്ത്രങ്ങളിൽനിന്നും രക്ഷിക്കുവാൻ കിണഞ്ഞു പരിശ്രമിച്ചു. മാസങ്ങളോളം കേരളസഭ പ്രക്ഷുബ്ധമായിരുന്നു. മാർപാപ്പയുടെ അനുവാദമില്ലാതെ മെത്രാനടുത്ത കർമ്മങ്ങൾ നടത്തിയ റോക്കോസിനെ അവസാനം മഹറോൻ ചൊല്ലുകയും ചെയ്തു.

ചാവറയച്ചന്റെയും കൂട്ടരുടെയും പ്രവർത്തനങ്ങളാൽ റോക്കോസിന്റെ കള്ളത്തരങ്ങളെല്ലാം ജനങ്ങൾ മനസ്സിലാക്കി. ഗത്യന്തരമില്ലാതെ റോക്കോസ് തിരികെപ്പോകുവാൻ സന്നദ്ധനായി. കപ്പലിൽ യാത്ര ചെയ്യുവാൻ യാത്രാക്കൂലി തന്നാൽ താൻ മടങ്ങിപോയിക്കൊള്ളാമെന്ന് റോക്കോസ് ചാവറയച്ചനോട് അപേക്ഷിച്ചു. ചാവറയച്ചൻ റോക്കോസിന് യാത്രാക്കൂലി കൊടുക്കുകയും റോക്കോസിനെ ജനങ്ങളുടെ ആക്രമണങ്ങളിൽനിന്നും രക്ഷപെടുത്തി കപ്പൽ കയറ്റി അയയ്ക്കുകയും ചെയ്തു.

തോമസ് റോക്കോസിൽ നിന്നും സഭയെ രക്ഷിച്ച ചാവറ അച്ചനെയും കൂട്ടരെയും പരിശുദ്ധ ഒൻപതാം പീയൂസ് മാർപാപ്പാ പ്രശംസിച്ച് കത്ത് അയയ്ക്കുകയും ചെയ്തു.

**സീറോ-മലബാർ സഭയുടെ മുൻ മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ അഭിവന്ദ്യ മാർ വർക്കി വിതയത്തിൽ പിതാവിന്റെ വാക്കുകളിൽ:**

**"സീറോ-മലബാർ സഭയിലെ എല്ലാ അംഗങ്ങളുടെയും മേൽ അധികാരമുണ്ടായിരുന്ന വികാരി ജനറാളായിരുന്നു ചാവറയച്ചൻ. (അന്ന് സീറോ-മലബാർ സഭയ്ക്ക് വെറും 154 പള്ളികൾ മാത്രം). ഇന്ന് ദൈവപരിപാലനയിൽ സീറോ-മലബാർ സഭയുടെ അദ്ധ്യക്ഷനായി ദൈവം എന്നെ തിരഞ്ഞെടുത്തിരിക്കുന്നു. ഒരർത്ഥത്തിൽ ഞാൻ ചാവറ അച്ചന്റെ പിൻഗാമിയാണ്"** (Footprints of Holiness, souvenir, 2014).

**"ചാവറ അച്ചന്റെ ധീരവും ശക്തവുമായ നിലപാടില്ലായിരുന്നുവെങ്കിൽ മാർത്തോമ്മാശ്ലീഹായാൽ സ്ഥാപിതമായ കേരളത്തിലെ നസ്രാണി സഭ വഴിതെറ്റിപ്പോവുകയോ, ഇല്ലാതാവുകയോ ചെയ്യുമായിരുന്നു എന്ന ചരിത്രവസ്തുത നാം പ്രത്യേകം സ്മരിക്കേണ്ടിയിരിക്കുന്നു. അനുഗ്രഹീതമായ തൂലികകൊണ്ടും ചാവറയച്ചൻ സഭയെ സേവിച്ചു."** (Deepika souvenir, 2004)

**സീറോ മലബാർ സഭയ്ക്കുവേണ്ടിയുള്ള ചാവറയച്ചന്റെ പ്രാർത്ഥന**

റോക്കോസ് ശീശ്മക്കാലത്ത് ചാവറയച്ചൻ എഴുതി പ്രസിദ്ധീകരിച്ച ജപം: **"ജന്മപാപമില്ലാതെ ഉത്ഭവിച്ച മറിയമേ, തിരുസ്സഭക്കു നേരിട്ട എല്ലാ നാശങ്ങളെയും നീക്കിയ മാതാവേ, പുത്തനായിട്ടു മുളച്ചുണ്ടാകുന്ന ശീശ്മ ഈ തിരുസഭയെ കലക്കുവാൻ തക്കവണ്ണം നീ കൈവിടരുതേ. ശുദ്ധമാന പത്രോസിന്റെ അധികാരം, ശുദ്ധ മാർപാപ്പായ്ക്ക് മുഴുവനായ കീഴ്വഴക്കം എന്നും എല്ലായിടത്തും നടന്നുവരുവാൻ നീ കൃപ ചെയ്യണമേ."**

♦ ***അനസ്താസ്യായുടെ രക്തസാക്ഷ്യം***

മലയാള ഭാഷയിലെ ആദ്യ ഖണ്ഡകാവ്യമായ *അനസ്താസ്യായുടെ രക്തസാക്ഷ്യം* റോക്കോസ് ശീശ്മയുടെ കാലത്ത് ചാവറയച്ചൻ എഴുതിയതത്രേ. വിശ്വാസികൾ അവരുടെ കത്തോലിക്കാവിശ്വാസത്തിൽ എന്തുവില കൊടുത്തും അടിയുറച്ചു നിൽക്കുവാൻ ജനങ്ങൾക്ക് പ്രചോദനം നൽകുവാനാണ് ചാവറയച്ചൻ ഈ കവിത എഴുതിയത്.

**സീറോ മലബാർ സഭയുടെ സംരക്ഷണത്തിനും സുസ്ഥിതിക്കുമായി മാന്നാനം കുന്നിൽനിന്നും ചാവറപ്പിതാവും സി.എം.ഐ. സഭയിലെ മറ്റു പിതാക്കന്മാരും മാർപാപ്പായ്ക്കും അത്യുന്നത കർദ്ദിനാൾമാർക്കും എഴുതിയ കത്തുകളിലെ ചുരുക്കം ചില വിവരങ്ങൾ:**

1. തോമസ് റോക്കോസ് (റോക്കോസ് ശീശ്മ) എന്നയാൾ മാർപാപ്പായുടെ അനുവാദത്തോടുകൂടിയാണോ കേരളത്തിലെത്തിയത് എന്ന് മാർപാപ്പായോടുതന്നെ കത്തെഴുതി അന്വേഷിക്കുകയും, മാർപാപ്പായുടെ അനുവാദമില്ലാതെയാണ് അയാൾ കേരളത്തിലെത്തിയത് എന്നറിഞ്ഞ് അതിനെതിരെ പടപൊരുതുകയും ചെയ്തു. (ചാവറ പിതാവ് സീറോ-മലബാർ സഭയുടെ ആദ്യത്തെ വികാരിജനറാളായിരുന്നു.)
2. മേലൂസ് മെത്രാൻ (മേലൂസ് ശീശ്മ) മാർപാപ്പായുടെ അനുവാദത്തോടുകൂടിയാണോ സീറോ-മലബാർ സഭയെ ഭരിക്കുവാനെത്തിയത് എന്ന് സി.എം.ഐ സഭയുടെ രണ്ടാ



CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org
www.marggam.com
MARGGAM – Digital Library of Christianity in India

മത്തെ പ്രിയോർ ജനറാളും, സീറോ-മലബാർ സഭയുടെ രണ്ടാമത്തെ വികാരി ജനറാളുമായി രുന്ന പോരൂക്കര കുര്യാക്കോസ് ഏലീശാച്ചൻ മാർപാപ്പായ്ക്ക് കത്തെഴുതുകയും മാർപാപ്പാ യുടെ അനുവാദത്തോടുകൂടിയല്ല മേലൂസ് കേര ളത്തിലെത്തിയത് എന്ന് അറിയിപ്പ് ലഭിച്ചതി നെയും തുടർന്ന് മേലൂസിനെതിരെ പടപൊ രുതി സഭയെ സംരക്ഷിച്ചു.

3. വി. അന്തോനീസിന്റെ സന്യാസസഭയിൽപ്പെട്ട രണ്ട് സന്യാസവൈദികർ വിശ്വാസിക ളിൽനിന്ന് ധർമ്മം പിരിക്കുവാനെന്ന വ്യാജേന കേരളത്തിലെത്തുകയുണ്ടായി. ആരംഭത്തിൽ അവർ നല്ലവരെന്നു കാണപ്പെടുകയും എന്നാൽ തുടർന്നുള്ള അവരുടെ പ്രവർത്തന ങ്ങളും പള്ളിയിൽ അർപ്പിക്കുന്ന കുർബാ നയും ഏവർക്കും ഭയത്തിനു കാരണമായി ത്തീരുകയും ചെയ്തു. ഇതിനെതിരെ ചാവറ പ്പിതാവ് മാർപാപ്പായ്ക്ക് എഴുതിയത്: "മേലാൽ പാത്രിയർക്കീസിന്റെ എഴുത്തില്ലാതെയോ അനുവാദമില്ലാതെയോ ഏതെങ്കിലും മെത്രാ നാകട്ടെ, വൈദികരാകട്ടെ അവിടെനിന്നും ഞങ്ങളുടെ ഇടയിലേക്ക് ആരെയും അയയ്ക്ക രുത്. ഇത് അവരോടുള്ള വെറുപ്പുകൊണ്ടോ, വിരോധംകൊണ്ടോ അല്ല. പിന്നെയോ ഇപ്ര കാരം അയയ്ക്കപ്പെടുന്നവരുടെ സാന്നിദ്ധ്യം ഞങ്ങളുടെ സഭാമക്കളുടെ ആത്മനാശത്തിനും അവരുടെയിടയിൽ വഴക്കിനും പിളർപ്പിനും ഇട കൊടുക്കുന്നു..."

4. പ്രൊപ്പഗാന്ത് തിരുസംഘത്തിന്റെ അദ്ധ്യക്ഷൻ അലക്സാണ്ടർ ബർണബായ്ക്ക് ചാവറപ്പി താവ് എഴുതുന്നത്: "കുറെ ഏറെ നാളുകളായി വിശ്വാസികളും വൈദികരും ഞങ്ങളുടെ വികാരി അപ്പസ്തോലിക്കാ ബർണർദീനോസ് മെത്രാപ്പോലീത്തായിൽനിന്നും അകന്നുകൊ ണ്ടിരിക്കുകയാണ്. കാരണം, അദ്ദേഹത്തിന്റെ കല്പനകൾ കർക്കശവും നിയമങ്ങൾ ക്രമാ തീതവുമാണ്. ഞങ്ങളുടെ വിശ്വാസികൾക്കും വൈദികർക്കും അവരുടെ വിശ്വാസത്തിന്റെ ബലഹീനതയും ഉപവിയുടെ പോരായ്കയും നിമിത്തം ഇതു മനസ്സിലാക്കാൻ സാധിക്കുന്നി ല്ല. അതിനാൽ ഹൃദയംതുറന്നു ഞാൻ പറയു കയാണ് വേറൊരു മെത്രാൻ, അതായത്, കൊല്ലം വികാരി അപ്പസ്തോലിക്കാ കാർലോ സ് മെത്രാനോ അല്ലെങ്കിൽ അങ്ങേക്ക് നല്ല തെന്നു തോന്നുന്ന വേറെ ആരെങ്കിലുമോ ഇവിടെ വരുന്നില്ലെങ്കിൽ വിശുദ്ധ പള്ളിയുടെ മടിയിലേക്ക് ഇവർ തിരിച്ചുവരില്ല. മേപ്പടി മെത്രാനെ മുടക്കു കൽപ്പിച്ചാൽ തന്നെയും വ്യത്യാസമുണ്ടാകുമെന്നു തോന്നുന്നില്ല. ഈ അപേക്ഷ കൽദായക്കാരോടുള്ള ഞങ്ങളുടെ ചാച്ചിലെന്ന് അങ്ങ് തെറ്റിദ്ധരിക്കരുത്. കൽദാ യക്കാരുടെ ഭരണംകൊണ്ട് ഞങ്ങളുടെ സഭ യ്ക്ക് യാതൊരു ഉപകാരവും ഉണ്ടായിട്ടില്ല."

5. അത്യുന്നത കർദ്ദിനാൾ പ്രൊപ്പഗാന്താ തിരു സംഘത്തിന്റെ അദ്ധ്യക്ഷന്; സുറിയാനി കാനോൻ ജപപ്പുസ്തകം പരിശോധിച്ച് അംഗീ കരിക്കുന്നതിന് അപേക്ഷിക്കുന്നു. (സീറോ-മ ലബാർ സഭയിലെ എല്ലാ മല്പാന്മാരെയും കൂനമ്മാവിൽ വിളിച്ചുകൂട്ടി അവരുടെ പരിശോ ധനയും അഭിപ്രായങ്ങളും സ്വീകരിച്ചതിനുശേ ഷമാണ് അംഗീകാരത്തിനായി അപേക്ഷിച്ചത്.)

6. ദുഃഖശനിയാഴ്ച ക്രമങ്ങൾ സീറോ-മലബാർ സഭയിൽ നിലനിന്നിരുന്നില്ല. ആയതിനാൽ ദുഃഖശനിയാഴ്ച ക്രമങ്ങൾ ക്രോഡീകരിച്ച് സീറോ-മലബാർ സഭയിൽ നടപ്പിലാക്കാൻ അനുവാദത്തിനായി അപേക്ഷിക്കുന്നു.

7. വി. കുർബാനയിൽ യോഹന്നാന്റെ സുവിശേ ഷത്തിൽനിന്നുള്ള 'ആദിയിൽ വചനം ഉണ്ടാ യിരുന്നു....' എന്നു തുടങ്ങുന്നത് ഞങ്ങളുടെ കുർബാനയിൽ വായിക്കുവാനുള്ള അനുവാദ ത്തിനായി അപേക്ഷിക്കുന്നു.

8. സാധാരണ ദിവസങ്ങളിൽ വി. കുർബാനയിൽ ധൂപത്തിന്റെ ഉപയോഗം വളരെ വിഷമങ്ങൾ സൃഷ്ടിക്കുന്നു. ആകയാൽ വിശേഷദിവസങ്ങ ളിലും ആഘോഷമായ കുർബാനയിലും ഒഴിച്ചു ധൂപത്തിന്റെ ഉപയോഗം ഉപേക്ഷിക്കുന്നതി നുള്ള അനുവാദത്തിനായി ചാവറയച്ചൻ അപേ ക്ഷിക്കുന്നു.

9. ആണ്ടുവട്ടം മുഴുവനിലുമുള്ള കാനോന നമ സ്കാരം ജപിക്കുന്നതിനുള്ള അനുവാദത്തി നായി ചാവറയച്ചൻ അപേക്ഷിക്കുന്നു.

10. പ്രൊപ്പഗാന്താ തിരുസംഘത്തിന്റെ അദ്ധ്യ ക്ഷൻ അലക്സാണ്ടർ ബർണബായ്ക്ക് ചാവറ യച്ചൻ എഴുതുന്നത്: "ഞങ്ങൾ തോമ്മാശ്ലീഹാ യിൽനിന്നും വിശ്വാസം സ്വീകരിച്ച മാർ ത്തോമ്മാക്രിസ്ത്യാനികളാണ്. അനേകം കൊ ല്ലങ്ങളായി ഞങ്ങൾക്കു സ്വന്തം മെത്രാനില്ല. അതിനാൽ അത്യുന്നത തിരുമേനീ, നല്ലതെന്നു എനിക്കു തോന്നുന്ന ഒരു സംഗതി അറിയിക്കു കയാണ്. ഇവിടെ രണ്ട് മെത്രാന്മാർ ഉണ്ടാകു ന്നത് നല്ലതാണ്. ഒന്ന് ലത്തീൻ സഭയ്ക്കും മറ്റൊന്ന് സുറിയാനി സഭയ്ക്കും. ഇത് ഉപകാ രപ്രദമായിരിക്കുമെന്നു മാത്രമല്ല, യാക്കോബ ക്കാരെന്ന് അറിയപ്പെടുന്ന അകത്തോലിക്കർ ഞങ്ങളുടെ രക്തസംബന്ധികളും ബന്ധുക്കളു മായി അനേകരുണ്ട്. അവർ തങ്ങളുടെ ശീശ്മ ഉപേക്ഷിച്ച് കത്തോലിക്കാ ഐക്യത്തിലേക്ക് തിരിച്ചുവരുവാൻ ഇതു സഹായിക്കുകയും ചെയ്യും.'

11. പള്ളിയുടെ പുറത്തേക്ക് പരി. കുർബാനയുടെ പ്രദക്ഷിണം നടത്തുവാനുള്ള അനുവാദത്തി



CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA

നായി വരാപ്പുഴ വികാരി അപ്പസ്തോലിക്ക ലുദവിക്കോസ് മെത്രാപ്പോലീത്തായോട് ചാവറയച്ചൻ അപേക്ഷിക്കുന്നു.

12. തിരുഹൃദയഭക്തി പ്രചരിപ്പിക്കുന്നതിന് സുറിയാനി സഭയിൽ തിരുഹൃദയസഭ സ്ഥാപിക്കുന്നതിന് പോരൂക്കര കുര്യാക്കോസ് ഏലീശാച്ചനെ ചാവറയച്ചൻ അനുവദിക്കുന്നു.

13. സീറോ-മലബാർ സഭയ്ക്കായി നല്ല വൈദികരെ പരിശീലിപ്പിക്കുന്നതിനായി ചാവറയച്ചൻ മാന്നാനത്താരംഭിച്ച ആദ്യ സെമിനാരിയുടെ പണികൾ പൂർത്തീകരിക്കുന്നതിനായി 1850-ൽ എല്ലാ പള്ളികളിൽനിന്നും സഹായം അഭ്യർത്ഥിച്ചുകൊണ്ട് സർക്കുലറുകൾ അയയ്ക്കുന്നു.

14. റോക്കോസ് മെത്രാനെതിരെ സഭയെ സംരക്ഷിക്കുന്നതിനായി എല്ലാ പള്ളികളിലേക്കും ചാവറയച്ചൻ സർക്കുലറുകളും പ്രാർത്ഥനകളും അയയ്ക്കുന്നു.

15. 1869 ഫെബ്രുവരി മാസത്തിൽ സീറോ-മലബാർ സഭയിൽ കാനോന നമസ്കാരം ആദ്യമായി അച്ചടിക്കുന്നതിനെപ്പറ്റിയും ആയതിന്റെ വിതരണവും മറ്റും സംബന്ധിച്ച് എല്ലാ പള്ളികളിലേക്കും കത്തയയ്ക്കുന്നു.

16. കുടുംബങ്ങളുടെ സുസ്ഥിതിക്കായി ചാവറയച്ചൻ ചാവരുൾ (ഒരു നല്ല അപ്പന്റെ ചാവരുൾ) എഴുതുന്നു.

### ♦ നാല് റീജിയനുകൾ

ഭരണസൗകര്യം അടിസ്ഥാനമാക്കി ചാവറയച്ചൻ സുറിയാനി കത്തോലിക്കാ സമൂഹത്തെ നാലു റീജിയനുകളാക്കിത്തിരിച്ചു. ഓരോ റീജിയനും ഓരോ ദപ്പുദാറി (ഡപ്യൂട്ടി ഓഫ് വികാർ ജനറൽ)ന്റെ കീഴിലാക്കി. പ്രസിദ്ധരും പണ്ഡിതരുമായ സന്യാസ വൈദികരായിരുന്നു ദപ്പുദാർമാർ. നാല്പതോളം പള്ളികളാണ് ഓരോ ദപ്പുദാറിന്റെയും കീഴിലുണ്ടായിരുന്നത്.

### ♦ മേലൂസ് ശീശ്മ

1874 ഒക്ടോബർ മാസത്തിൽ ഏലിയാ യോഹന്നാൻ മേലൂസ് എന്നൊരു കൽദായ മെത്രാൻ മലയാളത്തിൽ വന്നിറങ്ങി. മാർപാപ്പായുടെ അധികാരപ്രകാരം മലയാളം വിട്ടു പോകണമെന്ന് അദ്ദേഹത്തോടു വരാപ്പുഴെ നിന്നും അറിയിച്ചിട്ടും പോകാഞ്ഞതിനാൽ മാർപാപ്പായുടെ നാമത്തിൽ ആ മാസം 25-നു അദ്ദേഹത്തെ ആഘോഷമായി ലെയോനാർദ് മെത്രാപ്പോലീത്താ മഹറോൻ ചൊല്ലി. മുൻപ് റോക്കോസ് മെത്രാനാൽ ഉണ്ടായ ശീശ്മയുടെ ഫലം എല്ലാവരും അറിഞ്ഞിരുന്നതുകൊണ്ട് ഈ ശീശ്മയിൽ ചേരുന്നതിനു ആളുകൾക്കു പണ്ടത്തെപോലെ ധൈര്യമുണ്ടായില്ല. എങ്കിലും അവിടവിടെയായി ചില പള്ളിക്കാർ ശീശ്മയിൽ ചേരുകയും മെത്രാന് വഴക്കം ചെയ്കയും ചെയ്തു. തൃശ്ശിവപേരൂർക്കാർ ഇതിൽ പ്രധാനികളായി നിന്നതിനാൽ അവരെ അനുകരിച്ചു പദ്രുവാദ ഭാഗത്തുനിന്നിരുന്ന പല പള്ളിക്കാരും ശീശ്മ ഭാഗത്തു ചേർന്നു.

മേലൂസ് മെത്രാൻ മലയാളത്തിൽ വന്നത് മാർപാപ്പായുടെ സമ്മതത്തോടെയാണെന്നു ശീശ്മക്കാർ പറഞ്ഞു നടത്തി പലരേയും കബളിപ്പിച്ചതിനാൽ ഒല്ലൂർ പള്ളിയുടെ വികാരിയും ഇടവകക്കാരും ഈ കാര്യത്തിന്റെ വാസ്തവം അറിയുന്നതിനായി പ്രൊപ്പഗാന്ത തിരുസംഘത്തിലേയ്ക്കും ഒമ്പതാം പീയൂ സ് മാർപാപ്പായ്ക്കും എഴുത്തുകൾ അയച്ചു. അന്നു ഒല്ലൂർപ്പള്ളിയിൽ വികാരിയായിരുന്നത് സന്യാസസഭയിലെ ബ. മത്തായി ഗ്രിഗോരിയോസ് (കൊടുപാടത്തിൽ മാത്തച്ചൻ) അച്ചനായിരുന്നു. ഇവരുടെ അപേക്ഷപ്രകാരം മേൽ സ്തുതിക്കപ്പെട്ട മാർപാപ്പാ 1875 മെയ് മാസം 1 നു അവർക്കൊരു തിരുവെഴുത്തു അയച്ചുകൊടുത്തു. അതിൽ മേലൂസ് മെത്രാൻ മലയാളത്തിൽ വന്നത് അവിടത്തെ അറിവുകൂടാതെയും അങ്ങേ പരിശുദ്ധതയുടെ വിലക്കിനു വിരോധമായിട്ടുമാണെന്നു വ്യക്തമായി കാണിച്ചിരുന്നു. ടി ആണ്ട് മെയ് മാസം 7 നു പ്രൊപ്പഗാന്ത് തിരുസംഘത്തിന്റെ അധിപനായ പ്രാങ്കി കർദ്ദിനാൾ ടി. വികാരിയച്ചനു ഒരെഴുത്തും, ആ തീയതിയിൽ തന്നെ കൊച്ചി ദിവാൻജിക്ക് വേറൊരെഴുത്തും അയച്ചു. അതുകളിൽ മേലൂസ് മെത്രാന്റെ വരവും മാർപാപ്പായുടെ സമ്മതം കൂടാതെയാണെന്നു തെളിവായി കാണിച്ചിട്ടുണ്ടായിരുന്നു.

പോരൂക്കര കുറിയാക്കോസ് ഏലീശാ അച്ചൻ സന്യാസസഭയുടെ പ്രിയോർ സ്ഥാനത്തിലേക്ക് ഉയർത്തപ്പെട്ടതിനോടുകൂടെ പള്ളികളുടെമേൽ വികാരി ജനറാളിന്റെ അധികാരവും അദ്ദേഹത്തിന് കൊടുക്കപ്പെട്ടു. വാക്കാലും എഴുത്താലും പ്രവൃത്തിയാലും സന്യാസികൾക്കും ജനങ്ങൾക്കും ഇദ്ദേഹം എപ്പോഴും ഒരു സൽമാതൃകയായി ജീവിച്ചു വന്നു. ഇദ്ദേഹം പ്രിയോരായി നിയമിക്കപ്പെട്ട കാലങ്ങളിൽ നമ്മുടെ മലയാളത്തിൽ സമാധാനത്തിന്റെ ഒരു കാലമായിരുന്നു. എന്നാൽ കുറെനാൾ കഴിഞ്ഞപ്പോൾ ജനങ്ങളുടെയിടയിൽ വലിയ ഭിന്നിപ്പും പള്ളികളിൽ വഴക്കും വ്യവഹാരങ്ങളും, ഉണ്ടാകുവാൻ സംഗതിയായിതുടങ്ങി. ഇതിനുള്ള മുഖ്യകാരണം 1875 ൽ ബാബേലിൽനിന്നു വന്ന ഏലിയാ മേലൂസ് മെത്രാന്റെ വരവാണ്. ഇദ്ദേഹം റോമായിലെ അനുമതികൂടാതെ വന്നതാണെങ്കിലും സുറിയാനി മെത്രാൻ ആകയാൽ ആ ദേഹത്തെ അനുസരിച്ചു നടക്കണമെന്ന് ജനങ്ങളിൽ ഒരുഭാഗക്കാർക്ക് മനസ്സും മാർപാപ്പായുടെ അനുമതി കൂടാതെ വന്ന മെത്രാനെ കൈക്കൊള്ളുവാൻ മറുഭാഗക്കാർക്ക് വിരോധവും ഉണ്ടായി. തൻമൂലം പല പള്ളികളിൽ പോലീസും വഴക്കുകളും മൂത്തു. ഈ സന്ദർഭത്തിൽ ശീശ്മയ്ക്കുള്ള കാരണം തീർക്കണമെന്നും സമാധാനത്തിനു വേണ്ട വഴികൾ ഉണ്ടാകണമെന്നും ആലോചിച്ച് പല ഹർജികളും വിശുദ്ധ സിംഹാസനത്തിലേക്ക് അയക്കപ്പെട്ടു.



www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India



ഈ കാലത്ത് കുറിയാക്കോസ് ഏലീശാ അച്ചൻ, സഭ വീണുപോകാതെ ഇരിക്കുന്നതിനും, അതിന്റെ വീഴ്ചയിൽ നിന്നും അതിനെ രക്ഷിക്കുന്നതിനും ദൈവം തിരഞ്ഞെടുത്ത ഒരു ബലമേറിയ താങ്ങായിരുന്നു. മേൽപ്പട്ടക്കാരുടെ കൽപ്പനപോലെയും അവരുടെ വരുതിപോലെയും, എല്ലാക്കാര്യങ്ങളിലും അവിടുന്ന് പ്രവർത്തിച്ചു (*സി.എം.ഐ സഭ ആദ്യദശകങ്ങളിൽ*, ഫാ. ബർണാർദ് TOCD).

**♦ സീറോ മലബാർ സഭയിലെ ഏഴു വ്യാകുലങ്ങൾ**

കേരളസഭയിൽ തുടരെത്തുടരെയുണ്ടായ അനൈക്യത്തിനും മാർഗ്ഗഭ്രംശത്തിനും കാരണം സ്വന്തം റീത്തിൽപ്പെട്ട മെത്രാന്മാരുടെ അഭാവമാണെന്നു തിരിച്ചറിഞ്ഞ സി.എം.ഐ. സഭാംഗങ്ങൾ അതിനുവേണ്ടി പോരാടാൻ തുടങ്ങി. ഇക്കാര്യത്തിൽ ചാവറയച്ചന്റെ നിലപാടുകൾ അവരെ വളരെയധികം സ്വാധീനിച്ചിട്ടുണ്ട്. അവർ റോമിലേക്കും ഇന്ത്യയിലെ ഇതര വികാരിയാത്തുകളിലേക്കും നിവേദനങ്ങൾ അയച്ചുകൊണ്ടിരുന്നു. ഇങ്ങനെ നിവേദനങ്ങൾ അയച്ച ഏഴ് സന്യാസ വൈദികരെ ലെയോണാർഡോ മെത്രാപ്പോലീത്താ സി.എം.ഐ. സഭയിൽനിന്ന് പുറത്താക്കി. ഇവർ ചരിത്രത്തിൽ ഏഴു വ്യാകുലങ്ങൾ എന്നറിയപ്പെട്ടു. മാർപാപ്പായ്ക്ക് നിവേദനം അയച്ചു എന്ന പേരിലാണ് പഴേപറമ്പിൽ ലൂയീസച്ചൻ (1847-1919), ചാവറ യൗസേപ്പച്ചൻ (1835-1886), മീനാട്ടൂർ മാണിയച്ചൻ (1847-1897), തറവട്ടത്തിൽ ഹില്ലാരിയോസച്ചൻ (1850-1900), മാതേയ്ക്കൽ മത്തായിയച്ചൻ (1845-1921), ശങ്കൂരിക്കൽ പൗലോസച്ചൻ (1848-1901), ഇരിമ്പൻ വർഗ്ഗീസച്ചൻ (1839-1917) എന്നിവരെ വരാപ്പുഴ മെത്രാപ്പോലീത്തായുടെ കല്പനപ്രകാരം സി.എം.ഐ. സഭയിൽനിന്ന് ബഹിഷ്കരിച്ചത്.

നിവേദനം തയ്യാറാക്കിയത് ഫാ. ലൂയീസ് പഴേപറമ്പിലാണ്. അദ്ദേഹം മാന്നാനം ആശ്രമാംഗമായിരുന്നു. മാന്നാനം, പുളിങ്കുന്ന് ആശ്രമങ്ങളിലെ അന്തേവാസികളായ സന്യാസികളാണ് അദ്ദേഹത്തോട് സഹകരിച്ചവർ. മേലൂസ് ശീശ്മ കേരളസഭയെ ഇളക്കിമറിച്ച സമയമായിരുന്നു അത്. അത്തരം ശീശ്മകൾ ഭാവിയിൽ ഉണ്ടാകാതിരിക്കാനുള്ള ശ്രമമെന്ന നിലയിൽ ഇവരുടെ നീക്കം സ്വാഭാവികം മാത്രമായിരുന്നു. ആരാധനാനുഷ്ഠാനങ്ങളിലുള്ള വ്യത്യാസം, മലയാളം അറിയാത്ത ബിഷപ്പുമാരും മിഷനറിമാരും യൂറോപ്യൻ ഭാഷ അറിയാത്ത അൽമായരും ചേരുമ്പോഴുണ്ടാകുന്ന പ്രശ്നങ്ങൾ, സുറിയാനി (കൽദായ) റീത്തിലെ ബിഷപ്പുമാരെ ലഭിക്കാനുള്ള അഭിനിവേശം എന്നീ മൂന്ന് കാര്യങ്ങളാണ് നിവേദനത്തിൽ എടുത്തു കാണിച്ചിരുന്നത്.

**♦ 1876 ൽ ബോംബെ വികാരി അപ്പസ്തോലിക്ക ലെയോ മൗറീന്റെ മാന്നാനം സന്ദർശനവും മാന്നാനം സൂനഹദോസും**

ഏഴ് വ്യാകുലങ്ങളുടെ കത്തിനെത്തുടർന്ന് വത്തിക്കാൻ നിയോഗപ്രകാരം, അസ്വസ്ഥമായ കേരളസഭാകാര്യങ്ങൾ പഠിച്ചു റിപ്പോർട്ടു സമർപ്പിക്കുന്നതിലേക്കു കേരളത്തിൽ എത്തിയ ലെയോ മൗറീൻ തന്റെ പ്രവർത്തനങ്ങളുടെ കേന്ദ്രമായി തിരഞ്ഞെടുത്തത് മാന്നാനമായിരുന്നു. സ്വന്തം റീത്തിൽപ്പെട്ട മെത്രാന്മാരെ കിട്ടുവാൻ മാന്നാനം ആശ്രമത്തിൽനിന്നും 1875 ജൂലൈ 28 ന് ഒരു ഭീമഹർജി റോമിലേക്ക് അയച്ചതാണ് സുറിയാനി സഭയിലെ പ്രതിസന്ധി അന്വേഷിക്കുവാൻ അപ്പസ്തോലിക് വിസിറ്റർ മൗറീൻ നിയമിക്കപ്പെട്ടത്. (പ്രസ്തുത ഭീമഹർജി ഏഴു വ്യാകുലങ്ങളിൽപ്പെട്ട വൈദികർ മാന്നാനം പള്ളിയിലെ അൾത്താരയിൽവച്ച് പ്രാർത്ഥിച്ചതിനുശേഷമാണ് അയച്ചത്.) 1876 മെയ് 5 ന് മലയാളക്കരയിലെത്തിയ അദ്ദേഹം മെയ് 23 മുതൽ 26 വരെ മാന്നാനത്ത് സമ്മേളനം വിളിച്ചുകൂട്ടി മാർത്തോമ്മാക്രിസ്ത്യാനികൾക്കു തങ്ങളുടെ പ്രശ്നങ്ങൾ അവതരിപ്പിക്കുവാൻ അനുഭാവപൂർവം അവസരം ഒരുക്കിക്കൊടുത്തു.

പുളിങ്കുന്ന്, മാന്നാനം, എൽത്തുരുത്ത് സി.എം.ഐ. ആശ്രമങ്ങൾ ഹർജിക്കാരുടെ താവളങ്ങളായി. കിഴക്കൻ പ്രദേശത്തുകാർ മാന്നാനത്തും കുട്ടനാടൻ വിശ്വാസികൾ പുളിങ്കുന്നിലും വടക്കർ എൽത്തുരുത്തിലും ചേക്കേറി. കാരണം മെത്രാന്മാർ ഇല്ലാതിരുന്ന സുറിയാനിക്കാരുടെ നേതൃത്വം ഈ കൊവേന്തകൾക്കായിരുന്നു.

**♦ സുറിയാനിക്കാർക്ക് സ്വന്തം രൂപതാപ്രഖ്യാപനം: മാന്നാനത്ത്**

സുറിയാനിക്കാരെ ലത്തീൻകാരിൽനിന്ന് വേർപെടുത്തി നിയമിച്ച തിരുവെഴുത്ത് തൃശൂർ വികാരിയാത്തിലെ പള്ളികൾക്കുള്ളത് എൽത്തുരുത്ത് ആശ്രമ പ്രിയോരിനും കോട്ടയം വികാരിയാത്തിലേത് മാന്നാനം ആശ്രമ പ്രിയോരിനുമാണ് ഊട്ടി ആസ്ഥാനമാക്കിയ പേപ്പൽ ഡെലിഗേറ്റ് മോൺസിഞ്ഞോർ അന്ത്രയോസ് അയൂത്തി അയച്ചുകൊടുത്തത്. മാന്നാനം ദേവാലയത്തിലാണ് ആദ്യമായി സീറോ-മലബാർ സഭയുടെ രൂപതാപ്രഖ്യാപനം നടന്നത്.



www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA

### ♦ ലവീഞ്ഞു മെത്രന്റെ നിയമന പ്രഖ്യാപനം മാന്നാനത്ത്

ഫ്രാൻസിൽ ഈശോസഭാ ഭവനകേന്ദ്രത്തിൽ സേവനമനുഷ്ഠിച്ചിരുന്ന ഫ്രാൻസ് സ്വദേശി ഡോ. ചാൾസ് ലവീഞ്ഞ് 1888 മേയ് 20 നു മാന്നാനത്ത് എത്തി. പിറ്റേദിവസം കോട്ടയം വികാരിയാത്തിന്റെ ബിഷപ്പായിട്ടുള്ള നിയമന പത്രിക മാന്നാനം പള്ളിയിൽ വായിച്ചു. റോമിൽനിന്നുള്ള നിയമനത്തിന്റെ തിരുവെഴുത്ത് പള്ളികളിൽ വായിക്കുവാനുള്ളത് മാന്നാനം ആശ്രമ പ്രിയോർക്ക് അയച്ചുകൊടുത്തിരുന്നു. തിരുവെഴുത്തു വായിച്ചു ഭരണം ഏറ്റെടുക്കുന്നത് വളരെ ആഘോഷമായി മാന്നാനത്തുവച്ച് നടന്നു.

മാന്നാനം കുന്നിന്റെ താഴെയുള്ള കടവിൽനിന്നും ബിഷപ്പിനെ പല്ലക്കിൽ സ്ഥാനവസ്ത്രങ്ങളോടെ പരിവാരസമേതം കുന്നിൻമുകളിലെ പള്ളിയിലേക്ക് ആനയിച്ചു.

കോട്ടയം കളക്ടറേറ്റിന്റെ പടിഞ്ഞാറുഭാഗത്തുണ്ടായിരുന്ന മാണി തോമസിന്റെ വക കെട്ടിടം വാടകയ്ക്ക് എടുത്ത് അവിടെ താമസം തുടങ്ങുന്നതുവരെ മാന്നാനം ആശ്രമമായിരുന്നു ഡോ. ചാൾസ് ലവീഞ്ഞിന്റെ ആസ്ഥാനം.

മാർത്തോമ്മാ നസ്രാണിസഭയിൽ സ്വയംഭരണവാദത്തിന്റെ കേന്ദ്രങ്ങളിലൊന്നായ എൽത്തുരുത്ത് സി.എം.ഐ. ആശ്രമത്തിൽവച്ചാണ് മാർ ളൂയീസ് പഴേപറമ്പിലിനെ എറണാകുളം ഡെലിഗേറ്റിന്റെ അപ്പസ്തോലിക്കയായി നിയമിച്ച ഔദ്യോഗിക വിജ്ഞാപനം പ്രഖ്യാപിച്ചത്.

### ♦ പ്ലാസിഡച്ചൻ

ഭാരതത്തിൽ മാർത്തോമ്മാനസ്രാണികൾ എന്നറിയപ്പെടുന്ന ക്രൈസ്തവർ ഉള്ള കാലത്തോളം അനുസ്മരിക്കപ്പെടേണ്ട മഹാനായ ഒരു വ്യക്തിയാണ് ബഹു. പ്ലാസിഡ് പൊടിപ്പാറ CMI. മാന്നാനത്ത് 1899 ൽ അദ്ദേഹം ജനിച്ചു.

വടക്ക് ഭാരതപ്പുഴക്കും തെക്ക് പമ്പാനദിക്കും ഇടയ്ക്കുള്ള ചുരുങ്ങിയ പ്രദേശത്തുമാത്രം ഭരണാധികാരം ഒതുക്കപ്പെട്ട ഒരു കൊച്ചുസഭയായിരുന്നു കുറെ വർഷങ്ങൾക്കുമുമ്പ് സീറോമലബാർ സഭ. പമ്പാനദിക്കപ്പുറവും ഭാരതപ്പുഴക്കിപ്പുറവും. ഭാരതമണ്ണിൽ മുഴുവനും മറ്റു രാജ്യങ്ങളിലും സഭാപൈതൃകത്തിനനുസരിച്ച് വളർന്നു വികസിക്കുവാൻ കത്തോലിക്കാ ഐക്യത്തിലുള്ള ഈ വ്യക്തിസഭക്ക് അവകാശമുണ്ടെന്ന് വാദിക്കുകയും അത് സാധിതമാക്കുന്നതിന് ന്യായമായ മാർഗ്ഗങ്ങൾമാത്രമുപയോഗിച്ച് അരനൂറ്റാണ്ടിലേറെ പ്രയത്നിച്ച വ്യക്തിയാണ് പ്ലാസിഡച്ചൻ.

രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ അജണ്ട ക്രോഡീകരിക്കുന്നതിന് രൂപവത്കൃതമായ പൊന്തിഫിക്കൽ കമ്മീഷന്റെ കൺസൾട്ടറായി മാർപാപ്പാ അദ്ദേഹത്തെ നിയമിച്ചു. വത്തിക്കാൻ സൂനഹദോസിന്റെ വിദഗ്ദ്ധ അംഗമായി അദ്ദേഹം നിയമിക്കപ്പെട്ടു. പൗരസ്ത്യസഭകൾക്കുള്ള സൂനഹദോസ് കമ്മീഷന്റെ കൺസൾട്ടർ തുടങ്ങി ഒട്ടനവധി മേഖലകളിൽ ജോലിചെയ്തു.

തത്വശാസ്ത്രം, ദൈവശാസ്ത്രം, കാനോൻ ലോ എന്നീ വിഷയങ്ങളിൽ ഓരോന്നിലും അദ്ദേഹം ഡോക്ടർ ബിരുദങ്ങൾ നേടി (PhD, DD, DCL).

തലശ്ശേരി രൂപത സ്ഥാപിക്കപ്പെടുന്നതിൽ അദ്ദേഹത്തിന്റെ പരിശ്രമം ഏറെയാണ്. തൃശൂർ, ചങ്ങനാശ്ശേരി രൂപതകൾ വികസിപ്പിക്കുന്നതിലും അദ്ദേഹം നിസ്തുല പങ്കു വഹിച്ചു. മലങ്കര കത്തോലിക്കാസഭയുടെ പുനരൈക്യത്തിൽ ഏറ്റവും അധികം സഹായം ചെയ്തിട്ടുള്ള ഒരു വ്യക്തിയാണ്.

### ♦ അഖില കേരള കത്തോലിക്കാ കോൺഗ്രസ് (AKCC)

'കേരള കത്തോലിക്കാ മഹാസഭ' എന്ന പേരിലാണ് ഇന്നറിയപ്പെടുന്ന അഖില കേരള കത്തോലിക്കാ കോൺഗ്രസ് (AKCC) അറിയപ്പെട്ടിരുന്നത്. കേരള കത്തോലിക്കരുടെ ഉന്നമനം ലക്ഷ്യമിട്ടുകൊണ്ട് ആരംഭിച്ച സംഘടനയ്ക്ക് ആശയവും ആരംഭവും ഉണ്ടായത് 1905 ൽ മാന്നാനത്തുവച്ചു നടന്ന 'നാല്പതുമണി ആരാധന' എന്ന ഭക്താനുഷ്ഠാനത്തിനിടയിലായിരുന്നു. സുറിയാനിസഭയുടെ ചരിത്രനായകന്മാരിലൊരാളായ നിധീരിക്കൽ മാണിക്കത്തനാരും സി.എം.ഐ. സഭയിലെ ഏതാനും മുതിർന്ന സന്യാസവൈദികരുമാണ് ഈ പ്രസ്ഥാനത്തിന്റെ ആരംഭത്തിൽ ഇതിന് ചുക്കാൻ പിടിച്ചത്. സി.എം.ഐ. സഭയിലെ ഏഴു വ്യാകുലങ്ങളിലൊരാളും പിന്നീട് എറണാകുളം രൂപതയുടെ പ്രഥമ മെത്രാനുമായിരുന്ന മാർ ളൂയീസ് പഴേപറമ്പിലായിരുന്നു സംഘടനയുടെ സ്ഥാപക പ്രസിഡന്റ്.

### ♦ മാർ ഗുരു യോഹെന്ദ് (മാർ ജോൺ ബോസ്കോ തോട്ടക്കര)

പമ്പയ്ക്കും ഭാരതപ്പുഴയ്ക്കും ഇടയിൽ പറങ്കികൾ കെട്ടിയിട്ട ശ്ലൈഹിക സഭയായ മാർത്തോമ്മാശ്ലീഹായുടെ പൗരസ്ത്യ സുറിയാനി നസ്രാണിസഭയെ വീണ്ടും സ്വതന്ത്രയാക്കി ലോകം മുഴുവൻ എത്തിക്കാൻ കാരണക്കാരനാണ് തോട്ടക്കരയച്ചൻ. ഇതിന് വഴിവച്ചത് അദ്ദേഹം തന്റെ നസ്രാണി നവജീവപരിഷത്ത് വഴി എഴുതിയ "ഹെന്ദോ"യും.

രണ്ടാം വത്തിക്കാൻ സൂനഹദോസിൽ വീണ ഈ "ബോംബ്" ഇന്ത്യയിൽ നസ്രാണിസഭ ലത്തീൻ മെത്രാന്മാരിൽനിന്നും നേരിടുന്ന ഉച്ചനീചത്വങ്ങളെപ്പറ്റി അന്വേഷിക്കാനും പഠിക്കുവാനും സൂനഹദോസ് പിതാക്കന്മാരെ നിർബന്ധിതരാക്കി. അങ്ങനെ സൂനഹദോസിൽ "പൗരസ്ത്യസഭകൾ" അഥവാ "Orientalium Ecclesiarum" എന്ന പ്രമാണരേഖ പിറന്നു. ഹെന്ദോയുടെ പേരിൽ ആ സന്യാസവര്യൻ കഠിനമായി പീഡിപ്പിക്കപ്പെട്ടു.

സീറോ-മലബാർ സഭയെ മാനഭംഗപ്പെടുത്തിയ ഉദയംപേരൂർ യോഗത്തിന്റെ നാനൂറാം വാർഷികമായ 1999 കടന്നുപോകും മുമ്പ് മാർത്തോമ്മാ നസ്രാണിസഭയ്ക്ക് അർക്കദിയാക്കോനെ വീണ്ടും വാഴിക്കണം എന്നും പൂർവപ്രതാപത്തോടെ മാർത്തോമ്മാശ്ലീഹായുടെ നസ്രാണിസഭ മലങ്കര ആസ്ഥാനമായി പുനഃസ്ഥാപിക്കണം എന്നും അദ്ദേഹം ശക്തമായി വാദിച്ചു. ഛാന്ദാ രൂപത മുതൽ കേരളത്തിന്റെ പുറത്ത് സ്ഥാപിതമായ എല്ലാ



www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

രൂപതകളുടെയും ജനനത്തിന് കാരണക്കാരൻ ഈ സി.എം.ഐ. വൈദികനാണ്. ഛാന്ദാ രൂപത സ്ഥാപിക്കപ്പെട്ടപ്പോൾ മെത്രാനായി ആരെ വേണമെന്ന് ചോദിക്കാൻ വന്ന സി.എം.ഐ. അധികാരികളോട് പ്ലാസിഡ് അച്ചൻ പറഞ്ഞു: "നിങ്ങൾ ബോസ്കോയുടെ ഒരു പ്രതിമ അവിടെ സ്ഥാപിച്ചിട്ട് അതിന്റെ മുന്നിൽ വച്ച് ആരെ വേണേലും മെത്രാനായി വാഴിച്ചോ" എന്ന ഒറ്റ മറുപടി മതി അദ്ദേഹത്തിന്റെ മഹത്വം മനസ്സിലാക്കാൻ.

മദ്രാസ്, ബോംബെ, ഡൽഹി, കൽക്കട്ട തുടങ്ങിയ സ്ഥലങ്ങളിൽ പോയി പാർക്കുന്ന സീറോ മലബാർ അംഗങ്ങൾക്കുവേണ്ടി മെത്രാന്മാരെ നിയമിക്കുക എന്ന് ആദ്യം ആവശ്യപ്പെട്ടത് (1952) ഫാ. ജോൺ ബോസ്കോ സി.എം.ഐ. ആണ്. സീറോ മലബാർ സഭയ്ക്കുവേണ്ടി ഒരു പാത്രിയർക്കീസിനെ, അഥവാ ഏറ്റം കുറഞ്ഞ പക്ഷം ഒരു മേജർ മെത്രാപ്പോലീത്തയെ നിയമിക്കുക എന്നും, സഭയ്ക്ക് ഇന്ത്യയിലുട നീളം പ്രേഷിതവേല അനുവദിക്കുക എന്നും ആവശ്യപ്പെട്ടതും അദ്ദേഹം തന്നെ. പറങ്കികൾ വരുന്നതുവരെ അഖിലേന്ത്യാ മെത്രാപ്പോലീത്തയുടെയും അഖിലേന്ത്യാ അർക്കദിയാക്കോന്റെയും കീഴിൽ കഴിഞ്ഞിരുന്ന മാർതോമ്മാ നസ്രാണികളെ മധ്യകേരളത്തിന്റെ ചെറിയ കോണിൽ ചവിട്ടിക്കൂട്ടിയിട്ട് ആ ശ്ലൈഹിക സഭയെ ഇല്ലാതാക്കുന്നതിനെതിരേ ശബ്ദിക്കാൻ ദൈവമയച്ച പ്രവാചകനാണ് അദ്ദേഹം. ചിതറിപ്പോയ മാർത്തോമ്മാ നസ്രാണികളെ ഒന്നിച്ചുകൂട്ടാൻ പടപൊരുതിയ ഒറ്റയാൾ പട്ടാളം.

പമ്പയ്ക്കും ഭാരതപ്പുഴയ്ക്കും ഇടയിൽ അടിമത്തത്തിൽ ഇട്ടിരുന്ന സീറോമലബാർ സഭയുടെ കഴുത്തിലെ ചങ്ങല 1953-ൽ തലശ്ശേരി രൂപതാ സ്ഥാപനത്തോടെ കർദ്ദിനാൾ ടിസ്റാങ്ങും പ്ലാസിഡച്ചനും കൂടി പൊട്ടിച്ചെറിഞ്ഞു. പറങ്കി പക്ഷപാതികൾ ഇടതടവില്ലാതെ പരാതിപ്രളയങ്ങൾ റോമിലേക്ക് ഒഴുക്കിക്കൊണ്ടിരുന്നു.

ഹയരാർക്കി സ്ഥാപനത്തിനുശേഷം സി.എം.ഐ. സന്യാസസമൂഹം സീറോ-മലബാർ സഭയുടെ വളർച്ചയ്ക്കായി പമ്പയാറിന്റെയും ഭാരതപ്പുഴയുടെയും മറുകരകളിലെത്തി സഭയെ വളർത്തുവാൻ ആരംഭിച്ചു. കന്യാകുമാരി ജില്ലയിലെ തെക്കൻ മിഷനിലേക്കും ഹൈറേഞ്ച്, മലബാർ മേഖലകളിലേക്കും ഈ സന്യാസസമൂഹത്തിന്റെ പരിശ്രമത്താൽ സീറോ-മലബാർ സഭ വളർന്ന് പുഷ്പിച്ചു. ഛാന്ദാ, ബിജ്നോർ, സാഗർ, രാജ്കോട്ട്, ജഗദൽപൂർ, അംബികാപൂർ തുടങ്ങി വടക്കേ ഇൻഡ്യയിലെ മിഷൻ രൂപതകൾ ഈ സന്യാസസമൂഹം ഏറ്റെടുത്തതോടുകൂടി സീറോ-മലബാർ സഭ ഭാരതത്തിലാകമാനം പടർന്ന് പന്തലിച്ചു. ഇന്ന് മുപ്പത്തിഎട്ടോളം രാജ്യങ്ങളിൽ ഈ സന്യാസസമൂഹം സേവനം ചെയ്യുന്നു.

സീറോ-മലബാർ സഭ ഇന്ന് വളർന്ന് പുഷ്പിച്ച് നിൽക്കുമ്പോൾ പൂർവപിതാക്കന്മാർ അനുഭവിച്ച വേദനകളും വ്യാകുലങ്ങളും സീറോ-മലബാർ സഭാംഗങ്ങളുടെ മനസ്സിൽ നന്ദിപൂർവം മായാതെ കിടക്കണം. നമ്മെ നമ്മളാക്കിയവരെ ഓർക്കുക.

**പത്രാധിപർ**

ദിവ്യങ്ങളായ ഉദ്ദേശങ്ങളിൽ ഉത്ഭവിക്കുന്ന ഭരണാധികാരങ്ങളും മഹാസംയമംകൊണ്ടല്ലാതെ നിയന്ത്രിക്കപ്പെടുവാൻ പാടില്ലാത്ത അഹങ്കാരാദി ദോഷങ്ങളാൽ അപവഹിക്കപ്പെട്ട് അവയുടെ ആദിമോദ്ദേശങ്ങളിൽ നിന്നു തെറ്റി ദൂഷിതങ്ങളായി തീരാവുന്നതാണ്. സഹോദരസ്നേഹത്തെ ദൈവസ്നേഹത്തിന്റെ പൂർണ്ണമായ മഹാദർശമായി ഉപദേശിക്കുന്ന ക്രിസ്തുമതത്തിന്റെ അധികാരികൾ പോലും ചിലപ്പോൾ അഹംകാരാദികളാൽ അപവഹിക്കപ്പെട്ട് ഔത്തരാധര്യചിന്തകൾക്ക് വശംവദരായിത്തീരുന്നതിൽ നിന്നും മനുഷ്യസ്വഭാവത്തിന്റെ സംസ്കാരം പ്രയാസമേറിയ ഒരു കാര്യമാണെന്ന് സ്പഷ്ടമാകുന്നു. സെബസ്താനിയെപ്പോലെയുള്ള ഒരു സാന്ത്വനശീലനാലും ആൻജെലൂസിനെപ്പോലെയുള്ള ഒരു അനഹംകാരിയാലും അധിവസിക്കപ്പെട്ടിരുന്ന വരാപ്പുഴ സിംഹാസനത്തിൽ നിന്നും പിൻകാലങ്ങളിൽ അധർമ്മങ്ങൾ അനുവദിക്കപ്പെട്ടുപോയിട്ടുണ്ടെന്നുള്ള വാസ്തവം വ്യസനസമേതം നാം സമ്മതിക്കേണ്ടിയിരിക്കുന്നു. വരാപ്പുഴയധികാരത്തിൽ നിന്നിരുന്ന ചില യൂറോപ്യൻ വൈദികന്മാർ കാട്ടിക്കൂട്ടിയിട്ടുള്ള അക്രമങ്ങൾ സമകാലികനായിരുന്ന പാറേമ്മാക്കൽ തോമ്മാക്കത്തനാർ കരിയാറ്റിൽ മല്പാന്റെ റോമായാത്രയേയും മറ്റും അധികരിച്ചെഴുതിവെച്ചിട്ടുള്ള, പ്രസിദ്ധം ചെയ്യപ്പെട്ടിട്ടില്ലെങ്കിലും പ്രസിദ്ധമായ ഗ്രന്ഥത്തിൽ വിവരിക്കപ്പെട്ടിട്ടുണ്ട്. ഈ അക്രമങ്ങളാണ് 1773-ാമാണ്ടിൽ അങ്കമാലിയിൽ ഒരു മഹായോഗം കൂടുന്നതിനു സുറിയാനിക്കാരെ പ്രേരിപ്പിച്ചത്.

ആ സംവത്സരത്തോടടുത്ത ഒരു കാലഘട്ടത്തിൽ ചമ്പക്കുളം (കല്ലൂർക്കാട്ട്) പള്ളിയിടവകക്കാരൻ പുത്തൻപറമ്പിൽ യാക്കോബുകത്തനാർ ഇടപ്പള്ളിപ്പള്ളിയുടെ വികാരിയായിരുന്നു. അക്കാലത്ത് വരാപ്പുഴപ്പള്ളിയിൽ വി. ത്രേസ്യായുടെ പെരുന്നാൾ ആഘോഷമായി നടത്തുക പതിവായിരുന്നു. ഒരാണ്ടിൽ യാക്കോബുകത്തനാരും ഈ പെരുന്നാളിനു ചെന്നിരുന്നു. അന്നത്തെ വലിയ ബെങ്കേത്തികഴിഞ്ഞ് മിഷ്യനറിമാർ ഗാഢനിദ്രയെ പ്രാപിച്ചിരുന്നതിനാൽ, രാത്രിയധികമാകുന്നതിനു മുൻപ് ഇടപ്പള്ളിയിൽ എത്തുവാൻ ആഗ്രഹമുണ്ടായിരുന്ന യാക്കോബുകത്തനാർ അവരോടു യാത്രപറയാതെ തിരിച്ചുപോയി. വി. ത്രേസ്യാ അർഹിക്കുന്നവിധത്തിലുള്ള ഒരു പെരുന്നാളിന്റെ ബെങ്കേത്തിക്കായുള്ള ഉത്സാഹങ്ങളാലും അതിന്റെ ഫലങ്ങളാലും അനവധാനന്മാരായിത്തീർന്നിരുന്ന അധികാരികൾ രാത്രിയിൽ പള്ളി പൂട്ടുവാൻ മറന്നുപോയി. നേരംവെളുത്ത് നോക്കിയപ്പോൾ ത്രോണോസിൽ വെച്ചിരുന്ന സ്വർണ്ണയരുളിക്കാ കാണ്മാനില്ല. അനുവാദം ചോദിക്കാതെ ഇടപ്പള്ളിക്കു തിരിച്ചുപോയ യാക്കോബുകത്തനാർ തന്നെയായിരിക്കണം അരുളിക്കാ അപഹരിച്ചുകൊണ്ടുപോയിരിക്കുന്നതെന്ന് മിഷ്യനറിമാർ തീർച്ചയാക്കി. അദ്ദേഹത്തെ വരുത്തി ഒരു വിചാരണ കഴിച്ചതിൽ അദ്ദേഹം നിരപരാധിയെന്നു കാണുകയാൽ അദ്ദേഹത്തെ അവർ



www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# വേദനിക്കുവാൻ വിധിക്കപ്പെട്ട നസ്രാണിസമൂഹം

**എറണാകുളം രൂപതയുടെ പ്രഥമ മെത്രാൻ മാർ ളൂയീസ് പഴേപറമ്പിലിനെക്കുറിച്ച് ഷെവ. ഐ.സി. ചാക്കോ എഴുതിയ ഗ്രന്ഥത്തിൽനിന്ന് എടുക്കപ്പെട്ടത്**

ഇടപ്പള്ളിയിലേക്ക് തിരിച്ചയച്ചു. എന്നാൽ ഈ ആദ്യവിചാരണയുടെ സമയത്ത് പിന്നീട് വരാപ്പുഴ മെത്രാനായിത്തീർന്ന ഫ്രാൻസിസ് സാലെസ് എന്ന മിഷ്യനറി സ്ഥലത്തില്ലായിരുന്നു. ഇദ്ദേഹം തന്റെ കിങ്കരന്മാരായിരുന്ന കുറെ വടുകന്മാരെ അയച്ച് യാക്കോബുകത്തനാരെ ബലാൽക്കാരമായി വരാപ്പുഴയിൽ വരുത്തി. എന്നിട്ട് അദ്ദേഹത്തെ വടുകന്മാരെക്കൊണ്ട് അതിദാരുണമായി അടിപ്പിച്ചിട്ട് ഒരു മുറിയിൽ ഇട്ടുപൂട്ടി. തനിക്കുവന്ന മാനഹാനികൊണ്ടുള്ള സന്താപം കൊണ്ടും പട്ടിണികൊണ്ടും അദ്ദേഹം അചിരേണ ആസന്നമരണനായിത്തീർന്നു. മരണശയ്യയിൽ മഹാപാപികളായവർക്കും ലഭ്യങ്ങളായ കൂദാശകളൊന്നും ഇദ്ദേഹത്തിനു കൊടുക്കയില്ലെന്ന് സാലെസും തന്റെ പാർശ്വവർത്തികളും നിർബന്ധം പിടിച്ചു. ഇദ്ദേഹം മരിച്ചതിന്റെശേഷം, ഇദ്ദേഹമൊരു വൈദികനായിരുന്നിട്ടും, സാധാരണ ഭിക്ഷുക്കളായ ക്രിസ്ത്യാനികൾ പോലും അർഹിക്കുന്ന യാതൊരു ശേഷക്രിയകളും കൂടാതെ, ഇദ്ദേഹത്തിന്റെ ശരീരം ഒരു കുളത്തിന്റെ കരയിൽ കുഴിച്ചിടപ്പെട്ടു. വരാപ്പുഴയിലെ ആദ്ധ്യാത്മികമായ അധികാരം ഒരു ശതാബ്ദ ത്തിനുള്ളിൽ ദുഷിച്ചു മിശിഹായുടെ ആദർശങ്ങളിൽനിന്ന് വ്യതിയാനം ചെയ്ത് മനുഷ്യതയ്ക്ക് തന്നെ ഒരു ധിക്കാരമായിത്തീർന്നിരുന്നുവെന്ന് ഈ സംഭവത്തിൽനിന്ന് നമുക്കനുമാനിക്കാം. യാക്കോബു കത്തനാർ അപരാധിയായിരുന്നുവെന്ന് സാലെസിനു പൂർണ്ണബോധമുണ്ടായിരുന്നുവെന്നുതന്നെ ഇരിക്കട്ടെ; എന്നാലും അദ്ദേഹത്തിന്റെ പ്രവൃത്തിയും അതിനു സമ്മതിച്ച അധികാരവും യാതൊരു ന്യായത്താലും സാധൂകരിക്കപ്പെടാവുന്നതല്ല. വളരെ തന്മയത്വത്തോടും ന്യായമായ ഹൃദയക്ഷോഭത്തോടും കൂടെ പാറേമ്മാക്കൽ ഗോവർണദോർ ഈ സംഭവങ്ങളെ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ സംഭവങ്ങളെക്കുറിച്ച് ഇപ്പോൾ വായിക്കുന്ന സുറിയാനിക്കാർക്ക് മാനക്ഷയം തോന്നുന്നുണ്ടെങ്കിൽ സമകാലികന്മാരായ സുറിയാനിക്കാരുടെയിടയിൽ ഈ സംഭവങ്ങൾ എന്തു ക്ഷോഭത്തെ ജനിപ്പിച്ചിരിക്കണമെന്ന് നമുക്കൂഹിക്കാമല്ലോ. ഇൻഡ്യയിൽ വന്നിട്ടുള്ളവരും വരുന്നവരുമായ യൂറോപ്യൻ വൈദികന്മാരിൽ ബഹുഭൂരിപക്ഷവും പരമസാത്വികന്മാരും മഹാത്യാഗികളുമാണെന്ന് നമുക്കറിയാം. എന്നാൽ മനുഷ്യമനസ്സിന്, അപവാദ (exceptions) ങ്ങളാൽ പീഡിതമാകുമ്പോൾ, അപവാദങ്ങളെ സന്മാർഗ്ഗങ്ങ (generalizations) ളാക്കുകയെന്നൊരു സ്വഭാവമുണ്ട്. ഭിന്നവർഗ്ഗങ്ങളിൽപ്പെട്ട ആളുകൾ ഒരു ഏർപ്പാടിൽ ഇടപെട്ടാൽ ഇങ്ങനെയുള്ള മിഥ്യോത്സർഗ്ഗങ്ങൾ ധാരാളമായി ഉണ്ടാകുകയും ചെയ്യും.



എന്നാൽ യാക്കോബ് കത്തനാരോടു കാണിച്ച ഈ അന്യായം അതിന്റെ കഠോരതയിൽ ആപവാദികമായിരുന്നുവെങ്കിലും അത് ഫ്ളോരെൻസിയൂസ് മെത്രാന്റെ ഭരണകാലത്ത് യൂറോപ്യൻ മിഷ്യനറിമാർക്കുണ്ടായിരുന്ന ഔത്സർഗ്ഗികമായ ഒരു മനോഭാവത്തി



www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

ന്റെ രൂക്ഷമായ ഒരു സ്ഫുരണം മാത്രമായിരുന്നു. യൂറോപ്യന്മാർ സർവഥാ ആദരണീയന്മാരും മാന്യന്മാരുമായ പ്രഭുക്കന്മാരെന്നും നാട്ടുകാർ യാതൊരഭിമാനത്തിനും അർഹതയില്ലാത്ത ഭൃത്യന്മാരെന്നുമുള്ള ചിത്തവൃത്തി കേവലം ഒരു ആശാരിയായിപ്പിറന്ന് മുക്കുവന്മാരെ തന്റെ പ്രേഷിതന്മാരാക്കി സകല മനുഷ്യരുടേയും സാഹോദര്യമുപദേശിച്ച ആ ജഗദ്ഗുരുവിന്റെ പൗരോഹിത്യം വഹിച്ചുവന്ന ഈ മിഷ്യനറിമാരിൽ രൂഢമൂലമായിത്തീർന്നു. ഈ മനോഭാവം പല രൂപങ്ങളിൽ പ്രത്യക്ഷീഭവിച്ചുകൊണ്ടിരുന്നു. അതെല്ലാം സുറിയാനിക്കാർക്ക് ക്ഷോഭകാരണമായിത്തീർന്നു. മിഷ്യനറിമാരുടെ ഈ മനോഭാവം താല്കാലികവുമല്ലായിരുന്നു. അതിന്റെ പ്രതിധ്വനി പത്തൊൻപതാം ശതാബ്ദത്തിൻെറ അവസാനം വരെ സ്പഷ്ടമായി കേൾക്കപ്പെട്ടിരുന്നു. ഇപ്പോഴും ആ പ്രതിധ്വനി കേൾക്കപ്പെടുന്നില്ലെന്നില്ല.

സുറിയാനിപ്പള്ളികളിൽ അതാതിടവകകളിലെ വലിയ പെരുന്നാൾ ദിവസങ്ങളിൽ പ്രദക്ഷിണങ്ങൾ നടത്തുക പതിവാണെന്നു നമുക്കറിയാമല്ലോ. ഈ പതിവു പുരാതനമായിട്ടുള്ളതാണ്. ഇന്ന് പെരുന്നാൾ ദിവസങ്ങളിൽ ചൊല്ലപ്പെടുന്ന പാട്ടുകുർബാനകൾക്ക് പകരം പുരാതന കാലങ്ങളിൽ റാസകളാണ് ചൊല്ലപ്പെട്ടിരുന്നത്. റാസയിലെ പ്രധാനകാർമ്മികനാണ് വിശുദ്ധന്മാരുടെ അവശിഷ്ടങ്ങളും വഹിച്ചു കൊണ്ടു പ്രദക്ഷിണത്തിൽ നേതൃത്വം വഹിച്ചിരുന്നത്. എന്നാൽ ഫ്ളോരെൻസിയൂസ് മെത്രാന്റെ കാലത്ത്, യൂറോപ്യൻ മിഷ്യനറിമാർ പ്രദക്ഷിണങ്ങളിലെ ഈ നേതൃത്വം വഹിക്കേണ്ടവർ തങ്ങളാണെന്നു വാദിക്കുകയും വലിയ പള്ളികളിലെ പെരുന്നാളുകൾക്ക് പോയി ആ കൃത്യംവഹിക്കുകയും ചെയ്തിരുന്നു. അതിബാലിശമായ ഈ നിർബന്ധം യൂറോപ്യന്മാർ നാട്ടുകാരെക്കാൾ ഉൽകൃഷ്ടന്മാരെന്നുള്ള ഒരു ബോധം സാധാരണ ജനങ്ങളിൽ ജനിപ്പിച്ച് തങ്ങളുടെ ആധിപത്യത്തെ നിലനിർത്തുന്നതിനുള്ള ഒരു ശ്രമമായിരുന്നിരിക്കാം. യൂറോപ്യന്മാരുടെ പൌരോഹിത്യത്തിന് നാട്ടുകാരുടെ പൌരോഹിത്യത്തേക്കാൾ മാറ്റു കൂടുതലൊന്നുമില്ലാതിരിക്കെ യൂറോപ്യൻമിഷ്യനറിമാരുടെ ഈ നടപടി ജാതീയമായ അവജ്ഞയിൽ അടിസ്ഥാനത്തോടുകൂടിയതായിരുന്നിരിക്കണം. സാധാരണമായി ഒരു വർഗ്ഗക്കാർ മറ്റു വർഗ്ഗക്കാരുടെമേൽ ആധിപത്യം സമ്പാദിക്കുകയൊ പാലിക്കുകയൊ ചെയ്യുന്നത് ഉത്തമങ്ങളായ ആദർശങ്ങളുടെ പേരുപറഞ്ഞുകൊണ്ടാണ്. പ്രദക്ഷിണവിഷയത്തിൽ മിഷ്യനറിമാർ കാണിച്ചിരുന്ന ഈ നിർബന്ധത്തെ ഏതെങ്കിലുമൊരു ഉൽകൃഷ്ടാദർശത്തോടു ഘടിപ്പിക്കുവാനായിട്ടുള്ള നമ്മുടെ ശ്രമം അവരുടെ അഹംകാരത്തെയും ബാലിശത്വത്തെയുംതന്നെ ഉദ്ഘോഷിക്കുന്നു. ഒരുവൻ എത്ര ഹീനനായിരുന്നാലും അവന്റെ ഗൃഹത്തിൽ മറ്റൊരുവൻ അധികാരംവഹിക്കുവാൻ ചെന്നാൽ, ഇവൻ എത്രതന്നെ ഉൽകൃഷ്ടനായിരുന്നാലും, അവൻ അതൊരു ധിക്കാരമായിട്ടേ ഗണിക്കുകയുള്ളു. ഒരു പള്ളിയിലെ കർമ്മങ്ങളുടെ അധികാരി ആ പള്ളിയുടെ വികാരിയാണെന്നുള്ള നിയമം ക്രിസ്തീയസഭയുടെ ആദിമകാലങ്ങളിൽത്തന്നെ ഉത്ഭവിച്ചിട്ടുള്ളതാണ്. ആ നിയമത്തേയും ബാധിക്കുന്നതായിരുന്നു വരാപ്പുഴ മിഷ്യനറിമാരുടെ നിർബന്ധം. വികാരിയുടെ അധികാരം മെത്രാന്റെ സാന്നിദ്ധ്യത്തിൽ നിർവ്യാപാരമായിത്തീരാമെന്നുള്ളത് ചിന്തനീയമാണ്. നാമിങ്ങനെ ചിന്തിച്ചാൽ യൂറോപ്യനായ വരാപ്പുഴ മെത്രാന് ആയത്തമായിരുന്ന അധികാരം ജാതിബന്ധംനിമിത്തം തങ്ങളിലേക്ക് വ്യാപിച്ചിരുന്നുവെന്നു മിഷ്യനറിമാർക്ക് ഒരഭിപ്രായമുണ്ടായിരുന്നതായി നമുക്ക് തോന്നുന്നു. ഇതായിരുന്നു അവരുടെ അഭിപ്രായമെങ്കിൽ ഇതും ക്രിസ്തീയാദർശങ്ങൾക്കു വിപരീതമാണ്. ചുരുക്കിപ്പറഞ്ഞാൽ മിഷ്യനറിമാരുടെ ഈ നടപടി സുറിയാനിക്കാർക്ക് വലിയ പരിഭവകാരണമായിത്തീർന്നു.

ഏവംവിധങ്ങളായ പല കാരണങ്ങൾകൊണ്ടും സുറിയാനിക്കാരുടെ പരിഭവം വർദ്ധിച്ചിരിക്കുന്ന കാലത്താണ് ഫ്ളോരെൻസിയൂസ് മെത്രാൻ മരണം പ്രാപിച്ചത്. ഇത് 1778 ജൂലായ്മാസം 26-ാംനു- യായിരുന്നു. ഫ്ളോരെൻസിയൂസിന്റെയും മിഷ്യനറിമാരുടേയും അഭിപ്രായങ്ങൾ എന്തുതന്നെയായിരുന്നു വെങ്കിലും അദ്ദേഹം സുറിയാനിക്കാരുടെ മെത്രാനായിരുന്നല്ലോ. ഈ ന്യായത്താൽ അദ്ദേഹത്തിന്റെ ശേഷക്രിയകൾ നടത്തുവാനായി സുറിയാനിക്കാർ വരാപ്പുഴപ്പള്ളിയിൽ ചെന്നുകൂടി. എന്നാൽ മിഷ്യനറിമാർ, സുറിയാനിക്കാരുടെ മെത്രാൻ കൊടുങ്ങല്ലൂർ മെത്രാപ്പൊലീത്തായാണെന്നും അവർക്കു വരാപ്പുഴ മെത്രാന്റെ ശേഷക്രിയയിൽ സ്ഥാനമൊന്നുമില്ലെന്നും പറഞ്ഞ് കീഴ്നടപ്പിനെതിരായി അവരെ കർമ്മങ്ങളിൽ സംബന്ധിപ്പിക്കാതെയിരുന്നു. ഈ നിരസനത്താൽ സുറിയാനിക്കാർ അത്യന്തം പരിഭൂതരായിത്തീർന്നു. ഈ പരിഭവമായിരുന്നു അങ്കമാലിയിൽ കൂടിയ യോഗത്തിന്റെ ആസന്നമായ കാരണം. ഈ കാരണം ശക്തിമത്തായ ഒരു പ്രക്ഷോഭണത്തിനു പര്യാപ്തമായ ഒരു കാര ണമായിരുന്നിരുന്നില്ലെന്നു നമുക്ക് തോന്നിയേക്കാം. എന്നാൽ മറ്റു കാരണപരമ്പരയാൽ പ്രേരിതമായിരിക്കുന്ന ഒരു സമുദായം നിസ്സാരമായൊരു അവസാനകാരണത്താൽ പ്രക്ഷുബ്ധമായിത്തീരാമെന്നുള്ള വാസ്തവം നാം ചരിത്രങ്ങളിൽ കാണുന്നുണ്ടല്ലോ. ത്രിദോഷങ്ങളാൽ ദൂഷിതമായിരിക്കുന്ന ഒരു ശരീരത്തിൽ സന്നിപാതജ്വരത്തെ ആവിർഭവിപ്പിക്കുന്നതിന് ഒരുതുള്ളി വെള്ളം പര്യാപ്തമായിത്തീർന്നേക്കാം.

അങ്കമാലി യോഗത്തിന്റെ വൃത്താന്തങ്ങളിൽ പ്രവേശിക്കുന്നതിനുമുൻപായി സുറിയാനിക്കാരുടെ മെത്രാൻ കൊടുങ്ങല്ലൂർ മെത്രാപ്പോലിത്തായാണെന്ന് വരാപ്പുഴ മിഷ്യനറിമാർ ഫ്ളോരെൻസിയൂസിന്റെ ശേഷക്രിയക്കായി വന്ന സുറിയാനിക്കാരോട് പറഞ്ഞതിന്റെ മുള്ളിരിക്കുന്നത് എവിടെയെന്നു നോക്കേണ്ടി



CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org
www.marggam.com
MARGGAM – Digital Library of Christianity in India

യിരിക്കുന്നു. ഫ്ളോരെൻസിയൂസിന്റെ കാലത്ത് മാർത്താണ്ഡവർമ്മ മഹാരാജാവ് സാമന്തരാജ്യങ്ങളെ പിടിച്ചടക്കി നവീന തിരുവിതാംകൂറിന്റെ അടിസ്ഥാനമിട്ടുവെന്നു നാം കണ്ടുവല്ലൊ. ഇതുനിമിത്തം ഡച്ചുകാരടെ മേൽക്കോയ്മയ്ക്ക് ക്ഷയം സംഭവിച്ചു. കൊടുങ്ങല്ലൂർ മെത്രാപ്പോലിത്തായുടെ മനോരഥങ്ങൾക്ക് സാമൂതിരിയുടെ രാജ്യത്തിന്റെ സീമകൾ കഴിഞ്ഞ് ധാവനം ചെയ്യുന്നതിന് ഇങ്ങനെയൊരു അവസരം കിട്ടി. പുരാതനമായ അങ്കമാലിപ്പരമ്പരയുടെ അനുഗാമിയെന്ന നിലയിൽ കൊടുങ്ങല്ലൂർ മെത്രാനെ, ഡച്ചുകാരുണ്ടാക്കിയ പ്രതിബന്ധംമൂലം വരാപ്പുഴയധികാരത്തിൽ നിന്നിരുന്ന ചില സുറിയാനിക്കാർ ആദരിച്ചിരുന്നു. കൂനൻകുരിശുസത്യത്തിന്റെ സ്മരണ അതിൽപിന്നെ ഒരു ശതാബ്ദത്തിലധികം കഴിഞ്ഞുവന്ന ഈ കാലഘട്ടത്തിൽ അവ്യക്തമായിത്തീർന്നിരിക്കണം. കൊടുങ്ങല്ലൂരും വരാപ്പുഴയും തമ്മിലുണ്ടായ ചില അധികാരസംഘട്ടനങ്ങളിൽ, ന്യായം കൊടുങ്ങല്ലൂർ പക്ഷത്തായിരുന്നതുകൊണ്ടായിരിക്കാം, സുറിയാനിക്കാർ കൊടുങ്ങല്ലൂർമെത്രാനോട് അനുഭാവം കാണിച്ചിരുന്നു. ഈ വാസ്തവങ്ങളെ സൂചിപ്പിച്ച് സുറിയാനിക്കാരെ ലജ്ജിപ്പിക്കുന്നതിനായിട്ടാണ് വരാപ്പുഴ മിഷ്യനറിമാർ അവർ കൊടുങ്ങല്ലൂർ പൊയ്ക്കൊള്ളണമെന്നു പറഞ്ഞ് അവരെ മെത്രാന്റെ ശേഷക്രിയകളിൽ സംബന്ധിപ്പിക്കാതെയിരുന്നത്. ഈ മിഷ്യനറിമാരുടെ ബാലിശത്വം ഇവിടെയും പ്രത്യക്ഷമാകുന്നുണ്ട്.

ഫ്ളോരെൻസിയൂസിന്റെ ശേഷക്രിയയിൽ ലഭിച്ച ധിക്കാരത്താൽ പരിഭൂതരായിത്തീർന്ന സുറിയാനിക്കാർ തങ്ങളുടെ തലസ്ഥാനമെന്ന് അന്നും വിചാരിക്കപ്പെട്ടിരുന്ന അങ്കമാലിയിൽ ഒരു മഹായോഗം കൂടി. ഈ യോഗത്തിന്റെ വിശദവും രസാവഹവുമായ ഒരു വിവരണം പാറേമ്മാക്കൽ തോമ്മാ കത്തനാരുടെ ഗ്രന്ഥത്തിൽ നാം കാണുന്നുണ്ട്. അക്കാലത്ത് പഴയകൂറ്റുകാരുടെ ഇടവകകൾ 72 ഉണ്ടായിരുന്നുവെന്ന് സമകാലികങ്ങളായ രേഖകളിൽ കാണുന്നു. ഈ ഇടവകകളിൽനിന്നെല്ലാം പ്രതിപുരുഷന്മാർ വളരെ ദിവസത്തെ താമസത്തിനു വേണ്ട അരിയും കോപ്പും മറ്റു സാമഗ്രികളുമായി അങ്കമാലിയിൽ വന്നുകൂടി. ഇന്നു നാം കാണുന്ന തരത്തിൽ കഷ്ടിച്ചാൽ രണ്ടുദിവസത്തേക്കു മാത്രമായി കൂടിയ ഒരു യോഗമല്ലായിരുന്നു അത്. ഈ സന്നാഹങ്ങളെല്ലാം കണ്ട് മെത്രാന്റെ അഭാവത്തിൽ വരാപ്പുഴയിലെ അധികാരിയായിരുന്ന ലൌറെൻസിയൂസ് യുസ്തിനിയാനി എന്ന മിഷ്യനറി മറ്റു രണ്ടു മിഷ്യനറിമാരോടുകൂടെ അങ്കമാലിയിലെത്തി. വളരെ ദിവസത്തെ ആലോചനകളുടെയും വാദ പ്രതിവാദങ്ങളുടെയും ഫലമായിട്ട് യോഗക്കാരും മിഷ്യനറിമാരുമായിട്ടൊരു സന്ധിയുണ്ടായി. സുറിയാനിക്കാരുടെ അവകാശങ്ങളെല്ലാം പാലിച്ചുകൊള്ളാമെന്നും പരിഭവകാരണങ്ങൾ മേലിലുണ്ടാകാതെയിരിക്കാൻ ഏർപ്പാടുചെയ്യാമെന്നും യൂസ്തിനിയാനി സമ്മതിച്ചെഴുതിവച്ചു.

ഒരു മഹാഛിദ്രമായിത്തീരുന്നതിനുള്ള ലക്ഷണങ്ങളെല്ലാമുണ്ടായിരുന്ന ഈ ക്ഷോഭം ഇങ്ങനെ സമാധാനത്തിൽ അവസാനിച്ചു. എന്നാൽ ആപത്തിനഭിമുഖരായിരിക്കുമ്പോൾ അധികാരികൾ ചെയ്യുന്ന പ്രതിജ്ഞകളെ ആ ഘട്ടം കഴിഞ്ഞുവെന്നു കാണുമ്പോൾ അവർ വിസ്മരിച്ചുകളയുന്നത് നാം കാണാറുണ്ടല്ലോ. വരാപ്പുഴ മിഷ്യനറിമാരും ഈ കുനയത്തെ അംഗീകരിച്ചു. അങ്കമാലിയിലെ തീരുമാനം കഴിഞ്ഞതിന്റെശേഷം മലയാറ്റൂർ പള്ളിയിൽ പുതുഞായറാഴ്ചയിലെ പെരുന്നാളിന് അരുളിക്കാവഹിച്ചുകൊണ്ട് പ്രദക്ഷിണം നയിച്ചതിന് ആ പള്ളിയുടെ വികാരിയും ആ ഇടവകക്കാരനുമായ പനച്ചിക്കൽ ഗീവറുഗീസ്കത്തനാരെ യോഹന്നാൻ മറിയം എന്ന മിഷ്യനറി വരാപ്പുഴെ കൊണ്ടുപോയി പലവിധത്തിൽ ഉപദ്രവിച്ചു. ഇങ്ങനെയുള്ള നടപടികളാൽ സുറിയാനിക്കാരും വരാപ്പുഴ മിഷ്യനറിമാരും തമ്മിലുള്ള ബന്ധം, ഭഞ്ജിച്ചില്ലെങ്കിലും, ദൃഢഹാർദമായിരുന്നില്ല.

ഫ്ളോരെൻസിയൂസ് മെത്രാന്റെ അനന്തരനായി റോമായിൽനിന്നും നിയമിച്ചത് ഇടപ്പള്ളി വികാരിയായിരുന്ന യാക്കോബുകത്തനാരുടെ ഘാതകനെന്നു കുപ്രസിദ്ധിനേടിയിരുന്ന ഫ്രാൻസിസ് സാലെസിനെയായിരുന്നു. മറ്റ് മിഷ്യനറിമാർക്കുപോലും ഇദ്ദേഹത്തിന്റെ കർക്കശസ്വഭാവം ദുസ്സഹമായിരുന്നു. ഉപദ്രവകാരികളായ ആനക്കൂട്ടങ്ങളാലും നിഷ്കാസിക്കപ്പെടുമാറ് ഉപദ്രവകാരിയായ ഒറ്റയാനെപ്പോലെ ഫ്ളോരെൻസിയൂസ് മെത്രാനും അദ്ദേഹത്തിന്റെ സഹകാരികളും ഇദ്ദേഹത്തെ മലങ്കരയിൽനിന്നു യൂറോപ്പിലേക്ക് നാടുകടത്തിയിരുന്നു. അദ്ദേഹം ജെർമ്മൻകാരനും മറ്റു മിഷ്യനറിമാർ ഇത്താല്യക്കാരുമായിരുന്നുവെന്നുള്ളത് ഈ സ്വരച്ചേർച്ചയില്ലായ്മയ്ക്കൊരു കാരണമായിരുന്നിരിക്കാം. ഫ്ളോരെൻസിയൂസ് മരിക്കുമ്പോൾ ഇദ്ദേഹം യൂറോപ്പിലായിരുന്നു. ഇദ്ദേഹത്തിന്റെ കുനയങ്ങളെക്കുറിച്ച് അറിഞ്ഞിട്ടില്ലായിരുന്ന റോമാസിംഹാസനം ഇദ്ദേഹത്തെ മെത്രാനായി നിയമിച്ചു. പാരീസിൽവെച്ച് അഭിഷേകവും സ്വീകരിച്ചുകൊണ്ട് 1775 ഒക്ടോബർ മാസം 18 ന് മലങ്കരയിൽ വന്നുപറ്റി. അനുസരണത്തിന്റെ മാർഗ്ഗദർശികൾ എന്നു ഭാവിച്ചിരുന്ന വരാപ്പുഴ മിഷ്യനറിമാർ ഇദ്ദേഹത്തെ സ്വീകരിക്കയും അനുസരിക്കയും ചെയ്കയില്ലെന്നായി. അനന്യശരണനായിത്തീർന്ന സാലെസുമെത്രാൻ കരിയാറ്റിൽ മല്പാനെ വരുത്തി തന്റെ വൈഷമ്യങ്ങൾ അദ്ദേഹത്തെ അറിയിച്ചു. ഈ സങ്കടങ്ങൾ കേട്ട് ദയാർദ്രനായിത്തീർന്ന മല്പാൻ ഇദ്ദേഹത്തെ വരാപ്പുഴയിൽനിന്നും ആലങ്ങാട്ടുകൊണ്ടുപോയി അവിടെ താമസിപ്പിച്ചു. തന്റെ ഹ്രസ്വമായ ഭരണകാലത്തിന്റെ ഒരു പ്രധാനഭാഗം അദ്ദേഹം ആലങ്ങാട്ടാണ് കഴിച്ചുകൂട്ടിയത്.

ഇങ്ങനെ ധാരാളം വേദനകൾ അനുഭവിച്ച് ജീവിച്ചുവന്ന നസ്രാണിസമൂഹം ആഗ്രഹിച്ചത് സ്വന്തം ജാതിയിൽപ്പെട്ട ഒരു മെത്രാനെയും സ്വതന്ത്രമായ ഒരു സഭയെയുമാണ്. ○



CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

# വിശുദ്ധ ചാവറയച്ചൻ

**1805-ൽ** പുണ്യസ്മരണാർഹനായ ചാവറ അച്ചൻ കേരള സംസ്ഥാനത്തിലെ ആലപ്പുഴ ജില്ലയിൽപെട്ട കൈനകരി എന്ന ഗ്രാമത്തിൽ ജനിച്ചു. വി.തോമ്മാ ശ്ലീഹായാൽ ജ്ഞാനസ്നാനം നല്കപെട്ട നാലു പുരാതന കുടുംബങ്ങളിൽ ഒന്നായ പകലോമറ്റം ശാഖയിൽപ്പെട്ട പടിഞ്ഞാറേ ചാവറ കുടുംബത്തിൽ കുരിയാക്കോ മറിയം ദമ്പതികളായിരുന്നു മാതാപിതാക്കൾ (1805 - ഫെബ്രുവരി 10)

**1805-ൽ** ചേന്നങ്കരി പള്ളിയിൽ വച്ച് മാമ്മോദീസ സ്വീകരിച്ചു.

**ചേന്നങ്കരി പള്ളിയും ചാവറ അച്ചനും:** ആലപ്പുഴ ജില്ലയിലെ, ചേന്നങ്കരി വി. യൗസേപ്പ് പിതാവിന്റെ നാമത്തിലുള്ള ദേവാലയമാണ് ചാവറ അച്ചന്റെ ഇടവക ദേവാലയം. ചാവറ അച്ചൻ മാമ്മോദീസ സ്വീകരിച്ചത് ഈ ദേവാലയത്തിലാണ്. ചാവറ അച്ചനെ മാമ്മോദീസ മുക്കിയ മാമ്മോദീസ തൊട്ടി ഇന്നും ദേവാലയത്തിൽ പൂജ്യമായി സൂക്ഷിക്കുന്നു. ഈ ദേവാലയത്തിൽവച്ച് ചാവറ അച്ചൻ ആദ്യകുർബാന സ്വീകരണം നടത്തി. ദേവാലയത്തിൽ അൾത്താരബാലനായി ദേവാലയ ശുശ്രൂഷകളിൽ പങ്കെടുക്കുകയും സഹായിക്കുകയും ചെയ്തു. ദേവാലയത്തിലെ മതബോധന ക്ലാസ്സുകളിൽ പങ്കെടുത്തു.

സെമിനാരി പ്രവേശനത്തിന് മുമ്പ്, രണ്ട് വർഷക്കാലം ഈ ദേവാലയത്തിലെ വികാരിയച്ചന്റെ ശിക്ഷണത്തിൽ വികാരിയച്ചനോടൊപ്പം താമസിച്ച് പുണ്യജീവിതം അഭ്യസിച്ചു (*ആത്മാനുതാപം*).

**1829-ൽ** ചാവറ അച്ചൻ ഈ ദേവാലയത്തിൽ തന്റെ ആദ്യ ദിവ്യബലി ( പുത്തൻ കുർബാന ) അർപ്പിച്ചു. ഒരു വർഷത്തോളം ഈ ദേവാലയത്തിൽ താമസിക്കുകയും ഇടവകയുടെ വിവിധ പ്രവർത്തനങ്ങളിൽ സഹായിക്കുകയും ചെയ്തു.

**1835-ൽ** തന്റെ ഇടവകയിൽ ഒരു ദർശന സമൂഹം സ്ഥാപിച്ചു കിട്ടുവാൻ അന്നത്തെ വരാപ്പുഴ രൂപതയുടെ ആദ്യ അദ്ധ്യക്ഷനായിരുന്ന അഭിവന്ദ്യ ശൗരിയാർ മെത്രാനോട് അപേക്ഷിക്കുകയും, അദ്ദേഹം ആ അപേക്ഷ റോമിലേക്ക് അയക്കുകയും, അന്നത്തെ പരിശുദ്ധ മാർപാപ്പ ആയിരുന്ന ഗ്രിഗോറിയോസ് പതിനാറാമൻ ആ അപേക്ഷ സ്വീകരിക്കുകയും, ചേന്നങ്കരി പള്ളിയിൽ 'കൊമ്പരിയ' (ദർശന സമൂഹം) സ്ഥാപിക്കുന്നതിന് അനുമതി നല്കുകയും ചെയ്തു.

ചേന്നങ്കരിയിൽ ഇടവക ദേവാലയം സ്ഥാപിക്കുവാൻ അനുമതി നല്കിയ അഭിവന്ദ്യ സെന്റ് മേരീസ് ജീസസ് മെത്രാപ്പോലീത്ത വി. യൗസേപ്പ് പിതാവിന്റെ



ഒരു കൊത്തുരൂപം ഫ്രാൻസിൽ നിന്നും ചേന്നങ്കരി ദേവാലയത്തിന് വേണ്ടി വരുത്തിയിരുന്നു. എങ്കിലും ചില കാരണങ്ങളാൽ അദ്ദേഹത്തിനു തിരികെ റോമിലേക്ക് പോകേണ്ടി വന്നതിനാൽ ആ രൂപം ദേവാലയത്തിന് കൊടുക്കുവാൻ സാധിച്ചില്ല. ആ രൂപം അരമനയിൽ സൂക്ഷിക്കേണ്ടി വന്നു.

**1836-ൽ** ദർശന സമൂഹം സ്ഥാപിക്കുവാൻ കൽപന വന്നപ്പോൾ, കൽപനയും ഈ രൂപവും അഭിവന്ദ്യ ശൗരിയാർ മെത്രാപ്പോലീത്ത ചാവറ അച്ചനെ എൽപിക്കുകയും ചെയ്തു. രൂപത്തിനു പിറകിൽ 'ചേന്നങ്കരി പള്ളിക്ക് സംഭാവന' എന്ന് എഴുതിയിരുന്നു.

ആണ്ടുതോറും സെപ്തംബർ മാസത്തിൽ കുരിശിന്റെ തിരുനാൾ കഴിഞ്ഞു വരുന്ന ഞായറാഴ്ച, ദർശന തിരുനാൾ ആഘോഷിക്കണമെന്ന് കൽപ്പനയിൽ സുചിപ്പിച്ചിരുന്നു.

**1836-ൽ** മാന്നാനം കൊവേന്തയുടെ നേതൃത്വത്തിൽ ചാവറ അച്ചൻ ഈ രൂപവും, ദർശന സമൂഹവും ചേന്നങ്കരി ദേവാലയത്തിൽ സ്ഥാപിക്കുകയും



www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

ചെയ്തു. തന്റെ മരണംവരെ ചാവറ അച്ചൻ, എല്ലാ വർഷവും തിരുനാളിന്റെ തലേ ദിവസമായ ശനിയാഴ്ച ദേവാലയത്തിൽ എത്തുകയും രൂപം വാഴ്ത്തൽ കർമ്മം നടത്തുകയും ചെയ്തിരുന്നു (*ചേന്നങ്കരി സെന്റ് ജോസഫ്സ് ദേവാലയ കൂദാശ സ്മരണിക*).

**1805-ൽ** വെച്ചൂർ പള്ളിയിൽ പരി.കന്യാസ്ത്രീ മറിയത്തിനു (വെച്ചൂർ മുത്തി) ചാവറ അച്ചനെ അമ്മ അടിമ വച്ചു. സ്വന്തം അമ്മയുടെ മരണംവരെ എല്ലാ വർഷവും ഈ അടിമ പുതുക്കൽ തുടർന്നു.

**സ്വന്തം അമ്മയെപ്പറ്റി ചാവറ അച്ചൻ പറയുന്നത്:**

എന്റെ പ്രിയപ്പെട്ട അമ്മയാണ് എന്റെ ആദ്യ ഗുരുനാഥ. ഈ അമ്മക്ക് ദൈവം നല്കിയ സ്നേഹം അമ്മ എന്നിലേക്ക് പകർന്നു തന്നു. മുലപ്പാലിനൊപ്പം പ്രാർത്ഥനയുടെ മാധുര്യവും ഞാൻ ആസ്വദിച്ചു. അർത്ഥം ഗ്രഹിക്കാറായപ്പോൾ ആവശ്യമായ വേദപാഠമെല്ലാം പറഞ്ഞുതന്ന് അമ്മ എന്നെ പഠിപ്പിച്ചു. എന്റെ അമ്മയുടെ പാദത്തിൽ ഇരുന്നാണ് ഞാൻ ദൈവത്തെ അറിയുവാൻ തുടങ്ങിയതും അനുഭവിച്ചതും. പാതിരാത്രിയിൽ ഉറക്കം ഉണർന്നു എന്റെ അമ്മ മുട്ടിന്മേൽ നിന്ന് പ്രാർത്ഥിക്കുമായിരുന്നു. ഉണരാനിടയായാൽ ഞാനും അമ്മയോടൊപ്പം കൂടും. വാക്കുകൾ ഉച്ചരിക്കുവാൻ തുടങ്ങിയപ്പോൾ ദൈവനാമം എന്നെ പഠിപ്പിച്ചു. നന്നേ ചെറുപ്പത്തിൽ അമ്മ എന്നെ വെച്ചൂർ പള്ളിയിൽ കൊണ്ടുപോയി എല്ലാ വർഷവും ദൈവമാതാവിന് അടിമവയ്ക്കും. പരി. അമ്മയുടെ മുമ്പിൽ മുട്ടുകുത്തി അമ്മ ഇങ്ങനെ പ്രാർത്ഥിച്ചു: എന്റെ ഉദര ഫലമായ ഈ കുഞ്ഞിനെ നിന്റെ കാല്ക്കൽ സമർപ്പിക്കുന്നു. നിന്റെ ദാസനായി ഇവനെ നീ കാത്തുകൊള്ളണം (*ആത്മാനുതാപം*).

**1810-ൽ** പ്രാഥമിക വിദ്യാഭ്യാസത്തിനായി ചേർക്കപ്പെട്ടു.

**1818-ൽ** ചാവറ അച്ചൻ പള്ളിപ്പുറം സെമിനാരിയിൽ വൈദീക പരിശീലനത്തിനായി ചേർന്നു. മല്പാൻ തോമസ് പാലക്കലച്ചന്റെ ശിക്ഷണത്തിലായിരുന്നു വിദ്യാഭ്യാസം. ഈ വർഷംതന്നെ ചാവറ അച്ചൻ ലത്തീൻ ഭാഷ പഠിക്കുന്നതിനായി കുറച്ചുനാൾ തങ്കിശ്ശേരി പള്ളിയിൽ താമസിക്കുകയും ചെയ്തു. ഈ കാലയളവിൽതന്നെ, മലബാർ വികാരി അപ്പസ്തോലിക്ക ബിഷപ്പ് പീറ്റർ ദേ അലക്കാന്ട്രായിൽ നിന്നും ചാവറ അച്ചൻ വൈദീക പട്ടത്തിനു മുമ്പുള്ള ചെറു പട്ടങ്ങൾ സ്വീകരിച്ചു.

**1827-ൽ** മലബാർ വികാരി അപ്പസ്തോലിക്ക ബിഷപ്പ് മേലെസിയുസ് പേണ്ടാർഗാസ്റ്റിൽ നിന്നും ചാവറ അച്ചൻ കാറോയ പട്ടം സ്വീകരിച്ചു. സെമിനാരി പരിശീലനത്തിനിടെതന്നെ ചാവറ അച്ചൻ സുറിയാനി, തമിഴ്, ലത്തീൻ, പോർച്ചുഗീസ്, ഇറ്റാലിയൻ എന്നീ ഭാഷകളിൽ പ്രാവീണ്യം നേടിയിരുന്നു.

വൈദികർ ജപിച്ചിരുന്ന യാമപ്രാർത്ഥനകൾ അക്കാലത്ത് പല ഗ്രന്ഥങ്ങളിലായിട്ടാണ് കിടന്നിരുന്നത്. തന്നിമിത്തം അത് ക്രമംപോലെ ചൊല്ലുക അത്ര എളുപ്പമുള്ള കാര്യമല്ലായിരുന്നു. 'ഹുദറ', 'കാശക്കോൽ' മുതലായ സുറിയാനി ഗ്രന്ഥങ്ങളിൽനിന്ന് ഇതിലേക്കു വേണ്ട ജപങ്ങൾ ശേഖരിച്ചു ക്രമവല്കരിക്കുന്ന ജോലി സെമിനാരിയിൽ വച്ചുതന്നെ അദ്ദേഹം ആരംഭിച്ചിരുന്നു.

**1828-ൽ** വരാപ്പുഴ വികാരി അപ്പസ്തോലിക്ക മൗരെലിയുസ് സ്തബിലീനി മെത്രാപ്പോലീത്തയിൽ നിന്നും ചാവറ അച്ചൻ ഡീക്കൻ പട്ടം സ്വീകരിച്ചു.

"ഈ ലോകത്തിൽ ജീവിച്ചാൽ ആത്മാവ് രക്ഷപെടില്ല ആയതിനാൽ വല്ല വനവാസത്തിനും പൊയ്ക്കളയാം" എന്ന് ആഗ്രഹിച്ച ആത്മസുഹൃത്തുക്കൾ ആയിരുന്ന ബഹു. തോമസ് പോരൂക്കര അച്ചൻ, ബഹു. തോമസ് പാലയ്ക്കലച്ചൻ എന്നിവർ വരാപ്പുഴ വികാരി അപ്പസ്തോലിക്ക മൗരെലിയുസ് സ്തബിലീനി മെത്രാപ്പോലീത്തായോട് തങ്ങളുടെ ആഗ്രഹം അറിയിക്കുന്നു. ഇതിനു മറുപടിയായി: "അൽപം അറിവും വിജ്ഞാനവും ഉള്ള നിങ്ങൾ വല്ല വനത്തിലും പോയി ജീവിച്ചാൽ ലോകത്തിലുള്ള മനുഷ്യരെ ആരു പഠിപ്പിക്കും, ആരു നയിക്കും.. ആയതിനാൽ ഒരു കൊവേന്ത വയ്പ്പിൻ അങ്ങനെയെങ്കിൽ ലോകർക്കും നിങ്ങൾക്കും ഉപകാരപ്പെടും..." എന്ന് മൂവരോടും മെത്രാൻ ആവശ്യപ്പെട്ടു. പിന്നീട് മൂവരുടെയും ശ്രദ്ധ ആശ്രമ സ്ഥാപനത്തിലേക്കായി. (ഈ മൂവരുടെയും ആത്മമിത്രമായിരുന്ന കണിയാന്ത്ര യാക്കോബു സഹോദരന്റെ എഴുത്തുകളിൽ നിന്നും )

**1829-ൽ** നവംബർ മാസം 29-നു ചാവറ അച്ചൻ അർത്തുങ്കൽ വി. അന്ത്രയോസ് ശ്ലീഹായുടെ ദേവാലയത്തിൽ വച്ച് ഇരുപത്തിനാലാം വയസ്സിൽ അഭിവന്ദ്യ മൗരെലിയുസ് സ്തബിലീനി മെത്രാനിൽ നിന്നും വൈദിക പട്ടം സ്വീകരിച്ചു.

അർത്തുങ്കൽ പള്ളിയിൽവച്ച് വൈദിക പട്ടം ഏറ്റപ്പോൾ, മെത്രാനോടൊന്നിച്ചുള്ള ചാവറ അച്ചന്റെ ഒന്നാമത്തെ കുർബാനയുടെ നിയോഗം, ഒരു സന്യാസാശ്രമം സ്ഥാപിക്കപ്പെടണം എന്നുള്ള ആഗ്രഹം നിറവേറാനുള്ള ദൈവാനുഗ്രഹമുണ്ടാവണം എന്നതായിരുന്നു.

**1829 നവംബർ 30-ന്** ചാവറ അച്ചൻ തന്റെ ഇടവകയായ ചേന്നങ്കരി പള്ളിയിൽ ആദ്യ കുർബാന അർപ്പിച്ചു.

**1829-1831** കാലഘട്ടങ്ങളിൽ വിവിധ ഇടവകകളിൽ ചാവറ അച്ചൻ സേവനം ചെയ്തു. പള്ളിപ്പുറം സെമിനാരിയുടെ നടത്തിപ്പിൽ ചാവറ അച്ചൻ ബഹു. തോമസ് പാലയ്ക്കലച്ചനെ സഹായിക്കുകയും ചെയ്തു.

ഇക്കാലയളവിൽ ആശ്രമ സ്ഥാപനത്തിന് സ്ഥലം അന്വേഷിച്ചു തോമസ് പോരുക്കര അച്ചനും, തോമസ് പാലയ്ക്കലച്ചനും കൂടി ഉത്തരതിരുവിതാംകൂറിൽ മുളക്കുളം, വെട്ടിക്കാട്ടുമുക്ക്, പിറവം, വടകര ആദിയായ സ്ഥലങ്ങളിൽ പല കുന്നുകൾ കയറി ഇറങ്ങി. അതിനു ശേഷം തെക്കോട്ടു കടന്ന് അതിരമ്പുഴക്കടുത്തുള്ള പള്ളിക്കുന്ന്, വേദഗിരിക്കുന്ന്, കുടമാളൂർ പള്ളിക്കു



CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org
www.marggam.com
MARGGAM – Digital Library of Christianity in India

സമീപമുള്ള പുല്ലരിക്കുന്ന് ഇവയെല്ലാം പരിശോധന നടത്തി. അവസാനം പുല്ലരിക്കുന്നുതന്നെ നല്ല സ്ഥലം എന്നു മനസ്സിലാക്കിയ പിതാക്കന്മാർ സ്ഥലം വാങ്ങുന്നതിനുള്ള ഏർപ്പാടുകൾ ആരംഭിച്ചു. എന്നാൽ വാങ്ങുവാനുദേശിച്ചിരുന്ന സ്ഥലത്തിനടുത്ത് ഒരു അമ്പലം ഉണ്ടായിരുന്നതിനാലും ഹിന്ദുമതത്തിൽപ്പെട്ട വർക്ക് അവിടെ ആശ്രമം സ്ഥാപിക്കുന്നതിൽ വിഷമ മുണ്ടെന്നും പിന്നീടറിയുവാൻ സാധിച്ചു. എങ്കിൽ മറ്റു മതത്തിൽപ്പെട്ട സഹോദരങ്ങളെ വേദനിപ്പിച്ചിട്ട് തങ്ങ ൾക്ക് ആശ്രമവും പള്ളിയും വേണ്ട എന്ന് തീരുമാനിച്ച് പുല്ലരിക്കുന്ന് സ്ഥലം ഉപേക്ഷിക്കുകയും ചെയ്തു.

ആശ്രമത്തിനു സ്ഥലം അന്വേഷിച്ചപ്പോൾ ചില കാര്യങ്ങളിൽ എല്ലാവർക്കും ചില നിർബന്ധങ്ങൾ ഉണ്ടായിരുന്നു: ഉയർന്ന കുന്നായിരിക്കണം, ധാരാളം കാറ്റും വെളിച്ചവും ലഭിക്കണം, വളക്കൂറുള്ള മണ്ണാ യിരിക്കണം, നല്ല വെള്ളം ലഭിക്കണം, ജലമാർഗ്ഗവും കരമാർഗ്ഗവും എളുപ്പത്തിൽ യാത്ര ചെയ്യുവാൻ പറ്റിയ സ്ഥലമായിരിക്കണം. ഇതെല്ലാം ഒത്തിണങ്ങിയ സ്ഥലമാണ് മാന്നാനംകുന്ന് കയറിക്കണ്ടതോടു കൂടി പിതാക്കന്മാർക്ക് ലഭിച്ചത്. പെരുമാലിൽ-തയ്യിൽ കുടുംബം ആശ്രമം സ്ഥാപിക്കുവാൻ മാന്നാനംകുന്ന് പിതാക്കന്മാർക്ക് ദാനമായി നല്കുകയും ചെയ്തു.

'ബേസ്റൗമ്മ' എന്നത്രെ മാന്നാനം കുന്നിനു പിതാക്കന്മാർ നല്കിയ പേർ. സുറിയാനിയിലെ ഈ വാക്കിനു 'ഉയരത്തിലെ ഭവനം', 'ദൈവത്തോട് ഏറ്റവും അടുത്ത സ്ഥലം' എന്നൊക്കെ അർത്ഥമുണ്ട്.

**1831-ൽ** ചാവറ അച്ചൻ ആശ്രമ പണികൾക്കായി മെത്രാന്റെ അനുവാദത്തോടുകൂടി മാന്നാനത്ത് എത്തുകയും, അവിടെ ആശ്രമ പണികളിൽ മുഴുവൻ സമയവും വ്യാപരിക്കുകയും ചെയ്തു.

മാന്നാനം കുന്നിൽ ആശ്രമത്തിന്റെ പണികൾ ആരംഭിച്ച നാൾ മുതൽ, രാവിലെ മുതൽ കാടുവെട്ടി കുന്നു മുഴുവനും തെളിയിക്കുകയും, വൈകുന്നേരമാ കുമ്പോൾ വൈദികരും, പണിക്കാരും, നാട്ടുകാരും കൂടി ഒന്നുചേർന്ന് സകല പുണ്യവാന്മാരുടെയും ലുത്തനിയ ചൊല്ലി പിരിയുകയുമായിരുന്നു പതിവ്.

**1831-ൽ** മേയ് മാസം 11-നു ആശ്രമത്തിന്റെ ശിലാ സ്ഥാപനം മാന്നാനം കുന്നിൽ നടന്നു. ശിലാസ്ഥാപനം നടത്തേണ്ടത് ബിഷപ്പ് ആയിരുന്നെങ്കിലും ശാരീരിക അസ്വാസ്ഥ്യം മൂലം ആ കർമ്മം തോമസ് പോരൂക്കര അച്ചൻ നിർവഹിക്കേണ്ടതായി വന്നു.

യോഹന്നാൻ മാംദാനയുടെ പേരിൽ ആശ്രമം സ്ഥാപിക്കണമെന്ന് മെത്രാൻ നിർദ്ദേശിച്ചു. വി. ദോമ നിക്കൊസിന്റെ പേരിൽ വേണമെന്ന് തോമസ് പാലക്കൽ അച്ചൻ പറഞ്ഞു. എന്നാൽ വി. യൗസേപ്പ് പിതാവിന്റെ പേരിൽ വേണമെന്ന് പോരൂക്കര അച്ചനും പറഞ്ഞു. അവസാനം എല്ലാവരും കൂടി പോരൂക്കര അച്ചന്റെ നിർദേശത്തെ അനുകൂലിച്ചു.

മാന്നാനംകുന്നിൽ ഇന്നത്തെ ജൂബിലി കപ്പേള സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ഒരു കുരിശു നാട്ടിക്കൊ ണ്ടാണ് ആശ്രമ ജീവിതം ആരംഭിക്കുന്നത്.

**1831** മുതലുള്ള കാലഘട്ടങ്ങളിൽ, വിശുദ്ധ കുർബാന മദ്ധ്യേ ഉള്ള പ്രസംഗങ്ങൾ, വൈദികർക്കും, വിശ്വാസികൾക്കും ഉള്ള വാർഷികധ്യാനം തുടങ്ങിയവ ചാവറ അച്ചൻ നടപ്പിലാക്കിത്തുടങ്ങി.

**1832-ൽ** ചാവറ അച്ചൻ പള്ളിപ്പുറം പള്ളി ഇടവക വികാരിയായി നിയോഗിക്കപ്പെട്ടു. പള്ളിപ്പുറത്ത് പള്ളിയിൽ വികാരി ആയിരിക്കയിൽ കഠിനമായ മസൂരി ബാധിച്ചിരുന്ന ഒരാൾക്ക് അന്ത്യകൂദാശകൾ കൊടുക്കുന്നതിനായി ചാവറ അച്ചൻ പുറപ്പെട്ടപ്പോൾ പലരും അദ്ദേഹത്തെ മുടക്കുകയുണ്ടായി. എങ്കിലും 'ഇത് എന്റെ കടമ, തമ്പുരാൻ സഹായിക്കും' എന്നു പറഞ്ഞുകൊണ്ട് പോവുകയാണുണ്ടായത്.

**1833-ൽ** ചാവറ അച്ചൻ പള്ളിപ്പുറത്തു നിന്ന് വീണ്ടും മാന്നാനത്തു എത്തുകയും ആശ്രമ കാര്യ ങ്ങളിൽ വ്യാപൃതനാവുകയും ചെയ്തു.

**1833-ൽ** മാന്നാനത്ത് വൈദികരെ പരിശീലിപ്പി ക്കുന്നതിനായി സെമിനാരി ആരംഭിച്ചു. ജനങ്ങളെ നയിക്കുവാനും, വിശുദ്ധീകരിക്കുവാനും, പഠിപ്പിക്കുവാ നും നല്ല വൈദികർ ആവശ്യമാണെന്ന് മനസ്സിലാക്കി യാണ് ചാവറ അച്ചൻ സെമിനാരി ആരംഭിച്ചത്.

**1838** കാലഘട്ടങ്ങളിൽ മാന്നാനം കുന്നിൽ 'കുരിശി ന്റെ വഴി' എന്ന ഭക്താഭ്യാസം പോരൂക്കര തോമസ് അച്ചനോടൊപ്പം ചാവറ അച്ചൻ ആരംഭിച്ചു. മാന്നാനം കുന്നിന്റെ താഴെനിന്നും മുകൾവരെ കുരിശുകൾ നാട്ടിക്കൊണ്ട് കല്ലുകളുടെ ഇടയിലൂടെ ഗാഗുൽത്ത കരേറുന്ന അനുഭവമായ ഈ ഭക്താഭ്യാസത്തിൽ പങ്കെടുക്കുവാൻ അതിരമ്പുഴ, കുടമാളൂർ, പുന്നത്ര, കൈപ്പുഴ തുടങ്ങിയ ഇടവകകളിൽ നിന്നും ഭക്തർ എത്തുമായിരുന്നു.

**1840-ൽ** മാന്നാനത്തു സമൂഹ ജീവിതം ആരംഭിക്കുന്നു.

**1841-ൽ** ബഹു. തോമസ് പാലക്കൽ അച്ചൻ നിത്യവിശ്രമത്തിനായി വിളിക്കപ്പെട്ടു.

**'നട കൊട' ഭക്താഭ്യാസം**

**1843-ൽ** ചാവറ അച്ചൻ അയച്ച നൽമരണ സഖ്യ ത്തെക്കുറിച്ചുള്ള ഒരു സർക്കുലറിൽ ഈശോ, മറിയം, യൗസേപ്പ് എന്ന ഈ മൂന്നു നാമത്തിന്മേൽ ഭക്തിയായി ശു. മാർ യൗസേപ്പു പുണ്യവാളന്റെ തിരു നാളായ മീനമാസം പത്തൊൻപതാം തീയതി വരെ ധ്യാനിച്ചുംകൊണ്ടും ഒരു പുരുഷനും, ഒരു സ്ത്രീക്കും, ഒരു പൈതലിനും യാവനയും (ഭക്ഷണവും) ഉടുപ്പും കാലം തോറും കൊടുത്തു ഈയച്ചാരം പുത്തനാക്കി കൊള്ളുകയും വേണം എന്നു എഴുതുന്നു. 'നട കൊട' എന്നത്രേ ഈ ഭക്താഭ്യാസത്തെ വിളിച്ചിരുന്നത്. വീടിന്റെ നടയിൽ ഇരുത്തി ഭക്ഷണവും വസ്ത്രവും കൊടുക്കുന്ന പതിവായിരുന്നു ഇത്.

**1844-ൽ** വരാപ്പുഴ അപ്പസ്തോലിക്കയുടെ വികാരി ആയിരുന്ന ബിഷപ്പ് ഫ്രാൻസിസ് സേവിയർ




CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA



പെസ്കോട്ട, ബഹു. തോമസ് പോരൂക്കര അച്ചനെയും ചാവറ അച്ചനെയും മല്പാൻ സ്ഥാനത്തേക്ക് ഉയർത്തുന്നു.

**1846-ൽ** മാന്നാനത്തു ചാവറ അച്ചൻ സംസ്കൃത സ്കൂൾ ആരംഭിക്കുന്നു. ചാവറ അച്ചൻ മാന്നാനത്ത് ആരംഭിച്ച് നടത്തിവന്ന സംസ്കൃത വിദ്യാലയത്തെപ്പറ്റി ബഹു. പാറപ്പുറത്ത് വർക്കി അച്ചൻ ഇപ്രകാരം എഴുതിയിരിക്കുന്നു:

"ഈ സമയം ഒപ്പിച്ച് മാന്നാനം ആശ്രമത്തോട് ചേർന്ന് ഒരു സംസ്കൃത സ്കൂളും സ്ഥാപിച്ചിട്ടുണ്ടായിരുന്നു. അതിൽ ഈ ആശ്രമത്തിലെ വൈദികരും സമീപമുള്ള സ്ഥലങ്ങളിൽ നിന്നും കുട്ടികളും ചേർന്ന് പഠിച്ചിരുന്നു. ഇതിന്റെ നടത്തിപ്പിനായി തൃശ്ശൂരിൽ നിന്നും വാര്യർ ജാതിയിൽപ്പെട്ട ഒരു വാദ്ധ്യാരെ വരുത്തിയിരുന്നു. ഇയാൾ മലയാള ഭാഷയിലും സംസ്കൃത ഭാഷയിലും വളരെ സമർത്ഥനായിരുന്നു. 1865-ൽ ചാവറ അച്ചൻ സുറിയാനിക്കാരുടെ വികാരി ജനറാൾ ആയിരുന്ന കാലത്ത്, വിദ്യാഭ്യാസ പ്രചാരാർത്ഥം അയച്ച ഒരു കല്പന മലങ്കരസഭയെ വിദ്യാഭ്യാസ പ്രബുദ്ധമാക്കാനുള്ള ആദ്യത്തെ കൃത്യമായിരുന്നു. മാന്നാനത്ത് ഈ കുന്നേൽ സ്കൂൾ പണി തുടങ്ങുകയും ആർപ്പൂക്കര തുരുത്ത്മാലിയുടെ കുന്നേൽ പുലയർ മാർഗ്ഗം കൂടുന്നവർക്ക് കപ്പേളയും അതോടു ചേർത്ത് സ്കൊളയും പണിയുന്നതിനു സ്ഥലം കണ്ടു നിശ്ചയിച്ചു. പള്ളികളിൽ നിന്നും പ്രമാണികളിൽ നിന്നും വീതം എടുത്തു സമീപേ പതിനേഴര പറക്ക് പുഞ്ചപ്പാടം തീറു എഴുതി. മാന്നാനം കൊവേന്തയിൽ നിന്നും നടത്തണമെന്ന് കല്പനയും കൊടുത്തു. ഇടവകകൾ തോറും പള്ളിക്കൂടങ്ങൾ ആരംഭിക്കണമെന്നും അല്ലാത്ത പക്ഷം പള്ളിമുടക്ക് കല്പിക്കുമെന്നും സർക്കുലറിൽ പറഞ്ഞിരിക്കുന്നു (മാന്നാനം *നാളാഗമം*, വോളിയം 3, പേജ്. 90). സവർണ്ണ, അവർണ്ണ വിഭാഗങ്ങളിൽപ്പെട്ടവരെ ഒന്നിച്ചിരുത്തി പഠിപ്പിക്കുവാൻ മുൻകൈ എടുത്ത നവോത്ഥാന നായകനാണ് ചാവറയച്ചൻ. ഈ സ്കൂളിൽ പഠിച്ചിരുന്ന കുട്ടികൾക്ക് ഉച്ചക്കഞ്ഞി നല്കിയാണ് ചാവറയച്ചൻ തന്റെ വിദ്യാഭ്യാസപ്രസ്ഥാനത്തെ മുന്നോട്ട് കൊണ്ടുപോയത്.

**1846-ൽ** തന്നെ മാന്നാനത്ത് ചാവറ അച്ചൻ പ്രിന്റിംഗ് പ്രസ്സും ആരംഭിച്ചു. ജനങ്ങൾക്ക് വായിച്ചു വളരുവാൻ പുസ്തകങ്ങൾ ആവശ്യമാണെന്ന് മനസ്സിലാക്കിയ ചാവറ അച്ചൻ ഒരു പ്രസ്സ് നിർമ്മിച്ചെടുക്കുവാനുള്ള ശ്രമങ്ങൾ ആരംഭിച്ചു. അന്ന് കേരളത്തിൽ രണ്ടു പ്രസ്സുകളെ ഉള്ളു; കോട്ടയത്തെ സിഎംഎസ് പ്രസ്സും, തിരുവനന്തപുരത്തെ ഗവ. പ്രസ്സും. കോട്ടയത്തെ പ്രസ്സിന്റെ പ്രവർത്തനങ്ങൾ കണ്ടു പഠിക്കുവാൻ ശ്രമിച്ചെങ്കിലും അതിനു സാധിക്കാത്തതിനാൽ, ചാവറ അച്ചൻ തിരുവനന്തപുരംവരെ കാളവണ്ടിയിൽ യാത്ര ചെയ്ത് ഗവ. പ്രസ്സിൽ കയറി അതിന്റെ പ്രവർത്തനങ്ങൾ കണ്ടു മനസ്സിലാക്കി. അതിന്റെ മാതൃക ഒരു വാഴപ്പിണ്ടിയിലുണ്ടാക്കി മാന്നാനത്തു കൊണ്ടുവരികയും ആശാരിയെക്കൊണ്ട് തടിയിൽ ഒരു പ്രസ്സ് നിർമ്മിക്കുകയും ചെയ്തു. ഈ പ്രസ്സ് ഇന്നും മാന്നാനത്തു പൂജ്യമായി സൂക്ഷിക്കുന്നു. *നിത്യാരാധന, കൃപാനിധി, പ്രാർത്ഥനാമഞ്ജരി, വേദോപദേശസംക്ഷേപം, മാതാവിന്റെ വണക്കമാസം, യൗസേപ്പ് പിതാവിന്റെ വണക്കമാസം, തിരുഹൃദയ വണക്കമാസം, ശുദ്ധീകരണ വണക്കമാസം, കുരിശിന്റെ വഴി, നവനാൾ പ്രാർത്ഥനകൾ, ത്രിദിന പ്രാർത്ഥനകൾ, ദോഷപ്പൊറുതി പ്രാർത്ഥനകൾ, ദിവ്യകാരുണ്യഭക്തി, സകല വിശുദ്ധരോടുമുള്ള ഭക്തി, മാന്നാനം ബൈബിൾ, യാമപ്രാർത്ഥനകൾ* തുടങ്ങി കേരളസഭക്കുവേണ്ട എല്ലാ പ്രാർത്ഥനാപുസ്തകങ്ങളും ഈ പ്രസ്സിൽ നിന്നും അച്ചടിച്ചിറങ്ങി. പിന്നീട് *ദീപിക* ദിനപ്പത്രവും, *കർമ്മലകുസുമം* കുടുംബ മാസികയും ഈ പ്രസ്സിൽ നിന്നും പുറത്തു വന്നു.

മാന്നാനത്ത് ആശ്രമം പണി, പള്ളി, പ്രസ്സ് മുതലായവയുടെ പണികൾ നടന്നുകൊണ്ടിരിക്കുന്ന സമയം. അന്ന് കൂലി കൊടുക്കാനുള്ള പണം ചാവറ അച്ചന്റെ പക്കൽ ഇല്ലായിരുന്നു. ഒരു വഴിയും കാണാതെ അദ്ദേഹം വി. കുർബ്ബാനയുടെ സന്നിധിയിലേക്ക് പ്രവേശിച്ചു. പ്രാർത്ഥനയ്ക്കു ശേഷം പുറത്തു വന്നപ്പോൾ ഒരു മാന്യൻ ചാവറ അച്ചനെ കാണുവാൻ കാത്തു നില്ക്കുന്നു. 'ഞാൻ അഞ്ഞൂറ് ചക്രം കൊണ്ടു വന്നിട്ടുണ്ട്, ഒരാളെ അയച്ചാൽ അഞ്ഞൂറു കൂടി കൊടുത്തയക്കാം' എന്ന സന്ദേശമാണ് ചാവറ അച്ചന് ലഭിച്ചത്. യൗസേപ്പ് പിതാവിന്റെ വലിയ അനുഗ്രഹമായി ചാവറ അച്ചൻ ഇതിനെ കണ്ടു.

**1849-ൽ** മാന്നാനം ആശ്രമത്തിലെ വൈദികരെ അഭിവന്ദ്യ ലുദ്‌വിക് മർട്ടീനി മെത്രാൻ ബൈബിൾ വചനപ്രഘോഷകരായി പ്രഖ്യാപിക്കുന്നു.

**1853-ൽ** ഒരു കത്തോലിക്കാ വിശ്വാസ പരിശീലനകേന്ദ്രം മാന്നാനത്ത് സ്ഥാപിച്ചു


**1855-ൽ** ധനുമാസം 8-നു അമലോത്ഭവ മാതാവിന്റെ തിരുനാൾ ദിനത്തിൽ ചാവറ അച്ചനും



www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India



മാന്നാനത്ത് പ്രിന്റിംഗ് പ്രസ്സ്

പത്തു ആശ്രമാംഗങ്ങളും കൂടി ദാരിദ്ര്യം, അനുസരണം, ബ്രഹ്മചര്യം എന്നീ വ്രതങ്ങൾ അനുഷ്ടിച്ച് മാന്നാനത്ത് സന്യാസജീവിതം ആരംഭിച്ചു. ചാവറ അച്ചൻ മെത്രാന്റെ പ്രതിനിധിയായ മർസലീൻ അച്ചന്റെ മുമ്പാകെയും, മറ്റുള്ളവർ ചാവറ അച്ചന്റെ മുമ്പാകെയും വ്രതം ചെയ്തു. അമലോത്ഭവ മാതാവിന്റെ ദാസസംഘം എന്ന പേരിലാണ് ആദ്യത്തെ സന്യാസസഭ അറിയപ്പെട്ടത്. ദൈവ സഹായത്തിൽ ആശ്രയിച്ചു കണ്ണുനീരുകളാൽ തുടങ്ങിയ ഈ ആഗ്രഹം ഇരുപത്തിനാലാം വർഷത്തിൽ ചാവറ അച്ചൻ വഴിയായി പൂർത്തിയായി എന്ന് പോരൂക്കര കുരിയക്കൊസച്ചൻ ചാവറ അച്ചനെക്കുറിച്ചുള്ള ചരിത്ര സംഗ്രഹത്തിൽ എഴുതിയിരിക്കുന്നു. ആശ്രമശ്രേഷ്ടനായി ചാവറ അച്ചൻ നിയോഗിക്കപ്പെട്ടു. പ്രിയോർ എന്ന പേരിലാണ് ആശ്രമശ്രേഷ്ടൻ അറിയപ്പെടുക. ചാവറ അച്ചൻ ആദ്യത്തെ പ്രിയോർ ആയിരുന്നതിനാൽ വലിയ പ്രിയോർ എന്ന് അറിയപ്പെട്ടു. സന്യാസ സഭക്ക് ഔദ്യോഗികമായ നിയമാവലിയും നല്കപ്പെട്ടു.

1857 നും 1870 നും ഇടക്ക്, കൂനമ്മാവ്, വാഴക്കുളം, എൽത്തുരുത്ത്, എന്നീ സ്ഥലങ്ങളിലും ചാവറ അച്ചന്റെ നേതൃത്വത്തിൽ ആശ്രമങ്ങൾ സ്ഥാപിക്കപ്പെട്ടു. പിന്നീട് മുത്തോലി, പുളിങ്കുന്ന്, പ്ലാശനാൽ, അമ്പഴക്കാട്, തുടങ്ങിയ സ്ഥലങ്ങളിലും ചാവറ അച്ചൻ ആശ്രമങ്ങൾ സ്ഥാപിച്ചു.

**കൂനമ്മാവിന്റെ പ്രാധാന്യം:**

മാന്നാനം പോലെ തന്നെ പ്രാധാന്യമുള്ള സ്ഥലമാണ് കൂനമ്മാവ്. മാന്നാനം കൊവേന്ത മാതൃഭവനം ആണെങ്കിലും 1864 മുതൽ സഭയുടെ പ്രവർത്തന കേന്ദ്രവും പൊതുശ്രേഷ്ഠനായ ചാവറ പ്രിയോരച്ചന്റെ അധിവാസസ്ഥാനവും കൂനമ്മാവായിരുന്നു. 'നാൽപ്പതുമണി ആരാധന' എന്ന ദിവ്യകർമ്മം കൂനമ്മാവുങ്കൽ ആദ്യമായി ആഘോഷിച്ചു. **1865-ൽ** സിഎംസി സന്യാസിനി സഭ കൂനമ്മാവുങ്കൽ ആരംഭിച്ചു. **1868-ൽ** കൈനകരിയിലെ തന്റെ ഇടവകക്കാർക്കുവേണ്ടി *ഒരു നല്ല അപ്പന്റെ ചാവരുളുകൾ* എഴുതപ്പെടുന്നു. **1869-70** കാലഘട്ടങ്ങളിൽ *ആത്മാനുതാപം* എന്ന കവിത കൂനമ്മാവിൽ വച്ച് പൂർത്തിയാക്കപ്പെടുന്നു. ചാവറ അച്ചന്റെ ഭൗതിക ശരീരത്തിന്റെ മാംസളഭാഗങ്ങൾ അലിഞ്ഞു ചേർന്നിരിക്കുന്നത് കൂനമ്മാവിലാണ്. അസ്ഥികൾ മാത്രമാണ് മാന്നാനത്തേക്ക് മാറ്റി സ്ഥാപിച്ചിരിക്കുന്നത്.

**1860-ൽ** സ്ത്രീകൾക്കായി സന്യാസിനി സഭ ആരംഭിക്കുന്നതിനുള്ള ചർച്ചകൾ ലെയോപോൾദു മിഷനറിയുമായി നടത്തുന്നു.

**1861-ൽ** ചാവറ അച്ചനെ സുറിയാനിക്കാരുടെ വികാരി ജനറാൾ ആയി നിയമിക്കുന്നു.

**1861-ൽ** മേയ് മാസം 9-ാം തീയതി തോമസ് റോക്കോസ് എന്നൊരാൾ മാർപാപ്പയുടെ അനുവാദമില്ലാതെ ബാഗ്ദാദിൽ നിന്നും മലബാറിലെത്തി. മലബാറിനെ ഭരിക്കുവാൻ മാർപാപ്പയുടെ അനുവാദത്തോടുകൂടി പാത്രിയാർക്കീസ് അയച്ചതാണെന്ന് റോക്കോസ് ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചു. ഒരു സ്വജാതിയ മെത്രാനെ കിട്ടുവാൻ ആഗ്രഹിച്ച സുറിയാനിക്കാരിൽ ഒരു വിഭാഗം റോക്കോസിനെ മെത്രാനായി അംഗീകരിക്കുകയും ചെയ്തു. അന്ന് സുറിയാനി കത്തോലിക്കർക്ക് 154 പള്ളികളാണ് ഉണ്ടായിരുന്നത്. ഇവയിൽ 86 പള്ളികൾ പൂർണ്ണമായും 30 പള്ളികൾ ഭാഗികമായും അദ്ദേഹത്തിന് കീഴ്പ്പെട്ടു. മൊത്തം 38 പള്ളികൾ മാത്രമാണ് റോക്കോസ് മെത്രാനോടൊപ്പം ചേരാതെ നിന്നിരുന്നത്. സ്വന്തം ജാതിയിൽപെട്ട മെത്രാനെ ലഭിച്ചാൽ ജനങ്ങൾ തൃപ്തരാകും എന്നു വിചാരിച്ച് ബഹു. ബർണർദീനോസ് മെത്രാപ്പോലീത്ത സഭയെ രക്ഷിക്കുവാനായി ചാവറ അച്ചനെ മെത്രാനാക്കുവാൻ ശ്രമിച്ചെങ്കിലും ചാവറ അച്ചൻ ആ നിർദേശം സ്വീകരിച്ചില്ല. പകരം റോക്കോസിനെതിരെ പട പൊരുതുവാൻ ചാവറ അച്ചനെ സുറിയാനി സഭയുടെ വികാരി ജനറാളായി മെത്രാൻ നിയമിച്ചു. വികാരി ജനറാൾ ആയ ചാവറ അച്ചൻ റോക്കോസിനെപ്പറ്റിയുള്ള വിവരങ്ങൾ മാർപാപ്പക്ക് എഴുതുകയും, മാർപാപ്പയുടെ അനുവാദമില്ലാതെ ആണ് തോമസ് റോക്കോസ് കേരളത്തിലെത്തിയിരിക്കുന്നതെന്നും മനസ്സിലാക്കി. ചാവറ അച്ചനും കൂട്ടരും റോക്കോസിനെതിരെ പ്രവർത്തനങ്ങൾ ആരംഭിച്ചു. സുറിയാനി കത്തോലിക്കരെ മുഴുവൻ റോക്കോസിന്റെ കുതന്ത്രങ്ങളിൽ നിന്നും രക്ഷിക്കുവാൻ കിണഞ്ഞു പരിശ്രമിച്ചു. മാസങ്ങളോളും കേരള സഭ പ്രക്ഷുബ്ധമായിരുന്നു. മാർപാപ്പയുടെ അനുവാദമില്ലാതെ മെത്രാനടുത്ത കർമ്മങ്ങൾ നടത്തിയ റോക്കോസിനെ അവസാനം മഹറോൻ കൽപിക്കുകയും ചെയ്തു.

ചാവറ അച്ചന്റെയും കൂട്ടരുടെയും പ്രവർത്തനങ്ങളാൽ റോക്കോസിന്റെ കള്ളത്തരങ്ങളെല്ലാം ജനങ്ങൾ



www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

മനസ്സിലാക്കി എന്നറിഞ്ഞ് ഗത്യന്തരമില്ലാതെ റോക്കോസ് തിരികെപ്പോകുവാൻ സന്നദ്ധനായി. കപ്പലിൽ യാത്ര ചെയ്യുവാൻ യാത്രാക്കൂലി തന്നാൽ താൻ മടങ്ങി പോയ്ക്കൊള്ളാമെന്നു റോക്കോസ് ചാവറ അച്ചനോട് അപേക്ഷിച്ചു. ചാവറ അച്ചൻ റോക്കോസിന് യാത്രാക്കൂലി കൊടുക്കുകയും, റോക്കോസിനെ ജനങ്ങളുടെ ആക്രമണങ്ങളിൽ നിന്നും രക്ഷപെടുത്തി കപ്പൽ കയറ്റി അയക്കുകയും ചെയ്തു. തോമസ് റോക്കോസിൽ നിന്നും സഭയെ രക്ഷിച്ച ചാവറ അച്ചനെയും കൂട്ടരെയും പരിശുദ്ധ ഒമ്പതാം പിയൂസ് മാർപാപ്പ പ്രശംസിച്ച് കത്ത് അയക്കുകയും ചെയ്തു.

സീറോ മലബാർ സഭയുടെ മുൻ മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ പറയുന്നു: "ചാവറ അച്ചന്റെ ധീരവും ശക്തവുമായ നിലപാടില്ലായിരുന്നുവെങ്കിൽ മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായ കേരളത്തിലെ വ്യക്തിസഭ വഴിതെറ്റിപ്പോകുമായിരുന്നെന്ന ചരിത്ര വസ്തുത നാം പ്രത്യേകം സ്മരിക്കേണ്ടിയിരിക്കുന്നു. അനുഗ്രഹീതമായ തൂലികകൊണ്ടും ചാവറ അച്ചൻ സഭയെ സേവിച്ചു..."

റോക്കോസ് ശീശ്മക്കാലത്ത് ചാവറ അച്ചൻ എഴുതി പ്രസിദ്ധീകരിച്ച ജപം: "ജന്മപാപമില്ലാതെ ഉത്ഭവിച്ച മറിയമേ, തിരുസ്സഭക്കു നേരിട്ട എല്ലാ നാശങ്ങളെയും നീക്കിയ മാതാവേ, പുത്തനായിട്ടു മുളച്ചുണ്ടാകുന്ന ശീശ്മ ഈ തിരുസഭയെ കലക്കുവാൻ തക്കവണ്ണം നീ കൈവിടരുതേ. ശുദ്ധമാന പത്രോസിന്റെ അധികാരം, ശുദ്ധ മാർപാപ്പക്ക് മുഴുവനായ കീഴ്‌വഴക്കം എന്നും എല്ലായിടത്തും നടന്നു വരുവാൻ നീ കൃപ ചെയ്യണമേ."

*അനസ്താസ്സിയായുടെ രക്തസാക്ഷ്യം* എന്ന ഖണ്ഡകാവ്യം റോക്കോസ് ശീശ്മയുടെ കാലത്ത് ചാവറ അച്ചൻ എഴുതിയതത്രേ. വിശ്വാസികൾ അവരുടെ കത്തോലിക്കാ വിശ്വാസത്തിൽ എന്തു വില കൊടുത്തും അടിയുറച്ചു നില്ക്കുവാൻ ജനങ്ങൾക്ക് പ്രചോദനം നല്കുവാനാണ് ചാവറ അച്ചൻ ഈ കവിത എഴുതിയത്.


**1862-71** കാലഘട്ടങ്ങളിൽ ആരാധനക്രമങ്ങളുടെയും ആരാധനപുസ്തകങ്ങളുടെയും നവീകരണം ചാവറ അച്ചൻ നടത്തുന്നു.

**1862-ൽ** ചരിത്രത്തിൽ ആദ്യമായി പൗരസ്ത്യ സുറിയാനി സഭയുടെ യാമപ്രാർത്ഥനകളുടെ നവീകരണവും ക്രമീകരണങ്ങളും നടന്നു. താൻ ശേഖരിച്ച യാമപ്രാർത്ഥനകളുടെ എല്ലാ രേഖകളും എടുത്തുവച്ച് മലബാറിലെ എല്ലാ മല്പാന്മാരെയും വിളിച്ചു കൂട്ടിയാണ് ഈയൊരു യജ്ഞം പൂർത്തിയാക്കിയത്. ഇതു തന്നെ മൂന്നു വാല്യങ്ങളിലായി ക്രമീകരിക്കുകയും പരി. സിംഹാസനത്തിന്റെ അനുമതിയോടുകൂടി അച്ചടിക്കുവാനുള്ള ക്രമീകരണങ്ങൾ നടത്തുകയും ചെയ്തു. കുർബാന, വൈദികരുടെ കാനോന നമസ്ക്കാരം, മരിച്ചവരുടെ ശേഷക്രിയകൾ, പാട്ടു റംശ ആദിയായ ആരാധനക്രമങ്ങൾക്ക് വിശദമായി എഴുതപ്പെട്ട നിയമങ്ങൾ ഇല്ലാതിരുന്നതുനിമിത്തം ഓരോ സ്ഥലങ്ങളിൽ വ്യതസ്തമായ രീതിയിൽ ഇവയെല്ലാം നടന്നുവന്നിരുന്നു. ആയതിനാൽ ചാവറ അച്ചന്റെ ശ്രദ്ധ ഇതിലേക്കു തിരിഞ്ഞു.

വി. കുർബാന സംബന്ധിച്ചുള്ള ക്രമങ്ങൾ ചിട്ടപ്പെടുത്തുവാൻ അഭിവന്ദ്യ ബർണർദീനോസ് മെത്രാപ്പോലീത്തയുടെ അനുമതിയോടുകൂടി ക്ലേശാവഹമായ ജോലി ചാവറ അച്ചൻ ഏറ്റെടുത്തു. വി. കുർബാന അർപ്പിക്കുവാൻ പട്ടക്കാരൻ സങ്കീർത്തിയിൽ ചെല്ലുന്നത് മുതൽ കുർബാന കഴിഞ്ഞ് തിരികെ വരുന്നതു വരെയുള്ള സകല ക്രമങ്ങളും പൂർണ്ണവിവരങ്ങളോടുകൂടി യാതൊരു സംശയത്തിനും ഇടവരാത്ത വിധത്തിൽ അദ്ദേഹം എഴുതി. ഉദാഹരണത്തിന് ഒരു ഭാഗം ഇവിടെ എഴുതുന്നു: സങ്കീർത്തിയിൽ നിന്ന് ത്രോണോസ്സിലേക്ക് പോകേണ്ട മുറ വിവരിക്കുന്നു.. "...വി. വസ്ത്രങ്ങൾ ഉടുത്തശേഷം ഇടതു കൈകൊണ്ട് കാസയുടെ തണ്ടിലെ ഉരുളിൽ പിടിച്ചും, വലതു കൈ കാസയുടെ മുകളിലും പാസ്ക്കയുടെ മേൽ വിടർത്തി കവിഴ്ത്തി വച്ചും കാസ ഇരിക്കും വിധം തന്നെ എടുത്തു നെഞ്ചിനു സമം ഉയർത്തി നെഞ്ചിൽ തൊടാതെ അൽപം അകലെ പിടിച്ചുകൊണ്ടു സങ്കീർത്തിയിലുള്ള കുരിശിനു അഥവാ രൂപത്തിന് തലകുനിഞ്ഞു ആചാരം ചെയ്തിട്ട് അടക്കത്തോടും നിവർന്ന ദേഹത്തോടും ശ്രദ്ധയോടും കൂടി ത്രോണോസ്സിലേക്ക് പോകുന്നു. ശുശ്രൂഷകൻ ആകട്ടെ പുസ്തകം നെഞ്ചിൽ ചാരിപ്പിടിച്ചുകൊണ്ട് വൈദികന്റെ മുമ്പേ നടക്കുന്നു...."

ഏതാണ്ട് ഒമ്പത് അദ്ധ്യായങ്ങളിലായി ഈ രീതിയിൽ കുർബാന സംബന്ധിച്ച എല്ലാ ക്രമങ്ങളെയും സ്പഷ്ടമായി നിർദ്ദേശിച്ചു കൊണ്ടുള്ള 'തൂക്കാസ' ഗ്രന്ഥമാണ് ചാവറ അച്ചൻ തയ്യാറാക്കിയത്.

മൂന്നു വൈദികർ ഒന്നിച്ചു ചൊല്ലുന്ന തപസ്സു കുർബാനയുടെയും തിരുനാളുകളുടെ തലേദിവസത്തെക്കുള്ള വേസ്പരയുടെയും ക്രമങ്ങൾ എഴുതി നടപ്പാക്കിയതും ചാവറ അച്ചനാണ്. സുറിയാനിക്രമ



കൂനമ്മാവ് കന്യകാമഠം



www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

'പഞ്ചാംഗവും' ചാവറ അച്ചൻ തന്നെ എഴുതി നടപ്പാക്കുകയും ചെയ്തു.

സുറിയാനി വൈദികർക്കു ജപിക്കാനുള്ള കാനോൻ ജപങ്ങളുടെ സംഗ്രഹം 'ഹുദാറ', 'കശ്ക്കോൽ', 'ഗസ്സ' 'ക്ലാ' എന്ന പുസ്തകങ്ങളിലാണ് അടങ്ങിയിരുന്നത്. ആണ്ടിൽ വരുന്ന എല്ലാ ഞായറാഴ്ച്ചകൾക്കും, നോമ്പുകാലത്തെ ഓരോ ദിവസത്തിനും വേണ്ടിയിരിക്കുന്ന നമസ്ക്കാരങ്ങൾ 'ഹുദാറ' എന്ന നമസ്ക്കാര പുസ്തകത്തിലാണുള്ളത്. ആണ്ടിൽ വരുന്ന പ്രത്യേക തിരുനാളുകൾക്കും, സ്മരണ ദിനങ്ങൾക്കും വേണ്ടിയുള്ള ജപങ്ങൾ 'ഗസ്സ' എന്ന ഗ്രന്ഥത്തിലാണ്. ഇടദിവസങ്ങളിലേക്കുള്ള ജപങ്ങൾ 'കശ്ക്കോൽ' എന്ന പുസ്തകത്തിൽ എഴുതപ്പെട്ടിരിക്കുന്നു. 'ക്ലാ' എന്ന പുസ്തകത്തിൽ ആണ്ടുവട്ടത്തിലുള്ള ഓരോ കാലത്തിനുള്ളതും സംഗീത രീതിയിൽ രചിക്കപ്പെട്ടതുമായ ചില ജപങ്ങളത്രെ.

വിവിധങ്ങളായ ഈ ഗ്രന്ഥങ്ങളിൽ നിന്നെല്ലാം അതതു കാലത്തേക്ക് അനുദിനം വേണ്ട ജപങ്ങൾ എടുത്ത് ചൊല്ലുക എന്നുള്ളത് അത്ര എളുപ്പമുള്ള കാര്യമല്ലായിരുന്നു. അതിനാൽ വൈദികരുടെ കാനോന നമസ്ക്കാരക്രമം ക്രമേണ അവസാനിക്കുന്ന സമയത്താണ് ചാവറ അച്ചൻ സെമിനാരിയിൽ ആയിരുന്നപ്പോൾ തന്നെ ഇവയെല്ലാം ചിട്ടപ്പെടുത്തി എടുത്തത്. ഇപ്പോൾ നടപ്പിലുള്ള ദുഃഖശനി ക്രമങ്ങളും ചാവറ അച്ചൻ നടപ്പിലാക്കിയതാണ്.

**1866-ൽ** വിഭൂതി തിരുന്നാൾ കഴിഞ്ഞുള്ള വ്യാഴം, വെള്ളി, ശനി ദിവസങ്ങളിൽ കൂനമ്മാവ് ആശ്രമ ദേവാലയത്തിൽവച്ച് 'നാൽപ്പതുമണി ആരാധന' എന്ന മഹോന്നതക്രമം കേരളത്തിൽ ആദ്യമായി നടത്തുന്നതിനു ചാവറ അച്ചന് സാധിച്ചു.

പ്രസ്തുത ക്രമം സംബന്ധിച്ചുള്ള മാർപാപ്പയുടെ നിയമങ്ങൾ അദ്ദേഹം മലയാളത്തിൽ ഭാഷന്തരപ്പെടുത്തിയിട്ടുണ്ട്. ഇതിലെ ഏതാനും ഭാഗങ്ങൾ: "ഈ ദിവസങ്ങളിൽ വെടി, വാദ്യം, ആദിയായ ബാഹ്യാഘോഷങ്ങൾ ഉണ്ടായിരിക്കരുത്. അപ്രകാരം തന്നെ ശുദ്ധ പള്ളിയുടെ സംഗീതങ്ങൾ അല്ലാതെ മറ്റൊന്നും പള്ളിയിൽ പാടുകയും അരുത്. പള്ളിയിലെ അലങ്കാരങ്ങൾ തിരുസ്സഭയുടെ നിയമമനുസരിച്ചു കഴിയുന്നതും വിശേഷമായിട്ട് ആകാമെങ്കിലും ഇതിൽ ലൗകികമൊന്നും ഉണ്ടാവരുത്. കൂടാതെയും പീഠത്തിൽമേൽ കടലാസ്സു, തുണി, പട്ടു മുതലായതുകൾ കൊണ്ടുള്ള പൂക്കൾ വയ്ക്കാതെ നല്ല സൗരഭ്യമുള്ള പച്ചപ്പൂക്കൾ ചാർത്തണം. ശുദ്ധ കുർബാനയുടെ മീതെ പാലിക പിടിക്കുന്നതിനു ആറു അല്ലെങ്കിൽ എട്ടു പട്ടക്കാരോ, പട്ടക്കാർ ഇല്ലാത്ത പക്ഷം സുർപ്ലേശ് ധരിച്ച ശെമ്മാശന്മാരും ഉണ്ടായിരിക്കണം. ഈ മൂന്നു ദിവസങ്ങളിൽ പള്ളിക്കായിട്ടു വേണ്ടിയാണെങ്കിൽ പോലും ഭിക്ഷാപാത്രം പിടിച്ചുകൊണ്ടു പള്ളിക്കകത്ത് നടന്നുകൂടാ... പള്ളിക്കകത്തും, പരിസരങ്ങളിലും പൂജ്യമായ മൗനം അനുഷ്ഠിക്കണം..."

**1867-ൽ** വലിയ നോമ്പിനിടക്ക് വാഴക്കുളത്തും, നോമ്പ് കഴിഞ്ഞു വരുന്ന മൂന്നാം ആഴ്ചയിൽ മാന്നാനത്തും, 1868 -ൽ എൽത്തുരുത്തിലും ഈ കർമ്മം അത്യാഡംബരപൂർവ്വം നിർവഹിക്കുകയുണ്ടായി.

യേശുവിന്റെ മരണശേഷം ആകാംക്ഷയോടെ ഉയിർപ്പുവരെ കാത്തിരിക്കുന്നതിന്റെ സൂചനയാണ് നാൽപതു മണിക്കൂർ നടത്തപ്പെടുന്ന ഈ ആരാധനയുടെ അന്തഃസ്സത്ത.

ചാവറ അച്ചനോട് ഏറ്റവുമടുത്ത് പെരുമാറിയിട്ടുള്ള ഒരു പുണ്യപുരുഷനായിരുന്നു അഭിവന്ദ്യ ബെർണർദീനോസ് മെത്രാപ്പോലീത്ത. അദ്ദേഹം ചാവറ അച്ചനെ ഒരു അസാമാന്യ വ്യക്തിയായി പരിഗണിക്കുകയും തദനുസരണം പ്രവർത്തിക്കുകയും ചെയ്തു. പുതുതായി മിഷനറിമാർ കേരളത്തിൽ വരുമ്പോൾ എപ്പോഴും ആദരപൂർവ്വം അവരെ ചാവറ അച്ചന്റെ പക്കൽ അയക്കുക പതിവായിരുന്നു. "നിങ്ങൾ അവനെ കണ്ടോ അവനാണ് മലയാളം ഭരിക്കുന്നത്" എന്ന് മെത്രാപ്പോലീത്ത പറഞ്ഞുകൊണ്ടാണ് അവരെ അയച്ചിരുന്നത്.

ചാവറ അച്ചനെ വികാരിജനറാളായി നിയമിച്ചുള്ള അധികാരപത്രത്തിൽ ചാവറ അച്ചന്റെ നേർക്കുള്ള അനിതരസാധാരണമായ സ്നേഹബഹുമാനങ്ങൾ പ്രകടമായി പ്രത്യക്ഷപ്പെടുത്തുന്നതിന് അദ്ദേഹം മടിച്ചില്ല.

"തെന്ത്രോസ് സുന്നഹദോസ് അനുവദിച്ചിരിക്കുന്ന തിൻവണ്ണം വേണ്ടുന്ന സ്ഥൈര്യവും, മിടുക്കും, ബോധജ്ഞാനവും, പുണ്യവ്യാപാരങ്ങളും തനിക്കുണ്ടെന്ന് നാം ബോധിച്ചു. നമ്മുടെ കീഴ് മലയാളത്തിലുള്ള സുറിയാനി പള്ളികളിൽ അടങ്ങിയിരിക്കുന്ന പട്ടക്കാരുടെയും അല്മേനികളുടെയും ആത്മപരിപാലനം ചെയ്ത് അവരെ ഭരിക്കുന്നതിന് വികാരി ജനറാൾ ആയിട്ട്തന്നെ നാം കൽപ്പിച്ചു ശുദ്ധ പള്ളി ആകമാനമായിട്ട് അനുവദിച്ചിട്ടുള്ള അനുവാദങ്ങളും കൂടാതെ പ്രത്യേകമായിട്ടുള്ളതിൽ തനിക്കു നാം എഴുത്താലെ പറയാതെയുള്ള അനുവാദങ്ങളും അധികാരങ്ങളും കൂടി നാം തന്നിരിക്കുന്നു."

കൊച്ചു കുഞ്ഞുങ്ങൾ തങ്ങളുടെ അമ്മമാരോട് പെരുമാറുന്ന വിധത്തിലുള്ള മനോശരണത്തോടുകൂടി ചാവറ അച്ചൻ ചൊല്ലിയിരുന്ന ഒരു പ്രാർത്ഥന.

"ഉയരപ്പെട്ട പുണ്യത്തിനും, വലിയ ധ്യാനത്തിനും എനിക്ക് യോഗ്യമില്ല. അതെന്തിയെ മഹാപാപി. ഇതിനാൽ ആത്മം അശുദ്ധമായി, വെടിപ്പ് അടക്കം ഈ പുണ്യങ്ങൾ ഇല്ലാകയാൽ ധ്യാനഅരൂപിയും കിട്ടുവാനും പുണ്യസാംഗോപാംഗത്തിന് യോഗ്യമുള്ളവനുമല്ല. എന്നാൽ ദൈവം ചെയ്യിച്ചതൊക്കെയും എന്റെ വശമോ, ഇത്രടം നീ വന്നത് എങ്ങനെ, വീട്ടിൽ നിന്ന് ആരു വിളിച്ചു, പട്ടത്തിനു എങ്ങനെ കയറി, കൊവേന്തയിൽ എങ്ങനെ കൂടി, സഭ എങ്ങനെ കിട്ടി, പ്രിയോരെന്നു ആരു വിളിച്ചു, ഇത്രടം നീ എങ്ങനെ വന്നു. ഇതിനൊക്കെയും നിന്നെ കൊള്ളാമോ, ഇല്ലയില്ല നിശ്ചയം. അപ്പഴോ തിരുമനസ്സു നടക്കും, നടത്തും.."



www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



**ചാവറ അച്ചനും കരിങ്കോളി സർപ്പവും**

ആശ്രമ പണികൾക്കായി തടി ശേഖരിക്കുവാനായി പ്ലാശനാലിനടുത്തുള്ള കിഴക്കൻ വനങ്ങളിലേക്ക് കുറെ പണിക്കാരുമായി ഒരിക്കൽ ചാവറ അച്ചൻ പോവുകയുണ്ടായി. ഭയങ്കരനായ ഉഗ്രവിഷമുള്ള ഒരു കരിങ്കോളി സർപ്പം അക്കാലങ്ങളിൽ ആ വനങ്ങളിൽ മനുഷ്യരെ ഉപദ്രവിച്ചും, ശല്ല്യപ്പെടുത്തിയും വന്നിരുന്നു. സ്ഥലവാസികൾക്കറിയാമായിരുന്ന ഈ സംഗതി ചാവറ അച്ചൻ മനസ്സിലാക്കാതെയാണ് പുറപ്പെട്ടത്. ചാവറ അച്ചനു ആപത്തു സംഭവിക്കും എന്നു മനസ്സിലാക്കിയ നാട്ടുകാർ തോക്കും മറ്റു ആയുധങ്ങളുമായി ചാവറ അച്ചനെ തേടി പുറകെ എത്തി. അവർ കണ്ട കാഴ്ച ഗർജ്ജിച്ചു നില്ക്കുന്ന സർപ്പത്തേയും ജപമാലയും കയ്യിലേന്തി മുട്ടുകുത്തി പ്രാർത്ഥിച്ചുകൊണ്ട് നില്ക്കുന്ന ചാവറ അച്ചനെയുമാണ്. പ്രാർത്ഥനകൾക്കു ശേഷം ചാവറ അച്ചൻ സർപ്പത്തെ ശാസിക്കുകയും ഇനി മേലിൽ ആരെയും ഉപദ്രവിക്കരുതെന്ന് പറഞ്ഞ് അതിനെ കാട്ടിലേക്ക് തന്നെ മടക്കി അയക്കുകയും ചെയ്തു.

**ഒട്ടംകെട്ടൽ**

ചാവറ അച്ചൻ ആശ്രമങ്ങളിൽ നടപ്പാക്കിയ ഒരു പുണ്യാഭ്യാസമാണ് ഒട്ടംകെട്ടൽ. ഒരു ആധ്യാത്മിക മത്സരമായിരുന്നു ഇത്. വി. കുരിശിന്റെ തിരുനാൾ ദിനത്തിലാണ് മത്സരം ആരംഭിക്കുന്നത്. ആശ്രമത്തിൽ ഉള്ളവർ ഓരോ പുണ്യത്തിൽ മുന്നേറാൻ പരിശ്രമിക്കും എന്നു പരസ്യമായി പ്രഖ്യാപിക്കും. ഇന്ന് മുതൽ അടുത്ത തിരുനാൾവരെ ഒരു പുണ്യം അഭ്യസിക്കുമെന്നു തന്നോടുതന്നെ ഒരു മത്സരപ്രഖ്യാപനം. എളിമ, പരസ്നേഹം, ത്യാഗം, അനുസരണം, പരദൂഷണം പറയാതിരിക്കൽ.. എന്നിങ്ങനെയുള്ള പുണ്യങ്ങൾ അഭ്യസിക്കുന്ന ഒരു പരിപാടിയത്രേ ഇത്. ആശ്രമങ്ങൾ തമ്മിലും ഈ പുണ്യമത്സരം നടത്താറുണ്ടായിരുന്നു. കുടുംബങ്ങളിലും ഇത് അഭ്യസിക്കുവാൻ ചാവറ അച്ചൻ ഉപദേശിച്ചു. ഒരിക്കൽ ആധ്യാത്മിക മത്സരത്തിൽ ചാവറ അച്ചൻ ചെയ്ത തീരുമാനം ഇതായിരുന്നു - ഞാൻ മറ്റുള്ളവർ കാണുമ്പോഴും, കാണാത്തപ്പോഴും ഒരുപോലെ ഭക്തിയോടെ ജീവിക്കും.

ചാവറ അച്ചന്റെ പ്രസംഗവൈഭവത്തെക്കുറിച്ച് ബഹു. പാലക്കൽ മൽപാനച്ചൻ പറയുന്നത്: "ഇവൻ പ്രസംഗപീഠത്തിൽ ഗർജ്ജിക്കുന്ന സിംഹത്തെപ്പോലെയാണ്."

**വി. കുർബാനയിൽ എങ്ങനെ സംബന്ധിക്കണം**

വി. കുർബാനയിൽ എങ്ങനെ സംബന്ധിക്കണമെന്ന് ചാവറ അച്ചൻ ഉപദേശിക്കുന്നത് നോക്കുക: "കുർബാനയെ നാലു പങ്കായി പകുക്കണം. കുർബാനയുടെ ആരംഭം മുതൽ വി. സുവിശേഷ വായന വരെ ദൈവത്തെ ആരധിക്കുന്നതിനും, ബഹുമാനിക്കുന്നതിനും, കാഴ്ച്ച വയ്ക്കണം. എന്റെ തമ്പുരാനെ, സകല നന്മസ്വരൂപി ആയിരിക്കുന്ന നിന്നെ ഞാൻ ആരാധിച്ച് കുമ്പിടുന്നേൻ. നിന്റെ യോഗ്യതക്ക് തക്കവണ്ണം നിന്നെ ബഹുമാനിപ്പാനും സ്തുതിപ്പാനും ഞാൻ മനസ്സായിരിക്കുന്നു. രണ്ടാമത്തെ പങ്കാകുന്ന വിശ്വാസ പ്രമാണം മുതൽ വി. രക്തം ഉയർത്തിക്കഴിയുന്നത് വരെ, ചെയ്ത പാപങ്ങൾക്ക് പരിഹാരമായിട്ടു ഈ പൂജ കാഴ്ച വയ്ക്കണം. സർവ്വേശ്വര കർത്താവേ ഞാൻ ചെയ്ത പാപങ്ങൾ ഒക്കെയിന്മേലും മനസ്താപപ്പെടുന്നു. എന്നാൽ അതിനു പരിഹാരമായിട്ടു ഞങ്ങൾക്കുവേണ്ടി തന്നെത്തന്നെ ഈ കുരിശിൻമേൽ കാഴ്ച വയ്ക്കുന്ന നിന്റെ ദിവ്യപുത്രനെ നിനക്കു ഞാൻ കാഴ്ച വയ്ക്കുന്നു.

മൂന്നാമത്തെ പങ്ക്: വി. തിരുരക്തം ഉയർത്തിക്കഴിഞ്ഞതു മുതൽ വി. തിരുരക്തം അടക്കുന്നതുവരെ, സർവ്വേശ്വരൻ നമുക്കു ചെയ്ത നന്മക്ക് ഉപകാരസ്മരണയായിട്ട് കാഴ്ച വയ്ക്കണം. നാലാമത്തെ പങ്ക്: വി. രക്തം അടക്കിയ ക്ഷണം തുടങ്ങി അന്ത്യംവരെയുള്ള നേരത്തിൽ നമുക്കാവശ്യമുള്ള നന്മകൾ, അതിൽ പ്രത്യേകിച്ച് പാപങ്ങളിൽമേലുള്ള മനസ്താപവും, പാപത്തിൽ വീഴാതിരിപ്പാനുള്ള മനോഗുണവും, നമ്മുടെ കുടപ്പിറപ്പുകൾക്കുവേണ്ടിയും ശുദ്ധീകരണ സ്ഥലത്തിലെ ആത്മാക്കൾക്ക് വേണ്ടിയും പ്രാർത്ഥിക്കണം.

**ചാവറ അച്ചനുണ്ടായിരുന്ന മൂന്നു ഭക്തികൾ:**

**ഒന്ന്, വി. കുർബാനയോടുള്ള ഭക്തി:** വി. കുർബാനയുടെ മുമ്പിൽ മണിക്കുറുകളോളം ചാവറ അച്ചൻ കഴിച്ചു കൂട്ടി. തന്റെ പ്രവർത്തനങ്ങൾക്കെല്ലാം



www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

ശക്തി ലഭിക്കുന്നത് വി. കുർബാനയിൽ നിന്നാണെന്ന് ചാവറ അച്ചൻ പ്രസ്താവിച്ചു. നാൽപതു മണി ആരാധന സ്ഥാപിക്കുകയും ചെയ്തു.

**രണ്ട്, തിരുക്കുടുംബത്തോടുള്ള ഭക്തി:** തിരുക്കുടുംബത്തിന്റെ ചാവറ കുറിയാക്കോസ് എന്നാണ് ചാവറ അച്ചൻ തന്നെത്തന്നെ അഭിസംബോധന ചെയ്തത്. തനിക്കു കുടുംബ സ്വത്തായി ലഭിച്ചത് തന്റെ അമ്മയുടെ സ്നേഹവും, തിരുക്കുടുംബ ഭക്തിയുമാണെന്ന് ചാവറ അച്ചൻ പറയുന്നു. എല്ലാ കുടുംബങ്ങളും തിരുക്കുടുംബങ്ങൾ ആകുവാൻ അദ്ദേഹം ആഗ്രഹിക്കുകയും കുടുംബങ്ങളെ ഉപദേശിക്കുകയും ചെയ്തു. കേരളത്തിൽ തിരുക്കുടുംബ ഭക്തി പ്രചരിപ്പിച്ചു. 'കുടുംബ ചട്ടങ്ങൾ' അല്ലെങ്കിൽ 'ഒരു നല്ല അപ്പന്റെ ചാവരുളി'ലൂടെ അദ്ദേഹം കുടുംബങ്ങളെ ഉപദേശിച്ചു.

**മൂന്ന്, പരി. മാതാവിനോടുള്ള ഭക്തി:** കൊന്ത നമസ്കാരവും, ഉത്തരീയ ഭക്തിയും അദ്ദേഹം കേരളത്തിൽ പ്രചരിപ്പിച്ചു. മാതാവിന്റെ വണക്കമാസഭക്തിയും അദ്ദേഹം ആരംഭിച്ചു. താൻ നന്നേ ചെറുപ്പമായിരുന്നപ്പോൾ എല്ലാ വർഷവും തന്റെ അമ്മ തന്നെ വെച്ചൂർ പള്ളിയിൽ പരി. മറിയത്തിനു അടിമ വച്ചത് ചാവറ അച്ചൻ സാക്ഷ്യപ്പെടുത്തുന്നു. തന്റെ അമ്മ മരിച്ചപ്പോൾ മുതൽ തന്റെ സ്വന്തം അമ്മയായി തന്നെ സംരക്ഷിക്കുവാൻ പ്രാർത്ഥിച്ചു.

പരി. മാതാവിനോടുള്ള ഭക്തി കേരളസഭയിൽ പ്രചരിപ്പിക്കുവാൻ ഉത്തരീയ ഭക്തി, ഉത്തരീയ സഭ, അമലോത്ഭവ ഭക്തി, വ്യാകുല മാതാഭക്തി, ജപമാല സഭ, മരിയസഖ്യം ആദിയായ പല മാർഗ്ഗങ്ങളിലൂടെയും, ധ്യാനങ്ങളാലും, പ്രസംഗം, സംഘടനകൾ കൊണ്ടും, പ്രസിദ്ധീകരണങ്ങൾ കൊണ്ടും ചാവറ അച്ചനും കൂട്ടരും പരിശ്രമിച്ചു.

**മാന്നാനം പള്ളിയിലെ പ്രധാന അൾത്താരക്കു ലഭിച്ച പ്രത്യേക ആനുകൂല്യം:**

പരി. ഒമ്പതാം പീയൂസ് മാർപാപ്പ, 1860 -ൽ ചാവറ അച്ചന്റെ അപേക്ഷപ്രകാരം മാന്നാനം പള്ളിയിലെ വലിയ അൾത്താരക്ക് 'പ്രിവിലേജിയം' എന്ന പ്രത്യേക പദവി നല്കുകയുണ്ടായി. ഇതിന്റെ പ്രത്യേകതകൾ: ഈ അൾത്താരയിൽ വി. കുർബാന അർപ്പിക്കുന്ന വൈദികനും, വിശ്വാസികൾക്കും പൂർണ്ണ ദണ്ഡവിമോചനവും പ്രത്യേക അനുഗ്രഹങ്ങളും ലഭിക്കും. പ്രധാനമായി മരണമടഞ്ഞവർക്ക് വേണ്ടി വി. കുർബാന അർപ്പിക്കുമ്പോൾ അവരുടെ ആത്മാവ് എല്ലാ പാപത്തിൽ നിന്നും മോചിതരായി സ്വർഗ്ഗഭാഗ്യം നേടുകയും ചെയ്യും.

**മാന്നാനം പള്ളിയിലെ പള്ളിമണിയെപ്പറ്റി ചാവറ അച്ചൻ പറയുന്നത്:**

മാന്നാനത്തെ പള്ളി മണിക്ക് ചാവറ അച്ചൻ നല്കിയ പേർ 'യൗസേപ്പ്' എന്നത്രേ. പ്രത്യേകം അഭിഷേകം ചെയ്യപ്പെട്ട പള്ളിമണിയാണ് ഇത്. പള്ളി മണി ആരാധന സമയങ്ങൾ അറിയിക്കുക മാത്രമല്ല, ആ പള്ളി മണിയുടെ സ്വരം കേൾക്കുന്ന ദിക്കിലുള്ള ജനങ്ങൾക്ക് പല മനോഗുണങ്ങൾ ഉണ്ടാകുന്നതും, പാപികൾ പാപങ്ങളിൽ നിന്നും പിന്തിരിയുകയും, പിശാചുപീഡകൾ, ഇടിമിന്നൽ, പെരുങ്കാറ്റ്, ആലിപ്പഴം, വസന്തകൾ, മുതലായ ഉപദ്രവങ്ങൾ ആ ഇടങ്ങളിൽ ഉണ്ടാവുകയില്ലെന്നും ചാവറ അച്ചൻ പറയുന്നു.

**1856–1857** കാലഘട്ടങ്ങളിൽ ചാവറ അച്ചൻ കൂനമ്മാവിലെ സെമിനാരി വിദ്യാർത്ഥികൾക്കായി 10 *ഇടയ നാടകങ്ങൾ* (*എക്ലോഗുകൾ* അഥവാ *ഷെപ്പേർഡ് പ്ലേ*) എഴുതുകയും അവ തുടർച്ചയായി അവതരിപ്പിക്കുകയും ചെയ്തു. 'എക്ലോഗ്' എന്ന വാക്കിനർത്ഥം 'ഇടയഗാനം', 'ഗ്രാമീണ ഗീതം' എന്നൊക്കെയാണ്. ഗ്രാമീണരുടെ ലളിതജീവിതവും അത് നല്കുന്ന ആനന്ദവുമെല്ലാമാണ് ഇത്തരം ഇടയ ഗീതങ്ങളിലെ പ്രതിപാദ്യം. ഇന്ത്യൻ ഭാഷകളിൽ ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെടാത്ത ആദ്യ നാടക രചനയാണ് ചാവറ അച്ചന്റെ ഇടയ നാടകങ്ങൾ. ദീനബന്ധു മിശ്ര 1860-ലും, കേരള വർമ്മ വലിയ കോയിത്തമ്പുരാൻ 1882-ലും നാടകങ്ങൾ രചിച്ചിട്ടുണ്ട്. മനുഷ്യന്റെ നിത്യരക്ഷയാണ് ഇടയ നാടകങ്ങളുടെ പ്രമേയം. 'പുതപ്പുനാടകം' എന്ന പേരിലും ഇടയ നാടകങ്ങൾ അറിയപ്പെടുന്നു. പഴയ പുതപ്പുകൾ മാത്രമേ വേഷമായി ഉപയോഗിക്കൂ. അമ്പഴക്കാട് ആശ്രമത്തിലാണ് ഈ നാടകങ്ങളുടെ യഥാർത്ഥ കൃതികൾ സൂക്ഷിക്കപ്പെട്ടിരുന്നത്. കേരള സാഹിത്യ അക്കാദമി ചാവറ അച്ചന്റെ ഇടയ നാടകങ്ങൾ പ്രസിദ്ധീകരിച്ചു.

**നല്മരണ സഭ/നല്മരണ സഖ്യം**

'നല്മരണ സഭ/നല്മരണ സഖ്യം' ആരംഭിച്ചത് ചാവറ അച്ചനാണ്. കൈനകരിയിലെ കുരിശുപള്ളിക്കു സമീപം 1869-ൽ ഈ പ്രസ്ഥാനത്തിന് തുടക്കമായി. ഇതിൽ അംഗങ്ങളാകുന്നവർ ചെയ്യേണ്ടവ: സ്വയം നല്ല മരണത്തിനു ഒരുങ്ങുക. മറ്റുള്ളവരെ നല്ല മരണത്തിനായി ഒരുക്കുക. അവർക്കുവേണ്ടി പ്രാർത്ഥിക്കുക. ഞാൻ മരിക്കുമെന്നും, നിരൂപിക്കാത്ത നേരത്ത് മരണം എനിക്ക് സംഭവിക്കുമെന്നും അതിനാൽ മരണത്തിനായി എപ്പോഴും ഒരുങ്ങിയിരിക്കണമെന്നും, മാത്രമല്ല എപ്പോഴെങ്കിലും പാപം ചെയ്യുവാൻ ഇടയായാൽ ഉടനെ കുമ്പസാരിച്ച് പാപമോചനം നേടുകയും ചെയ്യുക. ദീനമായി കിടക്കുന്നവരെയും, മരണം അടുത്തവരെയും, പരിചരിക്കുകയും അവരുടെ അടുത്തിരുന്ന് പ്രാർത്ഥിക്കുകയും ചെയ്യുക. പിച്ച തെണ്ടി നടക്കുന്നവർ, ആശ്രയമില്ലാതെ അലഞ്ഞു നടക്കുന്നവർ, മനോരോഗികൾ, ആരോരുമില്ലാത്ത വയസ്സായവർ തുടങ്ങിയവരെ പാർപ്പിച്ചു സംരക്ഷിക്കുക, അവരെയും നല്ല മരണത്തിനു ഒരുക്കുക. ഇങ്ങനെയുള്ളവരെ സംരക്ഷിക്കുവാൻ ഒരു അനാഥാലയം/ഉപവി ശാല സ്ഥാപിക്കുകയും ചെയ്തു.

**ചാവറ പിതാവിന്റെ സാഹിത്യകൃതികൾ:**

*ആത്മാനുതാപം*, *അനസ്താസ്സിയായുടെ രക്തസാക്ഷ്യം*, *മരണവീട്ടിൽ പാടുന്നതിനുള്ള പാന* എന്നിവയാണ് ചാവറ അച്ചൻ രചിച്ച സാഹിത്യകൃതികൾ. *ധ്യാന സല്ലാപങ്ങൾ* ചാവറ അച്ചന്റെ ധ്യാന ചിന്ത



www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India



കളാണ്. *എക്ലോഗുകൾ* അല്ലെങ്കിൽ *ഇടയനാടകങ്ങൾ* എന്ന പേരിൽ ക്രിസ്തുമസ്സിനോടനുബന്ധിച്ചുള്ള വിഷയങ്ങൾ ഉൾപ്പെടുത്തി ചാവറ അച്ചൻ നാടകങ്ങളും രചിച്ചു.

*ആത്മാനുതാപം* എന്ന മഹാകാവ്യത്തിനു 4021 വരികളാണുള്ളത്. *അനസ്താസ്സിയയുടെ രക്തസാക്ഷ്യം* എന്ന ഖണ്ഡ കാവ്യത്തിനു 182 വരികളും, *മരണവീട്ടിൽ പാടുന്നതിനുള്ള പാനക്ക്* 1162 വരികളും. 1869 കാലഘട്ടങ്ങളിലാണ് ചാവറ അച്ചൻ *ആത്മാനുതാപം* രചിക്കുന്നത്. ദ്രുത കാകളി, മഞ്ജരി, കേക തുടങ്ങിയ വൃത്തങ്ങളും ഏകാക്ഷര പ്രാസം, ദ്വിതീയ അക്ഷര പ്രാസം തുടങ്ങിയ പ്രത്യേകതകളും ഈ കവിതകളിലുണ്ട്. മലയാളത്തിലെ പ്രശസ്തങ്ങളായ 16-ൽ പരം ദ്രാവിഡ വൃത്തങ്ങളിലാണ് ചാവറ അച്ചൻ കവിത രചിച്ചത്. പരിമിതമായ വാക്കുകൾ മാത്രമുള്ള ഋ എന്നത് ആദ്യാക്ഷരമായി സ്വീകരിച്ചു അദ്ദേഹം കവിത എഴുതി. ക, ഖ, ഗ, ഘ എന്നീ അക്ഷരങ്ങൾ ആദ്യാക്ഷര പ്രാസമായ് സ്വീകരിച്ചും *ആത്മാനുതാപത്തിൽ* കവിതയെഴുതി. ആകാശം എന്നർത്ഥമുള്ള ഖം ഉപയോഗിച്ച് എഴുതിയ ഏതാനും വരികൾ:

*ഖം നരകം ധരണി മൂന്നു ജഗമതിന്റെ നായകൻ*
*ഖഗമസംഖ്യ താരകങ്ങളാദിയായ സർവ്വവും*
*ഖമിൽ ഗമിക്കും പക്ഷിയാദി സൃഷ്ടിചെയ്തു*
*മേ സുതൻ*
*ഖലർ കരങ്ങളാലെ ദിവ്യമധുരമായ തിരുമുഖം.*

**പ്രിയോർ മാവ്:**

ഏറെ പ്രസിദ്ധവും, സ്വാദും, രുചിയുമുള്ള ഒരു മാമ്പഴമത്രേ പേരക്ക മാങ്ങാ. ഇതിനു പ്രിയോർ മാമ്പഴം എന്നു കൂടി പേരുണ്ട്. ചാവറ അച്ചനു ആരോ സമ്മാനിച്ച മാമ്പഴങ്ങളുടെ വിത്തുകൾ ചാവറ അച്ചൻ കൂനമ്മാവിൽ നട്ടുവളർത്തിയിരുന്നു. ഇതിൽ നിന്നും ലഭിച്ച മാമ്പഴങ്ങൾ താൻ സ്ഥാപിച്ച ആശ്രമങ്ങളിലൂടെയും മഠങ്ങൾ വഴിയും പ്രചരിച്ചു. ചാവറ അച്ചന്റെ മരണശേഷം ചാവറ അച്ചൻ നട്ടുപിടിപ്പിച്ച മാവ് എങ്ങനെയോ ഉണങ്ങിപ്പോവുകയും അധികാരികൾ മാവിന്റെ തടി വട്ടത്തിൽ മുറിച്ച് എല്ലാ ആശ്രമങ്ങളിലും എത്തിച്ചു കൊടുക്കുകയും ചെയ്തു. കൂനമ്മാവിലെ മഠത്തിലേക്ക് ചാവറ അച്ചൻ എഴുതുന്നത്: "ഇത് ഇന്ത്യയിൽ ഉള്ളതിൽ വച്ച് ഒന്നാംതരം, നല്ല മൂപ്പാകയാൽ ഒന്നിന്റെ മുഖം കൂടുതൽ പഴുത്തു പോയി. എങ്കിലും നിങ്ങൾ ഇതിന്റെ രുചി അറിഞ്ഞു കിളിപ്പിച്ചു ഉണ്ടാക്കുവാനായി കൊടുത്തയക്കുന്നു. എന്നാൽ തെരിതായിട്ടു അൽപം തൊലി ചെത്തിക്കളഞ്ഞിട്ടു പൂളി എല്ലാവർക്കും കൊടുക്കുക."

**വി. അൽഫോൻസാമ്മക്കു ലഭിച്ച രോഗശാന്തി:**

ചില രോഗങ്ങളാൽ അത്യധികം സഹിച്ചപ്പോൾ അൽഫോൻസാമ്മ ചാവറ അച്ചനോട് പ്രാർത്ഥിക്കുകയും ചാവറ അച്ചൻ അൽഫോൻസാമ്മക്ക് മൂന്ന് പ്രാവശ്യം സ്വപ്നത്തിൽ പ്രത്യക്ഷപ്പെടുകയും ആ രോഗങ്ങളിൽ നിന്നും സൗഖ്യം നല്കുകയും ചെയ്തു. അൽഫോൻസാമ്മ തന്നെ ഈ അത്ഭുത രോഗശാന്തിയെപ്പറ്റി എഴുതി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

**ഹരിജനങ്ങളുടെ ഉന്നമനത്തിനായി ചാവറ അച്ചൻ തുടങ്ങിയ പ്രസ്ഥാനങ്ങൾ:**

*പിടിയരി പ്രസ്ഥാനം:* എല്ലാ കുടുംബങ്ങളോടും ചാവറ അച്ചൻ ആവശ്യപ്പെട്ടു; കഞ്ഞിക്ക് അരിയിടുമ്പോൾ ഒരുപിടി അരി മാറ്റി വയ്ക്കുവാൻ. അങ്ങനെ ലഭിച്ച അരിയത്രേ ഹരിജനങ്ങൾക്കും പ്രത്യേകിച്ച്, താൻ തുടങ്ങി വച്ച സ്കൂളിൽ കുട്ടികൾക്കുള്ള ഉച്ച ഭക്ഷണത്തിനും ഉപയോഗിച്ചത്.

*കെട്ടുതെങ്ങു പ്രസ്ഥാനം:* എല്ലാ കത്തോലിക്കാ കുടുംബങ്ങളിലും ഒരു തെങ്ങ് പള്ളിക്കായി മാറ്റി വയ്ക്കുവാൻ ചാവറ അച്ചൻ ആവശ്യപ്പെട്ടു. അതിൽ



www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA



നിന്നും ലഭിച്ച വരുമാനവും ഹരിജനങ്ങളുടെ ഉന്നമനത്തിനായി ഉപയോഗിച്ചു.

*നൂറ്റിക്കഞ്ചു പ്രസ്ഥാനം:* എല്ലാ പള്ളികളുടെയും വാർഷിക വരുമാനത്തിന്റെ അഞ്ചു ശതമാനം ഹരിജനങ്ങളുടെ ക്ഷേമത്തിനായി നൽകണമെന്ന് ചാവറ അച്ചൻ ആവശ്യപ്പെടുകയും നടപ്പാക്കുകയും ചെയ്തു.

1866 സി.എം.സി സന്യാസിനിസഭ കൂനമ്മാവുങ്കൽ ആരംഭിക്കുന്നു. കൂനമ്മാവിൽ കന്യാസ്ത്രീകൾക്കുവേണ്ടി മഠം പണി തുടങ്ങിയപ്പോൾ 18 രൂപ മാത്രമാണ് ചാവറ അച്ചന്റെ പക്കലുണ്ടയിരുന്നത്. 8000 രൂപ വരെ പിരിച്ച് വലിയൊരു മഠം പണികഴിപ്പിച്ചത് അക്കാലത്തെ നിലക്ക് ഒരു വലിയ അത്ഭുതമായി പറയപ്പെടുന്നു.

1868 കൈനകരിയിലെ തന്റെ ഇടവകക്കാർക്കു വേണ്ടി *ഒരു നല്ല അപ്പന്റെ ചാവരുളുകൾ* എഴുതപ്പെടുന്നു.

1871 ജനുവരി മൂന്നിനു ചാവറ അച്ചൻ കുനംമാവിൽ വച്ച് മരണമടയുന്നു. പിറ്റേദിവസം ജനുവരി നാലിനു കൂനംമാവിൽ വി. ഫിലോമിന ദേവാലയത്തിൽ ചാവറ അച്ചനെ സംസ്ക്കരിച്ചു.

1889 കൂനമ്മാവിൽ സംസ്ക്കരിച്ച ചാവറ അച്ചന്റെ ഭൌതികാവശിഷ്ടങ്ങൾ മാന്നാനം ആശ്രമ ദേവാലയത്തിലേക്ക് മാറ്റി സ്ഥാപിച്ചു.

1936 ചാവറ അച്ചനെ വിശുദ്ധനാക്കാനുള്ള നടപടികൾ സി.എം.ഐ. സഭയുടെ നേതൃത്വത്തിൽ ആരംഭിക്കുന്നു

1984 വി. ജോൺ പോൾ മാർപാപ്പ ചാവറ അച്ചനെ 'ധന്യനായി' പ്രഖ്യാപിക്കുന്നു.

1987 മുൻ രാഷ്ട്രപതി ആർ വെങ്കട്ടരാമൻ ചാവറ അച്ചന്റെ തപാൽ സ്റ്റാമ്പ്, തിരുവനന്തപുരത്തു വച്ചു നടന്ന ഒരു ചടങ്ങിൽ പ്രകാശനം ചെയ്തു.

1986 കോട്ടയത്തു വച്ച് വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ ചാവറ അച്ചനെ 'വാഴത്തപ്പെട്ടവനായി' പ്രഖ്യാപിക്കുന്നു.

2014 നവംബർ 23-ന് റോമ്മിൽ വച്ച് ചാവറ അച്ചനെ വിശുദ്ധനെന്നു പ്രഖ്യാപിക്കുന്നു.

**ചാവറ അച്ചന്റെ ആധ്യാത്മികത ചുരുക്കത്തിൽ:**

**സ്മരിക്കലും, ജ്വലിക്കലും:** ദൈവം നല്കിയ നിരവധി ദാനങ്ങൾക്ക് എപ്പോഴും നന്ദി പറയുകയും, ദൈവ സ്നേഹത്തിൽ ജ്വലിക്കുകയും ചെയ്യുക.

**സ്മരിക്കലും, തപിക്കലും:** സ്വന്തം പാപങ്ങളെ സ്മരിക്കുകയും ദൈവത്തെ വേദനിപ്പിച്ചതിൽ പശ്ചാത്തപിക്കുകയും ചെയ്യുക.

**സ്മരിക്കലും, ഉജ്ജ്വലിക്കലും:** താൻ ദൈവത്തോട് അവിശ്വസ്തത കാണിച്ചുവെങ്കിലും, ദൈവം തന്നെ ശപിക്കാതെ തനിക്കു ധാരാളം അനുഗ്രഹങ്ങൾ നല്കി. ദൈവത്തിന്റെ ആ സ്നേഹത്തെ ഓർത്തു ഉജ്ജ്വലിക്കുക.

**തുനിയലും ഇറങ്ങലും:** ദൈവം തനിക്കു തന്ന നിരവധി നന്മകളെയും കഴിവുകളേയും ഓർത്ത് മനുഷ്യന്റെ നന്മക്കായി അവയെ പ്രയോജനപ്പെടുത്തുവാൻ ഇറങ്ങി പുറപ്പെടുക.

**ചാവറ അച്ചന്റെ ആദ്ധ്യാത്മികതയുടെ ആകെത്തുക പ്രാർത്ഥനയും പ്രവർത്തനവുമായിരുന്നു.**

വെറും അറുപത്തിആറു വർഷത്തെ ഈ ലോകജീവിതത്തിനിടയിൽ നാലു പുരുഷായുസ്സുകൾ കൊണ്ടുപോലും ചെയ്തു തീർക്കുവാൻ പറ്റാത്തത്ര കാര്യങ്ങളാണത്രെ ചാവറ പിതാവ് ദൈവമഹത്വത്തിനും, ദൈവ ജനത്തിന്റെ നന്മക്കുംവേണ്ടി ചെയ്തുകൂട്ടിയത്. കൺമുമ്പിൽ കാണപ്പെട്ട നന്മകൾ മുഴുവനും ചാവറ പിതാവ് ചെയ്തു. ○



www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

# ചാവറയച്ചനും സീറോ മലബാർ സഭയും

**മാർ ജോസഫ് പൗവത്തിൽ** (ചങ്ങനാശ്ശേരി അതിരൂപതയുടെ മുൻ മെത്രാപ്പോലീത്താ)

മാർത്തോമ്മാ നസ്രാണികളുടെ ചരിത്രം ഏറെ സങ്കീർണ്ണമാണ്. സ്വദേശീയവും വിദേശീയവുമായ ഘടകങ്ങളും ഒപ്പം ആകസ്മികമായി കടന്നുവന്ന പല സംഭവങ്ങളും ചരിത്രം സങ്കീർണ്ണമാക്കാൻ ഇടയാക്കിയിട്ടുണ്ട്. ഈ സഭാചരിത്രത്തിന്റെ നാൾവഴിയിൽ വിശുദ്ധിയുടെയും വിജ്ഞാനത്തിന്റെയും സഹിഷ്ണുതയുടെയും തീക്ഷ്ണതയുടെയും പുണ്യപ്രഭാപൂരം ചാർത്തി നിൽക്കുന്ന വിശിഷ്ട വ്യക്തിത്വമാണ് വാഴ്ത്തപ്പെട്ട ചാവറയച്ചന്റേത്. സീറോ-മലബാർ സഭയുടെ വിശുദ്ധനായ ഒരു വീരപുത്രനായിരുന്നു അദ്ദേഹം. തീക്ഷ്ണമതിയായ ഒരു അജപാലകശ്രേഷ്ഠൻ, താപസ ജീവിതത്തിന്റെ നൈർമ്മല്യവിശുദ്ധികൾ തന്റെ സന്യാസജീവിതത്തിലൂടെ സഭയ്ക്കും ലോകത്തിനും മുമ്പിൽ തെളിച്ചുവച്ച സീറോ-മലബാർ സഭയിലെ (അദ്ദേഹത്തിന്റെ ഭാഷയിൽ കൽദായ സുറിയാനി സഭയിലെ) ആദ്യ സന്യാസിയെന്ന നിലയിലാണ് നാമിന്ന് അദ്ദേഹത്തെ ബഹുമാനിക്കുകയും വണങ്ങുകയും ചെയ്യുന്നത്.

സഭാചരിത്രത്തിലെ പ്രശ്നസങ്കീർണമായ ഒരു കാലഘട്ടമായിരുന്നു ചാവറയച്ചന്റേത്. യൂറോപ്യന്മാരായ കർമ്മലീത്താ മിഷനറിമാരുടെ ഭരണകാലം. മിഷനറിമാരുടെ ഭരണത്തിന്റെ കീഴിൽ തങ്ങളുടെ സുറിയാനി കത്തോലിക്കാ സമൂഹം സാമൂഹ്യമായും വിദ്യാഭ്യാസപരമായും സഭാപരമായും പിന്നോക്കം പോകുന്നുവെന്ന ചിന്തയായിരുന്നു സാമാന്യമായി അന്നു നിലനിന്നിരുന്നത്. അതിനു കാരണമായിരുന്നത് ഈ സഭയിൽനിന്നുതന്നെയുള്ള മെത്രാന്മാരില്ലാത്തതാണെന്നായിരുന്നു പൊതുവായ കണ്ടെത്തൽ. സഹോദരീസഭയായ യാക്കോബായ സഭയ്ക്ക് സ്വന്തം 'ജാതി'യിൽ മെത്രാന്മാരുണ്ട് എന്നതും 'സ്വജാതീയ' മെത്രാന്മാർ വേണം എന്ന വാദഗതിക്ക് ആക്കം കൂട്ടിയിരുന്നു. അതിനുവേണ്ടി റോമിലും ലിസ്ബണിലുമൊക്കെ ഏറെ ശ്രമങ്ങൾ നടന്നു. 16-ാം നൂറ്റാണ്ടുവരെ തങ്ങൾക്ക് അജപാലനശുശ്രൂഷ നൽകിയ കൽദായസഭാകേന്ദ്രത്തിൽ നൽകിയ നിരന്തരമായ നിവേദനങ്ങളുടെ ഫലമായി മലബാറിലെ സ്ഥിതിഗതികൾ പഠിക്കുവാൻ കൽദായ കത്തോലിക്കാ പാത്രിയർക്കീസ് അവിടെനിന്നും തോമസ് റോക്കോസ് എന്ന സുറിയാനി മെത്രാനെ അയച്ചു. അദ്ദേഹത്തെ സ്വീകരിച്ചാനയിക്കാനെത്തിയ പള്ളിക്കാരുടെയും പട്ടക്കാരുടെയും സമുദായ നേതാക്കന്മാരുടെയും ബാഹുല്യം യൂറോപ്യൻ മിഷനറി നേതൃത്വത്തെ ഭയചകിതരാക്കി. സ്വന്തം റീത്തിൽപ്പെട്ട മെത്രാൻ വന്നതിൽ ആവേശംപൂണ്ട് അദ്ദേഹത്തെക്കൊണ്ട് പട്ടംകൊടുക്കലും ഇടവക സന്ദർശനവും നടത്തിക്കിട്ടാൻ വിശ്വാസികൾ ഉത്സാഹിച്ചു. അതിന് റോക്കോസ് മെത്രാൻ വഴങ്ങുകയും ചെയ്തു. ഈ സാഹചര്യത്തിൽ നസ്രാണിസഭയെ ശീശ്മയിൽനിന്നും രക്ഷിക്കുവാനും നയിക്കാനുമായി ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചനെ വരാപ്പുഴയിൽ വികാരിജനറാളായി 1861 ജൂൺ രണ്ടിന് മെത്രാപ്പോലീത്ത നിയമിച്ചു.

എങ്കിലും സമുദായാംഗങ്ങളെ സാന്ത്വനപ്പെടുത്തുന്നതിനും സമുദായത്തെ ഉൽക്കർഷത്തിലേക്ക് നയിക്കുന്നതിനും 'സ്വജാതീയ' മെത്രാന്മാർ ഉണ്ടായേ തീരൂ എന്ന് ചാവറയച്ചൻ റോമിൽ അറിയിക്കുന്നുണ്ട്. ശീശ്മ ഉണ്ടാകാതിരിക്കണമെങ്കിലും മറ്റ് ക്രൈസ്തവസഭയുമായി ഐക്യം ഉണ്ടാകണമെങ്കിലും സമൂഹത്തിന് അഭിവൃദ്ധിയുണ്ടാകണമെങ്കിലും സ്വജാതീയ മെത്രാന്മാർ വേണമെന്നും അല്ലാത്തപക്ഷം സഭയിൽ ഭിന്നതകൾ രൂക്ഷമാവുകയേയുള്ളൂ എന്നുമായിരുന്നു ചാവറയച്ചന്റെ നിലപാട്. അതിനുവേണ്ടി ഒരു സന്യാസശ്രേഷ്ഠന്റെയും വികാരി ജനറാളിന്റെയും പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ശ്രമിച്ച വ്യക്തിയാണ് അദ്ദേഹം. പിൽക്കാലത്ത് നിധീരിക്കൽ മാണിക്കത്തനാരും മറ്റു പ്രമുഖരും ഇതേ ആവശ്യം ഉന്നയിച്ചുകൊണ്ടിരുന്നു.

ബഹുമാനപ്പെട്ട ചാവറയച്ചന്റെ പരിശ്രമങ്ങളിൽ ഏറ്റവും ശ്രദ്ധേയമായത് അദ്ദേഹം നേതൃത്വം കൊടുത്തു സ്ഥാപിച്ച കർമ്മലീത്ത സന്യാസസമൂഹമാണ് (സി.എം.ഐ.). ഈ സന്യാസഭവനങ്ങളെല്ലാം തന്നെ അറിവിന്റെയും ആധ്യാത്മികതയുടെയും കേന്ദ്രങ്ങളായിട്ടാണ് അറിയപ്പെട്ടത്. ഇന്ന് ലോകത്താകമാനം പ്രവർത്തിക്കുന്ന രണ്ടായിരത്തി ഇരുന്നൂറ് വൈദികർ ഈ സന്യാസസമൂഹത്തിലുണ്ട്. അതുപോലെ അദ്ദേഹം സ്ഥാപിച്ച സന്യാസിനീസമൂഹം (സി.എം.സി.) സ്ത്രീവിദ്യാഭ്യാസത്തിനും പെൺകുട്ടികളുടെ പരിശീലനത്തിനും ഈ കഴിഞ്ഞ ഒന്നര നൂറ്റാണ്ടുകാലം നൽകിയിട്ടുള്ള സേവനം ആദരപൂർവം മാത്രമേ അനുസ്മരിക്കാനാവൂ.

വിദ്യാഭ്യാസ പ്രവർത്തനങ്ങളെയും അഗതി ശുശ്രൂഷയെയും ചാവറയച്ചൻ ഏറെ പ്രോത്സാഹിപ്പിച്ചിരുന്നു. ആശയപ്രചാരണത്തിനായി പ്രസ്സും നിരാശ്രയർക്കും മ



CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org
www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA

രണാസന്നർക്കും താങ്ങും തണലുമായ ആശ്വാസഭവനങ്ങളും കത്തോലിക്കാവിദ്യാഭ്യാസം സ്വീകരിക്കുന്നവരെ പരിശീലിപ്പിക്കുന്നതിനായി പ്രത്യേക വേദികളും സംവിധാനങ്ങളും ഏതാണ്ട് ഒന്നര നൂറ്റാണ്ടുകൾക്ക് മുമ്പു തന്നെ അദ്ദേഹം ആസൂത്രണം ചെയ്തുവെന്ന് മനസ്സിലാക്കുമ്പോഴാണ് ആ പ്രേഷിതചൈതന്യത്തിന്റെ മഹത്വം നാം അറിയുക.

അദ്ദേഹം സുറിയാനി കത്തോലിക്കരുടെ ഇടയിൽ ദിവ്യകാരുണ്യ ആരാധനയും തിരുക്കുടുംബ വണക്കവും പ്രചരിപ്പിച്ചു. ഇവയെല്ലാം സ്വന്തം റീത്തിന്റെ പ്രകൃതിക്ക് യോജിച്ചതാണെന്നോ ആരാധനാരീതിക്ക് ചേരുന്നതാണെന്നോ എന്നുള്ള ചിന്തയൊന്നും അക്കാലത്ത് പ്രബലമായിരുന്നില്ലെന്നു നാം ഓർക്കേണ്ടതുണ്ട്. ഭക്താനുഷ്ഠാനങ്ങൾ ആരാധനാമാറ്റത്തിനു തന്നെ കേടുവരുത്തിയേക്കാമെന്ന് അന്ന് ചിന്തിക്കാനായില്ല.

സുറിയാനി ആരാധനക്രമവും സ്വന്തം സഭയിലെ മെത്രാനുമായാൽ മതി എന്ന ധാരണയായിരുന്നു പലർക്കും. അതുപോലെ പൗരസ്ത്യറീത്തിന്റെ പ്രകൃതിക്ക് നിരക്കാത്ത ഭക്താഭ്യാസങ്ങൾ പ്രോത്സാഹിപ്പിക്കരുതെന്ന് ഇന്നു നിലനിൽക്കുന്ന സഭാനിർദേശങ്ങളെപ്പറ്റിയൊന്നും അന്ന് അറിവുണ്ടായിരുന്നില്ലതാനും. വിശ്വാസികളുടെ ഇടയിൽ ഭക്തിജീവിതം വളർത്താനുള്ള ആത്മാർത്ഥമായ ശ്രമമായിരുന്നു അദ്ദേഹത്തിന്റേത്.

സ്വജാതീയ മെത്രാന്മാർക്കുവേണ്ടി അക്കാലത്തുണ്ടായിരുന്ന മുറവിളി (ചാവറയച്ചൻ യാഥാർത്ഥ്യ ബോധത്തോടെ റോമിൽ ബോദ്ധ്യപ്പെടുത്താൻ ശ്രമിച്ച ആവശ്യം) കേവലം സ്വജാതീയരുടെ ഭരണത്തിനുവേണ്ടിയുള്ളതായിരുന്നില്ലെന്നാണ് കാണുന്നത്. സ്വന്തം സഭയുടെ തനിമയും മഹത്വവും സംരക്ഷിക്കാനും വളർത്താനുമുള്ള തീക്ഷ്ണമായ ആഗ്രഹമായിരുന്നു അതിനുപിന്നിൽ. സ്വജാതീയ മെത്രാന്മാർ തങ്ങളുടെ സുറിയാനി ആരാധനനിയമത്തിന്റെ മഹത്വം സംരക്ഷിക്കാനും വളർത്താനും ശ്രമിക്കുന്നില്ലെന്നു പറഞ്ഞ് ഈ സംരംഭത്തിന് നേതൃത്വം കൊടുത്തവർതന്നെ പിന്നീട് സ്വന്തം മെത്രാന്മാരോട് സങ്കടം അറിയിക്കുന്നതായി ചരിത്രത്തിൽ കാണുന്നുണ്ട്. ലിയോ പതിമൂന്നാമൻ മാർപാപ്പയുടെ ഓറിയന്തീയും ഡിഗ്നിത്താസ് എന്ന ചാക്രികലേഖനത്തെ അടിസ്ഥാനമാക്കി സ്വന്തം ജാതിയിലെ മെത്രാന്മാരെ അവരുടെ കടമകളെക്കുറിച്ച് ബോദ്ധ്യപ്പെടുത്തുന്ന ഇവരുടെ ശ്രമങ്ങൾ ശ്രദ്ധേയമാണ്.

വ്യക്തമായ ദിശാബോധവും ഒപ്പം യാഥാർത്ഥ്യബോധവും ചേർന്ന ഒരു നേതൃത്വമായിരുന്നു ചാവറയച്ചൻ സീറോ-മലബാർ സഭയ്ക്ക് നൽകിയത്. സന്യാസജീവിതത്തിന്റെ വിശുദ്ധിയും വിവേകവും അദ്ദേഹത്തിന്റെ നേതൃത്വത്തിനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ സാമൂഹ്യ ദർശനങ്ങൾ ഇന്നും സഭാസമൂഹത്തിന് ആക്കവും ഉത്തേജനവുമാണ്. മലബാറിലെ സുറിയാനിസഭയ്ക്ക് ശ്രദ്ധേയമായ നേതൃത്വം നല്കിയ ചാവറയച്ചൻ നമുക്ക് മാതൃകയും പ്രചോദനവുമായിരിക്കട്ടെ. ○

കേരളകർമ്മലീത്താസഭയുടെ നേതൃത്വത്തിൽ സ്വജാതി മെത്രാന്മാരെ ലഭിക്കുവാൻ നടത്തിയ പരിശ്രമങ്ങളിൽ ഈ കർമ്മലീത്താസഭ വഹിച്ച പങ്ക് സ്വല്പം അനുസ്മരിക്കുക സന്ദർഭോചിതം ആയിരിക്കുമല്ലോ. കേരള ക്രൈസ്തവരുടെ മെത്രാപ്പോലീത്തയായി അങ്കമാലി സിംഹാസനത്തിൽ വാണിരുന്ന മാർ അബ്രാഹം കാലം ചെയ്തത് പതിനാറാം നൂറ്റാണ്ടിന്റെ അവസാന ദശകത്തിലാണ്, ഉദയംപേരൂർ സൂനഹദോസിന് മൂന്നോ നാലോ വർഷം മുമ്പ്. അന്നുമുതൽ ആരംഭിച്ചതാണ് നമ്മുടെ സ്വജാതിമെത്രാൻ പ്രസ്ഥാനം. പല പല നീർച്ചുഴികളിലും അടിയൊഴുക്കുകളിലും പെട്ടും ചിലപ്പോഴൊക്കെ അപഥസഞ്ചാരം ചെയ്തും രണ്ടരനൂറ്റാണ്ടു കാലം വട്ടം കറങ്ങിയ ഈ പ്രസ്ഥാന നൗകയെ, നേർവഴിക്ക് തിരിച്ച്, സമർത്ഥമായി അമരം പിടിച്ച്, ലക്ഷ്യപ്രാപ്തിയിലെത്തിച്ചത് നമ്മുടെ ഈ മഹാസ്ഥാപനം ആണെന്ന് നിസ്സംശയം പറയാം. ഈ കർമ്മലീത്താസഭ നമ്മുടെ സമുദായത്തിൽ ജന്മം കൊണ്ടില്ലായിരുന്നുവെങ്കിൽ അക്കാലത്ത് സ്വയംഭരണം ലഭിക്കുമായിരുന്നുവോ എന്നും നമ്മുടെ സഭയും സമുദായവും ഇന്നത്തെ രൂപത്തിൽ പുരോഗമിക്കുമായിരുന്നുവോ എന്നും സംശയിക്കണം.

## കളരിയിൽ ഇറങ്ങുന്നു

1831-ൽ മാന്നാനം ആശ്രമത്തിന്റെ സ്ഥാപനം. 1855-ൽ പ്രഥമസന്യാസികളുടെ വ്രതവാഗ്ദാനം. 1870-ൽ മെത്രാന്റെ ആവശ്യകത കാണിച്ച് സഭയുടെ ഒന്നാമത്തെ പ്രിയോർ സുസ്മരണാർഹനായ ചാവറ കുരിയാക്കോസ് ഏലിയാസ് അച്ചൻ അഖിലലോക കർമ്മലീത്താ സഭയുടെ പ്രിയോർ ജനറാളിന് ഒരു കത്തയക്കുന്നു. ഈ കത്ത് സഭാജനറാൾ വരാപ്പുഴ മെത്രാപ്പോലീത്തായ്ക്ക് അയച്ചുകൊടുക്കുന്നു. ആ നിമിഷം മുതൽ വരാപ്പുഴക്കാരുടെ ഭാവം ആകെ മാറി. പലതരം പീഡനങ്ങൾക്ക് സഭാംഗങ്ങൾ വിധേയരായിത്തീരുന്നു. കേരള കർമ്മലീത്താ സഭയുടെ അസ്തിത്വം പോലും ത്രാസ്സിൽ കിടന്നാടി എന്നു പറയാം. സുറിയാനിക്കാരുടെ സങ്കടങ്ങളെ ദാക്ഷിണ്യബുദ്ധ്യാ വീക്ഷിച്ചിരുന്ന മഹാശയൻ ലിയോപോൾഡ് മൂപ്പച്ചനെ കേരളത്തിൽ നിന്നും വരാപ്പുഴക്കാർ പറഞ്ഞയച്ചു. 1871-ൽ ചാവറയച്ചൻ ഇഹലോകം വെടിയുന്നു. പോരൂക്കര കുര്യാക്കോസ് ഏലിയാച്ചൻ കേരളസഭയുടെ പ്രിയോരാകുന്നു. വരാപ്പുഴക്കാരുടെ കോപത്താൽ ചകിതരാകാതെ ധീരോദാത്തരായ യുവ സന്യാസികൾ മുമ്പോട്ടു വരുന്നു. 1875-ൽ മാന്നാനം ആശ്രമത്തിൽ നിന്ന് ഒരു "പേരില്ലാ" സങ്കട ഹർജി ഇവിടത്തെ സ്ഥിതിഗതികൾ എല്ലാം കാണിച്ച് റോമാസിംഹാസനത്തിലേക്ക് സമർപ്പിക്കപ്പെടുന്നു. അതിനേത്തുടർന്ന് ഈ കൊവേന്തക്കാരുടെ ഉത്സാഹത്താൽ, സുറിയാനി സമുദായമദ്ധ്യത്തിൽനിന്ന് ഒട്ടുവളരെ അപേക്ഷകൾ റോമിലേക്ക് പോകുന്നു. ഇതെല്ലാം കണ്ട് കോപാക്രാന്തനായി വരാപ്പുഴ മെത്രാപ്പോലീത്ത ഏഴ് സ



www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# കേരള കർമ്മലീത്താസഭയും സ്വജാതിമെത്രാൻ പ്രസ്ഥാനവും

## എൻ. വി. ജോസഫ്

ന്യാസികളെ കേരളകർമ്മലീത്താസഭയിൽ നിന്നും ബഹിഷ്കരിക്കുന്നു. "ഏഴ് വ്യാകുലങ്ങൾ" എന്ന് അന്നുമുതൽ ഇവർ പ്രസിദ്ധി നേടി. 1876-ൽ പരിശുദ്ധ സിംഹാസനത്തിലെ വിസിത്തോർ അപ്പോസ്തോലിക്കയായി, ബോംബെ മെത്രാപ്പോലീത്ത, ജസ്വീറ്റ് സഭാംഗമായ, ഡോ. മൗറീൻ കേരളത്തിലെത്തുന്നു. മൗറീൻ മാന്നാനത്ത് വരുന്നു. സുറിയാനി വൈദികരുടെയും അല്മായരുടെയും മഹായോഗം മാന്നാനത്ത് സമ്മേളിക്കുന്നു. ഡോ. മൗറീൻ തന്റെ റിപ്പോർട്ട് പരിശുദ്ധ സിംഹാസനത്തിൽ സമർപ്പിക്കുന്നു. ഇതിന്റെയെല്ലാം ഫലമായി 1877-ൽ വരാപ്പുഴയുടെ ഭരണത്തിലിരുന്ന സുറിയാനിക്കാരെ പ്രത്യേകം തിരിച്ച് അവരെ ഭരിക്കാൻ മർസലീനോസ് മെത്രാനെ വരാപ്പുഴ മെത്രാപ്പോലീത്തയുടെ കീഴിൽ നിയമിക്കുന്നു. 1887-ൽ സുറിയാനിക്കാർക്കായി തൃശ്ശൂരും കോട്ടയത്തും (കോട്ടയം പിന്നെ ചങ്ങനാശ്ശേരിയായി) രണ്ട് വികാരിയാത്തുകൾ സ്ഥാപിക്കുന്നു. വരാപ്പുഴ ഭരണത്തിൽനിന്നും സുറിയാനിക്കാർ വിമുക്തരാകുന്നു. അക്കാലഘട്ടത്തിൽ കൊടുങ്ങല്ലൂർ രൂപത ഇല്ലാതാകയും ചെയ്തു.

1897-ൽ സ്വജാതി മെത്രാന്മാരുടെ കീഴിൽ തൃശ്ശൂർ, എറണാകുളം, ചങ്ങനാശ്ശേരി എന്നീ വികാരിയാത്തുകൾ രൂപം പ്രാപിച്ചു. പിന്നീട് തെക്കുംഭാഗം സുറിയാനിക്കാർക്കായി കോട്ടയം രൂപതയുണ്ടായി. ഒടുവിൽ 1923-ൽ സീറോ-മലബാർ ഹൈരാർക്കിയുടെ സ്ഥാപനത്തോടുകൂടി സ്വയംഭരണ സ്വജാതി മെത്രാൻപ്രസ്ഥാനം കലാശം ചവിട്ടുകയും ചെയ്തു. വൈദിക സ്വയംഭരണം സമ്പാദിക്കാൻ നടന്ന ഈ നാടകത്തിൽ സഭയ്ക്ക് പുറമേയുള്ള വൈദികരും അത്മായരും നടന്മാരായിരുന്നില്ല എന്ന് പറയുന്നതായി തെറ്റിദ്ധരിക്കരുത്. പക്ഷേ സൂത്രധാരത്വം മുഴുവൻ കർമ്മലീത്താസഭയിലായിരുന്നു.




### പരാജയകാരണങ്ങൾ

അങ്കമാലിയിലെ മാർ അബ്രാഹം മെത്രാപ്പോലീത്ത കാലധർമ്മം പ്രാപിച്ചതിനുശേഷം രണ്ടര നൂറ്റാണ്ടുകാലം നാം ശ്രമിച്ചിട്ടും സ്വജാതിമെത്രാനെ സമ്പാദിക്കാൻ കഴിഞ്ഞില്ല. റീത്തുഭേദങ്ങളും പ്രാദേശികവും ജാതീയവുമായ സ്വയംഭരണങ്ങളും അനുവദിക്കുക എന്നത് പണ്ടുകാലം മുതലേ കത്തോലിക്കാസഭ അംഗീകരിച്ചിട്ടുള്ള ഒരു ഭരണനയമാണ്. സ്ഥലകാലസാഹചര്യാപേക്ഷയാൽ വിസ്തൃതമാകുന്ന ഭരണനയമത്രെ കത്തോലിക്കാസഭയുടേത്. എന്നിട്ടും രണ്ടര ശതാബ്ദക്കാലം കാര്യസിദ്ധി നമുക്കുണ്ടായില്ലല്ലോ. കാരണമെന്ത്?

1599-ലെ ഉദയംപേരൂർ സൂനഹദോസിനെത്തുടർന്ന് യൂറോപ്യൻ മേധാവിത്വം കേരളസഭ വഹിക്കേണ്ടി വന്നതോടുകൂടി നാം വളരെ അനാഥരായി. പോർച്ചുഗീസുകാരുടേയും, ഡച്ചുകാരുടേയും രാഷ്ട്രീയ സ്വാധീനശക്തി കേരളത്തിൽ ഉണ്ടായിരുന്നപ്പോൾ സാമുദായികമായ നമ്മുടെ ആത്മവീര്യവും വളരെ ക്ഷയിച്ചു. പുത്തൻകൂർ ശീശ്മ നമ്മെ വളരെ ബലഹീനരാക്കിത്തീർത്തു. മനഃപൂർവമായാലും അല്ലെങ്കിലും യൂറോപ്യൻ മിഷ്യനറിമാർക്ക് നമ്മേപ്പറ്റി പല തെറ്റിദ്ധാരണകളും ഉണ്ടാകാനിടവന്നു. റോമ്മാസിംഹാസനം നമ്മേപ്പറ്റി അറിഞ്ഞിരുന്നതെല്ലാം ഈ മിഷ്യനറിമാർ വഴിയായിരുന്നു. ശരിയായ ക്രൈസ്തവമാനദണ്ഡം വെച്ചു നോക്കിയാൽ കുറെയൊക്കെ ന്യൂനതകൾ ഉള്ളവരുമായിരുന്നല്ലോ നമ്മൾ. ഇതിനുംപുറമേ നാം അറിഞ്ഞോ അറിയാതെയോ സ്വജാതിമെത്രാൻ വാദത്തിൽ ഒരു നയവൈകല്യം നമുക്ക് വന്നു ഭവിച്ചിരുന്നു. നമ്മുടെ ബാബേൽ പ്രവണതയായിരുന്നു അത്. ബാബേലിൽ നിന്നും കൽദായ മെത്രാനെ കിട്ടണമെന്നായിരുന്നു നമ്മുടെ സാമാന്യമായ പല്ലവി. ബാബേൽക്രിസ്ത്യാനികളേപ്പറ്റി ഒരവജ്ഞയാണ് റോമാസിംഹാസനത്തി



www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

നുണ്ടായിരുന്നത്. വാസ്തവം പറഞ്ഞാൽ ക്രിസ്തീയമായ സംസ്കാരത്തിന്റെ വിവിധമുഖങ്ങളിൽ ബാബേൽക്കാരേക്കാൾ വളരെ ഉയർന്നതായിരുന്നു, കഴിഞ്ഞ നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ കേരളക്രിസ്ത്യാനികളുടെ നില. കേരളസുറിയാനി സഭയുടെയും സമുദായത്തിന്റെയും പ്രാതിനിധ്യം വഹിച്ച് റോമാസിംഹാസനത്തെ സമീപിക്കാൻ പര്യാപ്തമായ ഒരു സംഘടന നമുക്കില്ലായിരുന്നു. ഈ ന്യൂനത പരിഹരിച്ചത് നമ്മുടെ കർമ്മലീത്താസഭയായിരുന്നു. കത്തോലിക്കാമത വിശ്വാസത്തിലും ദൈവഭക്തിയിലും ജീവിതശുദ്ധിയിലും സേവനവാസനയിലും യൂറോപ്യൻ മിഷ്യനറിമാരുടെ പിറകിൽ നില്ക്കേണ്ട കാര്യം നമ്മുടെ വൈദികർക്കില്ലെന്നു റോമിനും കൂടി ബോദ്ധ്യ മാകത്തക്ക ചില സന്ദർഭങ്ങളും അക്കാലത്ത് വന്നുചേർന്നു.

## പദ്രുവാദശീശ്മ

പാശ്ചാത്യ കർമ്മലീത്താമെത്രാന്മാരുടെ ഭരണം കേരളത്തിൽ ആരംഭിച്ചത് 17-ാം നൂറ്റാണ്ടിലായിരുന്നു. അക്കാലംമുതൽ കേരളത്തിലെ സുറിയാനിക്കാർ കൊടുങ്ങല്ലൂർ രൂപതയിലും വരാപ്പുഴയിലുമായി രണ്ടായി പിരിഞ്ഞു. ലത്തീൻകാർ കൊച്ചീരൂപതയിലും വരാപ്പുഴയിലുമായി തിരിഞ്ഞും കിടന്നിരുന്നു. കൊച്ചിയും കൊടുങ്ങല്ലൂരും പദ്രുവാദ ഏർപ്പാടിൽപ്പെട്ടവയായിരുന്നു. 1838-ൽ റോമാസിംഹാസനം പോർട്ടുഗൽ ഗവണ്മെന്റുമായുള്ള പദ്രുവാദബന്ധം ഛേദിച്ചു. ഉടനെ പുറപ്പെട്ടു ശീശ്മവിപ്ലവങ്ങൾ. കേരളത്തിൽ ലത്തീൻസമുദായത്തേയും സുറിയാനിസമുദായത്തേയും ഈ വിപ്ലവം ബാധിക്കാൻ തുടങ്ങി. ഇത് വരാപ്പുഴക്കാരെ വല്ലാതെ പരിഭ്രമിപ്പിച്ചു. 1831-ൽ ആണല്ലോ മാന്നാനം ആശ്രമം ഉണ്ടായത്. ഈ ആശ്രമത്തിന്റെ സ്ഥാപകരിൽ ഒരാളായ പോരൂക്കര തോമ്മാച്ചൻ അവിടെ വിശ്രമിച്ചിരുന്ന കാലത്താണ് പദ്രുവാദ വഴക്കുണ്ടായത്. ഈ വിപത്തിനെ നേരിടാൻ പോരൂക്കരയച്ചൻ വരാപ്പുഴക്കാരാൽ നിയുക്തനായി. കന്യാകുമാരിവരെ സഞ്ചരിച്ച് ഒട്ടുവളരെ പള്ളിക്കാരെ ശീശ്മയിൽനിന്നും വിടർത്തി വരാപ്പുഴ ഭരണത്തിലേയ്ക്കു തിരികെ ഇദ്ദേഹം കൊണ്ടുവന്നു. സ്വദേശി നേതൃത്വത്തിന് എത്രമാത്രം കഴിവുകൾ ഉണ്ടെന്ന് വരാപ്പുഴയ്ക്കും റോമിനും ഈ സംഭവംമൂലം സ്വല്പം മനസ്സിലാക്കിയിരിക്കണം. 1860-ൽ റോക്കോസ് ശീശ്മയും 1875-ൽ മേലൂസ് ശീശ്മയും സുറിയാനിസമുദായത്തിലുണ്ടായി. ഈ വിപത്തുകളേയും നേരിടാൻ വരാപ്പുഴക്കാർ നിയോഗിച്ചത് പ്രധാനമായി കർമ്മലീത്താവൈദികരെത്തന്നെ ആയിരുന്നു. ആ കൃത്യവും അതിസമർത്ഥമായി അവർ നിർവഹിച്ചു. ഇതിനിടയ്ക്ക് 'വലിയ പ്രിയോരച്ചൻ' എന്ന പേരിൽ വിഖ്യാതനായിത്തീർന്ന ചാവറ കുര്യാക്കോസ് ഏലിയാസച്ചനെ, വരാപ്പുഴ ഭരണത്തിൽപ്പെട്ട സുറിയാനിപ്പള്ളികളുടെ വികാരി ജനറാളായി വരാപ്പുഴ മെത്രാപ്പോലീത്ത നിശ്ചയിച്ചു. കൊടുങ്ങല്ലൂർ ഗോവർണ്ണദോർ, വരാപ്പുഴ വികാരി ജനറാൾ - ഇത്തരം സ്വദേശി നേതൃത്വത്തിന്റെ ഗുണഫലങ്ങൾ റോമിനു പോലും അക്കാലത്ത് ബോധ്യമായിരിക്കണം.



## സ്വജാതിമെത്രാൻ

സ്വജാതിമെത്രാനുവേണ്ടി നാം എപ്പോഴും തിരിഞ്ഞുകൊണ്ടിരുന്നത് ബാബേലിലെ കൽദായ റീത്തിലേക്കാണെന്ന് മുമ്പ് പ്രസ്താവിച്ചല്ലോ. പറമ്പിൽ ചാണ്ടിമെത്രാന്റെ സ്മരണയും, കരിയാറ്റിൽ മെത്രാപ്പോലീത്തായുടെ പരിശ്രമങ്ങളെപ്പറ്റിയുള്ള അറിവും ഉണ്ടായിരുന്നിട്ടും സ്വജാതിമെത്രാൻ എന്നു പറഞ്ഞാൽ ഒരു കേരളീയ സുറിയാനിമെത്രാൻ എന്ന ആശയം നമ്മിൽ അത്ര രൂഢമൂലമായിത്തീർന്നിരുന്നില്ല. ഈ ആശയംതന്നെ നമ്മുടെ സമുദായത്തിൽ പ്രചരിപ്പിച്ചത് നമ്മുടെ കർമ്മലീത്ത വൈദികരായിരുന്നു. ബാബേൽ വഴിക്കല്ലാതെ നേരിട്ടു റോമാസിംഹാസനത്തെ സമീപിക്കണമെന്നും തീരുമാനിച്ചത് ഇവരായിരുന്നു.

ഇതിനെല്ലാം പുറമേ, ഈ കർമ്മലീത്താസഭയിലെ പ്രാരംഭപ്രവർത്തകർ മതവിശ്വാസത്തിലും ഭക്തിയിലും ജീവിതശുദ്ധിയിലും വളരെ ഉയർന്നുനിന്നിരുന്നവരും കർമ്മധീരരും ത്യാഗസമ്പന്നരുമായിരുന്നു.

ഈ സാഹചര്യങ്ങളുടെയെല്ലാം ആനുപാതികമായ സംഭാവന സ്വജാതിമെത്രാൻ പ്രസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. സ്ഥലവും കാലവും നോക്കി കളമൊരുക്കി പറ്റിയ പന്തുരുട്ടി ഗോളെടുക്കുകയാണ് കേരള കർമ്മലീത്താസഭ ചെയ്തത്.

'ഭാരതമേ, നിന്റെ രക്ഷ നിന്റെ സന്താനങ്ങളുടെ കരങ്ങളിൽ' എന്ന 13-ാം ലെയോൻ മാർപാപ്പയുടെ പ്രവചനം നമ്മുടെ കർമ്മലീത്താസഭയുടെ ഹസ്തങ്ങളാൽ സാക്ഷാൽക്കരിക്കപ്പെടുവാൻ കർമ്മലമാതാവ് അനുഗ്രഹിക്കട്ടെ.

*(കർമ്മലകുസുമം 1955)*



www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# റോക്കോസ് ശീശ്മയും മേലൂസ് ശീശ്മയും: ഒരു ചരിത്രാവലോകനം

**ഡോ. ജെയിംസ് മാത്യു പാമ്പാറ** സി.എം.ഐ

**1. ആമുഖം**

2023 ഡിസംബർ 15-ാം തീയതിയിലെ *മാതൃഭൂമി* ദിനപത്രത്തിന്റെ "പാതിവഴിയിൽ പൊലിയുന്ന അവൻ" എന്ന തലക്കെട്ടിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന പഠനമനുസരിച്ച് (പേജ് 4) കേരളത്തിൽ 2021-ാമാണ്ടിൽ 7487 പുരുഷന്മാരും 2056 സ്ത്രീകളുമടക്കം 9543 പേരാണ് ആത്മഹത്യ ചെയ്തതെങ്കിൽ 2022-ൽ അത് 8031 പുരുഷന്മാരും 2129 സ്ത്രീകളുമടക്കം 10160 പേരുടെ ആത്മഹത്യയിലെത്തിനിൽക്കുന്നു. ഇവയിൽ തന്നെ 45 വയസ്സിന് മുകളിലുള്ള പുരുഷന്മാരിലാണ് ഏറ്റവും കൂടുതൽ ആത്മഹത്യകളുണ്ടായതെന്നും പ്രസ്തുത പഠനം സാക്ഷ്യപ്പെടുത്തുന്നു. 2023-ൽ ആത്മഹത്യാനിരക്ക് കൂടിയോ കുറഞ്ഞോ എന്ന് ഇപ്പോൾ പറയുവാനാവില്ലെങ്കിലും ഈ വർഷം സാക്ഷ്യം വഹിച്ച ഒരു ശ്രദ്ധേയമായ കടന്നുപോകലായിരുന്നു *എതിര്* എന്ന പേരിൽ പ്രസിദ്ധീകരിച്ച ആത്മകഥയ്ക്ക് കേരള സാഹിത്യ അക്കാദമിയുടെ അവാർഡ് ലഭിച്ചിട്ടും അത് നിരസിച്ച, "ഒത്തുതീർപ്പുകൾക്ക് വഴങ്ങാത്ത നൈതിക ജാഗ്രത" എന്ന് *മാതൃഭൂമി* ആഴ്ചപ്പതിപ്പ് (2023 ഡിസംബർ 17-23 പേജ് 4) വിശേഷിപ്പിച്ച എം കുഞ്ഞാമൻ എന്ന പ്രതിഭാശാലിയുടേത്. 2023 ഡിസംബർ മൂന്നാം തീയതി ഒരു ആത്മഹത്യാക്കുറിപ്പ് എഴുതിവച്ചിട്ട് ഇഹലോകവാസം അവസാനിപ്പിച്ച ആ പ്രതിഭാധനന്റെ ജീവിതാനുഭവം പട്ടിണിയുടേതും ജാതിപ്പേര് വിളിച്ചുള്ള അധിക്ഷേപത്തിന്റേതുമായിരുന്നെങ്കിൽ, നിശ്ചയ ദാർഢ്യത്തിന്റെയും കഠിനാധ്വാനത്തിന്റെയുമായുള്ള പാതയിലൂടെ ഇന്ത്യയിൽ അറിയപ്പെടുന്ന സാമ്പത്തിക വിദഗ്ദ്ധനും ദീർഘകാലം അധ്യാപകനും ദളിത് ചിന്തകനുമായി വളർന്ന ഇടതുവിമർശകൻ ഡോ. എം കുഞ്ഞാമൻ, ഒത്തുതീർപ്പുകൾക്ക് വഴങ്ങാതെ, സമാനതകളില്ലാത്ത ഒരു വ്യക്തിത്വത്തിന്റെ ഉടമയായി നിന്നുകൊണ്ട്, സമൂഹത്തിലെ അനീതിക്കെതിരെ നിരന്തരമായ പോരാട്ടം നടത്തിയതിന്റെ പേരിൽ ചരിത്രതാളുകളിൽ എന്നും ഇടംപിടിക്കുമെങ്കിലും ദാരിദ്ര്യം, ആത്മവിശ്വാസമില്ലായ്മ, അപകർഷതാബോധം എന്നീ ബാല്യകാല സമ്പാദ്യത്തിൽനിന്ന് ചവിട്ടിക്കയറി ഉത്തുംഗശൃംഗത്തോടടുക്കുമ്പോൾ ലക്ഷ്യം മറന്ന് പരാജയഭാവത്തിൽ ആയുധം താഴെവച്ച് കീഴടങ്ങിയല്ലോ എന്ന് അദ്ദേഹത്തെ ഓർത്ത് നാം പരിതപിക്കേണ്ടിയിരിക്കുന്നു. മൂന്നാം ക്ലാസിൽ പഠിക്കുമ്പോൾ, തന്നെ പാണനെന്ന് വിളിച്ച അധ്യാപകനോട് തനിക്കൊരു പേരുണ്ടെന്ന് പറയുവാനുള്ള ആർജ്ജവം കാണിച്ച കുഞ്ഞാമന് അടിമത്തം ആനന്ദമായി കരുതുന്നവരോട് യാതൊരു ഇടപാടുകളും ഇല്ലായിരുന്നുവെങ്കിലും സ്വാതന്ത്ര്യത്തെ പ്രാണവായുവിനെപ്പോലെ കരുതിയ അദ്ദേഹം മരണത്തെ സ്വയം പുൽകുവാനെടുത്ത സ്വാതന്ത്ര്യം, സ്വാതന്ത്ര്യത്തിന്റെ വികലമായ അർത്ഥമാണെന്ന അറിവ് അദ്ദേഹത്തിനുണ്ടായില്ല എന്നത് ദുഃഖകരം തന്നെ.

2023 കണ്ട മറ്റൊരു ആത്മകഥാകൃത്ത്, ബ്രിട്ടീഷ് രാജ്ഞിയുടെ പേരക്കുട്ടിയും, ഇന്നത്തെ ബ്രിട്ടീഷ് രാജാവായ ചാൾസിന്റെയും അകാലത്തിൽ അപമൃത്യുവിനിരയായ ഡയാനയുടെയും ഇളയ മകനുമായ ഹാരിരാജകുമാരനാണ്. *Spare* എന്ന പേരിൽ പുറത്തിറക്കിയിരിക്കുന്ന ഈ ആത്മകഥയുടെ 410 പുറങ്ങളിലുള്ള ആഖ്യാനം വായിക്കുമ്പോൾ, ആത്മകഥാകൃത്തിന്റെ പരാജയങ്ങളുടെ ഉത്തരവാദിത്വം മറ്റുള്ളവർക്കാണെന്ന് അനുവാചകരെ ബോധ്യപ്പെടുത്തുവാനുള്ള അദ്ദേഹത്തിന്റെ പരിശ്രമം വേണ്ട രീതിയിൽ വിജയിച്ചിട്ടില്ല എന്നേ പറയാനാവൂ. ഏറ്റവും വലിയ സുഖസൗകര്യങ്ങളുടെയും സാധ്യതകളുടെയും ലോകത്തിൽ പിറന്നിട്ടും കിട്ടിയ അവസരങ്ങളിൽ പലതും കൈമോശം വരുത്തിയിട്ട്, വളരുവാനുള്ള അവസരങ്ങൾ നഷ്ടപ്പെടുത്തിയിട്ട്, തെറ്റായ തീരുമാനങ്ങളുടെ പരിണിതഫലങ്ങളുടെ ഉത്തരവാദിത്വം മറ്റുള്ളവരിൽ ആരോപിക്കുന്നത് കാണുമ്പോൾ 'വിനാശകാലേ വിപരീത ബുദ്ധി' എന്ന പഴഞ്ചൊല്ലാണ് മനസ്സിലേക്ക് കടന്നുവരിക.

ഇങ്ങനെയുള്ള 'വിനാശകാലേ വിപരീത ബുദ്ധി'യുടെ രണ്ട് പ്രതിഫലനങ്ങളായിരുന്നു കേരള സുറിയാനി കത്തോലിക്കാസഭയിൽ 1861 ലും 1874 ലും ഉണ്ടായ രണ്ട് ശീശ്മകൾ: അതായത്, റോക്കോസ് ശീശ്മയും മേലൂസ് ശീശ്മയും.

**2. റോക്കോസ് ശീശ്മ**

1861 മെയ് മാസം 9-ന് കേരളത്തിൽ റോമാ മാർപാപ്പയുടെ അനുവാദമില്ലാതെ എത്തിച്ചേരുകയും, തന്നെ കൽദായസഭാ പാത്രിയാർക്കീസ് ഏൽപ്പിച്ച



www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ദൗത്യമായ ഇവിടുത്തെ സ്ഥിതിഗതികളറിഞ്ഞ് റിപ്പോർട്ട് ചെയ്യൽ എന്നതിനപ്പുറമായി, കേരള സുറിയാനി കത്തോലിക്ക തനയരുടെ ആഗ്രഹത്തിനും നിർബന്ധത്തിനും വഴങ്ങി അനധികൃതമായി ഈ സഭയിൽ അധികാരശുശ്രൂഷ നിർവഹിക്കുകയും ചെയ്ത മാർ തോമസ് റോക്കോസ് എന്ന പൗരസ്ത്യ സുറിയാനി മെത്രാന്റെ നടപടി മൂലമുണ്ടായ ശീശ്മയാണ് റോക്കോസ് ശീശ്മ എന്നറിയപ്പെടുന്നത്. റോക്കോസ് ശീശ്മ വളരെവേഗം പടർന്നുപിടിക്കുകയും അന്നുണ്ടായിരുന്ന സുറിയാനി കത്തോലിക്കാപള്ളികളിൽ 86 എണ്ണം പൂർണ്ണമായും 30 പള്ളികൾ ഭാഗികമായും റോക്കോസിന്റെ ഭരണം അംഗീകരിച്ചുകൊണ്ട് മാർപാപ്പയുടെ പ്രതിനിധിയായി ഇവിടെ ഭരിച്ചിരുന്ന വരാപ്പുഴ മെത്രാപ്പോലീത്തയായ ബെർണഡിൻ ബാച്ചിനെല്ലിയുടെ ഭരണത്തെ തള്ളിപ്പറയുകയുമാണുണ്ടായത്. വെറും 34 സുറിയാനി കത്തോലിക്കാപള്ളികൾ മാത്രമാണ് റോക്കോസ് വിഭാഗത്തിൽ ചേരാതെ കത്തോലിക്കാസഭയിൽ അന്ന് ഉറച്ചുനിന്നത്.

റോക്കോസിനെ പരാജയപ്പെടുത്തുവാൻ തങ്ങൾ അശക്തരാണെന്ന് മനസ്സിലാക്കിയ വരാപ്പുഴ മെത്രാപ്പോലീത്ത തന്റെ അധീനതയിലുള്ള സകല സുറിയാനി കത്തോലിക്കരുടെയും വികാരി ജനറാളായി ചാവറയച്ചനെ 1861 ജൂൺ എട്ടാം തീയതി നിയമിച്ചു. വികാരി ജനറാളായുള്ള നിയമനത്തിന് മുമ്പുതന്നെ മാന്നാനം പ്രീയോരെന്ന നിലയിൽ സ്വന്തം പേരിൽ റോക്കോസിനെതിരായി വിജ്ഞാപനം അച്ചടിച്ച് പ്രസിദ്ധപ്പെടുത്തിയ ചാവറയച്ചൻ (വലേരിയൻ പ്ലാത്തോട്ടം, വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ: ജീവചരിത്രം, 2013 Reprint, പേജ് 144) വികാരി ജനറാളായശേഷം ആദ്യം ചെയ്ത പ്രവർത്തി 1861 ജൂൺ 19-ാം തീയതി തന്നെ ഒമ്പതാം പീയൂസ് മാർപാപ്പയ്ക്ക് അയച്ച കത്താണ്. ആ കത്തിനുള്ള മറുപടി പ്രൊപ്പഗാന്താ സംഘത്തിന്റെ അധ്യക്ഷൻ 1861 ആഗസ്റ്റ് 21-ാം തീയതി അയച്ചത് കേരളത്തിൽ 1861 ഒക്ടോബർ ഏഴാം തീയതി എത്തിയപ്പോൾ ഒമ്പതാം പീയൂസ് മാർപാപ്പ വി. കുര്യാക്കോസ് ഏലിയാസ് ചാവറയച്ചന്റെ പേരിൽ സ്വന്തം കയ്യൊപ്പും മുദ്രയുമായി 1861 സെപ്റ്റംബർ അഞ്ചാം തീയതി അയച്ച കത്ത് ചാവറയച്ചന് 1861 ഒക്ടോബർ 30-ാം തീയതിയും ലഭിച്ചു. ചാവറയച്ചന്റെ കത്തിൽ ചോദിച്ചിരുന്നത് റോക്കോസ് മെത്രാനോട് എങ്ങനെ പെരുമാറണമെന്നും ന്യായമായ അധികാരത്തോട് കൂടിയാണോ അദ്ദേഹം വന്നിരിക്കുന്നതുമെന്നായിരുന്നു. മാർപാപ്പയുടെ മറുപടി റോക്കോസ് മെത്രാന്റെ വരവ് മാർപാപ്പയുടെ അനുവാദത്തോടുകൂടിയല്ലെന്നും അതിനാൽ തന്നെ റോക്കോസ് മെത്രാൻ മഹറോൻ ശിക്ഷയിലാണെന്നും അദ്ദേഹത്തിന് കീഴ്പ്പെടരുതെന്നും അദ്ദേഹത്തെ തിരിച്ചുവിളിക്കുവാൻ കൽദായ പാത്രിയാർക്കീസിനോട് കൽപ്പിച്ചിട്ടുണ്ട് എന്നുമായിരുന്നു.

ഇവിടെ ഏറ്റവും ശ്രദ്ധേയവും അനുകരണായോഗ്യവുമായ കാര്യം, ചാവറയച്ചൻ സുറിയാനിക്കാരുടെ മുഴുവൻ വികാരി ജനറാളായി സ്ഥാനമേറ്റെടുത്തിട്ട് വെറും പതിനൊന്നു ദിവസത്തിനുള്ളിൽ മാർപാപ്പയ്ക്ക് കത്തെഴുതുകയുണ്ടായി എന്നതാണ്. മാർപാപ്പയുടെ മനസ്സറിഞ്ഞ ആ നിമിഷം മുതൽ ചാവറയച്ചന് ഒരു ലക്ഷ്യമേയുണ്ടായിരുന്നുള്ളൂ. റോക്കോസ് മെത്രാനെ കേരളക്കരയിൽനിന്ന് കെട്ടുകെട്ടിക്കുക എന്നത്. അതോടൊപ്പംതന്നെ, റോക്കോസ് ശീശ്മയിലേക്ക് പോയ പള്ളികളെല്ലാം തിരിച്ചുപിടിക്കുവാനായി ചാവറയച്ചനും കൂട്ടുകാരും ആ പള്ളികളിലെല്ലാം ചെന്ന് മാർപാപ്പയുടെ അനുവാദമില്ലാതെ വന്നതാണ് തോമസ് റോക്കോസ് മെത്രാൻ എന്ന സത്യം വിളിച്ചുപറഞ്ഞ് ആ പള്ളികളെയെല്ലാം കാലക്രമേണ കത്തോലിക്കാ ഐക്യത്തിലേക്ക് തിരിച്ചുകൊണ്ടുവരികയും ചെയ്തു. ചാവറയച്ചന്റെ ശ്രമഫലമായി റോക്കോസ് മെത്രാൻ ശീശ്മ അവസാനിപ്പിച്ച് 1862 മാർച്ച് മാസത്തിൽ ബാഗ്ദാദിലേക്ക് കൊച്ചിയിൽ നിന്നും കപ്പൽ കയറി. ലത്തീൻകാരോടും വരാപ്പുഴ ഭരണത്തോടും അന്നത്തെ സുറിയാനിക്കാർക്കുണ്ടായിരുന്ന വെറുപ്പും അവിശ്വാസവും കാരണം വരാപ്പുഴ വികാരി അപ്പസ്തോലിക്ക പറയുന്നതൊന്നും വിശ്വസനീയമായി കരുതാതിരുന്നതുകൊണ്ടാണ് 116-ഓളം പള്ളികൾ റോക്കോസ് മെത്രാന്റെ പുറകെ പോയതെന്നുള്ള ബോധ്യമാണ് ചാവറയച്ചനെ അന്ന് മാർപാപ്പയ്ക്ക് നേരിട്ട് കത്തെഴുതുവാൻ പ്രേരിപ്പിച്ചതെന്ന് വ്യക്തം. കത്തോലിക്കാവിശ്വാസം മുറുകെപ്പിടിക്കുക എന്നാൽ മാർപാപ്പയെ അനുസരിക്കുകയാണെന്നുള്ള അദ്ദേഹത്തിന്റെ അചഞ്ചലവും ആഴവുമായ വിശ്വാസം ഇന്നത്തെ തലമുറ കണ്ടുപഠിക്കേണ്ടത് തന്നെ. മാർപാപ്പയെ ധിക്കരിക്കുന്ന ഏവനും തോമസ് റോക്കോസ് മെത്രാന്റെ അവസ്ഥയാണ് കാത്തിരിക്കുന്നതെന്നുള്ള പാഠം ചരിത്രത്തിൽനിന്ന് ഇന്നത്തെ വിമതർ പഠിക്കേണ്ടിയിരിക്കുന്നു.

### 3. മേലൂസ് ശീശ്മ

1831 സെപ്റ്റംബർ 19-ാം തീയതി ജനിച്ച്, ബാഗ്ദാദിനടുത്തുള്ള അൽഖോഷി (Alquosh) ലെ റബ്ബാൻ ഹൊർമിസ്ദസ് ആശ്രമത്തിൽ ചേർന്ന് 1856-ൽ വൈദികപട്ടവും 1864-ൽ പാത്രിയാർക്കീസ് ജോസഫ് ഔദോയിൽ നിന്ന് മെത്രാൻപട്ടവും സ്വീകരിച്ച യോഹന്നാൻ ഏലിയാസ് മേലൂസ് എന്ന കൽദായ മെത്രാൻ 1874 ഒക്ടോബർ രണ്ടാം തീയതി, മാർപാപ്പയുടെ അനുവാദമില്ലാതെ കേരളക്കരയിലെത്തി ഇവിടുത്തെ സുറിയാനി കത്തോലിക്കരുടെ ഭരണം പിടിച്ചെടുക്കുവാൻ ആരംഭിച്ചതോടുകൂടിയുണ്ടായ ശീശ്മയാണ് മേലൂസ് ശീശ്മ. അദ്ദേഹത്തെ, അന്നത്തെ വരാപ്പുഴ മെത്രാപ്പോലീത്ത ലെയോനാർദ്ദോ മെല്ലാനോ 1874 ഒക്ടോബർ 25-ാം തീയതി തന്നെ മഹറോൻ ചൊല്ലിയെങ്കിലും വളരെയധികം സുറിയാനി പള്ളികൾ അദ്ദേഹത്തിന്റെ ഭരണത്തിൻകീഴിലായി. 1882 മാർച്ച് അഞ്ചാം തീയതി അദ്ദേഹം ശീശ്മ അവസാനിപ്പിച്ച് ബാഗ്ദാദിലേക്ക് തിരിച്ചുപോകുന്നതുവരെയുള്ള സുദീർഘമായ ഏഴരവർഷക്കാലം കേരള സുറിയാനി



www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA

**സീറോമലബാർ സഭയിൽ വീണ്ടുമൊരു ശീശ്മയുടെ കാർമേഘങ്ങൾ പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്ന ഇക്കാലത്ത്, എന്തൊക്കെ കാരണത്തിന്റെ പേരിലായാലും മാർപാപ്പയെ ധിക്കരിച്ചുകൊണ്ട് സഭ പിളർത്തുവാനുള്ള ശ്രമങ്ങൾ അനുചിതവും അംഗീകരിക്കാനാവാത്തതും അപലപിക്കപ്പെടേണ്ടതുമാണെന്ന് ഉറക്കെ പ്രഖ്യാപിച്ചുകൊണ്ട്, ചരിത്രത്തിന്റെ ഏടുകളിൽനിന്നും പാഠം പഠിച്ചുകൊണ്ട് ചാവറ തനയർ സടകുടഞ്ഞെഴുന്നേൽക്കേണ്ട സമയം അതിക്രമിച്ചു എന്നുതന്നെ പറയേണ്ടിയിരിക്കുന്നു.**

കത്തോലിക്കരുടെയിടയിൽ അശാന്തിയുടെയും അസ്വസ്ഥതയുടെയും കാലമായിരുന്നു. അക്കാലത്ത് ഒല്ലൂർപള്ളി വികാരിയായിരുന്ന കൊടുപാടത്തിൽ മാത്തച്ചൻ എന്ന പേരിലറിയപ്പെട്ടിരുന്ന കൊവേന്തക്കാരൻ മത്തായി ഗ്രിഗോറിയോസ് (cf. ബർണാർദ് ടി.ഒ.സി.ഡി, സി.എം.ഐ. സഭ ആദ്യശതകങ്ങളിൽ, 2020 edition, പേജ് 178)) മേലൂസിന്റെ ആധികാരികത സംബന്ധിച്ച കാര്യങ്ങൾ വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് ഒമ്പതാം പീയൂസ് മാർപാപ്പയ്ക്ക് അയച്ച കത്തിന് മാർപാപ്പ 1875 മെയ് ഒന്നാം തീയതി നല്കിയ മറുപടി, മേലൂസ് ശീശ്മക്കെതിരെ പടപൊരുതുവാൻ വി. കുര്യാക്കോസ് ഏലിയാസയച്ചന്റെ പിൻഗാമിയും മാന്നാനം കൊവേന്തയുടെ രണ്ടാം പ്രിയോരും സി.എം.ഐ. സഭയുടെ രണ്ടാം പ്രിയോർ ജനറാളുമായിരുന്ന പോരൂക്കര കുര്യാക്കോസ് ഏലീശ്വാ അച്ചനും സംഘത്തിനും കൂടുതൽ ഉത്തേജനം നൽകി.

മേലൂസിനെ പൂർണ്ണമായിട്ടംഗീകരിച്ച 12 പള്ളികളിൽ പത്തെണ്ണവും അന്നത്തെ പദ്രുവാദോ അധികാരത്തിൻ കീഴിലുള്ള സുറിയാനിപള്ളികളായിരുന്നു എന്നും അതിനാൽ തന്നെ വരാപ്പുഴയുടെ അധികാരത്തിന് പുറത്തുള്ള വടക്കൻ പള്ളികളായിരുന്നുവെങ്കിലും കാലക്രമേണ പാലാ, കുറവിലങ്ങാട്, മണിമല, ചങ്ങനാശ്ശേരി തുടങ്ങിയ സ്ഥലങ്ങളിലെല്ലാം അദ്ദേഹത്തിന് ഭാഗീകമായ അംഗീകാരം ലഭിച്ചു എന്നത് ശീശ്മയുടെ ഗൗരവം കൂട്ടിയതായി കാണാം.

**4. ശീശ്മകളുടെ കാരണങ്ങൾ**

മേലൂസ് ശീശ്മയ്ക്കും റോക്കോസ് ശീശ്മയ്ക്കും കാരണമായ കാര്യങ്ങൾ ഏതാണ്ട് ഒന്നുതന്നെയാണ്. ഒന്നാമതായി, ഇവിടുത്തെ സുറിയാനി കത്തോലിക്കരുടെ കൽദായ സഭയോടും സുറിയാനി പാരമ്പര്യത്തോടുമുള്ള സ്നേഹം; രണ്ടാമതായി, പ്രൊപ്പഗാന്തയുടെ അധികാരത്തിൻകീഴിൽ വരാപ്പുഴ കേന്ദ്രമായി പ്രവർത്തിച്ചിരുന്ന ഇറ്റാലിയൻ കർമ്മലീത്താ മിഷനറിമാരുടെയും അവരുടെ നേതൃത്വം വഹിച്ചിരുന്ന കർമ്മലീത്താ മെത്രാന്റെയും അധികാര പ്രമത്തത, സുഖലോലുപത, അവരിൽ ചിലരുടെ യെങ്കിലും അസ്സന്മാർഗികജീവിതം, പണത്തിനോടുള്ള ആർത്തി, ജനങ്ങളുടെ പൊതുവിദ്യാഭ്യാസത്തിലുള്ള അശ്രദ്ധ, തങ്ങളുടെ പൗരസ്ത്യ ആരാധനക്രമത്തോടും പാരമ്പര്യങ്ങളോടുമുള്ള അജ്ഞതയും അവഗണനയും, അനീതിപരവും അത്യന്തം കാർക്കശ്യപൂർവവുമായ ശിക്ഷാരീതികൾ, ശിക്ഷകൾ ഇളച്ചു കൊടുക്കുവാനായി ആവശ്യപ്പെട്ടിരുന്ന വലിയ തുകകൾ തുടങ്ങി വിവിധങ്ങളാണെന്ന് കാണാവുന്നതാണ്.

മലബാറിലെ സുറിയാനി കത്തോലിക്കരുടെ ആവലാതികൾ മനസ്സിലാക്കുക എന്ന ലക്ഷ്യത്തോടുകൂടി 1876 മെയ് അഞ്ചാം തീയതി, മേലൂസ് ശീശ്മയുടെ കാലത്ത് തന്നെ കേരളക്കരയിലെത്തുകയും 1877 സെപ്റ്റംബർ 28-ാം തീയതിവരെ ഇവിടെ തങ്ങുകയും ചെയ്ത ലെയോ മൊയ്റീൻ എന്ന അപ്പസ്തോലിക്ക് വിസിറ്ററുടെ റോമിലേക്കയച്ച കത്തുകളിൽ നിന്ന് വ്യക്തമാണ് ശീശ്മയിലേക്കു നയിച്ച സുറിയാനി കത്തോലിക്കരുടെ ആവലാതികൾ എന്തൊക്കെയായിരുന്നു എന്നത്. അതിലേറ്റവും പ്രധാനപ്പെട്ടത് പൊതുവിദ്യാഭ്യാസരംഗത്ത് കർമ്മലീത്താമിഷനറിമാരുടെ താൽപര്യക്കുറവ് തന്നെയായിരുന്നു. 1876 ജൂലൈ 24-ാം തീയതി അദ്ദേഹം വത്തിക്കാന് എഴുതിയ കത്തിൽ (S.C. Malabaresi 1862-1877, Fol. 540R-547v) സുറിയാനിക്കാരെപ്പോലെതന്നെ ലത്തീൻസഭക്കാരും വരാപ്പുഴയുടെ പൊതുവിദ്യാഭ്യാസ വിരുദ്ധതയെപ്പറ്റിയുള്ള പരാതിയെപ്പറ്റി വ്യക്തമായി എഴുതുന്നുണ്ട്. വരാപ്പുഴ മെത്രാനായിരുന്ന ബർണദിൻ ബാച്ചിനെല്ലി ഞായറാഴ്ച മതബോധനത്തിനായി പള്ളിക്കൊരു പള്ളിക്കൂടം എന്ന കൽപ്പന 1855-ൽ പുറപ്പെടുവിച്ചത്, 1864-ൽ വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ പൊതുവിദ്യാഭ്യാസത്തിന് തിങ്കൾ മുതൽ വെള്ളിവരെ പ്രവർത്തിക്കുന്ന പള്ളിക്കൊരു പള്ളിക്കൂടമെന്ന വിപ്ലവകരവും നവോത്ഥാനത്തിന് നാന്ദി കുറിക്കുന്നതുമായ പദ്ധതിയുമായി തുലനം ചെയ്യാനാവുകയില്ലെങ്കിലും ഇന്നുള്ള ചില ലത്തീൻ മിഷനറി ഭക്തർ പൊതുവിദ്യാഭ്യാസ പ്രചാരത്തിനായി ചാവറയച്ചൻ ചെയ്ത ഈ പ്രവൃത്തി വരാപ്പുഴ മെത്രാന്റേതാണെന്ന് പറയുമ്പോൾ ഓർക്കേണ്ട ചരിത്ര വസ്തുത 1876-ൽ പോലും വരാപ്പുഴയുടെ കീഴിലുള്ള ലത്തീൻകാർക്ക് പൊതുവിദ്യാഭ്യാസത്തിനുള്ള ഒരു സ്കൂൾ പോലുമില്ല എന്നുള്ള അവരുടെ മൊയ്റീൻ പിതാവിനോടുള്ള പരാതിയാണ്. (cf. ചാൾസ് പൈങ്ങോട്ട്, കേരളസഭ പത്തൊൻപതാം നൂറ്റാണ്ടിൽ, 1996, പേജ് 129). കർമ്മലീത്താമിഷനറിമാർ പൊതു വിദ്യാഭ്യാസത്തിൽ താല്പര്യം കാണിച്ചിട്ടില്ല എന്ന ചരിത്രവസ്തുത ഒട്ടും അതിശയം ഉളവാക്കേണ്ട കാര്യമില്ല. കാരണം പാശ്ചാത്യ കർമ്മലീത്താസഭ, പ്രത്യേകിച്ചും ആവിലായിലെ വിശുദ്ധ അമ്മ ത്രേസ്യായാൽ നവീകരിക്കപ്പെട്ട നിഷ്പാദുക കർമ്മലീത്താസഭ (OCD) ഒരുകാലത്തും, അന്നും



www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

ഇന്നും, പൊതുവിദ്യാഭ്യാസ പ്രവർത്തനത്തിൽ കാര്യമായി ഏർപ്പെട്ടിട്ടില്ല; ഇന്നും കേരളത്തിലെ പൊതുവിദ്യാഭ്യാസരംഗത്ത് OCD സഭയുടെ മൂന്ന് പ്രൊവിൻസുകളിലൊന്നും കാര്യമായി യാതൊരു സംഭാവനയും ചെയ്യുന്നുമില്ല എന്നതാണ് വസ്തുത. കേരളത്തിൽ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുവാനുള്ള അനുവാദത്തിനായി OCD മലബാർ പ്രൊവിൻസ് അവരുടെ ജനറലേറ്റിൽ ആവശ്യപ്പെട്ടപ്പോൾ അത് തങ്ങളുടെ സഭയുടെ സിദ്ധി (Charism) യുമായോ ആധ്യാത്മികതയുമായോ ചേർന്നുപോകുന്നതല്ല എന്ന മറുപടിയാണ് പ്രവശ്യാധികാരികൾക്ക് ലഭിച്ചതെന്നും വിശ്വസനീയമായ കേന്ദ്രങ്ങളിൽനിന്നും ഈ ലേഖകന് അറിവ് ലഭിച്ചിട്ടുമുണ്ട്.

1876 ഓഗസ്റ്റ് 15-ാം തീയതി മൊയ്റീൻ പിതാവ് പ്രൊപ്പഗാന്തയ്ക്കയച്ച മറ്റൊരു കത്തിൽ സുറിയാനി പള്ളികളിൽനിന്നും വരുമാനത്തിന്റെ 20% വിദ്യാഭ്യാസപരവും ഭക്തിപരവുമായ സ്ഥാപനങ്ങൾക്കായി മിഷനറിമാർക്ക് നൽകിയെങ്കിലും അവർ യാതൊന്നും ചെയ്തില്ല എന്ന് സുറിയാനിക്കാരുടെ പരിദേവനവും ഉൾപ്പെടുത്തിയിട്ടുണ്ട്: "വിദ്യാഭ്യാസപരവും ഭക്തിപരവുമായ സ്ഥാപനങ്ങൾക്കായി കഴിഞ്ഞ 10 വർഷങ്ങളിൽ എല്ലാ പള്ളികളുടെയും വാർഷികവരുമാനത്തിന്റെ ഇരുപതിലൊന്ന് മിഷനറിമാർക്ക് കൊടുത്തിട്ടുണ്ടെങ്കിലും ഇവയൊന്നും ഞങ്ങൾക്കില്ല. ഇത്തരം സഹായസ്ഥാപനങ്ങളില്ലാത്ത വേറൊരു മിഷൻ ഇന്ത്യയിലില്ല" (cf. ചാൾസ് പൈങ്ങോട്ട്, കേരളസഭ പത്തൊൻപതാം നൂറ്റാണ്ടിൽ, 1996, പേജ് 141). ഇതേ കത്തിൽത്തന്നെ, മൊയ്റീൻ പിതാവ് തന്റെ പഠനത്തിന്റെ വെളിച്ചത്തിൽ ഇവിടുത്തെ മിഷനറിമാരുടെ അക്കാലത്തെ പൊതുവിദ്യാഭ്യാസ വിരുദ്ധതയെപ്പറ്റി ഇങ്ങനെ വത്തിക്കാനെ അറിയിച്ചിരിക്കുന്നു: "ജനങ്ങളുടെ വിദ്യാഭ്യാസം ഉപേക്ഷിക്കപ്പെട്ട് കിടക്കുന്നതിൽ ഞാൻ അതീവ ദുഃഖിതനാണ്. അതിലുമുപരിയായി മലബാറുകാർക്ക് വിദ്യാഭ്യാസം ദോഷകരം എന്ന് സഭാമിഷനറിമാർ ഉന്നയിക്കുന്ന മറയുടെ പേരിൽ വിദ്യാഭ്യാസത്തിന് മനഃപ്പൂർവം തടസ്സമുണ്ടാക്കിവച്ചിരിക്കുകയാണ്. ഇതുമൂലം പ്രൊട്ടസ്റ്റന്റ്കാരുടെയും യാക്കോബായക്കാരുടെയും പരിഹാസം. ഇവർ തങ്ങൾക്ക് വലിയ പട്ടണങ്ങളിൽ സ്കൂളുകളുണ്ടെന്ന് അഭിമാനിക്കുകയും നമ്മുടെ മിഷനറിമാരുടെമേൽ മനഃപൂർവമായ വിജ്ഞാന വിദ്വേഷക്കുറ്റം ആരോപിക്കുകയും ചെയ്യുന്നു. ഇതുമൂലം, ഒന്നോ രണ്ടോ അപവാദങ്ങളോടെ, പൊതു ആഫീസുകളെല്ലാം പ്രൊട്ടസ്റ്റന്റ്കാരുടെയും യാക്കോബായക്കാരുടെയും ഹിന്ദുക്കളുടെയും കൈകളിലാണ്. ഇതുമൂലം കത്തോലിക്കർ കർമ്മലീത്താവൈദികർക്കെതിരെ പിറുപിറുക്കുന്നു" (ചാൾസ് പൈങ്ങോട്ട്, പേജ് 149).

1876 ജൂൺ പത്താം തീയതി മാന്നാനത്തുനിന്ന് വത്തിക്കാനിലേക്ക് മൊയ്റീൻ മെത്രാനയച്ച കത്തിൽ സുറിയാനിക്കാരുടെ നാല് ആവശ്യങ്ങളിൽ മൂന്നാമത്തെതായി രേഖപ്പെടുത്തിയിരിക്കുന്നതിങ്ങനെയാണ്: "വേറൊരു സന്യാസസമൂഹത്തിൽ നിന്നുള്ള മിഷനറിമാരെ കിട്ടണം. കാരണം, ബഹു. കർമ്മലീത്ത അച്ചന്മാരുടെ കീഴിലെ രണ്ട് നൂറ്റാണ്ടുകളിൽ യാതൊരു




വി. ചാവറപ്പിതാവിന്റെ
മാദ്ധ്യസ്ഥത്താൽ പരീക്ഷ
ജയിച്ചതിനും ജോലി
ലഭിച്ചതിനും
നന്ദി പറയുന്നു

ശോഭ സ്റ്റീഫൻ
ന്യൂയോർക്ക്




www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

പുരോഗതിയും അവർക്കുണ്ടായിട്ടില്ല. മറിച്ച്, വിദ്യാഭ്യാസത്തിന്റെ കുറവുമൂലം അധഃപതനമേ ഉണ്ടായിട്ടുള്ളൂ" (ചാൾസ് പൈങ്ങോട്ട്, പേജ് 65).

മൊയ്റീൻ പിതാവ് 1878 ഡിസംബർ 23-ാം തീയതി ബോംബെയിൽ നിന്നും പരിശുദ്ധ സിംഹാസനത്തിനയച്ച കത്തിൽ മിഷനറിമാരുടെ മറ്റു ചില അനീതികളെപ്പറ്റിയും പ്രതിപാദിക്കുന്നുണ്ട്: "മിഷനറിമാരോടൊപ്പം ഇരിക്കുന്നതിനോ, മെത്രാനോടുകൂടി ഭക്ഷണം കഴിക്കുന്നതിനോ വൈദികർക്കുണ്ടായിരുന്ന വിലക്ക് കുറേനാളായി ഉപേക്ഷിക്കപ്പെട്ടിരിക്കുകയായിരുന്നു. അത് വീണ്ടും തുടങ്ങിയിരിക്കുകയാണ്" (ചാൾസ് പൈങ്ങോട്ട്, പേജ് 388). അതുപോലെതന്നെ മേലൂസ് ശീശ്മ വർഷങ്ങളോളം തുടരുവാനുള്ള മറ്റൊരു കാരണമായിരുന്നു മാർപാപ്പയ്ക്ക് കത്തയച്ചു എന്നതിന്റെ പേരിൽ വരാപ്പുഴ മെത്രാപ്പോലീത്താ സി.എം.ഐ. സഭയിൽ നിന്ന് ബഹിഷ്കരിച്ച ഏഴ് വ്യാകുലങ്ങൾ എന്നറിയപ്പെടുന്ന സന്യാസവൈദികരെ തിരിച്ചെടുക്കാതിരുന്നതും അവരുടെ പത്രമേനി പോലും തിരിച്ചു കൊടുക്കാതിരുന്നതും. മൊയ്റീൻ പിതാവ് അക്കാര്യത്തെപ്പറ്റി ഇങ്ങനെയാണ് വത്തിക്കാന് റിപ്പോർട്ട് ചെയ്തത്: "മൂന്നാം സഭയിൽപ്പെട്ട ഏഴ് സന്യാസികളെ തിരച്ചെടുത്തു എന്ന് ബഹു. വിക്ടർ സി.ഡി. ഈയിടെ അങ്ങയോട് പറഞ്ഞെങ്കിലും, അവരിൽ ഒരാളെപ്പോലും തിരിച്ചെടുത്തിട്ടില്ല. വൃദ്ധനും വിശുദ്ധനുമായ ബഹു. പ്രിയോരച്ചൻ മുട്ടിന്മേൽനിന്ന് അവരിൽ ഒരാൾക്കുവേണ്ടി മെത്രാനോട് അഭ്യർത്ഥിച്ചിട്ടുപോലും അവരുടെ പത്രമേനി തിരിച്ചു കൊടുത്തിട്ടുമില്ല" (S.C. Malabaresi 1878-1889, Fol. 866R-867v, മലയാളം തർജ്ജിമ, cf. ചാൾസ് പൈങ്ങോട്ട്, പേജ് 389).

ചാവറയച്ചന്റെ കാലഘട്ടത്തിലെ ഇറ്റാലിയൻ കർമ്മലീത്ത മിഷനറിമാർ കേരളത്തിൽ സസുഖം ജീവിച്ചതും പ്രവർത്തനം നടത്തിയതുമെല്ലാം ഇറ്റലിയിൽനിന്ന് അവർ കൊണ്ടുവന്ന പണം കൊണ്ടോന്നുമല്ല എന്നും ഇവിടുത്തെ വിശ്വാസികളിൽനിന്ന് പിരിച്ച പണംകൊണ്ടാണെന്നും ചരിത്രരേഖകൾ അർത്ഥശങ്കയ്ക്കിടമില്ലാത്തവിധം സാക്ഷിക്കുന്നുണ്ട്. 1831-ൽ മാന്നാനംകുന്നിലെ ആശ്രമസ്ഥാപനത്തിനായി 200 രൂപ അന്നത്തെ മെത്രാൻ മൗറേലിയൂസ് സ്തബിലീനി സംഭാവന ചെയ്തത് ചൂണ്ടിക്കാണിക്കുന്ന ചില മിഷനറി ഭക്തർ ആ തുക എവിടെനിന്ന് വന്നുവെന്ന് വിശദീകരിക്കുന്നില്ല എന്നതാണ് വസ്തുത. അന്നത്തെ മെത്രാന്മാരുടെ പ്രധാനപ്പെട്ട ഒരു വരുമാനമായിരുന്നു വൈദികപട്ടസമയത്ത് ലഭിച്ചിരുന്ന പത്രമേനി. അതുകൂടാതെ ഇടവകകളുടെ വിഹിതവും വരാപ്പുഴ മെത്രാന്റെ പക്കലെത്തിയിരുന്നു. ഇതുകൂടാതെ, മാന്നാനത്ത് പൊതുവിദ്യാഭ്യാസ നടത്തിപ്പിനും കൊവേന്തയുടെ നടത്തിപ്പിനുമായി വിശുദ്ധ ചാവറയച്ചൻ ആരംഭിച്ച പിടിയരി, കെട്ടുതെങ്ങ് എന്നീ പദ്ധതികൾ സെമിനാരി വിദ്യാഭ്യാസത്തിനെന്ന വ്യാജേന രൂപതാകേന്ദ്രത്തിലെത്തിക്കുവാനുള്ള ബെർനഡിൻ ബാച്ചിനെല്ലിയുടെ കല്പന നടപ്പിൽ വരുത്തിയതോടുകൂടി രൂപതാകേന്ദ്രത്തിലേക്ക് എത്തുന്ന പണം സമൃദ്ധമായി. ഇതിനെല്ലാം പുറമേയാണ് 1869-ൽ അന്നത്തെ മെത്രാൻ ലെയോനാർഡോ മെല്ലാനോ മാർപാപ്പയ്ക്ക് കൊടുക്കുവാനെന്ന പേരിൽ തന്റെ അധീനതയിലുള്ള സുറിയാനി പള്ളികളിൽ നിന്ന് മാത്രം പിരിച്ചെടുത്ത 32007 രൂപ (ചാവറയച്ചന്റെ നാളാഗമം, പേജ് 117, cf. സമ്പൂർണ്ണ കൃതികൾ, vol. I, *നാളാഗമങ്ങൾ*, 2021 edition, പേജ് 196). ഇതിൽ തന്നെ 3000 രൂപ "നമ്മുടെ പട്ടക്കാരുടെ തന്നെ" എന്ന് ചാവറയച്ചൻ തന്നെ സാക്ഷ്യപ്പെടുത്തുമ്പോൾ ആ തുക മുഴുവനും സുറിയാനി പള്ളികളിൽനിന്ന് പിരിഞ്ഞുകിട്ടിയതാണ് എന്ന് ചരിത്രകാരൻ ബർണാർദ് ടി.ഒ.സി.ഡി. തന്റെ ഗ്രന്ഥത്തിൽ വ്യക്തമാക്കുന്നുണ്ട് (cf. *സി.എം.ഐ. സഭ ആദ്യശതകങ്ങളിൽ*, 1908, revised edition 2020, പേജ് 165). ഈ തുക ശരിക്കും മാർപാപ്പയുടെ അടുത്തെത്തിയോ എന്ന ചോദ്യം പ്രസക്തമാണെങ്കിലും അങ്ങനെയൊരു തുക കിട്ടിയതായി വത്തിക്കാൻ രേഖകളിലൊന്നിലും കണ്ടെത്തുവാൻ സി.എം.ഐ. സഭയുടെ പോസ്റ്റുലേറ്റർ ജനറലായി 2004 മുതൽ 2007 വരെ റോമിൽ സേവനമനുഷ്ഠിച്ച ഈ ലേഖകന്റെ പരിശ്രമങ്ങളിലൂടെ സാധിച്ചില്ല എന്നതാണ് വസ്തുത. "മെത്രാപ്പോലീത്താച്ചൻ റോമ്മായ്ക്കു പോയപ്പോൾ മാർപാപ്പയ്ക്ക് കാഴ്ചയായി 'പത്രോസിന്റെ കാശ്' എന്ന് പേരായി ഒരു ധർമ്മം മലയാളത്തിൽനിന്ന് പിരിച്ചുകൊണ്ടു പോയിട്ടുണ്ടായിരുന്നു. സുറിയാനി പള്ളികളിൽനിന്ന് ഈ ധർമ്മം വകയ്ക്ക് ഉദ്ദേശം 32000 രൂപ പിരിഞ്ഞു" (ബർണാർദ് ടി.ഒ.സി.ഡി., പേജ് 165) എന്ന് പറഞ്ഞിരിക്കുന്ന ഈ തുക ഏത് പോക്കറ്റിലാണ് ചെന്നുചേർന്നതെന്ന് ഇനിയും കണ്ടുപിടിക്കേണ്ടിയിരിക്കുന്നു.

മെല്ലാനോ മെത്രാൻ മാർപാപ്പയ്ക്ക് വേണ്ടി പിരിച്ചപ്പോൾ കൂട്ടത്തിൽ ആറുമാസത്തേക്ക് റോമിന് വിശ്രമത്തിനും ചികിത്സയ്ക്കുമായി പോകുവാൻ അനുവാദം കിട്ടിയ ലെയോപ്പോൾദ് മിഷനറിയും തനതായ രീതിയിൽ ചില പിരിവൊക്കെ നടത്തിയിരുന്നു എന്ന വസ്തുത കൂനമ്മാവ് മഠത്തിന്റെ നാളാഗമത്തിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: "ഇവിടെയുള്ള വസ്തുക്കൾ യൂറോപ്പിൽ ഇല്ലാത്തതിനാൽ അച്ചൻ അവിടെ ചെല്ലുമ്പോൾ ഓരോരുത്തർക്ക് കൊടുക്കുന്നതിനായി അവരവരുടെ പാടുപോലെ ഓരോ സാധനങ്ങൾ അന്വേഷിച്ചു കൊണ്ടുവരണമെന്ന് അറിയിച്ചിരുന്നു. ഇതാ ഓരോ പള്ളിക്കാരും - വലിയവരും ചെറിയവരും വൈദികരും - ഓരോരോ സാധനങ്ങൾ കൊടുക്കുവാനും അച്ചനെ കാണുവാനുമായി വന്നുകൊണ്ടിരുന്നു... കാഴ്ചവസ്തുക്കളായി നൽകിയ ഇവയെല്ലാം കയറ്റുന്നതിന് ഏകദേശം ഒരു കപ്പൽ വേണ്ടിവരും" (കൂനമ്മാവ് മഠം *നാളാഗമങ്ങൾ*, vol. I പേജ് 160).

1869-ൽ മാർപാപ്പയ്ക്കുവേണ്ടിയെന്നും പറഞ്ഞ് പിരിച്ച 32007 രൂപയുടെ അന്നത്തെ മൂല്യം മനസ്സി



www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ലാവണമെങ്കിൽ 1862-ൽ തിരുവിതാംകൂർ രാജസിംഹാസനം സർക്കാർ വകഭൂമി ഏക്കർ ഒന്നിന് ഒരു രൂപയ്ക്ക് തോട്ടപ്പണിയ്ക്കായി വിറ്റിരുന്നു എന്ന ചരിത്രവസ്തുത ഇതിനോട് ചേർത്തുവച്ച് മനസ്സിലാക്കേണ്ടതുണ്ട് (cf. മനു എസ്. പിള്ള, *ദന്തസിംഹാസനം: തിരുവിതാംകൂർ രാജവംശത്തിന്റെ അതിശയകരമായ നാൾവഴികൾ*, കോട്ടയം, ഡിസി ബുക്സ്, 2015, പേജ് 294). ഇതേ കാലഘട്ടത്തിൽ തന്നെ, അതായത് 1878-ൽ, പൂഞ്ഞാർ രാജാവ് 1,37,000 ഏക്കർ ഭൂമി ബ്രിട്ടീഷ് തോട്ടം ഉടമയ്ക്ക് "5000 രൂപയുടെ നിസ്സാരമായ ഒറ്റപ്രാവശ്യം അടയ്ക്കേണ്ട തുകയ്ക്കും അതിലും കഷ്ടമായ പ്രതിവർഷം 3000 രൂപ വാടകയ്ക്കുമായി കൈമാറി" (മനു എസ്. പിള്ള, പേജ് 294).

1876-ൽ പോരൂക്കര കുര്യാക്കോസ് ഏലീശ്വാച്ചൻ കർമ്മലീത്താ മിഷനറിമാർ തങ്ങളെ ഉപദ്രവിക്കുന്നതായി പരാതി പറഞ്ഞുകൊണ്ടും തങ്ങൾക്ക് മറ്റൊരു മെത്രാനെ ആവശ്യപ്പെട്ടുകൊണ്ടും റോമിന് ടെലഗ്രാം അയച്ചതായി ചരിത്രരേഖകൾ സാക്ഷിക്കുന്നുണ്ട് (സേവ്യർ കൂടപ്പുഴ, ഭാരതസഭാചരിത്രം, 2018, പേജ് 708). അതിനാൽത്തന്നെ അക്കാലത്ത് കമ്പി സന്ദേശങ്ങൾ സാധ്യമായിരുന്നു എന്നത് വ്യക്തം. 1930-ലെ എറണാകുളം മിസത്തിന്റെ ജൂലൈ പതിപ്പിൽ അന്നത്തെ മാർപാപ്പയുടെ സ്റ്റേറ്റ് സെക്രട്ടറി ആ വർഷത്തെ പത്രോസിന്റെ കാശായി ഇന്ത്യയിൽനിന്ന് പിരിഞ്ഞു കിട്ടിയ തുകയ്ക്ക് നന്ദി പറഞ്ഞുകൊണ്ട് അയച്ച മറുപടിസന്ദേശം പ്രസിദ്ധീകരിച്ചിരിക്കുന്നതിൽനിന്നും (പേജ് 5) റോമിലെത്തുന്ന തുകയ്ക്ക് നന്ദി പറഞ്ഞുകൊണ്ടുള്ള മറുപടി നൽകുന്ന രീതിയുണ്ടായിരുന്നു എന്നതും വ്യക്തമാകുന്നുണ്ട്. എന്നാൽ എന്തുകൊണ്ട് കർമ്മലീത്താ മെത്രാനച്ചൻ പിരിച്ച് റോമിന് കൊണ്ടുപോയ തുകയ്ക്ക് വത്തിക്കാൻ രസീത് കൊടുത്തില്ല എന്നത് ആ തുക എത്തേണ്ടിടത്ത് എത്തിയോ എന്ന് സംശയിക്കുവാൻ ചരിത്രാന്വേഷണം നടത്തുന്നവരെ പ്രേരിപ്പിക്കുന്നു.

### 5. ഉപസംഹാരം

19-ാം നൂറ്റാണ്ടിൽ സീറോ-മലബാർ സഭയെ ഗ്രസിച്ച രണ്ട് ഗൗരവതരമായ രോഗങ്ങളായിരുന്നു റോക്കോസ് ശീശ്മയും മേലൂസ് ശീശ്മയും. വി. കുര്യാക്കോസ് ഏലിയാസ് ചാവറയച്ചന്റെ സമയോചിതവും ധീരോചിതവുമായ പ്രവർത്തനങ്ങൾമൂലം റോക്കോസ് ശീശ്മ ഒരു വർഷത്തിനകം ഇല്ലാതാക്കാനായി എന്നതും അതിന്റെ പരിണിതഫലമായി ഇവിടെ ഒരു വിഘടിതസഭ സ്ഥിരമായി നിലവിൽ വന്നില്ല എന്നതും അദ്ദേഹത്തിന്റെ പ്രാർത്ഥനയുടെയും പ്രവർത്തനത്തിന്റെയും സമഞ്ജസമായ സമ്മേളനത്തിന്റെ ഫലം തന്നെ, തീർച്ച. മേലൂസ് ശീശ്മ, മേലൂസ് മെത്രാൻ ബാഗ്ദാദിലേക്ക് പോയതോടെ അവസാനിച്ചു എങ്കിലും അതിന്റെ അനുരണനങ്ങൾ ഈ സഭയിൽ തുടരുകയും അതിന്റെ തുടർച്ചയായി തൃശ്ശൂർ കേന്ദ്രമായുള്ള സൂറായ സഭ (The Assyrian Church of the East) യുടെ സ്ഥാപനത്തിൽ എത്തിച്ചേരുകയുമാണുണ്ടായത്.

സീറോമലബാർ സഭയിൽ വീണ്ടുമൊരു ശീശ്മയുടെ കാർമേഘങ്ങൾ പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്ന ഇക്കാലത്ത്, എന്തൊക്കെ കാരണത്തിന്റെ പേരിലായാലും മാർപാപ്പയെ ധിക്കരിച്ചുകൊണ്ട് സഭ പിളർത്തുവാനുള്ള ശ്രമങ്ങൾ അനുചിതവും അംഗീകരിക്കാനാവാത്തതും അപലപിക്കപ്പെടേണ്ടതുമാണെന്ന് ഉറക്കെ പ്രഖ്യാപിച്ചുകൊണ്ട്, ചരിത്രത്തിന്റെ ഏടുകളിൽനിന്നും പാഠം പഠിച്ചുകൊണ്ട് ചാവറ തനയർ സടകുടഞ്ഞെഴുന്നേൽക്കേണ്ട സമയം അതിക്രമിച്ചു എന്നുതന്നെ പറയേണ്ടിയിരിക്കുന്നു. മറ്റ് പലവിധ പ്രശ്നങ്ങളാലുമുഴലുന്ന ഈ സഭയ്ക്ക് ഈ അവസരത്തിലെ ഒരു ശീശ്മയുടെ മുറിവുകൾ മാരകമാകുവാനുള്ള സാധ്യത നാം അവഗണിച്ചുകൂടാ. ഈ ലേഖനം എഴുതിക്കൊണ്ടിരിക്കുന്ന 2023 ഡിസംബർ 21-ാം തീയതി സീറോ-മലബാർ സഭയുടെ ഹൈരാർക്കി സ്ഥാപനത്തിന്റെ ശതാബ്ദി ദിവസമാണ്. ഇന്നേ ദിവസം ചാവറതനയരായ സി.എം.ഐ., സി.എം.സി. സഭാംഗങ്ങൾ മാന്നാനംകുന്നിൽ, ആശ്രമ ദേവാലയത്തിൽ സീറോ-മലബാർ സഭാംഗങ്ങളുടെ ഐക്യത്തിനും അവരെല്ലാവരും മാർപാപ്പയെ അംഗീകരിച്ച്, അനുസരിച്ച് ഐക്യത്തിൽ മുന്നേറുന്നതിനുമായി അഖണ്ഡജപമാലഅർപ്പണം നടത്തി പരിശുദ്ധ ദൈവമാതാവിന്റെ മാധ്യസ്ഥം അപേക്ഷിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ, പ്രാർത്ഥന മാത്രമല്ല, പ്രത്യുത, സമയോചിതമായ, ആർജ്ജവത്തോടുകൂടിയ പ്രവർത്തനംകൂടി അത്യന്താപേക്ഷിതമായ കാലഘട്ടമാണിത്. അല്ലെങ്കിൽ, വരാൻ പോകുന്ന പുതിയ ശീശ്മ മറ്റൊരു ആത്മഹത്യാശ്രമം പോലെയായിത്തീരുവാനുള്ള സാധ്യത നാമാരും കാണാതെ പോകരുത്. ഇറങ്ങി പ്രവർത്തിക്കേണ്ട സമയത്ത് പ്രാർത്ഥനയിൽ മാത്രം ആശ്രയം വയ്ക്കുന്നത് ശരിയായ ചാവറ ആധ്യാത്മികതയല്ല എന്നു വേണം പറയാൻ. ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ റോക്കോസ് ശീശ്മയ്ക്കെതിരെ പടപൊരുതിയതു പോലെ, കുര്യാക്കോസ് ഏലീശ്വാ പോരൂക്കരയച്ചൻ മേലൂസ് ശീശ്മയ്ക്കെതിരെ യുദ്ധത്തിന്റെ തേർ തെളിച്ചതുപോലെ, 2023 ഡിസംബർ ഏഴാം തീയതിയിലെ ഫ്രാൻസിസ് മാർപാപ്പയുടെ കല്പനയെ ധിക്കരിക്കുവാൻ ഒരുമ്പെടുന്നവരോട് മാനസാന്തരത്തിന്റെ സുവിശേഷപ്രഘോഷണത്തോടൊപ്പം സന്ധിയില്ലാസമരവുംകൂടി പ്രഖ്യാപിക്കേണ്ട കാലത്തിലൂടെയാണ് നാം കടന്നു പോയിക്കൊണ്ടിരിക്കുന്നത് എന്ന് തോന്നിപ്പോകുന്നു. ഒരു ശീശ്മയിലൂടെയും ആരുടെയും പരാതികൾക്ക് ഇതുവരെയും പരിഹാരമുണ്ടാക്കാനായിട്ടില്ല എന്ന ചരിത്രവസ്തുത ഇന്നത്തെ വിമതർ മനസ്സിലാക്കിയിരുന്നു എങ്കിൽ എന്ന് ആശിക്കുക മാത്രമേ കരണീയമായിട്ടുള്ളൂ എന്ന ചിന്ത നമ്മുടെയൊക്കെ മനസ്സിനെ അസ്വസ്ഥമാക്കുമ്പോൾ, ഇനിയും വളരെയധികം കാതം നമുക്ക് ചരിക്കേണ്ടതുണ്ട് എന്ന് കവിയോടൊപ്പം (miles to go before I sleep) നാമും പറയേണ്ടിയിരിക്കുന്നു.



www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# റോക്കോസ് ശീശ്മയെ സംബന്ധിച്ച് പരി.പിതാവ് 9-ാം പീയൂസ് മാർപാപ്പായ്ക്ക് ചാവറപ്പിതാവ് എഴുതുന്ന കത്ത്

**ചാവറയച്ചൻ സുറിയാനിയിലാണ് ഈ കത്തെഴുതിയത്. തന്റെ നാളാഗമത്തിൽ ഈ എഴുത്തിനെപ്പറ്റി പറയുന്നുണ്ട്. പ്രൊപ്പഗാന്താ തിരുസംഘത്തിൽനിന്ന് 1861 ഓഗസ്റ്റ് 21-ാം തീയതി വരാപ്പുഴ വികാരി അപ്പസ്തോലിക്കായ്ക്ക് എഴുതിയ ഒരു കത്തിൽ പ്രസ്തുത സുറിയാനി എഴുത്ത് മാർപാപ്പാ കൈപ്പറ്റിയതായും അത് തർജ്ജമചെയ്യാൻ ഏൽപ്പിച്ചിരിക്കുന്നതായും പ്രസ്താവിക്കുന്നുണ്ട്. എന്നാൽ വത്തിക്കാൻ ഈടുവെയ്പിൽ പ്രസ്തുത സുറിയാനി എഴുത്ത് ഇന്നു കാണുന്നില്ല. തൽസ്ഥാനത്ത് അതിന്റെ ഇറ്റാലിയൻ തർജ്ജമയാണു കാണുന്നത്. (Sevitture originali dei Congr, gen, per gli affari orientali, 1865-66). തർജ്ജമചെയ്ത ആളിന്റെ പേരും ഇക്കൂട്ടത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അത് ഫാദർ ജോസഫ് ഗുറിയേലാണ്. പ്രസ്തുത ഇറ്റാലിയൻ തർജ്ജമയുടെ സ്വതന്ത്ര വിവർത്തനമാണ് താഴെ ചേർത്തിരിക്കുന്നത്:**

**പ**ത്രോസിന്റെ താക്കോൽ പിടിച്ചിരിക്കുന്നവനും നരകവാതിലുകൾ അതിൻമേൽ പ്രബലപ്പെടുകയില്ല എന്നു പത്രോസിനോടു പറഞ്ഞു ധൈര്യപ്പെടുത്തിയവനുമായ നമ്മുടെ കർത്താവിന്റെ സഭയിലെ പരമാധികാരം കൈകാര്യം ചെയ്യുന്നവനുമായ പരിശുദ്ധ പിതാവ് 9-ാം പീയൂസ് മാർപാപ്പായുടെ ഉന്നതവും മഹനീയവുമായ സിംഹാസനത്തിലേക്ക്.

മലയാളത്തിന്റെ വികാരി അപ്പസ്തോലിക്കാ പെ. ബ. ബർണർദീനോസ് മെത്രാപ്പോലീത്തായുടെ ഭരണത്തിൻകീഴുള്ള, വിനീതരും വിശ്വാസത്തിലും ഉപവിയിലും ബലഹീനരുമായ അമലോത്ഭവമറിയത്തിന്റെ നിഷ്പാദുക കർമ്മലീത്താ സഭയിൽപ്പെട്ട ഏതാനും വൈദികരും അവരുടെ ശ്രേഷ്ഠനായ കുറിയാക്കോസ് ഏലിയാ ഒരുമിച്ച് അങ്ങയുടെ മഹനീയമായ സാന്നിദ്ധ്യത്തിൽ മുട്ടുകുത്തി അരൂപിയിൽ തൃപ്പാദങ്ങൾ ചുംബിച്ച് താഴെപ്പറയുന്ന കാര്യം അങ്ങയുടെ പരിചിന്തനത്തിന് സമർപ്പിക്കുന്നു.

അതെന്തെന്നാൽ ഈ 1861-ാം കാലം മെയ്മാസം 9-ാം തീയതി ബാബേൽ പാത്രിയർക്കീസായ ജോസഫ് ഔദോയുടെ കല്പനയനുസരിച്ച് തോമസ് റോക്കോസ് എന്ന പേരിൽ ഒരു മെത്രാൻ ഞങ്ങളുടെ പക്കൽ വന്നു. ഇവിടെനിന്നും മോസുളിലേക്കു പോയിരുന്ന അന്തോനി എന്ന പേരിൽ ബ. ഒരു വൈദികനും അദ്ദേഹത്തിന്റെ കൂടെയുണ്ടായിരുന്നു.

ഈ മെത്രാനാവട്ടെ വിശ്വാസികളെ പൊതുവെ സംബോധന ചെയ്തുകൊണ്ട് അവരോടു പ്രസംഗിക്കുന്നു, അങ്ങയുടെ അനുവാദത്തോടും, കല്പനയോടുംകൂടെ മലയാളത്തിലെ കൽദായ ക്രിസ്ത്യാനികളെ ഭരിക്കുന്നതിനുള്ള നിർദ്ദേശത്തോടുകൂടെ മേൽപ്പറഞ്ഞ പാത്രിയർക്കീസ് തന്നെ മലയാളത്തിലേക്ക് അയച്ചുവെന്ന്. എന്നാൽ ഞങ്ങളുടെ വികാരി അപ്പസ്തോലിക്കാ ബർണ്ണർദീനോസ് മെത്രാപ്പോലീത്താ തന്റെ ഇടയലേഖനത്തിൽ തെളിവായി പ്രസ്താവിച്ചിരിക്കുന്നു, "അങ്ങയുടെ മനസ്സിനും കല്പനയ്ക്കും വിരോധമായി പാത്രിയർക്കീസ് സ്വന്ത നിശ്ചയപ്രകാരം മേൽപറഞ്ഞ മെത്രാനെ മലയാളത്തിലേക്ക് അയച്ചിരിക്കുന്നു. അതിനാൽ പ്രസ്തുത മെത്രാനിൽനിന്ന് അധികാരമോ തിരുപ്പട്ടമോ സ്വീകരിക്കുന്ന ഏവനും, അവ നൽകുന്നവനും അതിനാൽ തന്നെ സഭാഭ്രഷ്ടനാകും" എന്ന്. എന്നിരുന്നാലും വൈദികരും വിശ്വാസികളും ദിവസേന എന്നോണം അദ്ദേഹത്തിന്റെ പക്കൽ പൊയ്ക്കൊണ്ടിരിക്കുന്നു. അദ്ദേഹത്തിന്റെ എല്ലാ പ്രവർത്തനങ്ങളെയും അംഗീകരിക്കുന്നു, അദ്ദേഹത്തിന്റെ കാലടികളെ പിഞ്ചെല്ലുന്നു. ഞങ്ങൾക്കു തോന്നിപ്പോകുന്നു, ഞങ്ങളുടെ ഈ എഴുത്തിന്റെ മറുപടി ഇവിടെ എത്തുന്നതിനു മുമ്പുതന്നെ ഒരുപക്ഷേ ഞങ്ങളുടെ പള്ളികൾ എല്ലാംതന്നെ അദ്ദേഹത്തിന്റെ അനുസരണത്തിൻകീഴ് അണിനിരക്കും. കർമ്മലീത്താ വൈദികരാൽ നയിക്കപ്പെടുന്ന ഏതാനും പള്ളികളൊഴിച്ച് ശേഷിച്ചവയെല്ലാം അദ്ദേഹത്തെ അനുധാവനം ചെയ്യും. സർവസംഗതികളും സംഭവത്തിനുമുമ്പുതന്നെ വീക്ഷിച്ചറിയുന്ന ദൈവം ഇതറിയുന്നു.

അതിനാൽ പരിശുദ്ധ പിതാവേ, എളിമയോടുകൂടി ഞങ്ങൾ, കണ്ണുകളിൽ നിറഞ്ഞു നിൽക്കുന്ന കണ്ണുനീരോടുകൂടി അങ്ങേ പക്കൽ അഭ്യർത്ഥിക്കുന്നു: ഈ വസ്തുതകളുടെ സത്യാവസ്ഥ ഞങ്ങളെ



www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA

അറിയിക്കണമെന്ന്. അത് ഞങ്ങളുടെ കൽദായ ഭാഷയിൽതന്നെ ആയിരിക്കണം. പാത്രിയർക്കീസ് തിരുമേനി അങ്ങയോട് എന്താവശ്യപ്പെട്ടുവെന്നും അദ്ദേഹത്തിന് എന്തു മറുപടി അങ്ങ് കൊടുത്തുവെന്നും, ഈ രണ്ട് പേരിൽ ആരെ ഞങ്ങൾ അനുസരിക്കണമെന്നും, ആ എഴുത്തിൽ ഞങ്ങൾക്ക് വ്യക്തമാക്കിത്തരണം. പ്രശ്നം നിറഞ്ഞ ഈ കലഹാന്തരീക്ഷത്തിൽ നല്ലതെന്നു അങ്ങു കാണുന്ന വഴിയിലൂടെ സർവനന്മകളാലും അലംകൃതനായ അങ്ങു തന്നെ ഞങ്ങളെ നയിക്കണമെ. സംശയ മനഃസ്ഥിതിയോടെ ഇനിയും കഴിയുന്ന ഞങ്ങളുടെ സഹോദരങ്ങളെ നന്മയിൽ ഉറപ്പിക്കുന്നതിന് ഇതാവശ്യമായി ഞങ്ങൾ കരുതുന്നു.

അവസാനമായി അങ്ങയുടെ സിംഹാസനത്തിനു മുമ്പിൽ മുട്ടുകുത്തി തൃപ്പാദങ്ങൾ ചുംബിച്ചുകൊണ്ട് ഞങ്ങൾ അപേക്ഷിക്കുന്നു. അങ്ങേയ്ക്കു കീഴ്വഴങ്ങി അങ്ങയുടെ വിശ്വസ്ത മക്കളായി വ്യാപരിക്കുന്നതിന് ഞങ്ങൾക്കു കഴിയുമാറ് അങ്ങേ പൈതൃകാശീർവാദം ധാരാളമായി ഞങ്ങൾക്കു നൽകണമെന്ന്.

അതേ ആശീർവാദം ഞങ്ങളുടെ പള്ളികൾക്കും, ഞങ്ങളുടെ രാജ്യത്തിനും അതിൽ വസിക്കുന്ന എല്ലാവർക്കും ധാരാളമായി അങ്ങു നൽകണമെ. എന്തുകൊണ്ടെന്നാൽ അജ്ഞാനാധികാരികൾക്കു വിധേയരായിട്ടാണ് ഞങ്ങൾ ഇവിടെ ജീവിക്കുന്നത്.

മാന്നാനം ആശ്രമത്തിൽനിന്ന്

ജൂൺ 19, 1861.

കുറിയാക്കോസ് ഏലിയാ-പ്രിയോർ

ഒപ്പ്

*(വേറെ 12 വൈദികർകൂടി ഇതിൽ ഒപ്പുവെച്ചിട്ടുണ്ട്.)*

* പരിശുദ്ധ പിതാവെ, കഴിയുന്നതുംവേഗം ഞങ്ങളുടെ കൽദായ ഭാഷയിൽ ഇതിനു മറുപടി അയയ്ക്കണമെ.

* ഒപ്പിട്ടതിനുശേഷം എഴുത്തിന്റെ ചുവട്ടിൽ എഴുത്തുകാർതന്നെ സുറിയാനിയിൽ കുറിച്ചിരിക്കുന്നത്.

# മാർപാപ്പായുടെ മറുപടി കത്ത്

***ചാവറയച്ചനും സഹപ്രവർത്തകരും കൂടി മാർപാപ്പായ്ക്കയച്ച കത്തിന് സെപ്റ്റംബർ 5-ാം തീയതി മറുപടി അയച്ചു. ലത്തീൻ ഭാഷയിലാണ് കത്ത്. അതിൽ മാർപാപ്പാ ഒപ്പിട്ടിട്ടുണ്ട്. ഈ കത്ത് മാന്നാനത്ത് ഇന്നും ഭദ്രമായി സൂക്ഷിച്ചിരിക്കുന്നു. ചാവറയച്ചന്റെ മുറിയിൽ അതു പ്രദർശിപ്പിച്ചിട്ടുണ്ട്.***

***ലത്തീൻ കത്തിനോടുകൂടി അതിന്റെ സുറിയാനി തർജ്ജമയും റോമിൽനിന്ന്, അയച്ചിരുന്നു. അതും അതിന്റെ മലയാള തർജ്ജമയും ക.നി.മൂ.സ. ബ. ബർണാർദച്ചൻ 1921-ൽ പ്രസിദ്ധീകരിച്ച മാർത്തോമ്മാ ക്രിസ്ത്യാനികൾ രണ്ടാം വാല്യം പേജ് 272-275-ൽ കൊടുത്തിട്ടുണ്ട്. പ്രസ്തുത മലയാള തർജ്ജമയാണ് താഴെ കൊടുത്തിരിക്കുന്നത്. ലത്തീൻ മൂലവുമായി ഇതൊത്തുപോകുന്നുണ്ട്.***

നമ്മുടെ സ്നേഹമക്കളും മലയാളസുറിയാനിക്കാരുമായ പ്രീയോർ കുറിയാക്കോസ് ഏലിയ, അലക്സാണ്ടർ യൗസേപ്പ്, കുറിയാക്കോസ് ഏലീശാ മുതലായ പട്ടക്കാർക്ക് സ്വസ്തിയും ശ്ലീഹായ്ക്കടുത്ത ആശിസ്സും.

സ്നേഹമക്കളെ, കൽദായക്കാരുടെ ബാബേലിലെ മാർ യൗസേപ്പു പാത്രിയർക്കീസായ ബ. നമ്മുടെ സഹോദരന്റെ ഒരെഴുത്തോടുകൂടി അടുത്തു കഴിഞ്ഞ ഇടവം 9-ാം നു നിങ്ങളുടെ പക്കൽ വരുകയും മലയാളത്തിലുള്ള പള്ളികളെ ഭരിക്കുവാൻ നമ്മുടെ ആജ്ഞയനുസരിച്ച് യൗസേപ്പു പാത്രിയർക്കീസിനാൽ അയയ്ക്കപ്പെട്ടിരിക്കുന്നതെന്നു പറയുകയും ചെയ്യുന്ന റോക്കോസ് മെത്രാനോട് ഏതു പ്രകാരം വർത്തിക്കണമെന്നു അറിവാൻ അപേക്ഷിക്കുന്നതായി ഈയ്യാണ്ടു മിഥുനമാസം 19-ാംനു നമ്മുടെ പക്കലേക്കു നിങ്ങളയച്ച എഴുത്തു ഇവിടെ വന്നുചേർന്നെന്ന് നിങ്ങളോടു നാം അറിയിക്കുന്നു.

ഈ മഹാകാര്യത്തിൽ ഭിന്നതയൊക്കെയും നിങ്ങളിൽനിന്നകലുവാൻ ശ്ലീഹായ്ക്കടുത്ത ഈ സിംഹാസനത്തോടും മറ്റു സകല പള്ളികളുടെയും മാതാവും ഗുരുനാഥയുമായ വലിയറോമ്മ എന്ന ഈ പള്ളിയോടു നിങ്ങൾ ആലോചന ചോദിച്ചതിനാൽ നാം വളരെ സന്തുഷ്ടനായിത്തീർന്നിരിക്കുന്നു.

എന്നാൽ സനേഹമക്കളെ, മലയാളത്തിലുള്ള പള്ളികളുടെ കാര്യത്തിൽ യാതൊരു പ്രകാരവും പ്രവേശിച്ചുകൂടാ എന്നു 1860 വൃശ്ചികം 26-നു തന്നെ ഈ പാത്രിയർക്കീസിനോടു നാം എഴുത്തുമൂലം ആജ്ഞാപിച്ചിരുന്നതിനാൽ ഈ പാത്രിയർക്കിസിന്റെ സ്വമനസ്സാലും ആജ്ഞയാലും മാത്രമാണ് റോക്കോസ് അവിടെ വന്നിരിക്കുന്നതെന്നു നിങ്ങൾ അറിയണം. ആകയാൽ സ്നേഹമക്കളെ, റോക്കോസ് മെത്രാൻ പള്ളിക്കടുത്ത അധികാരമില്ലാത്തവനും ക്രമവിരോധമായി നിയമിക്കപ്പെട്ടവനും പള്ളിക്കടുത്ത പല മഹറോനിൽ വീണിരിക്കുന്നവനും ആയിരിക്കുന്നു എന്നു നിങ്ങൾ ധരിച്ചുകൊൾവിൻ.

ആകയാൽ പരിശുദ്ധവും ശ്ലീഹായിയ്ക്കടുത്തതുമായ ഈ സിംഹാസനത്തിന്റെ പ്രതിപുരുഷനായി അവിടെ നാം നിയമിച്ചിരിക്കുന്ന പാർസാലിയായുടെ മെത്രാപ്പോലീത്തായായ ബ. നമ്മുടെ സഹോദരൻ മാർ ബർണ്ണർദ്ദീനോസ് മാത്രം മലയാളത്തിലുള്ള പള്ളികളുടെ മേല്പട്ടക്കാരനാകയാൽ ആ ദേഹത്തിനു നിങ്ങൾ കീഴ്പ്പെട്ടിരിക്കേണ്ടത് ന്യായമാകുന്നു.

തന്നിമിത്തം റോക്കോസ് മെത്രാനെ ക്ഷണേന താമസമെന്യ അവിടെനിന്നു വിളിച്ചുകൊള്ളുവാൻ യൗസേപ്പു



www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA

പാത്രിയർക്കീസിനോടു നാം കല്പ്പിച്ചിരിക്കുന്നു എന്നുള്ള വസ്തുത നിങ്ങളെ നാം അറിയിക്കുന്നു.

സ്വർഗ്ഗീയമായ സകല അനുഗ്രഹങ്ങളുടെയും നിങ്ങളുടെമേൽ നമുക്കുള്ള പിതാവിനടുത്ത സ്നേഹത്തിന്റെയും അച്ചാരമായി നമ്മുടെ ഹൃദയസ്നേഹമൊക്കെയോടുംകൂടി ശ്ലീഹായിക്കടുത്ത ആശിസ്സിനെ സ്നേഹമക്കളായ നിങ്ങൾക്കു നാം തരുന്നു.

നമ്മുടെ വാഴ്ചയുടെ 16-ാം വത്സരം
ക്രിസ്താബ്ദം 1861 കന്നിമാസം 5-ാം നു
റോമ്മായിൽ ശെമഓൻ കേപ്പായുടെ പള്ളിയിൽനിന്നു

# 1870 ഏപ്രിൽ 25-ാം തീയതി ചാവറപ്പിതാവ് പരി. മാർപാപ്പായ്ക്കെഴുതുന്ന വേറൊരു കത്ത്

***ഈ എഴുത്തിന്റെ മൂലം സുറിയാനി; കൈയക്ഷരം ചാവറയച്ചന്റേതു തന്നെ. ചാവറയച്ചന്റെ പൂർണ്ണമായ ഒപ്പും എഴുത്തിലുണ്ട്. വത്തിക്കാനിൽ പൗരസ്ത്യ തിരുസംഘത്തിന്റെ ഈടുവെയ്പിൽ ഇതു സൂക്ഷിച്ചിരിക്കുന്നു. (Scrit. rif. Mal 1875)***

***എഴുത്തിന്റെ സ്വതന്ത്ര മലയാള വിവർത്തനവും അതിന്റെ സുറിയാനി മൂലവുമാണ് താഴെ കൊടുക്കുന്നത്.***

ഏപ്രിൽ 25, 1870

ശ്ലൈഹികസിംഹാസനത്തിൽ പത്രോസിന്റെ താക്കോലുകൾ പിടിച്ചിരിക്കുന്നവനും സഭയുടെ നേരായ തലവനുമായ പരിശുദ്ധ പിതാവ് മഹാനായ ഒൻപതാം പീയൂസ് മാർപാപ്പായ്ക്ക്

അവിടുത്തെ മക്കളും സഭയിലെ ശുശ്രൂഷകരുമായ ഞങ്ങൾ ഗൊവേന്തകളുടെ പ്രിയോരായ കുരിയാക്കോസ് ഏലിയാ ഒരുമിച്ച് വലിയ മനോവേദനയോടെ താഴെപ്പറയുന്ന കാര്യം അങ്ങയുടെ സന്നിധിയിൽ അറിയിക്കുന്നു.

ഏതാനും നാളുകൾക്കുമുമ്പ് യൂപറ്ററസിൽനിന്നുള്ള മാർ തോമസ് റോക്കോസ് എന്ന പേരിൽ ഒരു മെത്രാൻ ബാബേൽ പാത്രിയർക്കീസായ മാർ ജോസഫ് ആവുദോയുടെ ഒരെഴുത്തുമായി ഞങ്ങളുടെ പക്കലേയ്ക്ക് അയക്കപ്പെട്ടു. ഇത് ഞങ്ങളുടെ സഭയിൽ ശീശ്മയ്ക്കു കാരണമായി. അതെങ്ങനെയെന്നാൽ എല്ലാവരും അദ്ദേഹത്തിന് കീഴ്പ്പെട്ടിരിക്കണമെന്നു ആജ്ഞാപിക്കുകയും അങ്ങനെ കീഴ്പെടാതിരിക്കുന്നവരെ പലതരത്തിൽ ഭീഷണിപ്പെടുത്തുകയും ചെയ്തു. ഇതെല്ലാം അങ്ങയുടെ പക്കൽ ഞങ്ങൾ നേരത്തെ അറിയിച്ചിട്ടുള്ളതാണ്.

അതിനുശേഷം ഇപ്പോൾ വലിയ അന്തോനീസിന്റെ സന്യാസസഭയിൽപ്പെട്ട രണ്ട് സന്യാസികൾ ഞങ്ങളുടെ പക്കൽ വന്നിരിക്കുന്നു. വിശ്വാസികളിൽനിന്ന് ധർമ്മം സ്വീകരിക്കുന്നതിനുള്ള ഉദ്ദേശമാണു തങ്ങൾക്കുള്ളതെന്ന് അവർ പ്രഖ്യാപിച്ചിരുന്നു. ആരംഭത്തിൽ അവർ നല്ലവരായി കാണപ്പെട്ടു. വിശ്വാസികൾക്ക് അവരുടെ സഹവാസം ആനന്ദപ്രദമായിരുന്നു. എന്നാൽ തുടർന്നുള്ള അവരുടെ നടത്തയും പ്രവർത്തനരീതിയും പള്ളികളിൽ അവർ അർപ്പിച്ചിരുന്ന കുർബാനയും ഞങ്ങളിൽ ഭയത്തിനു കാരണമുണ്ടാക്കി. അവസാനത്തെ ഈ തിന്മ ആദ്യത്തേതിലും ഗുരുതരമാകുമെന്നു ഞങ്ങൾ ശങ്കിക്കുന്നു. അതിനാൽ പരിശുദ്ധ പിതാവെ, ഞങ്ങൾ അങ്ങയുടെ പക്കൽ വിനയപൂർവ്വം അപേക്ഷിക്കുന്നു. ഇപ്പോൾ റോമിൽ താമസിക്കുന്ന കൽദായ പാത്രിയാർക്കീസിനു സഭാശിക്ഷയ്ക്കു വിധേയനാക്കിക്കൊണ്ട് നേരിട്ടു ഒരു കല്പന കൊടുക്കണമെന്ന്. "മേലാൽ പാത്രിയാർക്കീസിന്റെ എഴുത്തോടുകൂടിയോ അനുവാദത്തോടുകൂടിയോ മെത്രാനാകട്ടെ വൈദികനാകട്ടെ അവിടെനിന്ന് ഞങ്ങളുടെ ഇടയിലേയ്ക്കു ആരേയും അയയ്ക്കരുതെന്ന്." ഇത് അവരോടുള്ള വെറുപ്പുകൊണ്ടോ വിരോധംകൊണ്ടോ അല്ല, പിന്നെയോ ഇപ്രകാരം അയയ്ക്കപ്പെടുന്നവരുടെ സാന്നിദ്ധ്യം ചിലരുടെ ആത്മനാശത്തിനും ക്രിസ്ത്യാനികളുടെയിടയിൽ വഴക്കിനും പിളർപ്പിനും ഇടം കൊടുത്തുകൊണ്ട് ഉതപ്പിനും കാരണമായിതീരുന്നതുകൊണ്ടാണ്.

അവസാനമായി ഞങ്ങൾക്കെല്ലാവർക്കും ഞങ്ങളുടെ രാജ്യത്തിനും, മഹാരാജാവിനും, മന്ത്രിമാർക്കും ദൈവം അവരുടെ ഹൃദയത്തെ വിശ്വാസത്തിലേയ്ക്കു തിരിക്കുമാറ് അങ്ങയുടെ ശ്ലൈഹിക ആശീർവാദം നൽകണമെന്ന് അപേക്ഷിക്കുന്നു.

അങ്ങയുടെ തൃപ്പാദങ്ങളെ ചുംബിച്ചുകൊണ്ടും അങ്ങയുടെയും അങ്ങയുടെ വികാരി അപ്പസ്തോലിക്കാ ആയ ഞങ്ങളുടെ മെത്രാന്റെയും എല്ലാ കല്പനകളും അനുസരിക്കുന്നതിനുള്ള സന്നദ്ധത പ്രഖ്യാപിച്ചുകൊണ്ടും അത്യുന്നതനായ ദൈവം അങ്ങേയ്ക്കു ദീർഘായുസ്സു നൽകട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ടും.

പ്രിയോർ-കുറിയാക്കോസ് ഏലിയാ
കർമ്മലീത്താ മൂന്നാം സഭ



www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# റോക്കോസ് മെത്രാനെതിരെയുള്ള വി. ചാവറപ്പിതാവിന്റെ സർക്കുലർ

**(സീറോ-മലബാർ സഭയുടെ ആദ്യത്തെ വികാരി ജനറാളിന്റെ സർക്കുലർ)**

***1861 മെയ് 9-ന് കേരളത്തിൽ വന്നെത്തിയ മാർ തോമസ് റോക്കോസ് മെത്രാനെക്കുറിച്ചുള്ള വിവരങ്ങൾ ജനങ്ങളെ അറിയിച്ചുകൊണ്ടുള്ള സർക്കുലറാണിത്. ചാവറയച്ചൻ എഴുതി മാന്നാനം പ്രസ്സിൽനിന്നും പ്രസിദ്ധീകരിച്ച ഈ സർക്കുലറിനെക്കുറിച്ച് മാന്നാനം നാളാഗമത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. "ഈ കാര്യത്തിന്റെ പട്ടാങ്ങയിൽ നമ്മുടെ കൊവേന്ത അച്ചുകൂടത്തിൽ പ്രിയോരച്ചന്റെ പേരും വച്ച് ഒരു പരസ്യം അടിപ്പിച്ച് പരസ്യപ്പെടുത്തി..." (ചാവറ സമ്പൂർണ്ണകൃതികൾ വാല്യം 1, 96).***

കർത്താവ് അരുളിച്ചെയ്യുന്നു:"എന്നോടു കൂടെയല്ലാത്തവൻ എനിക്ക് എതിരാണ്. എന്നോടുകൂടെ ശേഖരിക്കാത്തവൻ ചിതറിച്ചു കളയുന്നു" (ലൂക്കാ 11:23).

ഈ തിരുവചനത്തിൽ പറയുന്നതുപോലെ തന്റെ സ്ഥാനപതിയായ വി. പത്രോസ് ശ്ലീഹായുടെ പിൻഗാമിയായ പരിശുദ്ധ മാർപ്പാപ്പയുടെ കല്പന കൂടാതെ ആട്ടിൻ തൊഴുത്തിലേക്ക് പ്രവേശിക്കുകയും അധികാരം പ്രയോഗിക്കുകയും ചെയ്യുന്നവൻ ആടുകളെ ശേഖരിക്കുന്ന ഇടയനല്ല; ചിതറിക്കുന്നവനാണ്. കർത്താവിന്റെ വികാരി യായ പരിശുദ്ധ മാർപ്പാപ്പായോട് ചേരാതെ എതിർത്ത് നില്ക്കുന്നവൻ കർത്താവിന്റെ വിരോധിയാകുന്നു. ഇങ്ങനെയുള്ള ഇടയനും ഇയാളെ അനുകൂലിക്കുന്നവരും കർത്താവിന്റെ വിരോധികൾക്ക് **അവിടുന്ന് വിധിച്ചിരിക്കുന്ന** നരകത്തിൽ ചെന്നു വീഴും എന്നതിന് സംശയമില്ല. ഇപ്രകാരം പരിശുദ്ധ മാർപ്പാപ്പായുടെ കല്പനയും തിരുവെഴുത്തും കൂടാതെ പുറപ്പെട്ടു വന്നിരിക്കുന്ന ഇടയന്മാരത്രെ ഇവർ. ഇപ്പോൾ ബാഗ്ദാദിൽനിന്ന് പുറപ്പെട്ട് കേരളത്തിൽ വന്ന് കർത്താവിന്റെ ആട്ടിൻതൊഴുത്തിൽ പ്രവേശിച്ചു അവിടുത്തെ ആടുകളായ നമ്മെ ചിതറിച്ച് നരകചെന്നായ്ക്കളായ പിശാചുക്കൾക്ക് ഇരയായി കൊടുക്കാൻ ഇവർ നിശ്ചയിച്ചിരിക്കയാണെന്ന് സത്യമായി നാം ബോധ്യപ്പെട്ടിരിക്കുന്നു.

അതിനാൽ പ്രിയപ്പെട്ട കൂടപ്പിറപ്പുകളേ, വാതിലിലൂടെയല്ലാതെ തൊഴുത്തിൽ പ്രവേശിക്കുന്നവൻ കള്ളനും ആടിന്റെ വേഷം ധരിച്ച ചെന്നായും ആകുന്നു (യോഹ. 10:1) എന്ന നമ്മുടെ കർത്താവിന്റെ തിരുവചനം ഓർക്കുക. അങ്ങനെയിരിക്കെ പരിശുദ്ധ മാർപ്പാപ്പായുടെ തിരുവെഴുത്തുകൂടാതെ നമ്മുടെ ഈ തൊഴുത്തിലേക്ക് പ്രവേശിക്കാൻ ഭാവിക്കുന്ന മേൽപ്പറഞ്ഞ ഇടയന്മാർ വന്നാൽ അവരുടെ വഞ്ചനയാർന്ന വാക്കുകൾക്ക് ചെവികൊടുക്കരുത്; അവരോട് സഹകരിക്കരുത്. മറിച്ച്, കർത്താവിന്റെ വികാരിയായ പരിശുദ്ധ മാർപ്പാപ്പായുടെ പ്രതിനിധിയായ വരാപ്പുഴയിലെ അഭിവന്ദ്യ വികാരി അപ്പസ്തോലിക്കായോട് മാത്രം ചേർന്നു നില്ക്കുക എന്നത് നമ്മുടെ നിത്യരക്ഷയ്ക്ക് ആവശ്യമായ കാര്യമാകുന്നു. കൂടാതെ, ഇങ്ങനെയുള്ളവരുടെ കൈകളാൽ വേദസാക്ഷികളായി മരിക്കാൻ നമുക്ക് ഇടവന്നാൽ അത് ദൈവത്തിന്റെ വലിയ കരുണയുടെ അടയാളമെന്നു കരുതി അനുദിനം തയ്യാറായിരിക്കുക.

പരിശുദ്ധ മാർപ്പാപ്പായുടെ കൽപ്പനയോടും തിരുവെഴുത്തോടുംകൂടി വരുന്നവരാണെങ്കിൽ അവർ തീർച്ചയായും ശരിയായ വാതിലായ കേരളത്തിലെ വരാപ്പുഴ വികാരി അപ്പസ്തോലിക്കായെയോ കൊല്ലം വികാരി അപ്പസ്തോലിക്കായെയോ തങ്ങളുടെ സാക്ഷിപത്രം കാണിച്ച് അവരുടെ സമ്മതത്തോടെ മാത്രമേ നമ്മുടെ ഏതെങ്കിലുമൊരു പള്ളിയിൽ പ്രവേശിച്ച് കൂദാശകൾ പരികർമ്മം ചെയ്യുകയുള്ളു എന്ന് നിങ്ങൾ അറിഞ്ഞിരിക്കട്ടെ. ഇത് നിങ്ങളെ അറിയിക്കുന്നത് കൂടെപ്പിറപ്പുകളായ നിങ്ങളുടെ ആത്മരക്ഷയെ ഉദ്ദേശിച്ചാണ്. നമ്മുടെ ഏക തലവനായ പരിശുദ്ധ മാർപ്പാപ്പായുടെ വിലക്കിന് വിപരീതമായി നിങ്ങൾ പുതിയ ശീശ്മയിൽ ഉൾപ്പെട്ട് നിത്യമായി നശിച്ചുപോകാൻ ഇടവരാതിരിക്കാൻ വേണ്ടിയുമാണ്. തെക്കും വടക്കുമുള്ള എല്ലാ പള്ളികളിലെയും എന്റെ കൂടെപ്പിറപ്പുകളായ ബഹുമാനപ്പെട്ട വൈദികർക്കും, എന്റെ സ്നേഹമുള്ള ജ്യേഷ്ഠാനുജന്മാരായ വിശ്വാസികൾക്കും കൂടി മാന്നാനം മുതലായ കൊവേന്തകളുടെ പ്രിയോരും നിങ്ങളുടെ എളിയ കൂടെപ്പിറപ്പുമായ

ചാവറ കുര്യാക്കോസ് ഏലിയാ പട്ടക്കാരൻ

**ഈ നാളുകളിൽ ദൈവമാതാവിനോട് കൂടെകൂടെ പ്രാർത്ഥിക്കാനുള്ള സുകൃതജപം.**

**ജന്മപാപമില്ലാതെ ഉത്ഭവിച്ച പരിശുദ്ധ മറിയമേ! തിരുസഭയ്ക്ക് നേരിട്ട എല്ലാ നാശങ്ങളെയും നീക്കിയ മാതാവേ! നവമായി രൂപംകൊള്ളുന്ന ഈ ശീശ്മവഴി അസ്വസ്ഥമാകാൻ തിരുസ്സഭയെ അങ്ങ് കൈവിടരുതേ. വിശുദ്ധ പത്രോസിന്റെ അധികാരം കൈക്കൊണ്ടിരിക്കുന്ന പരിശുദ്ധ മാർപ്പാപ്പായോട് എന്നും എല്ലായിടത്തും സംപൂർണ്ണമായ അനുസരണം പാലിക്കാൻ അങ്ങ് കൃപ ചെയ്യണമെ. ആമ്മേൻ.**

**റോമാ സിംഹാസനത്തിന്റെ കല്പനയില്ലാതെ ഇപ്പോഴോ പിന്നീട് എപ്പോഴെങ്കിലുമോ കേരളത്തിലേക്ക് മെത്രാനായി വരുന്നവരെ സ്വീകരിക്കുകയില്ലെന്നും, റോമാ സിംഹാസനത്തിന്റെ കല്പനയാലെ ഞങ്ങൾക്കു മെത്രാനായി വരുന്നവരെ ഒരുമയോടെ സ്വീകരിച്ചുകൊള്ളാമെന്നും സുവിശേഷ ഗ്രന്ഥവും വിശുദ്ധ കുരിശും തൊട്ട് സത്യം ചെയ്യുന്നു.**



www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA


# ചാവറ പിതാവും പുനരൈക്യശ്രമങ്ങളും

**ഫാ. തോമസ് പന്തപ്ലാക്കൽ** സി.എം.ഐ.

**ചാ**വറ പിതാവിന്റെ 19-ാം നൂറ്റാണ്ടിലെ പുനരൈക്യശ്രമങ്ങളെ വെളിച്ചത്തിലേക്ക് കൊണ്ടുവരുന്നതിന്റെ തുടക്കമായി പുനരൈക്യപ്പെട്ട മലങ്കരസഭയിലെ മെത്രാപ്പോലീത്തൻ ആർച്ചു ബിഷപ്പായിരുന്ന സിറിൽ മാർ ബസേലിയോസ് പിതാവിന്റെ വചനങ്ങൾ കടമെടുക്കുന്നു: "19-ാം നൂറ്റാണ്ടിൽ ഈ രംഗത്ത് (പുനരൈക്യശ്രമം) ആത്മാർത്ഥമായി പ്രവർത്തിച്ച ഒരു പുണ്യപുരുഷനായിരുന്നു ഭാഗ്യ സ്മരണാർഹനായ ചാവറയച്ചൻ. 'ഒരിടയനും ഒരു തൊഴുത്തും' എന്ന യേശുനാഥന്റെ ആഹ്വാനത്തെ അദ്ദേഹം ഹൃദയപൂർവം കൈക്കൊണ്ടു. ഒന്നാം വത്തിക്കാൻ സൂനഹദോസിൽ പങ്കെടുക്കാനുള്ള പരിശുദ്ധ പിതാവിന്റെ ക്ഷണം ചാവറയച്ചൻ യാക്കോബായ മെത്രാന്മാരെ അറിയിച്ചു. യാക്കോബായ സഭയിലെ അംഗങ്ങൾ തിരിച്ചുവരികയാണെങ്കിൽ ആരാധനക്രമത്തിലും വിവാഹിതരായ വൈദികരുടെ കാര്യത്തിലും എന്ത് നിലപാടാണ് സ്വീകരിക്കേണ്ടത് എന്ന് പരിശുദ്ധ സിംഹാസനവുമായി ആലോചന നടത്തുവാനും ഈ പുണ്യപുരുഷൻ മറന്നില്ല."

ഭാരതസഭ സ്വന്തമായ അപ്പസ്തോലിക പാരമ്പര്യത്തിൽ 15-ാം നൂറ്റാണ്ടുവരെ ഏകസഭയായി മുന്നേറുകയായിരുന്നു. 1653-ലെ കൂനൻ കുരിശു സത്യത്തിലൂടെ പിളർക്കപ്പെടുകയും ചെയ്തു. ലത്തീൻ സഭയുടെ കടന്നുകയറ്റമായിരുന്നു ഇതിന്റെ കാരണമെന്ന് ചരിത്രം വ്യക്തമാക്കുന്നുണ്ട്. അന്നുമുതൽ പലരിലൂടെ പുനരൈക്യശ്രമങ്ങൾ നടത്തിയിട്ടുണ്ട്. 19-ാം നൂറ്റാണ്ടായിട്ടും വിജയം കാണാതിരുന്ന കാലത്താണ് ചാവറ പിതാവിന്റെ രംഗപ്രവേശം. 1831-ൽ സിഎംഐ സഭ തുടക്കംകുറിച്ചപ്പോൾത്തന്നെ അതിന്റെ സ്ഥാപിത ലക്ഷ്യങ്ങളിൽ ഒന്നായി 'ചിതറിക്കപ്പെട്ടവരെ കൂട്ടുക' എന്നതും പെടുത്തിയിരുന്നു. കേരള കത്തോലിക്കാസഭയിൽനിന്നും ഭിന്നിച്ചുപോയ യാക്കോബായ സഹോദരങ്ങളെ തിരിച്ചുകൊണ്ടു വരിക എന്നതായിരുന്നു അത്.

1862 നും 69 നും ഇടയ്ക്ക് നടത്തിയ ചാവറ പിതാവിന്റെ ശ്രമങ്ങളിലൊന്ന് സുറിയാനി പാരമ്പര്യത്തോട് ചേർന്നുനിൽക്കത്തക്കവിധം ആരാധനക്രമത്തെയും വൈദികർ ഉപയോഗിക്കുന്ന കാനോന നമസ്കാരത്തെയും ചിട്ടപ്പെടുത്തുക എന്നതായിരുന്നു. ഇതിന്റെ പിന്നിലെയും ഒരു കാണാപ്പുറം യാക്കോബായക്കാരുടെ പുനരൈക്യത്തെ ലക്ഷ്യംവച്ചുകൊണ്ടുള്ളതായിരിക്കണം. അവർ പ്രധാനമായും സ്വന്തരീത്തിൽ മെത്രാന്മാരില്ലാത്തതുകൊണ്ടും ആരാധനക്രമപാരമ്പര്യം നഷ്ടപ്പെട്ടതുകൊണ്ടുമായിരുന്നു വിട്ടുനിന്നിരുന്നത്.



1864-ൽ ചാവറ പിതാവ് റോമിലേക്ക് അയക്കുന്ന ഒരു കത്തിലൂടെ വലിയാഴ്ചയിലെ ശനിയാഴ്ചക്രമം കൂട്ടിച്ചേർക്കുന്നതിനെക്കുറിച്ചാവശ്യപ്പെടുന്നുണ്ട്. സുറിയാനി ആരാധനക്രമത്തിൽ മാറ്റങ്ങൾ വന്നുപോയതുകൊണ്ട് പ്രത്യേകിച്ചും വലിയ നോയമ്പിലെ ദുഃഖശനിയാഴ്ചക്രമത്തിൽ പല കർമ്മങ്ങളും ഇപ്പോൾ ഇല്ലാത്തതുകൊണ്ട് യഹൂദ പള്ളികൾക്ക് സമാനം സുറിയാനി പള്ളികൾ പൂട്ടിക്കിടക്കുന്നു എന്ന് അദ്ദേഹം അറിയിക്കുന്നുണ്ട്. അതുപോലെ സ്വന്തറീത്തിൽ മെത്രാന്മാരില്ലാത്തതുകൊണ്ടാണ് രക്തബന്ധികളായവരടക്കം യാക്കോബായക്കാർ പുനരൈക്യപ്പെടാത്തത് എന്നും ചാവറ പിതാവ് 1869-ൽ റോമിലേക്ക് അയച്ച കത്തിലും കാണുന്നുണ്ട്. പ്രസക്തഭാഗം ഇവിടെ ചേർക്കുന്നു:



www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

"അതുകൊണ്ട് അത്യുന്നത തിരുമേനി, നല്ലതെന്ന് എനിക്ക് തോന്നുന്ന ഒരു സംഗതി അറിയിക്കുകയാണ്. ഇവിടെ രണ്ട് മെത്രാന്മാർ ഉണ്ടാകുന്നത് നല്ലതാണ്. ഒന്ന് ലത്തീൻസഭയ്ക്കും മറ്റേത് സുറിയാനി സഭയ്ക്കും. ഇങ്ങനെ സ്വന്തം മെത്രാനുണ്ടാകണമെന്നുള്ള ആഗ്രഹം ഇല്ലാതാകും. അങ്ങനെ ബാബേലുമായുള്ള ബന്ധം അവസാനിക്കും. ഇതുപകാരപ്രദമായിരിക്കും എന്ന് മാത്രമല്ല, യാക്കോബായക്കാരെന്ന് അറിയപ്പെടുന്ന അകത്തോലിക്കർ ഞങ്ങളുടെ രക്തബന്ധികളും ബന്ധുക്കളുമായി അനേകരുണ്ട്. തങ്ങളുടെ ശീശ്മ ഉപേക്ഷിച്ച് കത്തോലിക്ക ഐക്യത്തിലേക്ക് തിരിച്ചുവരാനും ഇത് വളരെ സഹായിക്കും."

തന്റെ വിവേകപൂർവമായ വിലയിരുത്തലോടെ പുനരൈക്യസാധ്യത ലക്ഷ്യമിട്ടുകൊണ്ട് ചാവറ പിതാവ് റോമിലെ അധികാരികളെ ബോധവൽക്കരിക്കാൻ ശ്രമിക്കുന്നതുപോലെ അവസരം വന്നപ്പോൾ യാക്കോബായക്കാരെയും അനുകൂല സാഹചര്യങ്ങൾ ഫലപ്രദമായി ഉപകരിപ്പിക്കുവാൻ പ്രേരിപ്പിക്കുന്നുണ്ട്. വത്തിക്കാനിൽ 9-ാം പീയൂസ് മാർപാപ്പ വിളിച്ചുകൂട്ടുന്ന ഒന്നാം വത്തിക്കാൻ സൂനഹദോസിൽ പങ്കെടുക്കുവാൻ കത്തോലിക്കാ മെത്രാന്മാരെ ക്ഷണിച്ചതുപോലെ സഭയിൽ നിന്ന് ഭിന്നിച്ചുപോയി വേറെ സഭകളായിത്തീർന്നവരുടെ മെത്രാന്മാരെയും സൂനഹദോസിൽ പങ്കെടുക്കുവാൻ ക്ഷണിച്ചിരുന്നു. ഈ വിവരം മനസ്സിലാക്കിയ ചാവറ പിതാവ് യാക്കോബായ വൈദികർക്കായി, അവരുടെ മെത്രാന്മാരെയും സൂനഹദോസിൽ പങ്കെടുക്കാൻ പ്രേരിപ്പിച്ചുകൊണ്ട് എഴുതിയ കത്തിന്റെ പ്രസക്തഭാഗം മാത്രമാണ് ഇവിടെ ചേർക്കുന്നത്:

"പരിശുദ്ധ മാർപാപ്പ ഈ വരുന്ന ഡിസംബർ 8-ന് പരിശുദ്ധ മാതാവിന്റെ അമലോത്ഭവതിരുനാൾ ദിവസം ആകമാന സൂനഹദോസ് കൂടുവാൻ നിശ്ചയിച്ചിരിക്കയാൽ ലോകമൊക്കെയുമുള്ള എല്ലാ മെത്രാന്മാരെയും ശുദ്ധസിംഹാസനത്തിന്റെ കൂട്ടായ്മയിൽ നിന്ന് അകന്നുനിൽക്കുന്ന എല്ലാ ക്രിസ്തീയ വിഭാഗങ്ങളിലുമുള്ള മെത്രാന്മാരെയും വിളിച്ചിരിക്കുംവണ്ണം ഈ മലയാളത്തിലും പുത്തൻകൂർ (യാക്കോബായ) മെത്രാന്മാർക്കും തന്റെ തിരുവെഴുത്ത് യാത്രയാക്കിയിരിക്കുന്നു. നിങ്ങളിലും യാതൊരുത്തൻ ഈ മഹാ ശുദ്ധമാന കൂട്ടത്തിൽച്ചെന്ന് കേൾപ്പാനും നിങ്ങളുടെ സംശയങ്ങൾ തീർത്ത് നിത്യരക്ഷ എന്ന ഈ വലിയ കാര്യത്തിനുള്ള നേർവഴിയെ അറിഞ്ഞ് പഠിപ്പാൻ മനസ്സുള്ളവർ ഉണ്ടായിരുന്നാൽ ആയവരും അവിടെ ചെന്നാൽ നിങ്ങളുടെ സ്ഥാനത്തിനൊത്ത് സ്വീകരിക്കുന്നതിനായി അവിടെ ക്രമീകരണം ചെയ്തിട്ടുണ്ട്. വീണ്ടും ഈ സ്വരം കേൾപ്പാൻ ഇടവരുമോ എന്ന് ഭയപ്പെട്ട് തന്റെ കൂടെത്തന്നെ ആയിരിപ്പാൻ പോകുക."

*മാർത്തോമാ ക്രിസ്ത്യാനികൾ* എന്ന ബർണാർഡ് തോമ്മ എഴുതിയ (1821, 253-286) ഗ്രന്ഥത്തിൽ ഒന്നാം വത്തിക്കാൻ സൂനഹദോസിലേക്ക് യാക്കോബായ മെത്രാന്മാരെ ക്ഷണിച്ചുകൊണ്ടുള്ള കത്ത് ചേർത്തിട്ടുണ്ട്. കേരളത്തിലെ ഇതര സഭകൾ വീണ്ടും വിഭജിക്കപ്പെട്ടുകൊണ്ടിരിക്കുന്നു എന്ന് തിരിച്ചറിഞ്ഞ ചാവറ പിതാവ് സഭാമക്കളെ ചേർത്തുപിടിക്കാൻ നടത്തിയ ശ്രമത്തിന്റെ വിവിധ പടികളായിരുന്നു ഇതൊക്കെ. 1844-ൽ ചാവറ പിതാവിന്റെ കീഴിൽ മാന്നാനം സെമിനാരിയിൽ ചേർന്ന് 1855-ൽ തിരുപ്പട്ടം സ്വീകരിച്ച പാലാക്കുന്നേൽ വല്യച്ചൻ എന്നറിയപ്പെടുന്ന മത്തായി അച്ചൻ ഗുരുമുഖത്തുനിന്ന് പഠിക്കയും തുടർന്ന് അവർ ഒരുമിച്ച് പ്രവർത്തിച്ചിട്ടുള്ളവരുമാണ്, പ്രത്യേകിച്ചും പുനരൈക്യ, ദളിതോദ്ധാരണ പ്രവർത്തികളിൽ. വല്യച്ചന്റെ നാളാഗമത്തിൽ പലയിടങ്ങളിൽ അവർ ഒരുമിച്ച് നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ച് സൂചിപ്പിക്കുന്നുണ്ട്.

ചാവറ പിതാവ് അദ്ദേഹത്തിനെഴുതിയ ഒരു കത്തിൽ യാക്കോബായക്കാർ പുനരൈക്യപ്പെട്ടുവന്നാൽ അവരുടെ ആചാരക്രമങ്ങളിലും ആരാധനക്രമത്തിലും വൈദികരുടെ ഇടയിലെ വിവാഹസാദ്ധ്യതകളേക്കുറിച്ചും കത്തോലിക്കാസഭയുടെ നിലപാടെന്തായിരിക്കും എന്നതിന് മറുപടി പ്രതീക്ഷിച്ച് റോമിലേക്കയച്ച കത്തിന് മറുപടി വന്നതിൽ "നമ്മുടെ ചോദ്യങ്ങൾക്കുള്ള ഉത്തരമെല്ലാം അതിലുണ്ട്" എന്നറിയിക്കുന്നു. പുളിപ്പിച്ച അപ്പം കുർബാനയ്ക്ക് ഉപയോഗിക്കുന്നത് മറ്റ് റീത്തുകളിലും ഇല്ലാത്തതുകൊണ്ട് പറ്റില്ല എന്നും, നിലവിൽ വിവാഹിതരായ വൈദികർക്ക് തുടരാമെന്നും എന്നാൽ കത്തോലിക്കാസഭയിലേക്ക് വന്നശേഷം പുരോഹിതരാകുന്നവർക്ക് വിവാഹം പാടില്ല എന്നുതുടങ്ങിയുള്ള പല കാര്യങ്ങളിലും വ്യക്തത വരുത്തുന്നുണ്ട്. അതുപോലെ അവർ ഉപയോഗിച്ചിരുന്ന തിരുവസ്ത്രങ്ങൾ തൽക്കാലത്തേക്ക് തുടരാമെന്നും പുനരൈക്യപ്പെട്ടവർക്കുവേണ്ടി പള്ളി പണിയേണ്ടി വരുമ്പോൾ അതിന്റെ ചിലവിനേക്കുറിച്ച് സംശയിക്കേണ്ട, അവയെല്ലാം വഴിയെ നടന്നുകൊള്ളും എന്നിങ്ങനെ ലഭിക്കേണ്ട അറിവുകളും സംശയനിവാരണങ്ങളും വരുത്തുവാൻ എത്ര കൃത്യതയോടെയാണ് ചാവറ പിതാവ് റോമുമായി ബന്ധപ്പെടുന്നത് എന്നെല്ലാം ഈ കത്തുകളിൽ നിന്നൊക്കെ വെളിപ്പെടുന്നുണ്ട്. അതിലുപരി പുനരൈക്യപ്പെടുന്നവർക്ക് മാനസികമായി ഉണ്ടാകാവുന്ന എല്ലാ പ്രശ്നപരിഹാരവഴികളും അദ്ദേഹം സഹോദരബുദ്ധ്യാ വിലയിരുത്തുന്നതായും കാണാം.

സത്യസഭയിൽ നിന്നും എന്തെങ്കിലും കാരണങ്ങളാൽ അകന്നു പോകേണ്ടിവന്ന പുത്തൻകൂറുകാരെ ചാവറ പിതാവ് കാണുവാൻ ശ്രമിച്ചിരുന്നത് രക്തബന്ധികളുടെയും കൂടപ്പിറപ്പുകളുടെയും സ്ഥാനത്താണ്. അതുകൊണ്ടായിരിക്കാം യാക്കോബായ സമൂഹത്തിലുള്ളവരും പുനരൈക്യപ്പെട്ട് വന്നവരും ഒരേ ആദരവോടെയും ബഹുമാനത്തോടെയും ചാവറയച്ചനെ കണ്ടിരുന്നത്. അതുകൊണ്ടാണ് ഒരിക്കൽ ഒരു യാക്കോബായമെത്രാൻ "ചാവറയച്ചന്റെ അരക്കെട്ടിലെ തുകൽവാറിൽ തൂങ്ങിയെങ്കിലും സ്വർഗ്ഗത്തിൽ കയറിയാൽ മതി" എന്ന് പറഞ്ഞത്.



CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA

## 1869-ൽ സ്വന്ത റീത്തിൽ മെത്രാനുവേണ്ടി ചാവറയച്ചൻ എഴുതുന്നു

***സ്വന്തം റീത്തിൽ മെത്രാനെ ലഭിക്കുന്നതിനായി ചാവറയച്ചൻ പ്രൊപ്പഗാന്താ തിരുസംഘത്തിന്റെ അദ്ധ്യക്ഷൻ അലക്സാണ്ടർ ബർണ്ണബായ്ക്ക് എഴുതുന്നു.***

"അങ്ങയുടെ ഏറ്റവും എളിയ വിധേയത്വമുള്ള മകൻ, വരാപ്പുഴ വികാരിയാത്തിലുള്ള എല്ലാ ആശ്രമങ്ങളുടേയും പ്രിയോർ കുറിയാക്കോസ് ഏലിയ, സീറോമലബാർ സഭയിലെ എല്ലാ ഇടവക വൈദികരുടേയും സന്യാസവൈദികരുടേയും നല്ല ആലോചനയാൽ പ്രചോദിതനായി ശുദ്ധമനഃസാക്ഷി യോടെ ചില വസ്തുതകൾ അങ്ങയെ അറിയിക്കുവാൻ ആഗ്രഹിക്കുന്നു.

ഇവിടെ വിശ്വാസികളുടെ ഇടയിൽ യാതൊരുവിധ ഭിന്നതയോ സഭാകാര്യങ്ങളിൽ അഭിപ്രായവ്യത്യാസമോ ഇല്ല. കാരണം, മലബാറിൽ ഞങ്ങളുടെ അടുക്കൽ എത്തിയിരുന്ന കൽദായക്കാരുടെ പ്രത്യേകിച്ച് തോമ്മാ റോക്കോസ് മെത്രാന്റെ വാക്കുകളും പ്രവർത്തികളുംമൂലം അവരുടെ വഞ്ചനയും സൂത്രവും അത്യാഗ്രഹവും എല്ലാവർക്കും നന്നായി അറിവുള്ളതാണ്. ഇപ്പോൾ അവർ സമാധാനത്തിൽ ജീവിക്കുന്നുവെങ്കിലും അനുഭവത്തിൽനിന്നും പറയുവാൻ സാധിക്കും, അധികംനാൾ ഈ നില തുടരുകയില്ലെന്ന്. അവരുടെ സമാധാനം അല്പംപോലും ഭംഗപ്പെടുന്നില്ലെങ്കിലും, അല്പം അയഞ്ഞ ജീവിതം നയിക്കാൻ ആഗ്രഹിക്കുന്ന ചിലരുടെ മനസ്സിൽ കലഹങ്ങളെക്കുറിച്ചുള്ള ചിന്ത വരാൻ സാദ്ധ്യതയുണ്ട്.

ഞങ്ങൾ തോമ്മാശ്ലീഹായിൽനിന്നും വിശ്വാസം സ്വീകരിച്ച മാർത്തോമ്മാ ക്രിസ്ത്യാനികളാണ്. അനേകം കൊല്ലങ്ങളായി ഞങ്ങൾക്കു സ്വന്തം മെത്രാനില്ല. എന്നാൽ ഈ അടുത്തകാലങ്ങളിൽ വിശ്വാസം സ്വീകരിച്ചവർക്ക് അവരുടെ സ്വന്തം മെത്രാനുണ്ട്. അതുകൊണ്ട് സ്വന്തം റീത്തിൽപ്പെട്ട മെത്രാനെ ലഭിക്കുന്നതിനായി നമുക്കു ബാബേലിനെ ആശ്രയിക്കാം. ഇങ്ങനെയുള്ളൊരു അസൂയയാൽ പ്രേരിതരായി അവസരം കിട്ടുമ്പോൾ അവർ ബാബേലിലേക്ക് പോകും. ചുരുങ്ങിയപക്ഷം എഴുത്തുകൾ വഴിയായിട്ടെങ്കിലും അത്യാഗ്രഹികളായ ആ ആളുകൾ പ്രസ്തുത അപേക്ഷ സ്വീകരിക്കുകയും ചെയ്യും.

അതുകൊണ്ട് അത്യുന്നത തിരുമേനി, നല്ലതെന്നു എനിക്കു തോന്നുന്ന ഒരു സംഗതി അറിയിക്കുകയാണ്. ഇവിടെ രണ്ട് മെത്രാന്മാർ ഉണ്ടാകുന്നത് വളരെ നല്ലതാണ്. ഒന്ന് ലത്തീൻ സഭയ്ക്കും മറ്റേത് സുറിയാനി സഭയ്ക്കും. ഇങ്ങനെ സ്വന്തം മെത്രാനുണ്ടാകണമെന്നുള്ള ആഗ്രഹം ഇല്ലാതാകും. അങ്ങനെ ബാബേലുമായുള്ള ബന്ധം അവസാനിക്കും.

ഇത് ഉപകാരപ്രദമായിരിക്കുമെന്ന് മാത്രമല്ല, യാക്കോബായക്കാരെന്ന് അറിയപ്പെടുന്ന അകത്തോലിക്കർ ഞങ്ങളുടെ രക്തസംബന്ധികളും ബന്ധുക്കളുമായി അനേകരുണ്ട്. തങ്ങളുടെ ശീശ്മ ഉപേക്ഷിച്ച് കത്തോലിക്കാഐക്യത്തിലേക്കു തിരിച്ചുവരാനും ഇത് വളരെ സഹായിക്കും."

*ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ*, vol. IV, കത്തുകൾ, PP. 28,29
(Archives of St. Joseph's Monastery, Mannanam.
Original in Propaganda, Rome, Script, RIF. Mal. 1962-1969, F.384)

ഇതു കൂടാതെയും "പുത്തൻകൂറ്റുകാരോട് (യാക്കോബായക്കാർ) ഇങ്ങോട്ടു കൂടുവാൻ പറയുമ്പോൾ അവർക്കുള്ള തടസ്സമായി പറയുന്നത് സുറിയാനി ക്രമത്തിൽ മെത്രാന്മാർ ഇല്ലെന്നുള്ളതാകുന്നു. ആയതു കൊണ്ട് മേല്പറഞ്ഞ അപേക്ഷ സാധിച്ചാൽ യാക്കോബായക്കാരും കൂടുവാൻ ഇടവരും."

***യാക്കോബായക്കാരുടെ പുനരൈക്യ സാദ്ധ്യതയെക്കുറിച്ച് ചാവറയച്ചൻ റോമിലേയ്ക്ക് എഴുതുന്നു***
*(ചാവറയച്ചൻ, കത്തുകൾ, P. 85)*

## യാക്കോബായ മെത്രാന്മാരെ ഒന്നാം വത്തിക്കാൻ സൂനഹദോസിലേയ്ക്കു ക്ഷണിക്കുന്നു

***(1869-ൽ ആരംഭിച്ച ഒന്നാം വത്തിക്കാൻ സുനഹദോസിൽ പങ്കെടുക്കുവാൻ യാക്കോബായ മെത്രാന്മാരെ ക്ഷണിച്ചുകൊണ്ട് വരാപ്പുഴ മെത്രാപ്പോലീത്തായ്ക്ക് ചാവറയച്ചൻ എഴുതിക്കൊടു ത്തതിന്റെ ഡ്രാഫ്റ്റ് മാന്നാനത്ത് സൂക്ഷിച്ചിരിക്കുന്നു. അതിലെ പ്രസക്ത ഭാഗങ്ങളെടുത്ത് യാക്കോബായ മെത്രാന്മാരെ സുനഹദോസിൽ പങ്കെടുക്കുവാൻ പ്രേരിപ്പിച്ചുകൊണ്ട് വൈദികർക്ക് ചാവറയച്ചനെഴുതിയ കത്തിന്റെ ഡ്രാഫ്റ്റും മാന്നാനത്ത് സൂക്ഷിച്ചിരിക്കുന്നു).***

"…. കല്ലു നീ എന്നും ഈ കല്ലിന്മേൽ എന്റെ പള്ളി പണിയുമെന്നും നരകവാതിൽ അതിന്മേൽ ഒരു നാളും വിജയിക്കയില്ലെന്നും നമ്മുടെ കർത്താവ് അരുളിച്ചെയ്തുകൊണ്ടു ഈ ശുദ്ധകത്തോലിക്കാ പള്ളിക്ക്



www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA

തലവനായി കല്പിച്ചു എന്ന ശു. പത്രോസിന്റെ അനന്തരഗാമിയായിപ്പോൾ റോമ്മാപള്ളിയിൽ വാണരുളുന്ന 9-ാം പീയൂസ് എന്ന ശു. മാർപാപ്പ, ഈ ശുദ്ധപള്ളിയുടെ പൂർവ്വനടപ്പിൻ പ്രകാരം ഈ വരുന്ന ഡിസംബർ 8-ന്, ശു. മാതാവിന്റെ അമലോത്ഭവതിരുന്നാൾ ദിവസം ആകമാന സൂനഹദോസു കൂടുവാൻ നിശ്ചയിച്ചിരിക്കയാൽ ലോകമൊക്കെയുമുള്ള എല്ലാ മെത്രാന്മാരെയും, ശുദ്ധ സിംഹാസനത്തിന്റെ കൂട്ടായ്മയിൽ നിന്ന് അകന്നുനിൽക്കുന്ന എല്ലാ ക്രിസ്തീയ വിഭാഗങ്ങളിലുമുള്ള മെത്രാന്മാരെയും വിളിച്ചിരിക്കുംവണ്ണം ഈ മലയാളത്തിലും പുത്തൻകൂർ (യാക്കോബായ) മെത്രാന്മാർക്കും തന്റെ തിരുവെഴുത്ത് യാത്രയാക്കിയിരിക്കുന്നു.

.... ഇങ്ങനെയുള്ള സത്യങ്ങളാലെ നിങ്ങളും അറിഞ്ഞും മനസ്സിലാക്കിയുമിരിക്കുംവണ്ണം പരാതികളും, സംശയങ്ങളൊക്കെയും നീക്കുന്നതിന് സൂനഹദോസ് എന്ന ഈ വഴി ദൈവം തമ്പുരാനാൽ നിശ്ചയിക്കപ്പെട്ടിരിക്കയാലും, 11-ാം നാഴികയിലെ ദൈവസ്വരംപോലെ ഈ രക്ഷാനാഥൻ ലോകമൊക്കെയും കേൾപ്പിച്ചുതന്ന തന്റെ വികാരിയാലെ തലവന്മാരെ ഒക്കെയും നേരിട്ടു വിളിക്കയാലും നിങ്ങളുടെ മെത്രാന്മാർക്കും തന്റെ തിരുവെഴുത്തു കൊടുത്തയച്ചിരിക്കകൊണ്ടും നിങ്ങളിലും യാതൊരുത്തൻ ഈ മഹാശുദ്ധമാന കൂട്ടത്തിൽച്ചെന്ന് കേൾപ്പാനും നിങ്ങളുടെ സംശയങ്ങൾ തീർത്ത് നിത്യരക്ഷ എന്ന ഈ വലിയ കാര്യത്തിനുള്ള നേർവഴിയെ അറിഞ്ഞു പഠിപ്പാൻ മനസ്സുള്ളവരുണ്ടായിരുന്നാൽ, അയവരും അവിടെ ചെന്നാൽ നിങ്ങളുടെ സ്ഥാനത്തിനൊത്ത് സ്വീകരിക്കുന്നതിനായി അവിടെ ക്രമീകരണം ചെയ്യുന്നതായിരിക്കും.

അപ്പോഴോ, രക്ഷിതാവിന്റെ അടുത്തേയ്ക്കുള്ള ഈ വിളിക്ക് ചെവി ചായിച്ചില്ലെങ്കിൽ വീണ്ടും ഈ സ്വരം കേൾപ്പാൻ ഇടവരുമോ എന്ന് ഭയപ്പെട്ട് തന്റെ കൂടെ തന്നെ ആയിരിപ്പാൻ പോകുക.

*(Archives of St. Joseph's Monastery,*
*Mannanam CMI Special-C Golden Records)*

"......നവംബർ 28-ന് റോമ്മായിൽനിന്നും പെ. ബ. മെത്രാനച്ചൻ പെ. ബ. പ്രൊവി. അപ്പ. ഫിലിപ്പച്ചനും, മലയാളത്തിൽ പ്രിയോരച്ചനും ഇങ്ങനെ രണ്ടെഴുത്തു വന്നു. അതിൽ ശുദ്ധ മാർപാപ്പായ്ക്കുള്ള കാഴ്ചപണം (Rs. 32007) മെത്രാനച്ചൻ തന്നെ തിരുമുമ്പിൽ കൊടുത്തു....."

*ഒന്നാം വത്തിക്കാൻ സൂനഹദോസിലേയ്ക്ക്*
*നൽകിയ പിരിവ് (ചാവറയച്ചൻ, നാളാഗമം. P. 159)*

## പുനരൈക്യശ്രമം: പാലാക്കുന്നേൽ വല്യച്ചന്റെ ഡയറിയിൽനിന്ന്

***"......ഇതിനാൽ പുത്തൻകൂറ്റുകാരെ (യാക്കോബായക്കാർ) കുറിച്ചു വേല ചെയ്യുവാൻ ശേഷമുള്ളവരും ഉത്സാഹിപ്പാൻ വേണ്ടി അതിനു ഞാനും പ്രിയോരു കുറിയാക്കോസ് ഏലിയായും കൂടി ചെയ്ത ബുദ്ധിമുട്ടുകൾ നിങ്ങൾ അറിഞ്ഞാൽ കുറെ ജാഗ്രത കാണുമെന്നു വിചാരിച്ച് അദ്ദേഹം എനിക്കയച്ച ഒരു മറുപടിയുടെ ശരിപ്പകർപ്പ് താഴെ പകർത്തുന്നു:***

ഈ. മ. യൗ

1870 ഫെബ്രുവരി 11

ആഹ കർമ്മലീത്ത മൂന്നാംസഭയുടെ പ്രിയോർ

ബ. എന്റെ പ്രിയമുള്ള പാലാക്കുന്നേൽ അച്ചൻ കൊടുത്തയച്ച എഴുത്തിന്റെ സംഗതിയെ ബ. പ്രൊ. വികാരി ജനറാൾ അച്ചനെ ബോധിപ്പിച്ചത്, നമ്മുടെ പെ. ബ. മെത്രാപ്പോലീത്താച്ചൻ ആ സംഗതിക്കായി റോമായിൽ ബോധിപ്പിച്ചു ചോദിച്ചപ്പോൾ, അവിടെനിന്നു വന്ന ഉത്തരം തന്നെ എന്റെ പക്കൽ തന്നു. അതിൽ നമ്മുടെ ചോദ്യങ്ങളിൽ മിക്കതിനും ഉത്തരിച്ചിരിക്കുന്നു.

........ഇനിയും ഈക്കാര്യം ഒന്നുക്കൂടി തിരക്കി അപേക്ഷകാരൻ ആര്? എന്തുകൊണ്ടു മനസ്സുണ്ടായി? ഇനിയും ഈ വണ്ണമുള്ളവരുണ്ടാകുമോ? എന്നുള്ള അന്വേഷണങ്ങളൊക്കെയും വേഗത്തിൽ തിരക്കി ഒന്നുവരികയോ അല്ലെങ്കിൽ വിവരത്തിന് എഴുത്തയയ്ക്കുകയോ എങ്കിലും ചെയ്താൽ ഫലവും ഉപകാരവും ഉണ്ട്. നമ്മുടെ മെത്രാപ്പോലീത്താച്ചൻ നവംബറിൽ വരും. അതിന്നകത്ത് ഒന്നുക്കൂടി അങ്ങോട്ടറിയിപ്പാൻ തക്ക സമയത്തിനുള്ളിൽ ഈ അന്വേഷണങ്ങൾ നടത്തി അറിയിച്ചാൽ കൊള്ളാം. ശേഷം ദൈവസഹായം പോലെ.

*(പാലാക്കുന്നേൽ വല്യച്ചന്റെ നാളാഗമം, ചരമശതാബ്ദിക്കമ്മറ്റി പ്രസിദ്ധീകരണം, ചങ്ങനാശ്ശേരി, 2000, PP. 81, 82. original in manuscript, Archives of Dharmaram College, Bangalore)*



www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

# ചാവറ പിതാവും സീറോ മലബാർ വൈദികപരിശീലനവും

## മാന്നാനത്ത് നസ്രാണിസഭയുടെ ആദ്യ സെമിനാരി


**ഫാ. തോമസ് പന്തപ്ലാക്കൽ** സി.എം.ഐ.

ചാവറ പിതാവിന്റെ നിരവധിയായ പ്രവർത്തനമേഖലകളെ പരിശോധിക്കുമ്പോൾ, വൈദിക പരിശീലനത്തിനായി അദ്ദേഹം ഇടപെട്ട കാര്യങ്ങൾ പ്രത്യേകം വിലയിരുത്തേണ്ടതാവശ്യമാണ്. താൻ സെമിനാരി വിദ്യാർത്ഥി ആയിരുന്നപ്പോൾ സഹപാഠികളെ പഠനത്തിൽ സഹായിക്കാൻ ശ്രമിച്ചിരുന്നതു മുതൽ വൈദികനായതിനുശേഷം 32 വർഷത്തോളം സെമിനാരി റെക്ടറിന്റെ സ്ഥാനത്ത് നിന്നുകൊണ്ടുതന്നെ എന്ന് പറയാം വൈദിക പരിശീലനത്തിന് നേതൃത്വം കൊടുത്തിരുന്നത് കൂടാതെ മരണംവരെ ഈ കാര്യത്തിൽ ഇടപെട്ടിരുന്നയാളാണെന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നുണ്ട്.

പൗരോഹിത്യം എന്ന പദവിയെ അളവില്ലാതെ ആദരിച്ചിരുന്ന, ദൈവത്തിന്റെ ഈ മഹാദാനത്തിൽ പങ്കുചേരാൻ സാധിച്ചിരുന്നതിനെക്കുറിച്ച് ഏറ്റവും വിനയത്തോടെ നന്ദി അർപ്പിച്ചിരുന്ന, പുരോഹിതനിലുണ്ടാകേണ്ട വിശുദ്ധിയെക്കുറിച്ച് നിറഞ്ഞ അവബോധമുണ്ടായിരുന്ന, പ്രാർത്ഥനയിലൂടെയും ബലിയർപ്പണത്തിലൂടെയും ദൈവത്തിന്റെയും മനുഷ്യരുടെയും ഇടയിലെ മധ്യസ്ഥനാണ് പുരോഹിതൻ എന്ന് സ്വന്തം ജീവിതത്തിലൂടെ അനേകർക്ക് ഉറപ്പു നൽകിയ, 30 വർഷത്തോളം സുറിയാനി സഭയുടെ ഔദ്യോഗിക മല്പാനും വൈദികരുടെ പരിശീലകനും പൗരോഹിത്യത്തിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നവരിലും ഭാരതസഭയിൽ പ്രത്യേകിച്ചും കേരളസഭയിൽ പുരോഹിതന്റെ ആത്മീയവും ഭൗതികവുമായ നേതൃത്വം വിളങ്ങിക്കാണുവാൻ ആഗ്രഹിച്ചവനുമായ ചാവറ പിതാവിന്റെ ശ്രദ്ധ ആജീവനാന്തം പുരോഹിതപരിശീലനത്തിൽ ഉൾപ്പെടുത്തിയത് ദൈവികപദ്ധതിയായിരുന്നു എന്നുവേണം പറയാൻ.

മദ്ധ്യ-പൗരസ്ത്യ ദേശങ്ങളിലാണ് ക്രൈസ്തവസഭയുടെ തുടക്കമെങ്കിലും യൂറോപ്യൻ രാജ്യങ്ങളിലാണ് പടർന്ന് പന്തലിച്ചത്. അവിടെയും റിഫൊർമേഷന്റെ കാലഘട്ടംവരെയും കേരളത്തിലേതുപോലെയൊക്കെയായിരുന്നു, വ്യക്തി ദൗത്യ കേന്ദ്രീകൃതമായിരുന്നു വൈദികപരിശീലനം. കേരളത്തിൽ ഗുരുകുലസമാനമായി, ഒരു ഗുരുവിന്റെ കീഴിൽ ഏതാനുംപേർ ഗുരുമുഖത്തുനിന്ന് പഠിക്കുന്നതുപോലെ ബൈബിളിലും വിശ്വാസപഠനങ്ങളിലും ധർമ്മശാസ്ത്രത്തിലും സാമാന്യം അറിവുള്ള മല്പാന്മാരുടെ പള്ളിയോട് ചേർന്നുള്ള ഇടവക സെമിനാരിയിലായിരുന്നു വൈദികപരിശീലനം. മല്പാന്റെ കഴിവുകളും താൽപ്പര്യവുമായിരുന്നു പരിശീലനത്തിന്റെ നിബന്ധനകളായിത്തീർന്നത്. ഇടവക സെമിനാരികളിലെ പരിശീലനരീതികളിലും ഏകീകരണം കുറവായിരുന്നു. ഇതിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് തന്റെ സെമിനാരി ഗുരുവായ പാലക്കലച്ചനിൽ നിന്നുതന്നെ ചാവറ പിതാവ് മനസ്സിലാക്കിയിട്ടുണ്ടായിരുന്നു.

മാന്നാനത്ത് 1831-ൽ ആദ്യത്തെ സി.എം.ഐ. സന്യാസഭവനം ആരംഭിച്ചു. 1832-ൽ തന്നെ ആശ്രമത്തോടുകൂടി സെമിനാരിയുംകൂടി നടത്തുന്നതിനെക്കുറിച്ചുള്ള ആശയമുണ്ടായി. താമസിയാതെ ഇടവക വൈദികരാകുവാനുള്ളവർക്കും സന്യാസവൈദികരാകുവാനുള്ളവർക്കും ഒരുമിച്ച് താമസിച്ചു പഠിക്കുവാനുള്ള സെമിനാരിക്ക് രൂപമായി. ആദ്യപിതാക്കന്മാരിലൊരുവനായിരുന്ന പോരൂക്കര തോമ്മാച്ചൻ ആ



മാന്നാനത്ത് സെമിനാരി



CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org
www.marggam.com
MARGGAM – Digital Library of Christianity in India

# കാരയ്ക്കാ മാതാവ്

സി.എം.ഐ.സഭയുടെ കാനോനിക സ്ഥാപനത്തിന്റെ സുവർണ്ണ ജൂബിലി പ്രമാണിച്ച് ഒരു പൊതു ആഘോഷം 1905 ഡിസംബർ 15-ൽ മാന്നാനത്ത് നടത്തപ്പെട്ടു. പ്രസ്തുത ജൂബിലിയുടെ സ്മാരകമായി ഈ കുന്നിൽ ആദ്യമായി ദിവ്യബലി അർപ്പിച്ച സ്ഥാനത്ത് കൊയിക്കരി ബോനവുന്തൂരാച്ചന്റെ നേതൃത്വത്തിൽ മനോഹരമായ ഒരു കപ്പേള പണിതീർത്തു. വലിയൊരു കാരമരം നിന്നിരുന്ന സ്ഥാനത്താണ് ഈ കപ്പേള സ്ഥാപിച്ചത്. അതുകൊണ്ട് നാട്ടുകാർ കൊടുത്ത പേരാണ് കാരയ്ക്കാ മാതാവ്.



ശ്രമത്തോട് ചേർന്ന് സെമിനാരിയും കൂടി നടത്തുന്നതിൽ അത്ര തല്പരനല്ലായിരുന്നു എങ്കിലും പൊതു താൽപ്പര്യങ്ങളെ മാനിച്ച് സെമിനാരിയുടെ വളർച്ചയിൽ എല്ലാക്കാര്യങ്ങളിലും സഹകരിക്കുകയും സെമിനാരിയിൽ പഠിപ്പിക്കുകയും ചെയ്തിരുന്നു. സെമിനാരിയുടെ തുടക്കത്തിൽ സന്യാസികളാകുവാനുള്ളവർക്കും ഇടവകവൈദികരാകുവാനുള്ളവർക്കും താമസം ഒരുമിച്ചായിരുന്നെങ്കിലും പിന്നീട് പഠനത്തിന് എല്ലാവരും ഒരുമിച്ച് വരികയും താമസവും ഇതര പരിശീലനങ്ങളും രണ്ടിടത്താക്കുകയും ചെയ്തു. 1833-ൽ രണ്ടുപേരോടുകൂടി ആരംഭിച്ച പൊതുസെമിനാരി വർഷങ്ങൾ പിന്നിടുംതോറും എണ്ണം കൂടി വന്നു. 1894-ൽ മാന്നാനത്തെ പൊതുസെമിനാരി പുത്തൻപള്ളി സെമിനാരിയിൽ ലയിപ്പിച്ചപ്പോഴേക്കും മാന്നാനം സെമിനാരിയിൽ 150 പേർക്കുവരെ ഒരുമിച്ച് താമസിച്ചു പഠിക്കാനുള്ള സൗകര്യമുണ്ടായിരുന്നു എന്ന് ആ കാലങ്ങളിൽ എഴുതപ്പെട്ട ആശ്രമനാളാഗമങ്ങളിൽ നിന്നും ചരിത്രപുസ്തകങ്ങളിൽ നിന്നും വ്യക്തമാകുന്നുണ്ട്.

മാന്നാനത്താരംഭിച്ച പൊതുസെമിനാരിയുടെ അത്ഭുതകരമായ വളർച്ചയും അവിടെ കൊടുക്കുന്ന പരിശീലനത്തിന്റെ നന്മയും തിരിച്ചറിഞ്ഞ വരാപ്പുഴ വികാരി അപ്പസ്തോലിക്ക ഫ്രാൻസിസ് സേവ്യർ മെത്രാൻ ചാവറ പിതാവിനെയും പോരൂക്കര തോമാച്ചനെയും മല്പാൻ പദവിയിലേക്ക് ഉയർത്തി. ചാവറയച്ചനെ തിരുപ്പട്ടമേൽക്കാൻ ഒരുക്കമായവർ ആരെന്ന് തെരഞ്ഞെടുക്കുവാനും അവർക്ക് കുമ്പസാരം കേൾക്കുന്നതിനും പ്രസംഗം പള്ളിയിൽ പറയുന്നതിനുള്ള പത്തേന്തി നൽകുവാനുള്ള അധികാരവും നൽകി. 1871-ൽ മരിക്കുന്നതുവരെ ചാവറ പിതാവിൽ ഈ അധികാരം നിക്ഷിപ്തമായിരുന്നു.

1852 നു ശേഷം വരാപ്പുഴ വികാരി അപ്പസ്തോലിക്ക ആയിരുന്ന ബർണർഡിൻ ബച്ചിനേല്ലി മെത്രാപ്പോലീത്തായും മാന്നാനം സെമിനാരിയുടെ നന്മയും പ്രത്യേകിച്ചും 1861-ൽ പൊട്ടിപ്പുറപ്പെട്ട റോക്കോസ് ശീശ്മയെ മാന്നാനം സെമിനാരിയിൽ പഠിച്ച വൈദികർ ചാവറ പിതാവിനോട് ചേർന്നു നിന്ന് നിർവീര്യമാക്കിയതും, തിരിച്ചറിഞ്ഞ അദ്ദേഹം ചാവറ പിതാവിനെ സീറോ-മലബാർ സഭയുടെ വികാരി ജനറാളായി ഉയർത്തിയതുകൂടാതെ അതുവരെ നിലവിലുണ്ടായിരുന്ന 20-ലേറെ ഇടവക സെമിനാരികളെ നിർത്തലാക്കുകയും സിഎംഐ ആശ്രമങ്ങളോടു ചേർന്ന് പൊതുസെമിനാരികൾ ആരംഭിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. അങ്ങനെ അദ്ദേഹത്തിന്റെയും പിൻഗാമിയുടെയും കാലത്ത് 1866-ൽ വാഴക്കുളത്തും 1868-ൽ ഏൽത്തുരുത്തിലും 1872-ൽ പുളിങ്കുന്നിലും സീറോ-മലബാർ സഭയുടെ പൊതുസെമിനാരികൾ ആരംഭിച്ചു. ഇതിനിടയാണ് 1866-ൽ ചാവറ പിതാവിന്റെ നേതൃത്വത്തിൽ മഠത്തിനായി ഉണ്ടാക്കിയ കെട്ടിടം പൊതുസെമിനാരിയായി മാറ്റിയതും വരാപ്പുഴ സെമിനാരിയും ഇതിനോട് കൂട്ടിച്ചേർത്തതും. ആശ്രമം സെമിനാരികളിൽ പഠിച്ച വൈദികർ തന്നെയാണ് 1874-ലുണ്ടായ മേല്ലൂസ് ശീശ്മയെയും കീഴടക്കാൻ മുന്നിൽ നിന്നത് എന്ന ചരിത്രവും ഓർക്കാം.

1887-ൽ സുറിയാനിക്കാർക്കായി പ്രത്യേക വികാരിയേറ്റുകൾ ഉണ്ടായപ്പോൾ പല വികാരിയേറ്റുകളിലായി സ്ഥാപനങ്ങളുണ്ടായിരുന്ന സിഎംഐ സഭ പൊന്തിഫിക്കൽ പദവിയിലേക്ക് ഉയർത്തപ്പെട്ടു. താമസിയാതെ ആശ്രമങ്ങളോട് ചേർന്ന് നടത്തിയിരുന്ന റീജിയണൽ സെമിനാരികളായ വാഴക്കുളവും ഏൽത്തുരുത്തും പുളിങ്കുന്നും പുത്തൻപള്ളി സെമിനാരിയോട് ചേർക്കുകയും 1894 ൽ മാന്നാനം സെമിനാരിയും കൂട്ടിച്ചേർക്കപ്പെട്ടു.

വൈദികരുടെ പരിശീലനത്തിൽ ചാവറ പിതാവ് നേതൃത്വമെടുത്തിരുന്നതുപോലെയാണ് സീറോ മലബാർ സഭയിലെ വൈദികരുടെ കാനോന നമസ്കാരവും ആരാധനക്രമവും ഏകീകരിക്കുന്നതിനും അദ്ദേഹം നേതൃത്വമെടുത്തത്. അതിനുള്ള തെളിവാണ് ഏതാണ്ട് 100 വർഷത്തോളം ഉപയോഗത്തിലിരുന്ന “തൂക്കാസ” എന്ന ക്രമാനുഷ്ഠാനവിധിയും അദ്ദേഹം ക്രോഡീകരിച്ച മറ്റ് ഭക്താനുഷ്ഠാനങ്ങളും. വൈദികരുടെ ജീവിതത്തിൽ ഐക്യത്തിനും ഏകീകരണത്തിനും നിദാനമായത് അദ്ദേഹം സെമിനാരിയിലായിരിക്കുമ്പോൾ സെമിനാരിപഠനക്കാർക്ക് ഉപയോഗിക്കാൻ വേണ്ടി തമിഴിൽനിന്നും മറ്റുമുള്ള ആധ്യാത്മിക ഗ്രന്ഥങ്ങൾ പകർത്തി എഴുതിയതു മുതൽ മരണം വരെയുള്ള നാല്പത്തഞ്ചോളം വർഷങ്ങൾ സീറോ-മലബാർ സഭയുടെയും വൈദികരുടെയും ഉന്നതിയ്ക്കുവേണ്ടി പങ്കുവെച്ച കാര്യങ്ങൾ പല പുരുഷായുസ്സുകളുടെ സംഭാവനകളെ സ്വരൂക്കൂട്ടിയതിന് തുല്യമാണ്.



CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org
www.marggam.com
MARGGAM – Digital Library of Christianity in India



# സീറോ മലബാർ സഭയും ഏഴ് വ്യാകുലങ്ങളും

**ഫ്രാൻസിസ് തോണിപ്പാറ** സി.എം.ഐ.

2023 സീറോ-മലബാർ സഭയുടെ പുനഃസ്ഥാപനത്തിന്റെ നൂറാം വർഷമായിരുന്നു. 1599-ലെ ഉദയംപേരൂർ സൂനഹദോസിസുശേഷം വേദനാജനകമായ പല സംഭവങ്ങളും അപ്പസ്തോലികപാരമ്പര്യമുള്ള, തനതായ വ്യക്തിത്വമുണ്ടായിരുന്ന മാർത്തോമ്മാനസ്രാണി സമൂഹത്തിൽ നടന്നു. ലത്തീൻ ഭരണത്തിൽ കഴിഞ്ഞിരുന്ന മാർത്തോമ്മാനസ്രാണികൾക്ക് തദ്ദേശീയ നേതൃത്വം ലഭിക്കുന്നതിനും നഷ്ടപ്പെട്ട വ്യക്തിത്വം വീണ്ടെടുക്കുന്നതിനുള്ള പരിശ്രമത്തിന്റെ ഫലമായും കൂനൻകുരിശ് സത്യവും സഭയിൽ പിളർപ്പും സംഭവിച്ചു. പറമ്പിൽ ചാണ്ടി മെത്രാനാണ് ചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ആദ്യത്തെ തദ്ദേശീയ മെത്രാൻ. മിഷനറിമാരുടെ എതിർപ്പുമൂലം ചാണ്ടി മെത്രാന് സ്വജാതിയിലുള്ള മെത്രാൻ പിന്തുടർച്ചയായില്ല. ജോസഫ് കരിയാറ്റിൽ കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തയായി നിയമിക്കപ്പെട്ടെങ്കിലും 1786 ഗോവയിൽ വച്ച് നിര്യാതനായതിനാൽ ആ സ്വപ്നവും സാക്ഷാത്കരിച്ചില്ല. തോമസ് പാറേമ്മാക്കലിനെ മെത്രാനായി നിയമിക്കുവാനുള്ള പരിശ്രമങ്ങളും ഫലം കണ്ടില്ല. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ കൽദായസഭയിൽനിന്നും മെത്രാന്മാരെ കൊണ്ടുവരുവാനുള്ള പരിശ്രമങ്ങളും കൽദായസഭയുമായി കൂടുതൽ ബന്ധങ്ങൾ സ്ഥാപിക്കുവാനുള്ള ആഗ്രഹങ്ങളും ശക്തിപ്പെട്ടു.

1831-ൽ മാന്നാനത്താരംഭിച്ച സന്യാസ ജീവിതത്തിനായുള്ള പരിശ്രമങ്ങൾ സീറോ-മലബാർ സഭയുടെ പുതുജന്മത്തിന്റെ തുടക്കമെന്ന് പറയുന്നതിൽ തെറ്റില്ല. മലബാർ സഭയുടെ കൊടിയായ വി. കുര്യാക്കോസ് ഏലിയാസച്ചനാൽ 1865-ൽ കാനോനികമായി സ്ഥാപിക്കപ്പെട്ട ഇന്നത്തെ സി.എം.ഐ. സഭ സീറോ- മലബാർ സഭയ്ക്ക് ആധ്യാത്മികവും ബൗദ്ധികവുമായ നേതൃത്വം കൊടുത്തു. വികാരി ജനറാൾ എന്ന നിലയിൽ വി. ചാവറ പിതാവ് ഇന്നത്തെ സീറോ-മലബാർ സഭയുടെ ആത്മീയ, ബൗദ്ധിക നവോത്ഥാനത്തിന് തുടക്കമിട്ടു. സഭയ്ക്ക് സ്വന്തമായ നേതൃത്വവും ആസ്ഥാനവും ഇല്ലാതിരുന്ന അന്ന് മാന്നാനം പ്രിയോർ എല്ലാവർക്കും സ്വീകാര്യനായ നേതാവും മാന്നാനം ആശ്രമം സഭയെ ഒന്നിപ്പിക്കുന്ന ആസ്ഥാനവുമായിരുന്നു. വിദേശ ഭരണത്തിൽ കഴിഞ്ഞിരുന്ന മാർത്തോമ്മാനസ്രാണികൾക്ക് തദ്ദേശീയ നേതൃത്വം ലഭിക്കുന്നതിനായി പരിശ്രമിച്ചവരിൽ സി.എം.ഐ-ക്കാരുടെ പങ്ക് വളരെ വലുതാണ്. വി. ചാവറ പിതാവിനാൽ സ്ഥാപിതമായ മാന്നാനം, പുളിങ്കുന്ന് ആശ്രമങ്ങളിലെ ഏതാനും ധീരമതികളും സഭാസ്നേഹികളുമായ അംഗങ്ങൾ രഹസ്യത്തിൽ മാർത്തോമ്മാനസ്രാണികളുടെ ദയനീയാവസ്ഥയും നാട്ടുകാരായ മെത്രാന്മാർ ഉണ്ടാകേണ്ടതിന്റെ ആവശ്യകതയും റോമൻ അധികാരികളെയും ഭാരതത്തിലെ ചില മെത്രാന്മാരെയും അറിയിക്കുകയുണ്ടായി. റോക്കോസ്, മേലൂസ് ശീശ്മകളുടെ പ്രത്യാഘാതങ്ങൾ നേരിട്ടറിഞ്ഞ സഭാസ്നേഹികളായിരുന്നു ഇവർ. കൽദായ മെത്രാന്മാരുടെ നിയമാനുസൃതമല്ലാത്ത വരവിന് വിരാമമിടണമെങ്കിൽ ദേശീയ മെത്രാന്മാർ ആവശ്യമാണെന്ന് ഇവർക്ക് ബോധ്യപ്പെട്ടു. സുറിയാനിക്കാരെ ലത്തീൻകാരിൽനിന്നും വേർതിരിച്ച് സ്വയംഭരണം നൽകണമെന്നും ഇവർ കത്തിൽ ആവശ്യപ്പെട്ടു.

1875 ജൂലൈ 28-നായിരുന്നു ആദ്യ പെറ്റീഷൻ. മാന്നാനം ദേവാലയത്തിന്റെ സക്രാരിയിൽവച്ച് ദീർഘനേരം പ്രാർത്ഥിച്ചതിനുശേഷമാണ് ഒപ്പുവയ്ക്കാതുള്ള ഈ പെറ്റീഷൻ റോമിന് അയച്ചത്. തുടർന്നും തീക്ഷണമായ പ്രാർത്ഥനയ്ക്ക് ശേഷം മറുപടി കിട്ടാത്തതിലുള്ള വിഷമത്തിൽ 1875 സെപ്റ്റംബർ ഒന്നിന് വേറൊരു പെറ്റീഷൻ ഒപ്പോടുകൂടി റോമിനും



CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org
www.marggam.com
MARGGAM – Digital Library of Christianity in India

ഇന്ത്യയിലെ ഏതാനും മെത്രാന്മാർക്കും അയച്ചു. പെറ്റീഷനിൽ ഒപ്പുവച്ച പ്രധാന വ്യക്തികൾ: ഫാ. കുര്യൻ പാലക്കൽ, ഫാ. സ്കറിയാ കളത്തിൽ, ഫാദർ ളൂയിസ് പഴേപറമ്പിൽ, ഫാ. ജോസഫ് ചാവറ, ഫാ. ഹിലാരിയോസ് തറവട്ടത്തിൽ എന്നിവരാണ്. പെറ്റീഷൻ അയച്ച വിവരമറിഞ്ഞ് കലിപൂണ്ട വരാപ്പുഴ മെത്രാപ്പോലീത്ത ലയനോർഡ് മെല്ലാനോ (1868-1887) പല ന്യായങ്ങൾ പറഞ്ഞ് വിചാരണയൊന്നും കൂടാതെ ഏഴ് സി.എം.ഐ. വൈദികരെ 1875 ഡിസംബറിലും 1876 ആരംഭത്തിലുമായി സി.എം.ഐ സഭയിൽ നിന്നും പുറത്താക്കി. വേറെയും പുറത്താക്കപ്പെട്ടവരും പുറത്താക്കുവാൻ പദ്ധതിയിട്ടവരും ഉണ്ടെങ്കിലും ഇവിടെ പ്രധാനമായും പ്രതിപാദിക്കുന്നത് ഏഴ് പേരെക്കുറിച്ചാണ്. 1876-ൽ കേരളത്തിൽ വന്ന വിസിറ്റർ അപ്പസ്തോലിക്കയായ ബോംബെയുടെ മെത്രാൻ ലിയോ മൊയ്റീൻ തന്റെ മാന്നാനം സന്ദർശനവേളയിൽ പുറത്താക്കപ്പെട്ടവരെ കാണുകയും, ഏഴ് വ്യാകുലങ്ങൾ എന്ന പേര് ഇവർക്ക് നൽകുകയും ചെയ്തു. അന്നത്തെ പൊതുപ്രിയോരായിരുന്ന പോരുക്കര കുര്യാക്കോസ് ഏലീശ്വാ അച്ചൻ വളരെ വേദനയോടെയാണ് ഈ പുറത്താക്കൽ നടപടിക്ക് സാക്ഷ്യം വഹിച്ചത്. ബഹിഷ്കരണം റദ്ദാക്കപ്പെടുകയും പുനഃപ്രവേശനം ലഭിക്കുകയും  ചെയ്തതിനാൽ 1876 ജൂലൈ 16-ന് നിര്യാതനായ മംഗലത്ത് യാക്കോബച്ചൻ ഏഴ് വ്യാകുലങ്ങളിൽപ്പെടുന്നില്ല. ബഹിഷ്കരണത്തിന് ഉത്തരവ് കിട്ടിയ വേറെ രണ്ട് പ്രഗത്ഭർകൂടിയുണ്ട്. കൂനമ്മാവ് ആശ്രമവാസിക ളായിരുന്ന ആമ്പല്ലൂർ ഇടവകക്കാരൻ പാറപ്പുറത്ത് വർക്കി അച്ചനും ചക്കരക്കടവ് ഇടവകക്കാരൻ മൂഞ്ഞേലി തോമ്മാച്ചനും. റോമിൽനിന്ന് ബഹിഷ്കരണം നിർത്തണമെന്ന് ഉത്തരവ് വന്നതിനാൽ ഇവർ രക്ഷപ്പെട്ടു.

മിഷനറിമാരുടെ സ്നേഹഭാജനമായ തട്ടാശ്ശേരി സ്കറിയാച്ചനായിരുന്നു  ബഹിഷ്കരണ ഉത്തരവിന്റെ ദൂതൻ. പട്ടം കിട്ടിയശേഷം മാന്നാനം സമൂഹത്തിൽ ചേർന്ന് തീഷ്ണമതിയായ ഈ വൈദികൻ ളൂയിസ് അച്ചന്റെ അയൽവാസിയും വീട്ടുകാരുടെ എതിർപ്പുകൾ അവഗണിച്ച് ളൂയിസ് അച്ചനെ സഭയിൽ ചേർത്തയാളുമാണ്. വളരെ ക്രൂരമായ പെരുമാറ്റമായിരുന്നു സ്കറിയാച്ചന്റേത്. ഈ കഥയുടെ പൂർത്തീകരണത്തിനായി ഒരു കാര്യം കൂടി സൂചിപ്പിക്കട്ടെ. മിഷനറിമാരായ ലിയോപോൾഡ് ബെക്കാറോയും അദ്ദേഹത്തിന്റെ സഹോദരൻ ജരാർദ്ദും ബഹിഷ്കരിക്കപ്പെട്ടവരെ അനുകൂലിക്കുന്നവരായിരുന്നു. ഇതിന് ശിക്ഷയായി ഇവരെ ഇറ്റലിക്ക് നാടുകടത്തി പ്രതികാരം ചെയ്തു.

### 1. ശങ്കുരിൽ ബ. പൗലോസച്ചൻ (1848-1901)

ഞാറക്കൽ ഇടവകാംഗവും പുളിങ്കുന്ന് ആശ്രമാംഗവുമായിരുന്ന ബ. പൗലോസച്ചൻ, തട്ടാശ്ശേരി അച്ചൻവഴി മെത്രാപ്പോലീത്ത കൊടുത്ത കത്തുപ്രകാരം മഞ്ഞുമ്മേൽ ചെന്ന് മെത്രാപ്പോലീത്തായെ കണ്ടയവസരത്തിൽ പല ആരോപണങ്ങൾക്കുശേഷം ഉടനടി കൂനമ്മാവ് കൊവേന്തയിലേക്ക് പോകുവാൻ കല്പിച്ചു. അവിടെച്ചെന്നപ്പോൾ അദ്ദേഹത്തെ കാത്തിരുന്നത് സന്യാസബഹിഷ്കരണത്തിന്റെ ഉത്തരമായിരുന്നു. നിഷ്കാസനത്തിനുശേഷം അദ്ദേഹം സ്വന്തം ഇടവകയായ ഞാറക്കൽ താമസിച്ചു. സ്വയംഭരണത്തിനായി മരണംവരെ പരിശ്രമിച്ചു. ഇദ്ദേഹം എഴുതിയ ഗ്രന്ഥമാണ് സ്ത്രീവിദ്യാഭ്യാസം. അപ്പസ്തോലിക് വിസിറ്ററായ ലിയോ മൊയ്റീൻ കൊവേന്തയിൽ പുനഃപ്രവേശനത്തിന് അനുമതി നൽകിയെങ്കിലും ശിഷ്ടായുസ്സ് രൂപതാവൈദികനായി ചിലവഴിച്ചു. എറണാകുളം, ഒല്ലൂർ, അങ്കമാലി, കൊരട്ടി, കാഞ്ഞൂർ തുടങ്ങിയ ഇടവകകളിൽ വികാരിയായി സേവനമനുഷ്ഠിച്ചു.

### 2. മാതേക്കൽ ബ. മത്തായിഅച്ചൻ (1845-1921)

ഏക പുത്രനായ ഇദ്ദേഹം മാതാപിതാക്കളുടെ എതിർപ്പുകളെ അവഗണിച്ചാണ് സി.എം.ഐ സഭയിൽ ചേർന്നത്. 1873-ൽ പുളിങ്കുന്ന് സെമിനാരിയിലെ മല്പാന്മാരിൽ ഒരുവനായിരുന്നു. 1875 ന്റെ അവസാനമായിരിക്കണം ഇദ്ദേഹം സഭയിൽനിന്നും പുറത്താക്കപ്പെട്ടത്. 1876 മെയ് 25-ന് മാന്നാനത്ത് സമ്മേളിച്ച വൈദികർ, മൊയ്റീന് സമർപ്പിച്ച ഹർജിയിൽ ഇദ്ദേഹവും ഒപ്പിട്ടിരുന്നു. മുട്ടുചിറ, ഭരണങ്ങാനം, രാമപുരം, ആരക്കുഴ, കോതമംഗലം, പെരിങ്ങഴ, മാറിക തുടങ്ങിയ പള്ളികളിൽ വികാരിയായി സേവനമനുഷ്ഠിച്ചു. ആരക്കുഴ കർമ്മലീത്താമഠം സ്ഥാപിക്കുകയും, മാർ ളൂയീസിന്റെ ആലോചനക്കാരിൽ ഒരുവനായി സേവനമനുഷ്ഠിക്കുകയും ചെയ്തു. മാന്നാനത്ത് നടന്ന അപ്പസ്തോലിക് വിസിറ്റർ ലിയോ മൊയ്റീന്റെ വിചാരണവേളയിൽ വരാപ്പുഴ ഭരണത്തിലെ ക്രൂരകൃത്യങ്ങൾ അദ്ദേഹം വിവരിച്ചു കാട്ടി. പുനഃപ്രവേശനത്തിന് അനുമതി ലഭിച്ചെങ്കിലും നിരസിച്ചു.

### 3. ബ. മാണി (എമ്മാനുവൽ) മീനാട്ടൂർ (1847-1897)

ഭരണങ്ങാനം ഇടവകാംഗവും, മാർ ലൂയീസിന്റെ സഹപാഠിയുമായിരുന്നു ബ. മാണിയച്ചൻ.  ബഹുബുദ്ധിമതിയായിരുന്ന മാണിയച്ചൻ ഒരു വൈദിക വിദ്യാർഥി എന്ന നിലയിൽ മാന്നാനം, കൂനമ്മാവ് സെമിനാരികളിൽ പഠിപ്പിച്ചിട്ടുണ്ട്. വിവിധ ഭാഷകളിൽ പ്രാവീണ്യമുണ്ടായിരുന്ന മാണിയച്ചൻ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പ്രചാരകനായിരുന്നു. തട്ടാശ്ശേരി സ്കറിയാച്ചൻവഴിയാണ് പുറത്താക്കൽ കല്പന ലഭിക്കുന്നത്. റോമിന് കത്തെഴുതിയതിൽ ബോദ്ധ്യപ്പെട്ട മൊയ്റീൻ സഭയിൽ തിരിച്ചെടുക്കുവാൻ തയ്യാറായിരുന്നു. മാർ ളൂയീസ് മാണിയച്ചനെ എടപ്പള്ളി വികാരിയായി നിയമിച്ചു. ആനക്കല്ല് വികാരിയായിരുന്നു കാലത്ത് ഒരു ഇംഗ്ലീഷ് അധ്യാപകനെ നിയമിച്ച് യുവാക്കന്മാരെ ഇംഗ്ലീഷ് പഠിപ്പിച്ചു. ഭരണങ്ങാനത്ത് മരിച്ച് അവിടെ സംസ്കരിക്കപ്പെട്ടു.



CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



### 4. ചാവറ ബ. യൗസേപ്പച്ചൻ (+1886)

വിശുദ്ധ ചാവറ പിതാവിന്റെ അടുത്ത ബന്ധുവായ ഇദ്ദേഹം 12-ാം വയസ്സിൽ മാന്നാനത്ത് വരികയും ആശ്രമപ്രവർത്തനങ്ങളിൽ ആത്മീയമായും സാമ്പത്തികമായും ശാരീരികമായും സഹായിച്ചു. മുത്തോലി ആശ്രമത്തിന്റെ സ്ഥാപനത്തിനും അദ്ദേഹം സഹായിച്ചിട്ടുണ്ട്. ബഹിഷ്കരണ ഉത്തരവ് ലഭിച്ച അദ്ദേഹത്തിന്റെ പ്രതികരണം ഇങ്ങനെയായിരുന്നു: "മാന്നാനമല്ലാതെ എനിക്ക് ഭവനമില്ല. ഇവിടുത്തെ കെട്ടിടപ്പണികളിൽ അധികവും ഞാനാണ് ചെയ്യിച്ചത്. ഈ വാർദ്ധക്യകാലത്ത് ഞാൻ എവിടേക്കാണ് പോകേണ്ടത്. ഉടൻതന്നെ തിരിച്ച് ഓർഡർ വന്നു: "മാന്നാനത്ത് പാർക്കാം. പക്ഷേ, ബലിയർപ്പിക്കാൻ അനുവാദമില്ല." മരിക്കുവോളം അദ്ദേഹം സന്യാസിമാരുടെ സമൂഹത്തിൽനിന്ന് വേർപെടുത്തപ്പെട്ട സ്ഥിതിയിൽ കഴിഞ്ഞുകൂടി. പതിനൊന്നുവർഷം ഏകാന്തനായി സെമിനാരി കെട്ടിടത്തിന്റെ താഴത്തെ നിലയിൽ താമസിച്ചു. കാര്യപ്രാപ്തനായ ഇദ്ദേഹമാണ് ഇപ്പോൾ സെന്റ് എഫ്രേസ് സ്കൂളായി പരിണമിച്ചിരിക്കുന്ന സെമിനാരി പണിയിച്ചത്. ഇദ്ദേഹത്തെ മാന്നാനത്താണ് സംസ്കരിച്ചിരിക്കുന്നത്.

### 5. കീരി (ഇരിമ്പൻ) ബ. വർഗീസച്ചൻ അച്ചൻ (1839-1917)

പൂവത്തുശ്ശേരി ഇരിമ്പൻ കുടുംബാംഗമായ ഇദ്ദേഹം ബഹിഷ്കരണശേഷം കുത്തിയതോട്, പരിയാരം, മൂഴിക്കുളം, കറുകുറ്റി, പൂവത്തുശ്ശേരി, മേലൂർ, അരണാട്ടുകര, കൊട്ടേക്കാട്ട് പള്ളികളിൽ വികാരിയായിരുന്നു. മാർ ജോൺ മേനാച്ചേരി പിതാവിന്റെ ആലോചനക്കാരിൽ ഒരുവനായും സേവനം ചെയ്തിട്ടുണ്ട്. മെത്രാപ്പോലീത്താക്ക് ഒരു ക്ഷമാപണക്കത്തെഴുതി മെത്രാപ്പോലീത്തായുടെ നല്ല പുസ്തകത്തിൽ ഇദ്ദേഹത്തിന് സ്ഥാനം കിട്ടിയെന്നും പറയുന്നവരുണ്ട്. 1910 മുതൽ മരണവരെ തൃശൂർ വൈദികാശ്വാസ മന്ദിരത്തിൽ താമസിച്ചു.

### 6. തറവട്ടത്തിൽ ബ. ഹിലാരിയോസച്ചൻ (+1900)

മാന്നാനം കോവേന്തയിൽനിന്നും ബഹിഷ്കൃതനായ ശേഷം വടക്കൻ പറവൂർ പള്ളിയുടെ വികാരിയായി നിയമിക്കപ്പെട്ടു. കൂടുതൽ വിവരങ്ങൾ ഇദ്ദേഹത്തെക്കുറിച്ച് ലഭ്യമല്ല. നല്ലൊരധ്യാപകനായ ഇദ്ദേഹം സെമിനാരിക്കാരെ പഠിപ്പിച്ചിട്ടുണ്ട്. ഇദ്ദേഹത്തെ മുട്ടുചിറ പള്ളിയിൽ സംസ്കരിച്ചിരിക്കുന്നു.

### 7. ബ. ളൂയീസ് പഴേപറമ്പിൽ (1847-1919):

പുളിങ്കുന്ന് ഇടവകാംഗമായിരുന്ന ബ. ളൂയിസച്ചൻ മാന്നാനം ആശ്രമവാസിയായിരിക്കെ റോമിലേക്കുള്ള പരാതികളുടെ നക്കൽ തയ്യാറാക്കി സഹപ്രവർത്തകരുടെ ഒപ്പുകൾ ശേഖരിക്കുവാനായി പുളിങ്കുന്നിന് പോകുമായിരുന്നു. പൊതുപ്രിയോരായിരുന്ന ബ. കുര്യാക്കോസ് എലിശ്വാ അച്ചനോട് വലിയ സ്നേഹവും ബഹുമാനവുമുണ്ടായിരുന്ന ളൂയീസച്ചൻ താൻ സഭ വിട്ടു പോകുന്നത് ബഹുമാനപ്പെട്ട പ്രിയോരച്ചന് വലിയ ദുഃഖമുണ്ടാക്കുമെന്നറിഞ്ഞിട്ടും 'കാലാന്തരത്തിൽ നന്മവരും' എന്നുപറഞ്ഞാശ്വസിപ്പിച്ച് ബഹിഷ്കരണ ഉത്തരവ് കൈപ്പറ്റി. തദ്ദേശീയ മെത്രാനായുള്ള ശ്രമം തുടർന്നു, വിസിറ്റർ അപ്പസ്തോലിക് ആയി ലിയോ മൊയ്റീൻ വന്നപ്പോൾ മാന്നാനത്തും തൈക്കാട്ടുശ്ശേരിയിലും പുളിങ്കുന്നിലും അദ്ദേഹത്തിന് സ്വീകരണം ഒരുക്കുവാൻ ളൂയിസച്ചൻ സജീവമായി പ്രവർത്തിച്ചു. പുളിങ്കുന്ന് വികാരിയായും ചാൾസ് ലവീഞ്ഞിന്റെ സെക്രട്ടറിയായും രൂപതയിലെ കന്യകാലയങ്ങളുടെ ഡയറക്ടറായും സേവനം ചെയ്തിട്ടുണ്ട്. 1896-ൽ എറണാകുളം വികാരി അപ്പസ്തോലിക്കയായി നിയമിതനായ അദ്ദേഹം ദൈവപദ്ധതിയുടെ വലിയൊരു ആവിഷ്കരണമായിരുന്നു.

### സമാപനം

ഏഴ് വ്യാകുലങ്ങളുടെ പ്രവർത്തനഫലമായി വിസിറ്റർ അപ്പസ്തോലിക്കാമാർ കേരളത്തിൽ വരികയും മാർത്തോമ്മാ നസ്രാണികളുടെ യഥാർത്ഥ അവസ്ഥ ഇവരുടെ റിപ്പോർട്ടുകൾ വഴിയായി റോമനധികാരികൾ നേരിട്ടറിയുകയും സാവധാനം തദ്ദേശീയ മെത്രാന്മാരെ ലഭിക്കുകയും ചെയ്തു. സി.എം.ഐ. സഭയും സീറോ-മലബാർ സഭയും ഈ ഏഴ് വ്യാകുലങ്ങൾക്കും അവരുടെ കൂടെ പ്രവർത്തിച്ചവർക്കും അർഹതപ്പെട്ട സ്ഥാനവും ആദരവും കൊടുക്കുന്നുണ്ടോ എന്ന് സംശയമാണ്. സീറോ-മലബാർ ഹൈരാർക്കി പുനഃസ്ഥാപനത്തിന്റെ നൂറാം വാർഷികമാഘോഷിക്കുന്ന ഈയവസരത്തിൽ ഈ ഏഴ് വ്യാകുലങ്ങളെയും ഇവരോടൊപ്പം പ്രവർത്തിച്ചവരെയും നന്ദിയോടെ സ്മരിക്കുന്നത് നല്ലതാണ്. നമ്മുടെ പൂർവികർ സഞ്ചരിച്ച വഴികൾ നമുക്ക് മറക്കാതിരിക്കാം.



www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# മാന്നാനം സൂനഹദോസിനുവേണ്ടി പേപ്പൽ ഡെലഗേറ്റ് മൗറീൻ മെത്രാൻ നൽകിയ മാന്നാനത്തെ ആശ്രമത്തിലെക്ക് സകല പട്ടക്കാരെയും വിളിച്ചുകൂട്ടുന്നതിന്നുള്ള അറിയിപ്പ്

ആസ്കാലൊനെന്ന ദിക്കിന്റെ മെത്രാനും, ബൊമ്പായി വിഗാരിയപ്പസ്തൊലിക്കായും, പുനെൻസ വിഗാരിയാത്തിന്റെ അദമിനിസ്ത്രദൊരും, മലയാളത്തിലെ സുറിയാനി പള്ളികളുടെ ശ്ലീഹായ്ക്കടുത്ത വിസിത്തദൊരുമായ ഈശോസഭയിലെ ലെഒ മൌറീൻ ആകുന്ന നാം മലയാളത്തിലെ സകല പട്ടക്കാർക്കും ജനങ്ങൾക്കും എഴുതുന്നത് എന്തെന്നാൽ:- എത്രയും ശുദ്ധ ഒമ്പതാമത്തെ മാർ പീയൂസ് പാപ്പാ, അങ്ങെ ഇടയന്നടുത്ത ജാഗ്രതയാൽ ലൊകമൊക്കെയിലുമുള്ള സകല ക്രിസ്ത്യാനികളെയും സത്യത്തൊടും ശുദ്ധതയൊടും കൂടെ മെയിക്കയും നടത്തുകയും ചെയ്യുന്നു. എന്നാൽ പ്രെത്യെകമായ പ്രകാരത്തിൽ ഇപ്പൊൾ അധികമായിട്ടു ഇളകി കലങ്ങിയിരിക്കുന്ന നിങ്ങളുടെ നെരെ തിരിഞ്ഞിരിക്കുന്നുവെന്നും, മലയാളത്തിലെ സുറിയാനി ക്രമത്തിലുള്ള സകല പള്ളികളുടെയും ശ്ലീഹായ്ക്കടുത്ത വിസിത്തദൊരായിട്ട നമ്മെ നിയമിച്ചിരിക്കുന്നുവെന്നും, ശ്ലീഹായ്ക്കടുത്ത തിരുവെഴുത്താൽ എളുപ്പത്തിൽ നിങ്ങൾക്കും കാണാവുന്നതായിരിക്കുന്നു.

അപ്പഴെ നിങ്ങളുടെ പള്ളികളുടെമെൽ വന്നിരിക്കുന്ന കൊടുങ്കാറ്റിൽ വച്ച നിങ്ങൾക്കു നെരിട്ടിരിക്കുന്ന പല തിന്മകളെയും നാം കണ്ടറിഞ്ഞ, എത്രയും ശുദ്ധ നമ്മുടെ പിതാവിനൊടു ഏറ്റം എളുപ്പത്തിലും ചൊവ്വായിട്ടും സകലവും ബൊധിപ്പിപ്പാൻ നമുക്കു പാടുണ്ടാവുന്നതിന്നും നിങ്ങളുടെ ആത്മരക്ഷയെ ഏറ്റവും ലയമില്ലാത്ത വിധത്തിൽ ആക്കിതീർക്കുന്നതിന്നു വെണ്ടി കാര്യാദികളുടെ രഹസ്യമായുള്ള അറിവുകൂടെയും ആവശ്യമായിരിക്കുന്നു.

ഇതിനാൽ അവരവരുടെ വാകൊണ്ടുതന്നെ അറിവാനാവശ്യമുള്ളവകളെ പറഞ്ഞ നമ്മുടെ ചെവികൾ കൊണ്ടു തന്നെ കെൾക്കുന്നതിന്ന പാടുണ്ടാകുവാൻ തക്കവണ്ണം മലയാളത്തിലുള്ള സകല പട്ടക്കാരെയും, ഓരൊ ഇടവകകളിൽ നിന്ന രണ്ടൊ മൂന്നൊ പ്രധാനപ്പെട്ട ക്രിസ്ത്യാനികളെയും ഒന്നായിട്ടു വിളിച്ചു കൂട്ടണമെന്നു നമ്മുടെ ആലൊചനയായിരിക്കുന്നു. അപ്പഴെ ഈ ഇടവമാസം 23-ാം തീയതി ആയ ചൊവ്വാഴ്ച മുതൽ 26-ാം തീയതി ആകുന്ന വെള്ളിയാഴ്ച വരെ ഇതിനായിട്ട് നിയമിക്കപ്പെട്ടിരിക്കുന്നതുകൊണ്ട് എല്ലാ പട്ടക്കാരും ജനങ്ങളിൽ പ്രധാനപ്പെട്ടുവരായിട്ടുള്ള ചിലരും മാന്നാനത്തെ ആശ്രമത്തിൽ എത്തണമെന്നു നാം കല്പിക്കുന്നു. എന്നാൽ നിർഭാഗ്യമായിട്ട് മെല്ലൂസ് മെത്രാനാൽ വഞ്ചിക്കപ്പെട്ടവരായി അയാളോടു ചെർന്നിരിക്കുന്ന പട്ടക്കാരെയും ഇതിൽ നിന്നു നാം ഒരുനാളും ഒഴിവാക്കുന്നില്ല. സ്വധർമ്മക്കെടായിട്ട അയാളൊടു കുദാശപട്ടങ്ങളെ ഏറ്റിരിക്കുന്നവരെയുമില്ല.

ഇവരൊക്കെയും തങ്ങളൊടുകൂടെയുള്ള നമ്മുടെ ദുഃഖത്തിന്മെലും മുഴുവനാകപ്പെട്ട നമ്മുടെ ഉപവിയിന്മെലും മനൊശരണമായിരിക്കട്ടെ. എന്തുകൊണ്ടെന്നാൽ നാം നമ്മുടെ കൈ നീട്ടുന്നത അവരെ നശിപ്പിക്കുന്നതിനും തള്ളിക്കളയുന്നതിനും വെണ്ടിയല്ല. കപടമുള്ള കെട്ടുകളാൽ അവരെ ബന്ധിക്കുന്നതുമില്ലാ. പിന്നെയൊ രക്ഷിപ്പാൻ വേണ്ടിയും, തഴുകുന്നതിനുമാകുന്നു. എന്നു മാത്രമല്ല ദുഷ്ടനുകത്തിൽ നിന്ന് അവരെ വീണ്ടെടുപ്പാൻ വെണ്ടിയുമായിരിക്കുന്നു.

എന്നാൽ ബ: വിഗാരിമാർ ഇതിന്നു വന്നു കൂടെണ്ടുന്നതിന്നായിട്ട അതാതിടവകയിൽ ഓരൊ പട്ടക്കാരു നിന്നു കൊണ്ട ശേഷമുള്ളവർ വരികയും വെണം. ഇതിൽ കൂടാത്തവർ താമസിയാതെ നമ്മൊടു കൂടെ ഒന്നിച്ചു വരുന്നതിനുള്ള സമയം നാം നിശ്ചയിക്കുമെന്നും അറിയിക്കുന്നു.

എന്നാൽ നമ്മുടെ ഈ വിചാരണ തീരുന്നതുവരെക്കും നമുക്കും തങ്ങളുടെ ഇടയന്മാർക്കും റൂഹാദക്കുദശായുടെ വെളിവും സ്നേഹാഗ്നിയും ഉണ്ടാവുന്നതിന്ന തങ്ങളുടെ ജപങ്ങളെ ദൈവത്തിൻ പക്കൽ വർദ്ധിപ്പിച്ച ഇടവിടാതെ പ്രാർത്ഥിക്കെണമെന്നു ക്രിസ്ത്യാനികളൊക്കെയൊടും നാം ഉപദേശിക്കുന്നു.

ആയ്ത എല്ലാ ശുദ്ധതയാലും സമാധാനത്താലെയും ഉപവിയാലെയും നിറവെറ്റപ്പെടുന്നതിനായിട്ട് സന്തൊഷത്തോടും ഹൃദയത്തൊടും കൂടെ സകല പട്ടക്കാർക്കും നമ്മുടെ ആശീർവാദം നാം നല്കുന്നു. ബാവായുടെയും പുത്രന്റെയും റൂഹാദക്കുദശായുടെയും നാമത്താലെ ആമ്മെൻ.

എന്ന കൊച്ചിയിൽ നിന്നും
1875 ഇടവം 10-ാം തീയതി

(ഒപ്പ്)
നിക്ലാവൂസ ക്ലാർക്ക, ഈ. സ.
സെക്രത്തെരി



www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

## മാന്നാനം സൂനഹദോസിലെ കാര്യക്രമങ്ങൾ

**മെയ് 23 ചൊവ്വ**

രാവിലെ 7.00 - ശ്ലൈഹികസന്ദർശകന്റെ കുർബാന

8.30 - വൈദികരുടെയും ജനങ്ങളുടെയും സമ്മേളനം -പള്ളിമുറ്റത്ത്

1. പരിശുദ്ധാത്മാവിനെ വിളിച്ചുള്ള പ്രാർത്ഥന, 3 സ്വർഗ്ഗ, നന്മനിറഞ്ഞ ..........
2. സന്ദർശകന്റെ പ്രസംഗം
3. ദ്വിഭാഷിയുടെയും കമ്മിസറികളുടെയും സത്യപ്രതിജ്ഞ
4. മാർപാപ്പായ്ക്കു അയയ്ക്കേണ്ട എഴുത്തു അവതരിപ്പിക്കുന്നു.
5. പ്രാർത്ഥന. 3 സ്വർഗ്ഗ. 3 നന്മനിറഞ്ഞ.........

വൈകിട്ട് 6.00 - വി. കുർബ്ബാനയുടെ വാഴ്വ്, പള്ളിയിൽ

**മെയ് 24 ബുധൻ**

രാവിലെ 7.00 - സുറിയാനിക്കുർബാന - ആശ്രമങ്ങളുടെ പ്രിയോർ

1.30 - ജനത്തിന്റെ സമ്മേളനം- പള്ളിമുറ്റത്ത്

1. പ്രാരംഭ പ്രാർത്ഥന
2. ശ്ലൈഹികസന്ദർശകന്റെ പ്രസംഗം
3. ഏഴുമുറികളിൽ 14 കമ്മിസറികളുടെ മുമ്പിൽ ജനപ്രതിനിധികളെ സ്വീകരിക്കുന്നു.

9.00 - വൈദിക സമ്മേളനം- ആശ്രമത്തിൽ

1. പ്രാരംഭ പ്രാർത്ഥന
2. സന്ദർശകന്റെ പ്രസംഗം
3. ശീശ്മ നിർമ്മാർജ്ജനം ചെയ്യുന്നതിനെക്കുറിച്ചു ചർച്ച
4. പ്രാർത്ഥന

വൈകിട്ട് 6.00 - വി. കുർബ്ബാനയുടെ വാഴ്വ്, പള്ളിയിൽ

**മെയ് 25 വ്യാഴം കർത്താവിന്റെ സ്വർഗ്ഗാരോഹണം**

രാവിലെ 7.00 - ആഘോഷമായ സുറിയാനിക്കുർബ്ബാന - സന്ദർശകന്റെ പ്രസംഗം

10.00 - അല്മായരുടെ സമ്മേളനം - പള്ളിമുറ്റത്ത്

1. പ്രാർത്ഥന
2. സന്ദർശകന്റെ പ്രസംഗം
3. ജനപ്രതിനിധികളുടെ തനിച്ചുള്ള സ്വീകരണം തുടരുന്നു.

10.30 വൈദികസമ്മേളനം - ആശ്രമത്തിൽ

1. പ്രാർത്ഥന
2. സന്ദർശകന്റെ പ്രസംഗം
3. വൈദികരുടെ മുഴുവൻ പേരു വിവരമെഴുതൽ (enumeratio)

വൈകിട്ട് 6.00 - വി. കുർബ്ബാനയുടെ ആഘോഷമായ വാഴ്വ് - (പള്ളിയിൽ)

**മെയ് 26 വെള്ളി**

രാവിലെ 7.00 - ശ്ലൈഹിക സന്ദർശകന്റെ കുർബ്ബാന

8.30 - അല്മായരുടെ സമ്മേളനം- പള്ളിമുറ്റത്ത്

9.30 - വൈദിക സമ്മേളനം- ആശ്രമത്തിൽ

1. പ്രാരംഭപ്രാർത്ഥന
2. സന്ദർശകന്റെ പ്രസംഗം
3. യാക്കോബായക്കാരുടെ മാനസ്സാന്തരത്തെക്കുറിച്ചു ചർച്ച
4. സന്ദർശകൻ വൈദികരെയും അല്മായരെയും തനിച്ചു സ്വീകരിക്കുന്നു.

വൈകിട്ട് 5.30 - വി. കുർബ്ബാനയുടെ പ്രദക്ഷിണം- പള്ളിക്കു പുറത്ത്.

Te Deum, വാഴ്വ



CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org
www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# ഫാ. പോരുക്കര തോമസ് മല്പാൻ



ജനനം ആലപ്പുഴ ജില്ലയിലെ ചമ്പക്കുളം ഗ്രാമത്തിൽ കല്ലൂർക്കാട് എന്ന സ്ഥലത്ത്, പോരൂക്കര കുടുംബത്തിൽ 1799 ഡിസംബർ 27 ന്. ചമ്പക്കുളം കല്ലൂർക്കാട്ട് പോരൂക്കര ഇട്ടിക്കുരുവിള തരകന്റെയും കാഞ്ഞിരപ്പള്ളി മണ്ണൻപ്ലാക്കൽ മറിയത്തിന്റെയും എട്ടു മക്കളിൽ മൂത്തവനായിരുന്നു പോരൂക്കര തോമസ് മല്പാൻ. പോരൂക്കര കുരിയാക്കോസ് ഏലീശാച്ചൻ പോരൂക്കര തോമസ് മല്പാന്റെ സ്വന്തം അനുജനാണ്. സി.എം.ഐ സഭയുടെ രണ്ടാമത്തെ പ്രിയോർ ജനറാളും നസ്രാണിസഭയുടെ രണ്ടാമത്തെ വികാരി ജനറാളുമായിരുന്നു ഇദ്ദേഹം. പിതാവായ പോരൂക്കര ഇട്ടിക്കുരുവിള തരകന്റെ ദീർഘവീക്ഷണം മക്കൾക്ക് അന്യഭാഷകൾ അഭ്യസിക്കാനുള്ള അവസരം ഒരുക്കിക്കൊടുത്തു. ബഹുഭാഷാപണ്ഡിതരിൽ നിന്നും കൊച്ചുതൊമ്മിയും സഹോദരങ്ങളും ഇംഗ്ലീഷും പോർച്ചുഗീസും വശമാക്കി.

1822 മെയ്മാസം 1 നു വരാപ്പുഴ മെത്രാനായിരുന്ന മിലെസ്പ്രെൻസർഗാസ്റ്റിനിൽ നിന്നും സബ് ഡീക്കൻ പട്ടം സ്വീകരിച്ചു. 1823-ൽ ഇരുപത്തിമൂന്നാമത്തെ വയസ്സിൽ വൈദികപട്ടവും സ്വീകരിച്ചു. 1823 സെപ്റ്റംബർ 22 ലെ തിരുപ്പട്ടസ്വീകരണത്തിനുശേഷം പോരൂക്കര തോമസ് വൈദികൻ സ്വന്തം ഇടവകയായ കല്ലൂർക്കാട്ടുപള്ളിയിൽ വികാരിയായി സ്ഥാനമേറ്റു. നാല് വർഷത്തോളം കല്ലൂർക്കാട്ടു പള്ളിയിൽ അദ്ദേഹം വികാരിയായി സേവനമനുഷ്ടിച്ചു.

നസ്രാണി ദേവാലയങ്ങളിൽ ദേവാലയശുശ്രൂഷകൾക്കുള്ള ഗായകസംഘത്തെ രൂപപ്പെടുത്തിയതും സംഗീതോപകരണങ്ങളുടെ ഉപയോഗം ദേവാലയങ്ങളിൽ നടപ്പിലാക്കിയതും പോരൂക്കരയച്ചനാണ്. കല്ലൂർക്കാട് ദേവാലയത്തിൽ ഇതിന് ആരംഭം കുറിക്കപ്പെട്ടു. ഞായറാഴ്ച്ചകളിൽ ദിവ്യബലിമദ്ധ്യേ നടത്തപ്പെടുന്ന പ്രസംഗങ്ങൾക്ക് തുടക്കമിട്ടതും പോരൂക്കര തോമസച്ചനായിരുന്നു. സാമാന്യജനങ്ങൾക്ക് സുവിശേഷ സത്യങ്ങളെക്കുറിച്ചും ആദ്ധ്യാത്മിക ജീവിതത്തെക്കുറിച്ചും വ്യക്തമായ അറിവു നൽകുവാൻ കല്ലൂർക്കാട് വികാരിയായിരുന്നപ്പോൾ അദ്ദേഹം ആരംഭിച്ച ഈ അനുഷ്ഠാനം വിശ്വാസികളിൽ ദൈവവിശ്വാസം വർദ്ധിപ്പിക്കുന്നതിനും, ജനങ്ങളെ ആദ്ധ്യാത്മിക പ്രബുദ്ധരാക്കുവാനും ഏറെ ഉപകരിക്കപ്പെട്ടു.

സുറിയാനി വൈദികർക്കിടയിൽ സ്ഥിരമായി ളോഹധരിക്കുന്ന സമ്പ്രദായം പോരുക്കരയച്ചന്റെ കാലത്ത് നിലവിലില്ലായിരുന്നു. എന്നാൽ വരാപ്പുഴയിൽ നിന്നും വൈദികപട്ടം സ്വീകരിച്ച നാൾ മുതൽ അദ്ദേഹം മുഴുവൻ സമയവും അവിടുത്തെ വൈദികരെപ്പോലെ ളോഹ ധരിക്കുകയും മറ്റുള്ള വൈദികരെ ഇക്കാര്യത്തിൽ നിർബന്ധിപ്പിച്ച് നടപ്പിലാക്കുകയും ചെയ്തു.

പോരൂക്കര തോമസ് മല്പാൻ വരാപ്പുഴയിൽനിന്നും പഠിച്ച വി. യൗസേപ്പിനോടുള്ള ഭക്തി നസ്രാണി സഭയിൽ നടപ്പാക്കുവാൻ ബുദ്ധിമുട്ടുകയും. മീനമാസം (മാർച്ച്) മുഴുവനും വി. യൗസേപ്പിനോടുള്ള വണക്കമാസം ആരംഭിച്ചതും പ്രത്യേകിച്ച് മാർച്ച് മാസം 19 നു വി. യൗസേപ്പിതാവിന്റെ മരണത്തിതിരുന്നാളാഘോഷം സഭയിൽ നടപ്പിൽ വരുത്തിയതും പോരൂക്കര തോമ്മാമല്പാനാണെന്ന് അനുജനായ പോരൂക്കര കുരിയാക്കോസ് ഏലിയാസ് രേഖപ്പെടുത്തുന്നു.

കല്ലൂർക്കാട് പള്ളിയിൽ വികാരിയായിരുന്നപ്പോൾ വി.യൗസേപ്പ് പിതാവിനോട് പ്രത്യേകം ഭക്തിയുണ്ടായിരുന്ന പോരൂക്കര തോമസച്ചൻ തന്റെ ഇടവകയിൽ വി. യൗസേപ്പിതാവിനോടുള്ള ഭക്തി വർദ്ധിപ്പിക്കുന്നതിനായി വി. യൗസേപ്പിതാവിന്റെ പേരിൽ ഒരു ഭക്തസംഘടന രൂപീകരിക്കുകയും, എല്ലാ ബുധനാഴ്ചകളിലും ഈ സംഘാംഗങ്ങൾ ഒരുമിച്ചുകൂടി പ്രത്യേക പ്രാർത്ഥന നടത്തുകയും ചെയ്തിരുന്നു.

അന്നത്തെക്കാലത്ത് വണക്കമാസപ്പുരകൾ എന്ന പേരിലുണ്ടായിരുന്ന കപ്പേളകൾ വളർന്നതാണ്, കല്ലൂർക്കാടിന്റെ പരിസരങ്ങളിൽ ഇന്നുള്ള പള്ളികൾ മിക്കവെയും രൂപം കൊണ്ടത്. ചമ്പക്കുളം കല്ലൂർക്കാട്ട് പള്ളിയിൽ വി.യൗസേപ്പ് പിതാവിന്റെ തിരുന്നാളിന് ആരംഭം കുറിച്ചത് പോരൂക്കര തോമസ് മല്പാനാണ്. അദ്ദേഹത്തിന്റെ ആഗ്രഹപ്രകാരം ആദ്യകാലങ്ങളിൽ അദ്ദേഹത്തിന്റെ കുടുംബം ഈ തിരുന്നാൾ ഏറ്റെടുത്തു നടത്തുകയും പിന്നീട് കല്ലൂർക്കാട്ടുപള്ളിയിൽ അദ്ദേഹം തന്നെ സ്ഥാപിച്ച ദർശന സമൂഹം (കൊമ്പരിയായി) ഈ തിരുന്നാൾ ഏറ്റെടുത്തു നടത്തുകയും ചെയ്തുവന്നു. (പോരൂക്കര തോമസ് മല്പാന്റെ അനുജൻ പോരൂക്കര കുരിയാക്കോസ് ഏലീശാച്ചൻ എഴുതിയ ചരിത്രം)

വി. യൗസേപ്പിതാവിന്റെ ഒരു രൂപം വാങ്ങുവാൻ അദ്ദേഹം അതിയായി ആഗ്രഹിക്കയും അതിനുവേണ്ടി കല്ലൂർക്കാട്ടുകാരിൽനിന്നും ഓരോ ചക്രം പിരിച്ചെടുത്ത് കൊച്ചുകുട്ടി എന്നപേരിലുള്ള പ്രസിദ്ധനായ ഒരു ആശാരിയെ ഏൽപ്പിക്കയും, രൂപം വന്നുചേർന്നപ്പോൾ മാന്നാനം പള്ളിയുടെ പ്രധാന അൾത്താരയിൽ രൂപം പ്രതിഷ്ഠിക്കുകയും ചെയ്തു. 1827 ഓ



www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

# പാലക്കൽ ബ. തോമ്മാ മല്പാനച്ചൻ



**1841**-ൽ പള്ളിപ്പുറം പള്ളി ഇടവക പാലക്കൽ ബ. തോമ്മാ മല്പാനച്ചൻ ഗുരുപ്പട്ടമേറ്റിട്ടു 37 കൊല്ലം കഴിഞ്ഞു. 61-ാം വയസ്സിൽ മരണം പ്രാപിച്ചു പള്ളിപ്പുറം ഇടവകപ്പള്ളിയിൽ സംസ്കരിക്കപ്പെട്ടു. അവശിഷ്ടങ്ങളാകട്ടെ പിൽക്കാലത്ത് അവിടെനിന്നും കൊണ്ടുപോരുന്നതിന് വേണ്ട ശ്രമങ്ങൾ നടത്തിയെങ്കിലും കാര്യം സാധിച്ചില്ല.

നമ്മുടെ സഭയുടെ സഹസ്ഥാപകനും അന്നത്തെ ഒരു പ്രസിദ്ധ മല്പാനും ആയിരുന്ന ഈ വന്ദ്യദേഹം വൈദികഗണത്തെ ഗുണീകരിക്കുന്നതിനും അല്മായ ജനങ്ങളെ നന്നാക്കുന്നതിനുമായി പല പരിശ്രമങ്ങളും ചെയ്തിട്ടുണ്ട്. ഇദ്ദേഹം വരാപ്പുഴ വികാരി അപ്പോസ്തോലിക്കാമാരുടെ സെക്രട്ടറിയും ഉപദേശകനും ആയിരിക്കയിലാണ് സുറിയാനി വൈദികർ എപ്പോഴും വെള്ള ളോവ ധരിച്ചു നടക്കണം എന്നുള്ള ഏർപ്പാടും, മെത്രാന്മാർതന്നെ നേരിട്ടു പള്ളികൾ സന്ദർശിക്കുന്ന മുറയും, പള്ളികൾക്കു പ്രത്യേക സെമിത്തേരികളും കുമ്പസാരക്കൂടുകളും, ദർശനസമൂഹങ്ങളും മറ്റും ആരംഭിച്ചത്. ബ. പാലക്കലച്ചൻ പള്ളിപ്പുറത്തു ക്രമപ്രകാരം ഒരു സെമിനാരി സ്ഥാപിച്ചു. സെമിനാരിക്കാർക്കായി ഒരു ജീവിതപദ്ധതി എഴുതിയുണ്ടാക്കി അതു ശരിക്കു നടപ്പിൽവരുത്തി.

മലയാളത്തിൽ അന്നു നല്ല പുസ്തകങ്ങൾ ദുർല്ലഭമായിരുന്നതിനാൽ പാണ്ടിയിൽനിന്നും പല നല്ല തമിഴ് പുസ്തകങ്ങൾ വരുത്തി ശെമ്മാശ്ശന്മാരെക്കൊണ്ട് വായിപ്പിക്കയും, ചിലതെല്ലാം അവരെക്കൊണ്ട് വിവർത്തനം ചെയ്യിക്കയും ചെയ്തിട്ടുണ്ട്. അവയിൽ മുഖ്യമായവ ജ്ഞാനമുത്ത്, ജ്ഞാനഉണർത്തൽ, വി. ഇഗ്നാസ്യോസിന്റെ എട്ടു ദിവസത്തെ ധ്യാനങ്ങൾ എന്നിവയത്രേ.

എന്നാൽ നാട്ടിനും നാട്ടാർക്കുംവേണ്ടി ഈ മഹാത്മാവ് നിർവഹിച്ചിട്ടുള്ള പരസ്നേഹ പ്രവൃത്തികളിൽ പ്രാമുഖ്യം വഹിക്കുന്നത് നാട്ടിൽ ഒരു സന്യാസസഭ സ്ഥാപിക്കുന്നതിനായി തന്റെ ഉറ്റമിത്രവും അന്നത്തെ വരാപ്പുഴ വികാരി അപ്പസ്തോലിക്കായുടെ സെക്രട്ടറിയുമായിരുന്ന പൊരൂക്കര ബ. തോമ്മാച്ചനോടുകൂടെ ഉദ്യമം നടത്തിയതും ഒടുവിൽ 1831 മേയ് 11-ൽ അതിനു മാന്നാനത്ത് അടിസ്ഥാനമിടാൻ സാധിച്ചതുമത്രെ.സ്വന്തജീവിതം സംബന്ധിച്ചു നോക്കിയാൽ ബ. പാലക്കലച്ചൻ ദാരിദ്ര്യത്തിൽ വളരുകയും, ലളിതജീവിതം നയിക്കുകയും, ദീർഘകാലം അനുദിനമെന്നോണം ഉപവസിക്കുകയും, ദിനന്തോറും ദീർഘനേരം പ്രാത്ഥനയിലും സദ്ഗ്രന്ഥപാരായണത്തിലും ചെലവഴിക്കുകയും വിശ്വാസം, ശരണം, ദൈവസ്നേഹം, പരസ്നേഹം എന്നിവയിൽ ഉയർന്നൊരുനില പ്രാപിക്കയും ചെയ്തിരുന്ന പുണ്യാത്മാവാകുന്നു.

ഗസ്റ്റ് 15 നു പോരൂക്കര തോമസച്ചൻ കൊല്ലം തങ്കശ്ശേരി പുത്തൻ പള്ളിയുടെ വികാരിയായി നിയമിക്കപ്പെട്ടു. പദ്രുവാദോ ശീശ്മയിൽക്കഴിഞ്ഞിരുന്നവരെ മോചിപ്പിക്കുവാനാണ് പ്രധാനമായും പോരൂക്കര തോമസച്ചൻ നിയോഗിക്കപ്പെട്ടത്. ഇക്കാലയളവിൽ പോരൂക്കര തോമസച്ചൻ വരാപ്പുഴ മെത്രാനായ മാർ മൗറേലിയൂസ് മെത്രാന്റെ സെക്രട്ടറിയായി നിയമിതനായി.

1831 ഏപ്രിൽ മാസത്തിൽ മാന്നാനം കുന്നിൽ ഭാരതത്തിലെ ആദ്യത്തെ സന്യാസാശ്രമത്തിന് ദൈവനിയോഗത്താൽ പോരുക്കര തോമ്മാ മല്പാനാൽ കുരിശുനാട്ടി ആശ്രമത്തിന് അടിസ്ഥാനമിട്ടു. പോരൂക്കരയച്ചൻ തന്നെ ആശ്രമത്തിനു വി. യൗസേപ്പിതാവിന്റെ പേര് കല്പിക്കയും ചെയ്തു.

1831 മേയ് മാസം പതിനൊന്നാം തീയതി സ്തബലീനി മെത്രാന്റെ സാന്നിധ്യത്തിൽ ചാവറ കുരിയാക്കോസ് മല്പാൻ, പാലയ്ക്കൽ തോമ്മാ മല്പാൻ, കണിയാന്ത്ര യാക്കോബ് സഹോദരൻ എന്നിവരുടെ സഹകരണത്തോടെ മാന്നാനം കുന്നിൽ ദേവാലയത്തിനു കല്ലിട്ടു. പോരൂക്കരയച്ചൻ തന്നെ പന്തക്കുസ്താ തിരുന്നാളിൽ മാന്നാനം കുന്നിൽ ആദ്യമായി വി. കുർബാന അർപ്പിക്കുകയും ചെയ്തു.

പോരൂക്കരയച്ചനിലൂടെ സംഭവിച്ച ഒരത്ഭുതം ഇത്തരുണത്തിൽ പ്രസിദ്ധി നേടിയിട്ടുള്ളതാണ്. മാന്നാനം കുന്നിലുണ്ടായ ആദ്യത്തെ അത്ഭുതമായി ഇതിനെ കാണുന്നു. ആശ്രമത്തിനു കല്ലിടുന്ന ആഘോഷാവസരങ്ങളുടെ അവസാനം വൈകുന്നേരത്തോടുകൂടി പാലക്കാരനായ ഡീക്കൻ ഉള്ളാട്ടുതറയുടെ ഒരു ഇളയ സഹോദരനും പരിപാടിയിൽ സംബന്ധിക്കാനെത്തിയിരുന്നു. ആഘോഷങ്ങൾക്കൊടുവിൽ കുന്നിറങ്ങി മടങ്ങുംവഴി അവനെ വിഷപ്പാമ്പു കടിച്ചു. എല്ലാവരും പരിഭ്രാന്തരായി. പോരൂക്കരയച്ചൻ കുട്ടി



CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org
www.marggam.com
MARGGAM – Digital Library of Christianity in India

യുടെ അടുത്തെത്തി പ്രാർത്ഥിച്ചു. കുട്ടിയുടെമേൽ ഹന്നാൻ വെള്ളം തളിക്കുകയും ചെയ്തു. ആരും ഭയപ്പെടേണ്ടതില്ല എന്ന് പറഞ്ഞ് അവിടെ കൂടിയിരുന്നവരെയെല്ലാം പോരൂക്കരയച്ചൻ ആശ്വസിപ്പിച്ചു. പ്രഭാതത്തിൽ കുട്ടിക്ക് ബോധം തെളിയുകയും വീട്ടിലേക്ക് മടക്കി അയക്കുകയും ചെയ്തു.

1838 കാലഘട്ടത്തിൽ കേരളത്തിൽ ആദ്യമായി കുരിശിന്റെവഴി എന്ന ഭക്താഭ്യാസത്തിന് മാന്നാനത്തു ആരംഭമിട്ടത് പോരൂക്കര തോമ്മാ മല്പാനാണ്. മാന്നാനം കുന്നിന്റെ താഴത്തുനിന്നും മുകൾവരെ കുരിശുകൾ നാട്ടിക്കൊണ്ട് കല്ലുകളുടെ ഇടയിലൂടെ ഗാഗുൽത്താ കരേറുന്ന അനുഭവമായ ഈ ഭക്താഭ്യാസത്തിന് പങ്കെടുക്കുവാൻ അതിരമ്പുഴ, കുടമാളൂർ, കൈപ്പുഴ തുടങ്ങിയ ഇടവകകളിൽനിന്നും ഭക്തർ എത്തുമായിരുന്നു.

പോരൂക്കര തോമസച്ചന്റെ സഹോദരിയുടെ വിവാഹത്തോടനുബന്ധിച്ച് നസ്രാണിസഭയിൽ നിലനിന്നിരുന്ന ചില അനാചാരങ്ങൾ (അന്തം ചാർത്തൽ തുടങ്ങിയവ) പാടെ നിർത്തലാക്കിയത് പോരൂക്കരയച്ചനാണ്. കല്ലൂർക്കാട്ട് പള്ളിയിൽ വികാരിയായിരുന്നപ്പോൾ റബേക്കു കൊട്ടും, പാട്ടുകളും പഠിപ്പിക്കുന്നതിനായി തെക്കുനിന്നും ഒരു മേസ്തിരിയെ കൊണ്ടുവന്ന് തന്റെ സഹോദരങ്ങളെയും അവരുടെ സമപ്രായക്കാരെയും പഠിപ്പിച്ചിരുന്നു. തങ്കച്ചേരി പള്ളിയിലായിരുന്നപ്പോൾ ഏറിയകാലമായി കുമ്പസാരിക്കാതിരുന്നവരെയും ഏറിയ ദുർനടപ്പുകാരെയും വലിയവരായിട്ടും ചെറിയവരായിട്ടുമുള്ളവരെയും, ദൈവഭയത്തിലിളക്കി ഭക്തരാക്കി. അടുക്കലടുക്കൽ ഭക്തിപൂർവം കുമ്പസ്സാരിക്കേണ്ട മുറ, അടുക്കലടുക്കൽ വി. കുർബാന സ്വീകരിക്കേണ്ട മുറ ഇന്നിവ പോരൂക്കര തോമ്മാ മല്പാനച്ചൻ തുടങ്ങി വച്ചു എന്ന് സ്വന്തം അനുജനായ കുര്യാക്കോസ് ഏലീശാച്ചൻ സാക്ഷ്യപ്പെടുത്തുന്നു.

ശനിയാഴ്ചകളിൽ കൂട്ടമായി വന്നിരുന്ന ഭിക്ഷക്കാർക്ക് സൽബുദ്ധി പറഞ്ഞുകൊടുത്ത് അവരോടുകൂടെ പള്ളിയിൽപ്പോയി അൻപത്തിമൂന്നുമണിജപം എത്തിച്ചിട്ട് ഭിക്ഷകൊടുത്തയച്ചിരുന്നു. നസ്രാണി സഭയിലെ വിശ്വാസപരിശീലന കേന്ദ്രങ്ങളുടെ ആരംഭകനും പോരൂക്കര തോമ്മാ മല്പാനാണ്. എല്ലാ ദിവസവും വൈകുന്നേരം കുട്ടികൾ പള്ളിയിൽ വരുന്നത് നിർബന്ധം പോലെയാക്കി അവരെക്കൊണ്ട് പ്രാർത്ഥിപ്പിച്ചിരുന്നു എന്നും അനുജനായ കുരിയാക്കോസ് ഏലീശാച്ചൻ അനുസ്മരിക്കുന്നു.

1844 ൽ വരാപ്പുഴ വികാരി അപ്പസ്തോലിക്ക ബിഷപ്പ് ഫ്രാൻസിസ് സേവിയർ പെസ്ക്കൊട്ട പോരൂക്കര അച്ചനെയും ചാവറ അച്ചനെയും മല്പാൻ സ്ഥാനത്തേക്കുയർത്തി. 1846 ഫെബ്രുവരി എട്ടാം തീയതി നാല്പത്തിയാറാമത്തെ വയസ്സിൽ പോരൂക്കര തോമസ് മല്പാൻ ഇഹലോകവാസം വെടിഞ്ഞു. മാന്നാനം ദേവാലയത്തിൽ നടന്ന ആദ്യത്തെ മൃതസംസ്കാരം പോരൂക്കര തോമ്മാ മല്പാന്റെയാണ്. പ്രധാന ബലീപിഠത്തിനു താഴെയായിട്ടാണ് മല്പാനച്ചനെ സംസ്കരിച്ചിരുന്നത്.

*(ബഹു. അനുജൻ പോരൂക്കര കുരിയാക്കോസ് ഏലിയാസച്ചന്റെ സാക്ഷ്യം)*

സി.എം.ഐ സന്യാസ സഭയുടെ രണ്ടാമത്തെ പൊതുപ്രിയോരും, നസ്രാണിസഭയുടെ രണ്ടാമത്തെ വികാരി ജനറാളുമായിരുന്ന കുരിയാക്കോസ് ഏലീശാച്ചന്റെ പുണ്യനടപടിയും കീർത്തിയും കേട്ടിട്ടില്ലാത്തവർ ഈ മലയാളത്തിലുണ്ടായിരിക്കുമെന്ന് തോന്നുന്നില്ല. ഇദ്ദേഹം പുത്തൻ കുർബാന ചൊല്ലിയ നാൾമുതൽ മരിച്ച ദിവസത്തിൽ ചൊല്ലിയ കുർബാനവരെ ഒരു ക്രമം, ഒരു സമയം, ഒരു മൊഴി, ഒരു ചൊല്ല് ഇങ്ങനെ ശുദ്ധമാന കുർബാന ഇത്ര ക്രമത്തോടുകൂടി ചൊല്ലിയിട്ടുള്ള ഈ പോരൂക്കര അച്ചനല്ലാതെ മറ്റൊരു പട്ടക്കാരനേയും കണ്ടിട്ടില്ല.


ഇദ്ദേഹം സി.എം.ഐ. സന്യാസ സഭാസ്ഥാപകന്മാരിൽ ഒരാളായ പോരൂക്കര തോമ്മാ മല്പാനച്ചന്റെ ഇളയസഹോദരനാണ്. ഇദ്ദേഹം കല്ലൂർക്കാട്ടു പള്ളി ഇടവകയിൽ പോരൂക്കര കുടുംബത്തിൽ 1814 ആഗസ്റ്റ് മാസം 18 ന് ഇട്ടിക്കുരുവിളത്തരകൻ, മറിയം എന്നു പേരുള്ള മാതാപിതാക്കന്മാരിൽനിന്നു ജാതനായി. അപ്പൻ മഹാഭക്തനായിരുന്നതുകൊണ്ടു പല ജ്ഞാനപ്പുസ്തകങ്ങൾ എഴുതിയുണ്ടാക്കി. അവ കുടുംബത്തിൽ വായിച്ചു മക്കളെ ജ്ഞാനകാര്യങ്ങളിലേക്ക് ആകർഷിച്ചിരുന്നു. അമ്മയും അതേപ്രകാരം പൂജനമസ്കാരങ്ങളും മറ്റും മനഃപാഠമായി പഠിച്ചറിയുകയും ചെയ്തിരുന്നു. അക്കാലത്ത് അച്ചടി പുസ്തകങ്ങൾ ഇല്ലാതിരുന്നതിനാൽ കൈയെഴുത്തായിട്ടുള്ള പുസ്തകങ്ങൾ മഹാജാഗ്രതയോടെ സൂക്ഷിച്ചിരുന്നു.

1838 ൽ ഗോവ ഒഴികെ ഇന്ത്യയിലുള്ള പോർച്ചുഗീസ് പദ്രുവാദ അധികാരം പതിനാറാം ഗ്രിഗോറിയോസ് മാർപാപ്പാ നീക്കിക്കളകയാൽ മാർപാപ്പയുടെ കല്പനക്ക് വിരോധിച്ചുനിന്ന പള്ളികളെ ശീശ്മയിൽനിന്ന് വീണ്ടെടുക്കുന്നതിന് പോരൂക്കര തോമാച്ചൻ കൊല്ലം മിഷനിലേക്ക് അയക്കപ്പെട്ടു. കായംകുളം, അഴീക്കൽ എന്നീ പള്ളികളെ തോമാച്ചൻ ശീശ്മയിൽനിന്നും ഒഴിച്ചെടുത്ത് അവിടെ താമസിച്ചുവരികയിൽ പ്രമേഹദീനം പിടിപ്പെടുകയാൽ സഹായത്തിനായി പോരൂക്കര കുരിയാക്കോസച്ചൻ അയക്കപ്പെട്ടു. ഇങ്ങനെ 1840 മുതൽ 1844 വരെ കൊല്ലം മിഷനിൽ വേല ചെയ്ത് തന്റെ ജ്ഞാനശുഷ്കാന്തിയാലും സദുപദേശത്താലും വെമ്പുഴ പള്ളി, കള്ളിക്കാട്ടു കപ്പേള എന്നീ പള്ളികളെ ശീശ്മയിൽനിന്നു തിരിച്ചതിനു ശേഷം ഒടുവിൽ പാവുക്കര കപ്പേളയിൽ വന്നു താമസിച്ചു. ഇവിടെവച്ചു അതികഠിനമായ മസൂരി ദീനം പിടിപെട്ടതിനാൽ കല്ലൂർക്കാട്ടുവന്ന് ചികിത്സ നടത്തി. ഇങ്ങനെയിരിക്കെ കല്ലൂർക്കാട്ടു പള്ളിയിലുണ്ടായ ചില വഴക്കുകൾ നിമിത്തം 1845 ഡിസംബർ 18 നു ഫ്രാൻസിസ് ശവരിയാർ മെത്രാപ്പോലീത്താ ഇദ്ദേഹത്തെ ആ പള്ളിയുടെ വികാരിയായി നിയമിച്ചു. ഇദ്ദേഹത്തിന്റെ വിവേകവും പുണ്യനടപടിയും നന്നായി അറിഞ്ഞിരുന്ന ബർണ്ണർദീനോസ് മെത്രാപ്പോലീത്ത പല പള്ളികളുടെയുംമേൽ തന്റെ പ്രതിയാളായി (ദെപ്പുന്താദ്) കാര്യം നടത്തുന്നതിന് അധികാരം കൊടുക്കുകയും ആ പള്ളികളിൽ ചുറ്റിസഞ്ചരിച്ച് ജനങ്ങളുടെ നടപടികളെ നന്നാക്കുന്നതിനും വേദോപദേശ പഠനം ശരിയായി നടത്തുന്നതിനും മറ്റും കൽപ്പിക്കുകയും അതുപോലെ നിറവേറ്റുകയും ചെയ്തുവന്നിരുന്നു. ഈ ജോലിക്കു പുറമെ 1862 മുതൽ പ്രിയോർ ചാവറ കുരിയാക്കോസ് ഏലിയാ അച്ചൻ തന്റെ വി



CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org
www.marggam.com
MARGGAM – Digital Library of Christianity in India

# ഫാ. പോരൂക്കര കുരിയാക്കോസ് ഏലീശാച്ചൻ



കാരിയായി മാന്നാനം കൊവേന്തയിലെ കാര്യാദികൾ നടത്തുന്നതിനു ഇദ്ദേഹത്തെ നിശ്ചയിക്കയും ചെയ്തു. പള്ളിയുടെ വെടിപ്പിൻമേൽ ഇദ്ദേഹത്തിനുണ്ടായ പ്രത്യേക ദൃഷ്ടി അനുകരണീയമായ ഒന്നാണ്. പൂജാപാത്രങ്ങൾ, വസ്ത്രങ്ങൾ മുതലായവ വെടിപ്പുള്ളവ ആയിരിക്കാൻ ചട്ടംകെട്ടുകയും ചെയ്തതിനാൽ അക്കാലത്തെ പള്ളിസാധനങ്ങൾ എത്രയും വെടുപ്പുള്ളവ ആയിരുന്നു.

1867-ൽ മാന്നാനം സെമിനാരിയുടെ റൈത്തോറായി നിയമിക്കപ്പെടുകയും 1871 വരെ ആ ജോലിയിലിരിക്കയും ചെയ്തു. സെമിനാരി ചട്ടവട്ടങ്ങൾ നുണക്കമായി അനുസരിക്കുന്നതു ശെമ്മാശന്മാരുടെ ആത്മീയനന്മക്ക് വലിയ പ്രയോജനമായിത്തീരുമെന്ന് നമ്മുടെ കഥാനായകൻ നല്ലപോലെ അറിഞ്ഞിരുന്നതിനാലും അനുഭവം പഠിപ്പിച്ചതിനാലും ആ കാര്യത്തിൽ ഇദ്ദേഹത്തിന്റെ നോട്ടവും ദൃഷ്ടിയും പ്രത്യേകമായി പതിച്ചു.

1871 ജനുവരി മാസത്തിൽ സഭയുടെ ഒന്നാം പ്രിയോർ ചാവറ കുരിയാക്കോസ് ഏലിയാ എന്ന ഭാഗ്യപ്പെട്ട പിതാവു മരിക്കയിൽ ആ സ്ഥാനത്തേക്ക് ഏലിയാ നിവ്യായുടെ പിൻഗാമിയായി ഏലീശാ നിവ്യായെ ദൈവം തിരഞ്ഞെടുത്തപോലെ ഇദ്ദേഹത്തെ മേൽശ്രേഷ്ഠന്മാർ തിരഞ്ഞെടുക്കുകയും അതിനുള്ള അധികാരപത്രം കൊടുക്കയും ചെയ്തു. കുരിയാക്കോസ് ഏലീശാ അച്ചൻ പ്രിയോർ സ്ഥാനത്തിലേക്ക് ഉയർത്തപ്പെട്ടതിനോടുകൂടെ നസ്രാണി പള്ളികളുടെ മേൽ വികാരി ജനറാളിനുള്ള അധികാരവും ഇദ്ദേഹത്തിനു കൊടുക്കപ്പെട്ടു.

ഇദ്ദേഹം പ്രിയോരായി നിയമിക്കപ്പെട്ട കാലങ്ങളിൽ നമ്മുടെ മലയാളത്തിൽ സമാധാനത്തിന്റെ കാലമായിരുന്നു. എന്നാൽ കുറെനാൾ കഴിഞ്ഞപ്പോൾ ജനങ്ങളുടെയിടയിൽ വലിയ ഭിന്നിപ്പും പള്ളികളിൽ വഴക്കും വ്യവഹാരങ്ങളുമുണ്ടാകുവാൻ സംഗതിയായിത്തുടങ്ങി. ഇതിനുള്ള കാരണം 1875-ൽ ബാബേലിൽ നിന്നുവന്ന ഏലിയാ മേലുസ് മെത്രാന്റെ വരവാണ്. ഇദ്ദേഹം റോമ്മായിലെ അനുമതികൂടാതെ വന്നതാണെങ്കിലും സുറിയാനിമെത്രാനാകയാൽ അദ്ദേഹത്തെ അനുസരിച്ച് നടക്കണമെന്ന് ജനങ്ങളിൽ ഒരു ഭാഗക്കാർക്ക് മനസ്സും മാർപാപ്പായുടെ അനുമതി കൂടാതെ വന്ന മെത്രാനെ കൈക്കൊള്ളുവാൻ മറ്റ് ഭാഗക്കാർക്കു വിരോധവുമുണ്ടായി. തൻമൂലം പല പള്ളികളിലും പോലീസും വഴക്കുകളും മൂത്തു. ഈ സന്ദർഭത്തിൽ പ്രശ്നങ്ങൾ തീർക്കണമെന്ന് നിർദേശിച്ച് പല ഹർജികൾ വിശുദ്ധ സിംഹാസനത്തിലേക്ക് അയക്കപ്പെട്ടു. മേലൂസ് ശീശ്മയ്ക്കെതിരെ പോരാടി സഭയെ രക്ഷിക്കുവാൻ തിരഞ്ഞെടുക്കപ്പെട്ട ദാസനായിരുന്നു കുരിയാക്കോസ് അച്ചൻ. ഈ അവസരത്തിലാണ് ഏഴ് വ്യാകുലങ്ങളുടെ പ്രശ്നങ്ങൾ സഭയിലുടലെടുത്തത്. ഇക്കാലത്ത് കുരിയാക്കോസ് ഏലിശാ അച്ചൻ നസ്രാണിസഭ വീണുപോകാതെ ഇരിക്കുന്നതിനും അതിനെ രക്ഷിക്കുന്നതിനും ദൈവം തിരഞ്ഞെടുത്ത ഒരു ബലമേറിയ താങ്ങായിരുന്നു. നസ്രാണിസഭക്ക് സ്വന്തം ജാതിയിലുള്ള മെത്രാനെ ലഭിക്കുവാനും സ്വയംഭരണം ലഭിക്കുവാനും ഏഴ് വ്യാകുലങ്ങളായ വൈദികർ നടത്തിയ സമരങ്ങൾക്കൊടുവിൽ, നസ്രാണിസഭയുടെ പ്രശ്നങ്ങൾ പഠിക്കുവാൻ മാന്നാനത്തുവച്ച് പേപ്പൽ ദലഗെറ്റ് മൌരീൻ മെത്രാന്റെ അധ്യക്ഷതയിൽ കൂടിയ മാന്നാനം സുനഹദോസ്സും, അതിനുശേഷം നസ്രാണിസഭയ്ക്കനുവദിച്ച രണ്ട് ഹയരാർക്കികളുടെ (ചങ്ങനാശ്ശേരി, തൃശൂർ) മാന്നാനത്ത് വച്ചുനടന്ന പ്രഖ്യാപനങ്ങളും, ചങ്ങനാശ്ശേരി രൂപതയുടെ ആദ്യ മെത്രാൻ ലവീഞ്ഞു മെത്രാന്റെ നിയമനപത്രികയുടെ പ്രഖ്യാപനം മാന്നാനത്തുവച്ച് നടത്തുകയും അദ്ദേഹത്തിനു മാന്നാനത്ത് ഒരു വൻസ്വീകരണം ഒരുക്കിയതിന്റെയുമെല്ലാം നേതൃത്വം പോരൂക്കര കുരിയാക്കോസ് ഏലീശാച്ചനായിരുന്നു. ഇദ്ദേഹം സഭക്കും പട്ടക്കാർക്കും ജനങ്ങൾക്കും പൊതുവെ പ്രയോജനകരങ്ങളായ അനേകം സംഗതികൾ ചെയ്തിരുന്നു.

വേദപുസ്തകത്തെപ്പറ്റിയുള്ള അറിവ് പൊതുവെ ജനങ്ങളിലുണ്ടാകുന്നത് അധികം പ്രയോജനകര മായിത്തീരുമെന്ന് നമ്മുടെ അച്ചൻ അറിഞ്ഞിരുന്നതിനാൽ ആ ഗുണം അവർക്കുളവാക്കുന്നതിനു ചരിത്രമുറയ്ക്കും, സാരഭാഗങ്ങൾ വിശുദ്ധ മല്പാന്മാരുടെ ഉപദേശ തത്വങ്ങളും വ്യാഖ്യാനങ്ങളുമനുസരിച്ച് തമിഴ് ഭാഷയിൽ ഗൗറിയേൽപശ്ശേക്കു എന്ന വിശ്രുത ഗ്രന്ഥകർത്താവിനാൽ എഴുതപ്പെട്ട പുസ്തകം ആ ഭാഷയിൽത്തന്നെ അടിപ്പിക്കുന്നതിന് നിശ്ചയിച്ചു. ഇതിന്റെ അനേകം പ്രതികൾ അടിപ്പിക്കുന്നതിൽ വലുതായ നഷ്ടം സഹിക്കേണ്ടിവരുമെന്നും പുസ്തകങ്ങൾ പിരിയുന്നത് വളരെ ചുരുക്കമായിരിക്കുമെന്നും അറിഞ്ഞിരുന്നിട്ടും ജനങ്ങൾക്കുണ്ടാകുമെന്ന ഗുണത്തെയും പ്രയോജനത്തെയും മുന്നിട്ടുവെച്ചു ആ നഷ്ടം സഹിച്ചുകൊണ്ട് മേൽപ്പറഞ്ഞ പുസ്തകം അച്ചടിപ്പിച്ചു പ്രസിദ്ധപ്പെടുത്തി. ലോകസൃഷ്ടിമുതൽ ലോകരക്ഷിതാവിന്റെ ജനനംവരെയും അതിനുപിൻപുള്ള എല്ലാ സാരമേറിയ ചരിത്ര സംഗതികളൊക്കെയും ഈ പുസ്തകത്തിൽ അടങ്ങിയിട്ടുണ്ട്.

നിത്യാരാധന എന്ന വിശിഷ്ട പുസ്തകം എഴുതി പ്രസിദ്ധപ്പെടുത്തിയത് പോരൂക്കര കുരിയാക്കോസ് ഏലീശാച്ചനാണ്. ഈ പുസ്തകം നമ്മുടെ മല



www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

യാളദേശത്തു പ്രസിദ്ധപ്പെടുത്തുന്നതിനുമുൻപ് നമ്മുടെ ദിവ്യരക്ഷകന്റെ തിരുഹൃദയത്തിൻനേരെയുള്ള ഭക്തി ജനങ്ങളുടെയിടയിൽ അത്രേ പ്രബലപ്പെട്ടിരുന്നില്ല. നിത്യാരാധന എന്ന പുസ്തകത്തിൽ തിരുഹൃദയഭക്തിയുടെ ഉത്ഭവവും പ്രചാരണവും ആ ഭക്തിയിൽ നിലനിന്നിരുന്നതിനും വർദ്ധിച്ചുവരുന്നതിനും എന്തെല്ലാം ചെയ്യണമെന്നും വ്യക്തമായി വിവരിക്കപ്പെട്ടിട്ടുണ്ട്. അതിനുപകരിക്കുന്ന അനേകം ജപങ്ങളും അതിലടങ്ങിയിട്ടുണ്ട്. ഇപ്പോൾ ജനങ്ങളുടെയിടയിൽ ഇത്രയും പ്രചാരശക്തിയുള്ള പുസ്തകം നിത്യാരാധനയെപ്പോലെ വേറൊന്ന് ഉണ്ടെന്നുതോന്നുന്നില്ല. ഈ പുസ്തകംകൊണ്ട് അതിശയനീയമായ വിധത്തിൽ തിരുഹൃദയഭക്തി ജനങ്ങളിൽ വർദ്ധിച്ചിട്ടുണ്ട്. ഇതിന്റെ പ്രസിദ്ധീകരണത്തിൽ നമ്മുടെ കഥാനായകൻ ചെയ്ത ബുദ്ധിമുട്ടും അധ്വാനവും ചില്ലറയൊന്നുമല്ലെന്നു കണ്ടിട്ടുള്ള എല്ലാവരും സമ്മതിക്കുന്നതാണ്. തിരുഹൃദയഭക്തി ശേഷം പേരിൽ ഉണ്ടാകുവാനും സ്ഥിരപ്പെടുവാനും യത്നം ചെയ്യുന്നവരുടെ പേർ നിത്യായുസ്സിന്റെ പുസ്തകത്തിൽ എഴുതപ്പെടണമെന്നുള്ള നമ്മുടെ കർത്താവിന്റെ വാഗ്ദത്തം ഇദ്ദേഹത്തിൽ നിറവേറ്റപ്പെട്ടിട്ടുണ്ടെന്ന് നിസ്സംശയം വിശ്വസിക്കാവുന്നതാണ്.

കേരളത്തിൽ ആദ്യമായി തിരുഹൃദയ തിരുനാൾ ആരംഭിക്കുന്നത് പോരൂക്കര കുരിയാക്കോസ് ഏലീശാച്ചനാണ്. 1874-ൽ മാന്നാനത്താണ് ഈ തിരുനാൾ അദ്ദേഹം ആരംഭിക്കുന്നത്. തിരുഹൃദയ ഭക്തി പ്രചരിപ്പിക്കുന്നതിനായി തിരുഹൃദയസഭ എന്നപേരിൽ ഒരു ഭക്തസംഘടനയ്ക്ക് രൂപം നൽകുകയും ചെയ്തു. 1867-ൽ മാന്നാനത്ത് ആദ്യമായി നാൽപ്പതുമണി ആരാധനക്കു തുടക്കമിട്ടതും ഇദ്ദേഹമാണ്. മാന്നാനം പള്ളിയുടെ മദുബഹയുടെ നിർമ്മാണവും ഇദ്ദേഹം നിർവഹിച്ചു. മൃതസംസ്കാരക്രിയകളും മരിച്ചവരെപ്പറ്റിയുള്ള ജപങ്ങളും കർമ്മങ്ങളും അടങ്ങിയിരിക്കുന്ന അന്നീദാ പുസ്തകം (ഒപ്പീസ് പുസ്തകം) അടിപ്പിച്ചു പ്രസിദ്ധപ്പെടുത്തിയതുമൂലം നമ്മുടെ കൽദായ സുറിയാനിക്രമത്തിനും പട്ടക്കാർക്കും പള്ളി ക്രമങ്ങൾക്കുമുണ്ടായിട്ടുള്ള സഹായം എത്രയും വിലയേറിയതാണെന്ന് ആരും സമ്മതിക്കുന്നതാണ്. ഇതിനുമുൻപ് അന്നീദാ പുസ്തകം കൈയെഴുത്തായിട്ടുമാത്രം ഉണ്ടായിരുന്നതിനാൽ അതിൽ ഐകരൂപ്യമുണ്ടായിരുന്നില്ല. എന്നാൽ അത് അച്ചടിച്ചതുകൊണ്ട് എല്ലായിടത്തും മരിച്ചവരുടെ ശേഷക്രിയകളിൽ ഐക്യരൂപം ഉണ്ടാകുന്നതിനിടയായിത്തീർന്നു.

ഇദ്ദേഹം നടത്തിയ സാരമേറിയ വേലകളിൽ ഒടുവിലത്തേത് മുത്തോലി കൊവേന്തക്കു സമീപേ ഒരു കന്യാകാശ്രമം പണികഴിപ്പിച്ചതാണ്. ചാവറ കുരിയാക്കോസ് ഏലിയാ അച്ചൻ കന്യകൾക്കായി കൂനമ്മാവുങ്കൽ ഒരു മഠം പണികഴിപ്പിക്കുന്നതിന് ശ്രമിച്ചതുപോലെ അദ്ദേഹത്തിന്റെ പിൻഗാമിയായ കുരിയാക്കോസ് ഏലിയാ അച്ചനും ആ മഠത്തിന്റെ ശാഖയായി മുത്തോലി മഠവും പണിയിച്ചു. കൂനമ്മാവുങ്കലെ പോലെ വേറെ സ്ഥലങ്ങളിലും കന്യകാശ്രമങ്ങളുണ്ടാകാൻ ശ്രമിക്കണമെന്ന് ഒന്നാമത്തെ പൊതുപ്രിയോരായിരുന്ന ചാവറ കുരിയാക്കോസ് ഏലിയാ അച്ചൻ തന്റെ മക്കളായ സന്യാസ അച്ചന്മാരെ ഭരമേല്പിച്ചിട്ടുണ്ടായിരുന്നു.

മാന്നാനം സെമിനാരിയിൽ വൈദികപഠനം നടത്തിയ മാണി, 1875 ഡിസംബർ 12-ാം തീയതി മാന്നാനം കൊവേന്തയിൽവച്ച് വൈദികപട്ടം സ്വീകരിക്കുകയും അവിടെത്തന്നെ പുത്തൻകുർബാന അർപ്പിക്കുകയും ചെയ്തു. 29 വർഷക്കാലം അദ്ദേഹം കത്തനാരായി സമുദായത്തെ സേവിച്ചു.

1920-ൽ ഭാഷാപോഷിണി കേരളവ്യാപകമായി നടത്തിയ യോഗ്യതാനിർണ്ണയപ്രക്രിയയിൽ, ശങ്കരാചാര്യർ, എഴുത്തച്ഛൻ, രാജാകേശവദാസൻ, ശക്തൻതമ്പുരാൻ, സ്വദേശാഭിമാനി രാമകൃഷ്ണപിള്ള തുടങ്ങിയ പതിനഞ്ചു കേരളീയ മഹാന്മാരുടെ ഗണത്തിൽ ഫാ. നിധീരിയേയും ഉൾപ്പെടുത്തി ബഹുമാനിക്കുവാൻ അന്നത്തെ സാംസ്കാരികകേരളം സന്നദ്ധമായെങ്കിലും അദ്ദേഹത്തിന്റെ സ്വന്തം സമുദായം ആ മഹാത്മാവിന്റെ സ്മരണയോട് നീതി കാട്ടിയിട്ടുണ്ടോ എന്നു സംശയമാണ്. നിധീരി കൈവയ്ക്കാത്ത കർമ്മമണ്ഡലങ്ങളോ അദ്ദേഹം ഭാഗഭാഗിത്വം വഹിക്കാത്ത രാഷ്ട്രീയ-സാമൂഹിക-സാംസ്കാരിക പ്രശ്നങ്ങളോ അക്കാലത്ത് കേരളത്തിലുണ്ടായിരുന്നില്ല. ബഹുമുഖമായ വ്യക്തിത്വത്തിന്റെ ഉടമ എന്ന് അക്ഷരാർത്ഥത്തിൽത്തന്നെ അദ്ദേഹത്തെപ്പറ്റി പറയാവുന്നതാണ്.കത്തോലിക്കാസഭയിൽ നിലവിലിരുന്ന വിദേശ മെത്രാൻ വാഴ്ചയ്ക്കെതിരായി സുധീരസമരം നടത്തിയ ആ സ്വാതന്ത്രേച്ഛു തിരുവിതാംകൂറിലെ ആദ്യത്തെ 'രാഷ്ട്രീയ നിവേദനം' എന്നു വിശേഷിപ്പിക്കാവുന്ന 'മലയാളി മെമ്മോറിയൽ' സമരത്തിനും മുൻപന്തിയിലുണ്ടായിരുന്നു.

ആഗോളസഭാതലത്തിൽത്തന്നെ, എക്യുമെനിസം അവ്യക്തമായ ഒരു വിദൂരസ്വപ്നം മാത്രമായിരുന്ന കാലത്ത്, കേരളത്തിലെ എല്ലാ സഭാവിഭാഗങ്ങളെയും ഒരേവേദിയിൽ അണിനിരത്തുവാൻവേണ്ടി ആക്രാന്തദർശി ജാത്യൈക്യസംഘത്തിനു രൂപം നൽകി. അദ്ദേഹം രൂപപ്പെടുത്തിയതുപോലെ ആ പ്രസ്ഥാനം മുന്നോട്ടു നീങ്ങിയിരുന്നെങ്കിൽ കേരളത്തിലെ ക്രൈസ്തവസമൂഹത്തിന്റെ ചിത്രം ഇന്ന് മറ്റൊന്നാകുമായിരുന്നെന്ന് നിസ്സംശയം പറയാം.

യൂറോപ്യൻ പൗരോഹിത്യ മേധാവിത്വത്തെ കേരളത്തിൽനിന്നും കെട്ടുകെട്ടിക്കുന്നതിൽ കേരള കർമ്മലീത്താ സന്യാസികൾക്കൊപ്പം മാണിക്കത്തനാർ വഹിച്ചത് അതുല്യമായ നേതൃത്വമാണ്. കേരള ക്രൈസ്തവർക്കും, കത്തോലിക്കാ പൗരോഹിത്യത്തിനും, ദേശീയമായ നേതൃത്വം ലഭിക്കുന്നതിൽ അദ്ദേഹം സഹിച്ച ത്യാഗത്തിന്റെ പ്രയോജനം ഇന്നും അനുഭവിക്കുന്നവർ കാണിക്കുന്ന അവഗണനയെ എന്തു പേരാണ് വിളിക്കേണ്ടത്. താൻ ഇരിക്കുന്ന കസേരയുടെ ചുവട്ടിൽ തളംകെട്ടിക്കിടക്കുന്ന രക്തത്തിന്റെ ഉടമസ്ഥനാരെന്ന് അന്വേഷിക്കാൻപോലും മടിക്കുന്ന രാഷ്ട്രീയനേതാക്കന്മാരുടെ സംസ്കാരത്തിലേയ്ക്ക് സഭാപിതാക്കന്മാർ വഴുതിപ്പോയാൽ സമുദായത്തിന്റെ ഭാവി ഇരുളടഞ്ഞതായിരിക്കും. നൂറ്റാണ്ടുകൾക്കുമുൻപ് ഉദയംപേരൂർ സൂനഹദോസിൽവെച്ച് നഷ്ടപ്പെട്ട സ്വയംഭരണം തിരികെ ലഭിച്ചു. കേരളസഭയ്ക്ക് സ്വയംഭരണം നഷ്ടപ്പെട്ടതുമുതൽ അതു വീണ്ടെടുക്കുവാൻ കേരളക്രൈസ്തവർ ശ്രമമാരംഭിച്ചു. നൂറ്റാണ്ടുകൾ പിന്നിട്ട പ്രസ്തുത പ്രവർത്തനം ഏറ്റവും ശക്തമായത് 19-ാം നൂറ്റാണ്ടിലാണ്. ഒരു ജീവിതകാലം മുഴുവൻ



www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

# നിധീരിക്കൽ മാണിക്കത്തനാർ

പ്രസ്തുത സ്വാതന്ത്ര്യത്തിനുവേണ്ടി പൊരുതി അനേകങ്ങൾക്കു ധീരനേതൃത്വം കൊടുത്തുകൊണ്ട് ഇടയ്ക്കു ലഭിച്ച വ്യക്തിപരമായ എല്ലാ നേട്ടങ്ങളെയും ദൂരെ വലിച്ചെറിഞ്ഞ സമരസേനാനി ആയിരുന്നു 1904-ൽ അന്തരിച്ച മാണിക്കത്തനാർ.



യൂറോപ്യൻ മിഷനറിമാരുടെ കർക്കശമായ നിലപാടുമൂലം സ്വാതന്ത്ര്യദാഹികളായ കേരളക്രൈസ്തവരിൽ ഒരു നല്ല വിഭാഗം തെറ്റിപ്പിരിഞ്ഞപ്പോഴും കത്തോലിക്കാസഭയിൽനിന്നുകൊണ്ടു തന്നെ സ്വയംഭരണം ലഭിക്കണമെന്നുള്ള ഒരു വിഭാഗം ക്രൈസ്തവരുടെ അഭിവാഞ്ഛയുടെ മൂർത്തഭാവമായിരുന്നു അദ്ദേഹം. അതിനുമപ്പുറം കേരള ക്രൈസ്തവർക്കു കേരളത്തെ എങ്ങനെയെല്ലാം രൂപപ്പെടുത്തുവാൻ കഴിയും എന്നതിന്റെ വ്യക്തമായ ദർശനം അദ്ദേഹത്തിനുമാത്രമാണ് അന്നുണ്ടായിരുന്നത്. അന്ന് അദ്ദേഹം അവിടെനിന്നുകൊണ്ട് കൈചൂണ്ടിയതിനപ്പുറത്തേയ്ക്കു കടത്തിച്ചൂണ്ടുവാൻ ഇന്നും കേരളക്രൈസ്തവരിലാർക്കും കഴിഞ്ഞിട്ടില്ല. അതാണ് അദ്ദേഹത്തിന്റെ സിദ്ധി.

സ്വന്തം റീത്തിൽപ്പെട്ട മെത്രാനുവേണ്ടിയുള്ള സമരത്തിന് നേതൃത്വം നല്കിയത് കേരള കർമ്മലീത്താസഭയും സഭയോടൊപ്പം നിധീരിക്കൽ മാണിക്കത്തനാരുമായിരുന്നു. സമരത്തിന്റെ ഫലമായി കേരളീയരുടെ അവകാശങ്ങളെ ഖണ്ഡശ്ശഃ അംഗീകരിച്ചു. ആദ്യം കേരളത്തിലെ സുറിയാനിക്കാർക്കായി ലത്തീൻ രൂപതയിൽത്തന്നെ ഒരു പ്രത്യേക ലത്തീൻ സഹായമെത്രാൻ, പിന്നീട് സുറിയാനിക്കാർക്കായി പ്രത്യേക ലത്തീൻ രൂപതയും ലത്തീൻ മെത്രാനും, അതിനുശേഷം അങ്ങനെയുള്ള മെത്രാന്റെ കീഴിൽ സുറിയാനിക്കാരിൽനിന്നുതന്നെ ഒരു പൊന്തിഫിക്കൽ വികാരി ജനറാൾ എന്നിങ്ങനെ പോകുന്നു നേട്ടത്തിന്റെ പട്ടിക.

154 ഇടവകകളാണ് അന്ന് കേരളത്തിലൊട്ടാകെ സുറിയാനികത്തോലിക്കർക്കുണ്ടായിരുന്നത്. ജനസംഖ്യയിലും സമ്പത്തിലും സംസ്കാരത്തിലും കേരളത്തിലെ അന്നത്തെ ക്രൈസ്തവവിഭാഗങ്ങ ളുടെ മുൻപന്തിയിൽനിന്ന പ്രസ്തുത സമുദായത്തിന്റെ ആധിപത്യം കൂടി ലഭിച്ചപ്പോൾ വരാപ്പുഴയിലെ അന്നത്തെ ഭരണാധികാരികളായിരുന്ന കർമ്മലീത്താ മിഷനറിമാരുടെ സുറിയാനിവിരുദ്ധമനോഭാവം കൂടുതൽ ശക്തമാകുകയാണുണ്ടായത്.

മാന്നാനത്ത് സുറിയാനിസമുദായനേതാക്കന്മാരും വൈദികരും നാലുദിവസം സമ്മേളിച്ചു ചർച്ചകൾ നടത്തി ഒരു മെമ്മോറാണ്ഡം തയ്യാറാക്കി 158 വൈദികർ ഒപ്പിട്ട്, വിസിറ്റർക്ക് നൽകി. അതിലും ഉന്നയിച്ചിരുന്ന ആവശ്യം കേരളത്തിലെ സുറിയാനി കത്തോലിക്കരെ വരാപ്പുഴ രൂപതയിൽനിന്നും വിടർത്തി ഒരു പ്രത്യേക രൂപത സ്ഥാപിച്ച് അതിൽ ഒരു യൂറോപ്യൻ മെത്രാനേയും അദ്ദേഹത്തിന്റെ കീഴിൽ ഒരു സ്വദേശിമെത്രാനെയും നിയമിച്ചുകിട്ടുക എന്നതായിരുന്നു. പ്രസ്തുത നിവേദനം സ്വീകരിച്ച് ചർച്ചകൾ നടത്തി, സമുദായത്തിന്റെ ഇംഗിതം മനസ്സിലാക്കിയശേഷം വിസിറ്റർ മേലൂസ് പക്ഷപാതികൾക്ക് സ്വാധീനമുള്ള തൃശൂർ പ്രദേശങ്ങൾ സന്ദർശിക്കുവാൻ പുറപ്പെട്ടു. അദ്ദേഹം ഒല്ലൂർ പള്ളിയിൽ യോഗം വിളിച്ചുകൂട്ടി പ്രസ്തുത പ്രദേശങ്ങളിലെ സുറിയാനിക്കാരുടെ പരാതികൾ മനസ്സിലാക്കി. അവിടെയും മൊയ്റീന്റെ നീക്കങ്ങളുടെ പ്രധാന സൂത്രധാരത്വം വഹിച്ചത് മാണിക്കത്തനാരായിരുന്നു. ഒല്ലൂർ യോഗം മേലൂസ് പക്ഷപാതികൾക്ക് കനത്ത ഒരു പ്രഹരമായിരുന്നു.

ഈ ചരിത്രപശ്ചാത്തലം മനസ്സിലാക്കിയ മാണിക്കത്തനാർ കേരളത്തിലെ ക്രൈസ്തവസഭകളെ ഐക്യപ്പെടുത്തേണ്ടത് ഒരടിയന്തിരാവശ്യമായി പരിഗണിച്ചു. പത്തൊൻപതാം നൂറ്റാണ്ടിൽ കത്തോലിക്കാ, അകത്തോലിക്കാ സുറിയാനിക്കാരുടെ എണ്ണം ഏകദേശം തുല്യമായിരുന്നു. ഈ ജനത ഒരുമിച്ചാൽ അതിന്റെ ശക്തി അപാരവുമായിരുന്നു. സഭയിൽനിന്നും ഭിന്നിച്ചുപോയി മെത്രാൻസ്ഥാനം സ്വീകരിച്ചവരേയും പേർഷ്യയിൽ നിന്നും വന്ന മെത്രാന്മാരിൽനിന്നും മെത്രാൻസ്ഥാനം സ്വീകരിച്ചവരേയും തിരികെ സഭയിലേയ്ക്ക് കൊണ്ടുവന്നു. പഴയ ഐക്യം പുനഃസ്ഥാപിക്കുവാൻ മുൻകാലങ്ങളിൽ പറമ്പിൽ ചാണ്ടിമെത്രാനും കരിയാറ്റിൽ ഔസേപ്പ് മെത്രാപ്പോലീത്തായും മറ്റും സ്വീകരിച്ച നടപടികൾ ഉന്നതതലത്തെമാത്രം ബാധിക്കുന്നതായിരുന്നു.

പുത്തൻകൂർ എന്നും പഴയകൂർ എന്നും രണ്ടായി കേരളത്തിലെ ക്രൈസ്തവർ ഭിന്നിച്ചുവെങ്കിലും അവർ ഒരു സമൂഹമാണെന്നുള്ള ബോധവും രണ്ട് വിഭാഗത്തിന്റെയും ലക്ഷ്യം യൂറോപ്യൻ മേധാവിത്വത്തിൽനിന്നും മോചനം നേടുക എന്നതായിരുന്നു എന്നും അതിൽ രണ്ടു കൂട്ടരും സ്വീകരിച്ച മാർഗ്ഗം രണ്ടായതുമൂലമുള്ള അഭിപ്രായവ്യത്യാസമാണ് ഭിന്നതയുടെ കാരണമെന്നും അതിനാൽ പ്രസ്തുത ഭിന്നത താല്കാലികം മാത്രമാണെന്നുമുള്ള ധാരണയും ഇരുകൂട്ടരിലും പത്തൊൻപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം വരെ നിലനിന്നിരുന്നു. അതാണ് ജാതൈക്യസംഘം ജനനംകൊണ്ടതിന് പ്രേരകമായിരുന്ന ചിന്താഗതി. ഒരു വിശ്വാസവും ഒരു ആചാരവും ഒരു സംസ്കാരവുമുള്ള ജനതയായിരുന്നു കേരളക്രൈ



www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



# പ്രേഷിതയായ സി.എം.ഐ. സഭ

**ജോസഫ് വർഗീസ് കുരീത്തറ** സി.എം.ഐ.

സന്യാസസഭകളുടെ പരമമായ ലക്ഷ്യം ദൈവശുശ്രൂഷയും അതേത്തുടർന്നുള്ള ദൈവജനസേവന വുമാണ്. പുരാതന സഭകൾ പലതും ദൈവശുശ്രൂഷയ്ക്കായി ഏറെ സമയവും ചെലവഴിച്ചപ്പോൾ ഇന്ന് നിലനിൽക്കുന്ന പല വലിയ സഭകളും മനുഷ്യസേവനത്തിനും സഭാകൂട്ടായ്മയ്ക്കുമായി ഏറെ ശ്രമങ്ങൾ നടത്തുകയും നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. അപ്പസ്തോലന്മാരും അവരുടെ പിൻഗാമികളും നടത്തിയ പ്രേഷിതപ്രവർത്തനം പിൽക്കാലത്ത് ഏറ്റു നടത്തിയത് സന്യാസികളായിരുന്നു.

കേരളത്തിൽ സന്യാസസഭകളുടെ ഉത്ഭവത്തോടെ കേരളത്തിനകത്തും പുറത്തുമുള്ള പ്രേഷിത പ്രവർത്തനം ഊർജ്ജിതമായി നടക്കുന്നു. സി.എം.ഐ. സഭ മാന്നാനത്ത് ആരംഭം കുറിച്ചത് 1831-ലായിരുന്നു. ധ്യാനപ്രസംഗങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും മുദ്രണാലയങ്ങളും അഗതിമന്ദിരങ്ങളും സ്ത്രീശാക്തീകരണവുമൊക്കെ നടത്തിപ്പോരുമ്പോഴും വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ കാലം മുതൽ വിശ്വാസപരിശീലനവും അതിനു സഹായകരമായ സംവിധാനങ്ങളുമൊരുക്കുന്നതിൽ സി.എം.ഐ. സഭാംഗങ്ങൾ ഒട്ടും പിന്നിലല്ലായിരുന്നു.

1861-ലാണ് വിശുദ്ധ കുര്യാക്കോസ് ഏലിയാസച്ചനെ സുറിയാനിക്കാരുടെ വികാരി ജനറാളായി വരാപ്പുഴ മെത്രാപ്പോലീത്ത നിയമിച്ചത്. മതപഠനം ഊർജ്ജിതപ്പെടുത്തുന്നതിനായി അദ്ദേഹം എല്ലാ ഇടവകകളും സന്ദർശിച്ചു. എല്ലാ ഇടവകകൾക്കും വേദപാഠശാല ഉണ്ടാക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. അതിരൂപതയിലെ പള്ളികൾ നാലു സംഘങ്ങളായിസ്തവർ. അവർ രണ്ട് ഭരണത്തിന് വിധേയരായിരുന്നു എന്നതാണ് അവരെ ഭിന്നിപ്പിച്ചത്. പ്രസ്തുത ഭിന്നത വളർത്തിക്കൊണ്ടുവരുവാൻ ഭരണീയരേക്കാൾ ഭരണകർത്താക്കളായിരുന്നു കാരണക്കാർ. ഭരണാധികാരികൾക്ക് അവരുടെ അധികാരം നഷ്ടപ്പെടാതിരിക്കുവാൻ  ഈ ഭിന്നിപ്പ് ആവശ്യവുമായിരുന്നു. ഭിന്നിപ്പിച്ചു ഭരിക്കുക എന്നത് യൂറോപ്യൻ കൊളോണിയലിസത്തിന്റെ മുഖമുദ്രയാണല്ലോ. മതരംഗത്തും അത് പ്രാവർത്തികമാക്കി എന്നുമാത്രം.

1889 സെപ്റ്റംബർ 8-ാം തീയതി മാണിക്കത്തനാരെ കോട്ടയം രൂപതയുടെ വികാരി ജനറാളായി നിയമിച്ചുകൊണ്ടുള്ള വിജ്ഞാപനം അതിരമ്പുഴ പള്ളിയിൽ വച്ച് ലെവീഞ്ഞ് മെത്രാൻ പുറപ്പെടുവിച്ചു. 975 ദിവസം കോട്ടയം രൂപതയുടെ പൊന്തിഫിക്കൽ വികാരി ജനറാളായി അദ്ദേഹം സേവനമനുഷ്ഠിച്ചു. 1892 മേയ് 11-ാം തീയതി അത് അവസാനിച്ചു. ലത്തീൻ മെത്രാന്റെ കീഴിൽ ഒരു സുറിയാനിക്കാരനെ സഹായമെത്രാനായി നിയമിക്കണമെന്നുള്ള നിർദ്ദേശത്തിന്റെ ഫലമാണ് ഈ നിയമനം.

ഒരു ശെമ്മാശനെന്ന നിലയിൽ വൈദികപരിശീലനം നേടുക, ഒരു കത്തനാരെന്നനിലയിൽ തന്റെ ചുമതലയിലുള്ള ഇടവകകളുടെ ഭരണം നടത്തുക, ഒരു വികാരി ജനറാളെന്നനിലയിൽ തന്നെ ഭരമേല്പിച്ചിരിക്കുന്ന രൂപതയിലെ ജനങ്ങളുടെ ക്ഷേമൈശ്വര്യങ്ങളെ അന്വേഷിക്കുക എന്നീ ഔദ്യോഗികകൃത്യങ്ങൾക്കതീതമായി കേരളത്തിലെ സുറിയാനിസഭയുടെയും സമുദായത്തിന്റെയും ജനങ്ങളുടെയും പള്ളികളുടെയും എല്ലാ ആവശ്യങ്ങളിലും എന്നും ഇടപെട്ടു ധീരമായ നേതൃത്വം നൽകുകയും ആവശ്യമായ സേവനം നടത്തുകയുമാണ് ഒരു ജീവിതകാലം മുഴുവൻ അദ്ദേഹം ചെയ്തത്.



www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA

തിരിച്ച് അവയുടെ നേതൃത്വം സി.എം.ഐ. സഭാംഗങ്ങളെ ഏൽപ്പിച്ചു.

കുര്യാക്കോസ് ഏലിയാസച്ചന്റെ ഉത്തരവാദിത്വത്തിൽ അക്രൈസ്തവരുടെയിടയിൽ പ്രേഷിത പ്രവർത്തനത്തിനായി പല വേദപ്രചാരകേന്ദ്രങ്ങളും സ്ഥാപിച്ചിട്ടുണ്ട്. ആർപ്പൂക്കര, അതിരമ്പുഴ, കോയിൽമുക്ക് (എടത്വ) എന്നീ സ്ഥലങ്ങൾ കേന്ദ്രമാക്കി അദ്ദേഹം സ്ഥാപിച്ച വേദപ്രചാരകേന്ദ്രങ്ങളിലൂടെ സവർണ്ണരും അവർണ്ണരുമായ അനേകമാളുകൾ ക്രൈസ്തവവിശ്വാസം സ്വീകരിച്ചു. വിവിധ ജാതികളിലായിരുന്നവർ ക്രൈസ്തവവിശ്വാസ സ്വീകരണത്തിനുശേഷം പരസ്പരസഹകരണം വർദ്ധിപ്പിക്കുകയും സമൂഹത്തിൽത്തന്നെ പുതിയൊരു ജീവിതാന്തസ്സിലേക്ക് വരികയും ചെയ്തു. സവർണ്ണരായവർ മാനസാന്തരപ്പെട്ടപ്പോൾ തങ്ങളുടെ കുടുംബപ്പേരുകൾ നിലനിർത്തിയപ്പോൾ പല അവർണ്ണരും വൈദികരുടെ പ്രേരണയാൽ പുതിയ വീട്ടുപേരുകൾ സ്വീകരിച്ചു. മാമ്മോദീസായിലൂടെയുള്ള പേരുമാറ്റവും ഒരർത്ഥത്തിൽ സ്വാഭിമാനം നേടിയെടുക്കുവാൻ പലരെയും സഹായിച്ചു.



സാമ്പത്തികമായ പുരോഗതി മാനസാന്തരപ്പെട്ട പലർക്കുമുണ്ടായപ്പോൾ ബഹുഭൂരിപക്ഷവും തങ്ങളുടെ കുലത്തൊഴിലുകൾ തുടർന്നു. അവശവിഭാഗത്തിൽപ്പെട്ടവരായിരിക്കുന്നതിനാൽ അക്കാലത്ത് അവരെ അവശക്രൈസ്തവർ എന്ന് പേര് വിളിച്ചിരുന്നു. സി.എം.ഐ. സഭയിലെ എല്ലാ ആശ്രമങ്ങളോടും ചേർന്ന് വിശ്വാസ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കപ്പെട്ടത് പ്രധാനമായും മാനസാന്തരം ആഗ്രഹിച്ചു വരുന്ന സാധാരണക്കാരായ ആളുകളെ ഉദ്ദേശിച്ചിട്ടായിരുന്നു.

ക്രൈസ്തവവിശ്വാസം സ്വീകരിച്ചു കടന്നുവരുന്നവരുടെ സാമ്പത്തികസ്ഥിതിയെക്കുറിച്ച് ശ്രദ്ധ കൊടുക്കേണ്ടി വന്നപ്പോൾ പല സംരംഭങ്ങളും സി.എം.ഐ. സഭാവൈദികർ ആരംഭിച്ചിട്ടുണ്ട്. തങ്ങളുടെ വിദ്യാലയങ്ങളിൽ പ്രവേശനം കൊടുക്കുകയും പലരെയും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ആശ്രമത്തിലും ജോലിക്ക് വയ്ക്കുകയും ചെയ്തു. പല ആശ്രമങ്ങളും സ്ഥലങ്ങൾ വാങ്ങുകയും ചുരുങ്ങിയ വിലക്കും പലപ്പോഴും വെറുതെയും അത് അവർക്കായി കൊടുക്കുകയും ചെയ്തു.

1888-ൽ കോട്ടയം വികാരിയാത്തിലെ പ്രധാന മതപഠനകേന്ദ്രം (catechumenate) ചെത്തിപ്പുഴയിൽ സ്ഥാപിക്കപ്പെട്ടു. ആദ്യവർഷങ്ങളിൽ ഈ സ്ഥാപനത്തിന്റെ ചിലവിനായി മെത്രാൻതന്നെ സാമ്പത്തിക സഹായം ചെയ്തിരുന്നു. പല ആശ്രമങ്ങളിലും ഇടവകയുടെ സ്ഥാപനത്തിന് മുമ്പ് വികാരിക്കടുത്ത ശുശ്രൂഷ കൊടുക്കുവാനായി പ്രത്യേകം വൈദികരെ നിയമിച്ചു. പിൽക്കാലത്ത് പല ആശ്രമങ്ങളോടുമൊപ്പം ഇടവകകൾ രൂപപ്പെടാൻ കാരണം ഇതുതന്നെയാണ്. ചെത്തിപ്പുഴയിലും കുറുമ്പനാടത്തും പ്രത്യേകം സ്കൂളുകൾ തുടങ്ങിയത് വലിയൊരു കാൽവയ്പ്പ് തന്നെയായിരുന്നു.

വാഴക്കുളം ആശ്രമത്തിൽ വച്ച് മത്യാസ് ഈരാവേലിലച്ചൻ രണ്ടായിരത്തോളം പേർക്ക് മാമ്മോദീസ നൽകിയിട്ടുണ്ട്.

എൽതുരുത്ത് ആശ്രമത്തോടനുബന്ധിച്ച് ആരംഭിച്ച മതപഠന കേന്ദ്രത്തിന് വലിയ സ്വീകരണം ലഭിച്ചു. ആദ്യമാനസാന്തരം നടന്നത് ആറ് ഇസ്ലാം മതവിശ്വാസികളുടേതായിരുന്നു. ആലപ്പാട്ട് സൈമൺ സ്റ്റോക്കച്ചനായിരുന്നു പ്രധാന പ്രവർത്തകൻ. ചുരുങ്ങിയ കാലംകൊണ്ട് ആയിരത്തിലധികംപേർ അവിടെ ക്രൈസ്തവവിശ്വാസം സ്വീകരിച്ചു. അമ്പഴക്കാട് ആശ്രമം ക്രൈസ്തവവിശ്വാസത്തിലേക്ക് കടന്നു വരുന്നവരുടെ വലിയൊരു വേദിയായിരുന്നു. 1869-ൽ നടന്ന ഒരു കൊങ്ങിണി യുവതിയുടെ അത്ഭുതകരമായ മാനസാന്തരം സംഭവബഹുലമായിരുന്നു. ആദ്യകാലങ്ങളിൽ മൂവായിരത്തിലധികം ആളുകളാണ് ഇവിടെ മാമ്മോദീസാ സ്വീകരിച്ചത്. പാവറട്ടി ആശ്രമത്തോടനുബന്ധിച്ച് അഞ്ഞൂറിലധികം പേർ ക്രൈസ്തവവിശ്വാസത്തിലേക്ക് കടന്നുവന്നിട്ടുണ്ട്. വരന്തിരപ്പള്ളി ആശ്രമത്തിനടുത്തുള്ള പല പ്രദേശങ്ങളിൽനിന്നും ആളുകൾ കൂട്ടമായി മാനസാന്തരം സ്വീകരിച്ചിട്ടുണ്ട്. പുളിങ്കുന്ന് ആശ്രമത്തോടനുബന്ധിച്ച് വർഷാവർഷം ഏകദേശം അമ്പത് പേരെങ്കിലും 1862 മുതൽ ക്രൈസ്തവവിശ്വാസം സ്വീകരിച്ചിട്ടുണ്ട്. പീരുമേട് മുതലായ പ്രദേശങ്ങളിൽ നിന്നുള്ളവർ കൃഷിക്കായി കുട്ടനാട്ടിൽ വരികയും പുളിങ്കുന്ന്, ചെത്തിപ്പുഴ എന്നീ ആശ്രമങ്ങളോടനുബന്ധിച്ചുള്ള മതപഠന കേന്ദ്രങ്ങളിൽ വച്ച് ഈശോയെ തങ്ങളുടെ രക്ഷകനായി ഏറ്റുപറയുകയും ചെയ്തിട്ടുണ്ട്.

ഇവിടെ വിവരിച്ചിരിക്കുന്ന പല കാര്യങ്ങളും സി.എം.ഐ. സഭയുടെ ആദ്യ നൂറ് വർഷങ്ങളിൽ സംഭവിച്ചവയുടെ ചെറിയ വിവരണമാണ്. സീറോ-മലബാർ സഭയുടെ വളർച്ചയിൽ പത്തൊമ്പത്, ഇരുപത് നൂറ്റാണ്ടുകളിലെ കേരളത്തിലുണ്ടായ മാനസാന്തരപ്രവർത്തനങ്ങൾ ഏറെയും നടന്നത് സി.എം.ഐ. ആശ്രമങ്ങളോടനുബന്ധിച്ചായിരുന്നു. എല്ലാ ആശ്രമങ്ങളും സത്യവിശ്വാസ പ്രോത്സാഹനത്തിനായി മതപഠനകേന്ദ്രങ്ങളും വേദപ്രചാരസംഘങ്ങളും ആരംഭിക്കുകയും ചെയ്തു. ആയിരക്കണക്കിനാളുകൾ വിശ്വാസത്തിലേക്ക് കടന്നുവരുവാൻ സാഹചര്യമൊരുക്കിയ വിശുദ്ധ കുര്യാക്കോസ് ഏലിയാസച്ചനെയും അദ്ദേഹത്തിന്റെ പിൻഗാമികളെയും നമുക്ക് നന്ദിയോടെ സ്മരിക്കാം. ○



www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# ചാവറപിതാവിൽനിന്നു ലഭിച്ച അനുഗ്രഹസാക്ഷ്യങ്ങൾ

മകന്റെ കഴുത്തിൽ ഉണ്ടായ മുഴ ഓപ്പറേഷൻ ചെയ്ത് ബയോപ്സി ടെസ്റ്റിന് അയയ്ക്കണമെന്ന് ഡോക്ടർമാർ നിർദ്ദേശിച്ചപ്പോൾ മാനസികമായി വിഷമിച്ച കുടുംബം വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥസഹായം അപേക്ഷിക്കുകയും ബയോപ്സി ടെസ്റ്റ് നോർമൽ ആയാൽ സാക്ഷ്യം നൽകാമെന്നും 9 ശനിയാഴ്ച വിശുദ്ധ കുർബാനയിലും വിശുദ്ധ ചാവറപിതാവിന്റെ നൊവേനയിലും സംബന്ധിച്ചുകൊള്ളാമെന്നും നേർന്ന് പ്രാർത്ഥിച്ചതിന്റെ ഫലമായി ടെസ്റ്റ് നോർമൽ ആണെന്നും ഭയപ്പെടത്തക്ക രോഗങ്ങൾ ഇല്ലെന്നും അറിഞ്ഞു. ഇത് വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥശക്തിയാൽ ദൈവം നല്കിയ അനുഗ്രഹമെന്ന് വിശ്വസിച്ച് നന്ദി പറയുന്നു **ബെന്നിയും കുടുംബവും അതിരമ്പുഴ**.

---

വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥം പ്രാർത്ഥിച്ച് 9 ശനിയാഴ്ച വിശുദ്ധ കുർബാനയിലും നൊവേനയിലും സംബന്ധിച്ച് പ്രാർത്ഥിച്ചതിന്റെ ഫലമായി വിദേശത്ത് ജോലിക്കുപോകുന്നതിനുള്ള തടസ്സങ്ങൾ മാറിയതിനും സഹോദരി ബി.കോം. കോഴ്സ് വിജയകരമായി പൂർത്തിയാക്കിയതിനും നന്ദി പറയുന്നു **ബിബിൻ സാബു അതിരമ്പുഴ**.

---

വി. ചാവറപിതാവിന്റെ മാദ്ധ്യസ്ഥസഹായത്താൽ DHA പരീക്ഷ പാസ്സായതിനും വിദേശജോലി ലഭിച്ചതിനും നന്ദി പറയുന്നു **മെർളി ജോണി എസ്.എച്ച്. മൗണ്ട്**.

---

വിശുദ്ധ കുർബാനയിലും വിശുദ്ധ ചാവറപിതാവിന്റെ നൊവേനയിലും 9 ശനിയാഴ്ച സംബന്ധിച്ച് മാദ്ധ്യസ്ഥം പ്രാർത്ഥിച്ചതിന്റെ ഫലമായി ബി.എസ്.സി. നഴ്സിംഗ് യൂണിവേഴ്സിറ്റി പരീക്ഷയിൽ ഉയർന്ന മാർക്ക് ലഭിച്ചതിന് നന്ദി പറയുന്നു **അമല ഫ്രാൻസിസ് ചെറുവാണ്ടൂർ**.

---

വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥം നിരന്തരം പ്രാർത്ഥിച്ചതിന്റെ ഫലമായി യു.കെ.യിൽ രജിസ്റ്റേർഡ് സ്റ്റാഫ് നേഴ്സായി ജോലി ലഭിച്ചതിന് നന്ദി പറയുന്നു **റാണി അനീഷ് കാഞ്ഞിരത്താനം**. ചാവറപിതാവിന്റെ മാദ്ധ്യസ്ഥസഹായത്താൽ അബുദാബിയിൽ ഫാർമസി രജിസ്ട്രേഷൻ ലഭിച്ചതിന് നന്ദി പറയുന്നു **അനു എറണാകുളം**.

---

വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥതയിൽ പ്രാർത്ഥിച്ച് 9 ശനിയാഴ്ച വിശുദ്ധ കുർബാനയിലും നൊവേനയിലും സംബന്ധിച്ചുകൊള്ളാമെന്നും സാക്ഷ്യം നല്കാമെന്നും നേർന്നതിന്റെ ഫലമായി OET പരീക്ഷയിൽ വിജയിച്ചതിന് നന്ദി പറയുന്നു **സ്നേഹ സൈമൺ അതിരമ്പുഴ, ലൈസമ്മ എറണാകുളം.**

---

മകന്റെ ന്യൂസിലന്റ് യാത്രക്ക് പലകാരണങ്ങളാൽ തടസ്സം നേരിട്ടപ്പോൾ വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥതയിൽ പ്രാർത്ഥിച്ച് യാത്രാതടസ്സം നീങ്ങിയതിനും ന്യൂസിലന്റിൽ നല്ല ജോലി ലഭിച്ചതിനും നന്ദി പറയുന്നു **റോസിലി തോമസ് അതിരമ്പുഴ**.

---

വിശുദ്ധ ചാവറപിതാവിന്റെ കബറിടത്തിൽ വന്ന് 9 ശനിയാഴ്ചകളിൽ വിശുദ്ധ കുർബാനയിലും നൊവേനയിലും സംബന്ധിച്ച് പ്രാർത്ഥിച്ചതിന്റെ ഫലമായി ഇന്റർനാഷണൽ എക്സാം ആയ A.C.C.A യുടെ എല്ലാ പേപ്പറുകളും ആദ്യ ചാൻസിൽ തന്നെ ഉയർന്ന മാർക്കോടെ പാസ്സാകാൻ സാധിച്ചതിന് നന്ദി പറയുന്നു **മരിയറ്റ് അതിരമ്പുഴ**.

---

യൂറിനിൽ രക്തം കണ്ടതിനെ തുടർന്ന് സ്കാനിംങ്ങും മറ്റ് പരിശോധനകളും ഡോക്ടർമാർ നിർദ്ദേശിച്ചപ്പോൾ ആകെ ഭയന്ന സഹോദരി വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥസഹായം അപേക്ഷിക്കുകയും സ്കാനിങ്ങിൽ കുഴപ്പമൊന്നും ഇല്ലെന്നറിഞ്ഞാൽ സാക്ഷ്യം നൽകാമെന്നും വിശുദ്ധ കുർബാനയിലും വിശുദ്ധ ചാവറപിതാവിന്റെ നൊവേനയിലും സംബന്ധിച്ചുകൊള്ളാമെന്നും നേർന്ന് പ്രാർത്ഥിച്ചതിന്റെ ഫലമായി സ്കാനിങ്ങ് റിസൾട്ടിൽ മാരകരോഗങ്ങൾ ഒന്നും ഇല്ലെന്ന് അറിയാൻ സാധിച്ചു. ഇത് ഈശോയോട് അപേക്ഷിച്ച് വിശുദ്ധ ചാവറപിതാവ് നേടിത്തന്ന അനുഗ്രഹമെന്ന് വിശ്വസിച്ച് ചാവറപിതാവിന് നന്ദി പറയുന്നു **സോണിയ മാന്നാനം**.

---

വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥം നിരന്തരം പ്രാർത്ഥിച്ചതിന്റെ ഫലമായി വർഷങ്ങളായി മാറാതെ നിന്നിരുന്ന ബ്ലീഡിങ്ങിൽനിന്ന് പൂർണ്ണസൗഖ്യം ലഭിച്ചതിനും മകന് കുവൈറ്റിൽ ജോലി ലഭിച്ചതിനും നന്ദി പറയുന്നു **ജെയ്സി ഡെൻ, മേരികുളം, ഇടുക്കി**.

---

വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥതയിൽ പ്രാർത്ഥിച്ച് 9 ശനിയാഴ്ച വിശുദ്ധ കുർബാനയിലും നൊവേനയിലും സംബന്ധിച്ചുകൊള്ളാമെന്നും സാക്ഷ്യം നല്കാമെന്നും നേർന്നതിന്റെ ഫലമായി മകൾ OET പരീക്ഷയിൽ വിജയിച്ചതിനും വളരെ നാളായി വിട്ടുമാറാതെ ഉണ്ടായിരുന്ന പുറംവേദനയിൽ നിന്ന് പൂർണ്ണസൗഖ്യം ലഭിച്ചതിനും നന്ദി പറയുന്നു **ആൻസമ്മ മാത്യു കറുകച്ചാൽ**.



www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# എത്ര സമുന്നതമിന്നു പുരോഹിതാ നീ ഭരമേറ്റ വിശിഷ്ടസ്ഥാനം




## 25 Celebrating years of 1999 - 2024 PRIESTHOOD

"സ്നേഹാദരവോടെ, എന്റെയീ പൗരോഹിത്യ രജത ജൂബിലി വേളയിൽ, ഹൃദയത്തിൽ തുളുമ്പി നിൽക്കുന്ന സ്നേഹത്തിനും കടപ്പാടിനും എന്റെ വാക്കുകൾ മതിയാവുകയില്ല.

പൗരോഹിത്യ ശുശ്രൂഷയിൽ കൈവയ്പുവഴി എന്നെ അഭിഷിക്തനാക്കിയ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിന് ഹൃദയഭാഷയിൽ നന്ദിയർപ്പിക്കുന്നു. ഇക്കാലമത്രയും എല്ലാവിധ സഹായസഹകരണങ്ങൾ നൽകുകയും, പ്രാർത്ഥനയാൽ എന്നെ ബലപ്പെടുത്തുകയും ചെയ്ത എല്ലാ വൈദികർക്കും സന്യാസിനികൾക്കും പ്രത്യേകിച്ച്, സലേഷ്യൻ ഡോൺ ബോസ്കോ സഭയിലെ ഓരോ അംഗത്തിനും, എന്റെ പ്രിയപ്പെട്ട മാതാപിതാക്കൾക്കും, സഹോദരങ്ങൾക്കും, ബന്ധുമിത്രാദികൾക്കും, അല്മായപ്രേഷിതർക്കും, സ്നേഹത്തിന്റെയും നന്ദിയുടെയും പ്രാർത്ഥനാനിർഭരമായ പൂച്ചെണ്ടുകൾ അർപ്പിക്കുന്നതോടൊപ്പം ദൈവത്തിനും ദൈവജനത്തിനും വേണ്ടിയുള്ള ശുശ്രൂഷയിൽ 25 വർഷം പൂർത്തിയാക്കാൻ സാധിച്ചതിൽ ഏവരോടുമൊപ്പംചേർന്ന് സ്നേഹപിതാവിന് നന്ദി പറയുന്നു.

എല്ലാവർക്കും ക്രിസ്തുമസ്സിന്റെയും നവവത്സരത്തിന്റെയും മംഗളങ്ങൾ ഏറ്റം സ്നേഹത്തോടെ നേർന്നു കൊള്ളുന്നു. എല്ലാവരെയും ഉണ്ണീശോ ധാരാളമായി അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു."

"എന്നെ ശക്തനാക്കുന്നവനിലൂടെ എനിക്ക് എല്ലാം ചെയ്യാൻ സാധിക്കും."



**SAJI GEORGE SDB**
Puthiyaparampil
Vempally



ദൈവത്തിൻ കരം ഗ്രഹിച്ചീ
ജീവിതയാത്രയിൽ
ദൈവത്തിൻ നിയോഗ വഴികളിൽ
വ്രതബദ്ധധന്യമായ
ഇരുപത്തിയഞ്ചാണ്ടുകൾ
പിന്നിടും അനിയച്ചാ (ഫാ. സജി)
നേരുന്നു ഞങ്ങളായിരമായിരം
മംഗളാശംസകൾ...!






www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

**KARMALAKUSUMAM** JANUARY 2024 **Price: ₹ 15.00**
R.N.I. No. 3009/57
Date of Publication: 28th December 2023

Registered No. **KL/KTM/004/2021-23**
Licenced to Post without prepayment
Licence No. KL/CR/KTM/WPP-12/2021-23




Printed & Published by Rev. Fr. Shaji Enekkatt CMI for and on behalf of St.Joseph's Monastery and Printed at St. Joseph's Press, Mannanam, Kottayam, Kerala - 686 561 & Published at Flower of Carmel, St. Joseph's Press, Mannanam, Kottayam, Kerala - 686 561. Tel 0481- 2597296, E-mail: stjosephspress1846@gmail.com
Editor: Rev. Fr. Josey Kollammalil CMI Responsible for Selection under PRB act.

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

marggam
Digital Library of Christianity in India
www.marggam.com

**An international forum for interdisiplinary discussion, and dissemination of knowledge,on Art, Literature and Music of about thirty million Christians in India**

Support Our Ongoing Projects

- Marggam - Digital Library of Christianity in India.
- Aramaic Project - Reclaim Syriac to Reaffirm Identity.
- Encyclopaedia of Syriac Chants.
- Resources for Researchers.
- Directory of Christian Songs.
- Music Iconography.
- Christian Art.

---

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

www.TheCMSIndia.org

Christian Musicological Society of India, Josef Ross, Ist Floor, Peter's Enclave, Opp.Kairali Apts, Panampilly Nagar, Kochi, Kerala, India-682036, Phone: +91 9496244981, +91 9446514981, Email - info@thecmsindia.org